
കിടങ്ങൂർ ഗ്രാമപഞ്ചായത്ത്



വികസനറിപ്പോർട്ട്

കിടങ്ങൂർ ഗ്രാമ പഞ്ചായത്ത്

GRAMA PANCHAYAT OFFICE
KIDANGOOR
KIDANGOOR



വികസന റിപ്പോർട്ട് 1996

13-12-1996-ൽ കൂടിയ പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചത്.

കിടങ്ങൂർ ഗ്രാമപഞ്ചായത്ത് ഭരണസാരഥികൾ

ശ്രീ. പി.റ്റി. ജോസഫ്, പുറത്തേൽ
(പ്രസിഡന്റ്) Ph. 254440
ശ്രീമതി സരോജനി കരുണാകരൻ
(വൈസ്പ്രസിഡന്റ്)
ശ്രീ. സോമനാഥൻ നായർ, ഒറ്റാട്ട്
(സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ) Ph. 254132
അഡ്വ. വി.വി. ഗീത
ശ്രീ. കെ.ജി. വിജയൻ
ശ്രീമതി. ഗ്രേസി ഫിലിപ്പ് Ph. 255084
ശ്രീ. സജീവൻ, വി.പി. നമ്പൂതിരി Ph. 254184
ശ്രീ. കെ.പി. ജോയി
ശ്രീ. കുര്യൻ ജോസഫ്
ശ്രീമതി. മറിയക്കുട്ടി തോമസ് Ph.255047

പഞ്ചായത്തുസെക്രട്ടറി

ശ്രീമതി എം.ജെ. ത്രേസ്യാമ്മ

വികസനരംഗത്തെ പരിശീലകർ

ശ്രീ. സി.എം. ജയിംസ്, ചെകിടിയിൽ Ph. 254102
(D.R.P), കൺവീനർ
ശ്രീ. എം.സി. ജോൺ, മൂലക്കാട്ട് (K.R.P.)
ശ്രീ. വി.കെ. ശേഖർ (D.R.P.)
അഡ്വ. വി.വി ഗീത (K.R.P.)
വിദ്വാൻ സി.ഐ. സുകുമാരൻ (D.R.P.) Ph. 255118
ശ്രീ. കെ.എസ്. മൂസ്സ് (D.R.P.) Ph.254262
ശ്രീ. കെ. ആർ. നാരായണൻ (D.R.P)
ശ്രീ. സഖറിയാസ് മഹാപിള്ള (DRP) 254272
ശ്രീ. എൻ.എസ്. ഗോപാലകൃഷ്ണൻ (D.R.P) 254199


കിടങ്ങൂർ ഗ്രാമ പഞ്ചായത്ത്
ജനകീയാസൂത്രണം
സമഗ്രവികസനരേഖ

ജനങ്ങളുടെ പങ്കാളിത്തമാണ് ജനകീയാസൂത്രണത്തിന്റെ ജീവൻ. പക്ഷേ, അധികാരവും ആസൂത്രണവും മുകളിൽനിന്ന് അടിച്ചേല്പിക്കപ്പെടുമ്പോൾ ജനകീയാവശ്യങ്ങൾ വനരോദനങ്ങളാകുന്നു. അഴിമതിയും സ്വജനപക്ഷപാതവും അരങ്ങേറുന്നു. പദ്ധതികളുടെ പ്രയോജനം അർഹതപ്പെട്ടവർക്കു ലഭിക്കാതെ പോകുന്നു.


ഈ ദുസ്ഥിതിയ്ക്കു പരിഹാരമെന്ത്? ആസൂത്രണം അടിത്തട്ടിൽനിന്നു തുടങ്ങണം. ഓരോപ്രദേശത്തേയും സാഹചര്യങ്ങളും ആവശ്യങ്ങളും അറിഞ്ഞ് പദ്ധതികൾ ആസൂത്രണം ചെയ്യുവാനും അവ നടപ്പിലാക്കുവാനുമുള്ള അധികാരം അതതു പ്രദേശത്തെ ജനങ്ങൾക്കുണ്ടാകണം. ഈ തത്ത്വം മുന്നിൽ കണ്ടുകൊണ്ടാണ് ജനകീയാസൂത്രണ പ്രസ്ഥാനം രൂപകല്പന ചെയ്തിട്ടുള്ളത്. ഒമ്പതാം പഞ്ചവത്സരപദ്ധതി ജനകീയ പദ്ധതിയായി കേരള സർക്കാർ പ്രഖ്യാപിച്ചിരിക്കുന്നു. അതോടെ ഗ്രാമപഞ്ചായത്തുകളുടെ അവകാശങ്ങളും ചുമതലകളും വർദ്ധിക്കുന്നു. സർക്കാരിൽ നിന്നു ലഭിക്കുന്ന നാല്പതുശതമാനം പദ്ധതിവിഹിതം, സർക്കാർ നേരിട്ടുനടത്തുന്ന അറുപതുശതമാനത്തിൽപെട്ട സ്ക്കീമുകൾ, കേന്ദ്രസർക്കാർ ഫണ്ട്, നികുതിവരുമാനം, സർവ്വോപരി ധനമായും അദ്ധ്വാനമായും ലഭിക്കുന്ന ജനകീയ സംഭാവനകൾ, ഇങ്ങനെ വിഭവ സമാഹരണത്തിനുള്ള സ്രോതസ്സുകൾ പലതാണ്. പക്ഷേ ആ വിഭവങ്ങൾ സൂക്ഷ്മതയോടെ, ദീർഘവീക്ഷണത്തോടെ വിനിയോഗം ചെയ്യപ്പെടണം. ഇവിടെയാണ് ജനകീയ പങ്കാളിത്തത്തിന്റെ പ്രസക്തി. ജാതിമതരാഷ്ട്രീയ പരിഗണനകൾക്കതീതമായി കൂട്ടായി ചിന്തിച്ച്, ഗ്രാമത്തിന്റെ സമഗ്രവികസനം മുന്നിൽക്കണ്ട്, പരിസ്ഥിതിയുടെ സന്തുലിതാവസ്ഥ നഷ്ടപ്പെടാതെ നമുക്കു പരിപാടികൾ ആസൂത്രണം ചെയ്യണം. കിടങ്ങൂർ ഗ്രാമപ്പഞ്ചായത്തിൽ അത്തരം ആസൂത്രണപ്രക്രിയ നാം ആരംഭിച്ചുകഴിഞ്ഞു. ജില്ലാതലത്തിൽ പരിശീലനം നേടിയ വിദഗ്ദ്ധപരിശീലകരുടെ നേതൃത്വത്തിൽനടന്ന ശില്പശാലകളിലൂടെ, കൃഷി, വ്യവസായം തുടങ്ങിയ പന്ത്രണ്ടു വിഷയങ്ങളെക്കുറിച്ച് വാർഡടിസ്ഥാനത്തിൽ ഗ്രാമസഭകളിൽ നടന്ന ചർച്ചകളിലൂടെ, ആ ചർച്ചയെ ആധാരമാക്കി തയ്യാറാക്കിയ റിപ്പോർട്ടുകളിലൂടെ, നിസ്വാർത്ഥരായ സന്നദ്ധസംഘങ്ങൾ നടത്തിയ പഠനപര്യടനങ്ങളിലൂടെ, വസ്തുതാ ശേഖരണങ്ങളിലൂടെ, അവസാനമായി പഞ്ചായത്തടിസ്ഥാനത്തിൽ ക്രോഡീകരിക്കപ്പെട്ട റിപ്പോർട്ടുകളിലൂടെ ഉരുത്തിരിഞ്ഞ ആശയങ്ങളും അഭിലാഷങ്ങളുമാണ് ഈ വികസനരേഖയുടെ ഉള്ളടക്കം.

നമ്മുടെ ഗ്രാമത്തെ സ്വയം പര്യാപ്തതയിലേയ്ക്കു നയിക്കാൻ വികസനചരിത്രത്തിൽ പുതിയൊരദ്ധ്യായം വിരചിക്കുവാൻ ഈ രേഖ പ്രചോദനമായാൽ നാം കൃതാർത്ഥരായി

ചീഫ് എഡിറ്റർ



കെ.എസ്. മൂസ്
ചീഫ് എഡിറ്റർ




പി.റ്റി. ജോസഫ് പുറത്തേൽ
(പ്രസിഡന്റ്)




സി.എം. ജയിംസ്
കൺവീനർ, വികസനസമിതി



സരോജനീ കരുണാകരൻ
വൈസ് പ്രസിഡന്റ്




സോമനാഥൻനായർ
സ്റ്റാൻഡിംഗ് കമ്മിറ്റി
ചെയർമാൻ




സണ്ണി തെക്കേടം
ജില്ലാ പഞ്ചായത്തു
മെമ്പർ



കുഞ്ഞമ്മ ജോൺ
ബ്ലോക്കു മെമ്പർ




അഡ്വ. വി.വി. ഗീത
(മെമ്പർ)



കെ.ജി. വിജയൻ
(മെമ്പർ)




ഗ്രേസി ഫിലിപ്പ്
(മെമ്പർ)




സജീവൻ വി.പി.നമ്പൂതിരി
(മെമ്പർ)



മറിയക്കുട്ടി തോമസ്
(മെമ്പർ)



കെ.പി. ജോയി
(മെമ്പർ)



അപ്പച്ചൻ പാറത്തൊട്ടി
(മെമ്പർ)

ഉള്ളടക്കം

	കിടങ്ങൂർ - ചരിത്രത്തിലേയ്ക്ക് ഒരെത്തിനോട്ടം	- 7
1	കൃഷിയും ജലസേചനവും	- 12
2	മൃഗസംരംക്ഷണം	- 19
3	വിദ്യാഭ്യാസം	- 26
4	കുടിവെള്ളവും ആരോഗ്യവും	- 35
5	വ്യവസായം	- 41
6	ഗതാഗതം, ഊർജ്ജം, മാർക്കറ്റ്	- 46
7	പാർപ്പിടവും സാമൂഹ്യക്ഷേമവും	- 53
8	സംസ്ക്കാരം	- 58
9	വനിതാക്ഷേമം	- 64
10	സഹകരണം	- 67
11	പട്ടികജാതിക്ഷേമം	- 71
12	വിഭവസമാഹരണം	- 73
	ഉപസംഹാരം	- 76

ചീഫ് എഡിറ്റർ

കെ.എസ് മൂസ്സ്, കലാഭവൻ,
കിടങ്ങൂർ സൗത്ത് Ph: 0482-254262

എഡിറ്റോറിയൽ ബോർഡ്

റ്റി.കെ. കരുണാകരൻ, തെക്കേക്കൂറ്റ്
ഡോ. എസ്. രാമചന്ദ്രൻ, തെക്കനാട്ട്
ജി. വിശ്വനാഥൻ നായർ, ചെമ്പകശ്ശേരിൽ
ഇ. മാധവൻ, ഇടമന
സി.എൻ. ശങ്കരപിള്ള, വടക്കേനകത്ത്
ഡോ. ജനാർദ്ദനൻ നായർ, കൈനിക്കര
ഏ.എൻ. സുമതിക്കുട്ടിയമ്മ, ശ്രീവത്സം
കെ.പി. ഉലഹന്നൻ, കൂടത്തിനാൽ
റ്റി.സി. തൊട്ടൂർ, സുവർണാ സ്റ്റുഡിയോ
രമേശ്, ചാലക്കുന്നത്ത്
സി.എസ് രാധാകൃഷ്ണൻ, കുരീക്കാട്ടിൽ
ദിലീപ് കുമാർ എം, തെക്കുംചേരിൽ
ജാൻസ്, പനയ്ക്കാതോട്ടം
മനോജ് കുമാർ എൻ, ആനന്ദഭവനം
കെ.എ. വാസുദേവൻ, കുളങ്ങരമുറിയിൽ
വി.കെ. മുരളീധരൻ, വൈക്കത്തുശ്ശേരിൽ
സി.എം. ജെയിംസ് ചെകിടിയിൽ
വി.കെ. ശേഖർ, വൈക്കത്തുശ്ശേരിൽ
എൻ.എസ്. ഗോപാലകൃഷ്ണൻനായർ, നിരവത്ത്
അഡ്വ. വി.വി. ഗീത
വിദ്വാൻ സി.ഐ. സുകുമാരൻ

ദ്വിതീയ വിവരശേഖരണ ഗ്രൂപ്പ്

പി.കെ. തങ്കപ്പൻ, പുളിനിക്കും തടത്തിൽ
ഈ. കെ. രാമചന്ദ്രൻനായർ, ഇരുട്ടുകുഴിയിൽ
മനോജ് കുമാർ എൻ. ആനന്ദഭവനം
വി.കെ. മുരളീധരൻ, വൈക്കത്തുശ്ശേരിൽ
സി.കെ. നാരായണൻ, ചെമ്പകശ്ശേരിൽ
അഡ്വ. ഈ.എം. സുരേഷ്, ഇടമന
ശ്രീ. എൻ.എസ്. ഗോപാലകൃഷ്ണൻ
ശ്രീ. ഏ.എം. ജോസഫ്, ആരംപുളിക്കൽ
ശ്രീ. ചാണ്ടി ജോസഫ്, പറമ്പേട്ട്
ശ്രീ. എം.കെ. ജോസ്, മ്ലാവിൽ

കവർ ഡിസൈൻ

റ്റി.സി. തൊട്ടൂർ, സുവർണാ സ്റ്റുഡിയോ
കിടങ്ങൂർ സൗത്ത്

കിടങ്ങൂർ ചരിത്രത്തിലേയ്ക്ക് ഒരെത്തിനോട്ടം

പ്രകൃതിസുന്ദരമായ ഒരു കൊച്ചു ഗ്രാമമാണ് കിടങ്ങൂർ. കോട്ടയം ജില്ലയിൽ മീനച്ചിൽ താലൂക്കിൽപ്പെട്ട ഈ പ്രദേശം മീനച്ചിലാറിന്റെ ഇരു കരകളിലൂമായി വ്യാപിച്ചു കിടക്കുന്നു. നൂറ്റാണ്ടുകളുടെ ചരിത്രവും സാംസ്ക്കാരിക പാരമ്പര്യവും ഈ ഗ്രാമത്തിനുണ്ട്.

അറിയപ്പെടുന്ന ചരിത്രകാലത്ത് കോട്ടയവും സമീപ പ്രദേശങ്ങളും വെമ്പലനാടിന്റെ ഭാഗമായിരുന്നു. ചേരരാജ്യത്തിന്റെ ഒരു പ്രത്യേക ഖണ്ഡമായിരുന്നു വെമ്പലനാട്. 11-ാം ശതകത്തിൽ ചേരരാജ്യം തകർന്നപ്പോർ വെമ്പലനാടും ചിന്നഭിന്നമായി. വടക്കുകൂർ, കിഴുമലനാട്, തെക്കുംകൂർ, മുഞ്ഞനാട് എന്നിങ്ങനെ ആ രാജ്യം പലതായി വിഭജിക്കപ്പെട്ടു. അതിൽ തെക്കുംകൂർ രാജ്യത്തിന്റെ തലസ്ഥാനം ആദ്യം വെന്നിമലയിലും പിന്നീട് തളിയിലും ആയിരുന്നു. ഈ തെക്കുംകൂർ രാജ്യത്തിന്റെ ഭാഗമായിരുന്നു കിടങ്ങൂർ.

വടക്കുംകൂർ രാജ്യത്തിന്റെ അതിർത്തികൂടി ചേർന്ന ചരിത്രപ്രസിദ്ധമായ ഈ പ്രദേശത്ത് പണ്ട് കിടങ്ങും കോട്ടയും ഉണ്ടായിരുന്നതായി പറയപ്പെടുന്നു. കിടങ്ങുള്ള ഊരാണ് കിടങ്ങൂർ. ഇപ്പോൾ കോട്ടപ്പുറം എന്നറിയപ്പെടുന്ന സ്ഥലത്ത് മൺകോട്ടയുടെ അവശിഷ്ടങ്ങൾ ഉണ്ടായിരുന്നതായി പഴമക്കാർ പറയുന്നു. കോട്ടവഴി എന്നസ്ഥലനാമം ഈ ഊഹത്തെ ബലപ്പെടുത്തുന്നു. രാജ്യാതിർത്തിയിൽ ശത്രുക്കളെ നേരിടാൻ കെട്ടിയുണ്ടാക്കുന്ന സ്ഥലമാണല്ലോ കൊത്തളം. കിടങ്ങൂരിന്റെ അതിർത്തിയായ കട്ടച്ചിറയിൽ ഓട്ടുകമ്പനി ഇരിക്കുന്ന പുരയിടത്തിന് കൊത്തളം എന്ന പേരുവന്നതും ചിന്താർഹമാണ്. എത്ര എത്ര സൈനികസന്നാഹങ്ങൾക്കും യുദ്ധകോലാഹലങ്ങൾക്കും നമ്മുടെ നാട് സാക്ഷ്യം വഹിച്ചിട്ടുണ്ടാകില്ല.!

കിടങ്ങൂർ എന്ന സ്ഥലനാമത്തെക്കുറിച്ച് മറ്റൊരൈതിഹ്യവുമുണ്ട്. തമിഴ് നാട്ടിൽ നിന്ന് ദേവീവിഗ്രഹവുമായി വന്ന ഒരു ഭക്തൻ നടന്നു ക്ഷീണിച്ച് അർദ്ധരാത്രിയിൽ ഇവിടെ വന്ന് കിടന്നുറങ്ങി. നേരം പുലർന്നിട്ടും ഉണരാഞ്ഞതുകൊണ്ട് നാട്ടുകാർ അധികാരിയായ അടിയോടിനായരെ വരുത്തി. അദ്ദേഹം ഭക്തനെ ചോദ്യം ചെയ്തപ്പോൾ താൻ ദേവീവിഗ്രഹം സ്ഥാപിക്കാൻ പറ്റിയ സ്ഥലം തേടിപ്പോവുകയാണെന്ന് മറുപടി പറഞ്ഞു. ഇവിടെ ഒരു സുബ്രഹ്മണ്യക്ഷേത്രം സ്ഥാപിക്കണമെന്ന് അയാൾ നിർദ്ദേശിക്കുകയും ചെയ്തു. പിന്നീട് ഭക്തൻ ആ ദേവീവിഗ്രഹം കുമാരനെല്ലൂർ പ്രതിഷ്ഠിച്ചു. അധികാരി, ഇന്നുകാണുന്ന സുബ്രഹ്മണ്യ ക്ഷേത്രവും നിർമ്മിച്ചു. അദ്ദേഹം വടക്കുനിന്ന് സാമവേദികളായ ബ്രാഹ്മണരെ വരുത്തി ക്ഷേത്രഭരണം അവരെ ഏല്പിക്കുകയും ചെയ്തു. അങ്ങനെ ഭക്തൻ കിടന്ന ഊർ 'കിടന്നൂർ' ആയി എന്നും ക്രമേണ അത് 'കിടങ്ങൂർ' ആയിമാറിയെന്നും ചിലർ അഭിപ്രായപ്പെടുന്നു.

വീരമാർത്താണ്ഡവർമ്മ തുടങ്ങിവച്ച പട്ടത്താനം അമ്പതുവർഷം മുമ്പുവരെ ഇവിടെ നടന്നിരുന്നു. രാജാവോ രാജാവിന്റെ പ്രതിനിധികളോ ബ്രാഹ്മണർക്ക് പണക്കിഴിയും വസ്ത്രവും ദാനം ചെയ്യുന്ന ചടങ്ങാണിത്.

മുമ്പ് ഉത്സവത്തോടനുബന്ധിച്ച് മീനച്ചിൽ ആറിന്റെ മണൽപ്പുറത്ത് വാണിജ്യമേള നടന്നിരുന്നു. ലോഹങ്ങൾ കൊണ്ടുള്ള വിവിധതരം പാത്രങ്ങളും ഗൃഹോപകരണങ്ങളും പ്രസിദ്ധമായ പിറയാറൻ കളിമൺപാത്രങ്ങളും വാങ്ങാൻ വിദൂരസ്ഥലങ്ങളിൽ നിന്ന് പോലും ആളുകൾ നമ്മുടെ നാട്ടിൽ എത്തിയിരുന്നു. ഉത്സവപ്പിറ്റേന്ന് നടത്തിയിരുന്ന കാളച്ചന്തയും പ്രസിദ്ധമായിരുന്നു.

തുള്ളൽ പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവായ സാക്ഷാൽ കുഞ്ചൻ നമ്പ്യാരുടെയും കേരളപാണിനി എന്ന അപരനാമത്താൽ അറിയപ്പെട്ടിരുന്ന ഏ. ആർ രാജരാജ വർമ്മയുടേയും പിതൃഗൃഹങ്ങൾ കിടങ്ങൂർ ആണെന്നതിൽ നമുക്കഭിമാനിക്കാം.

തിരുവിതാംകൂർ രാജാക്കന്മാരുടെ അക്ഷരഗുരുവായ കിടങ്ങൂർ പിഷാരടി, ഹാസ്യകവിയായ കിട

ങ്ങൂർ കൃഷ്ണവാര്യർ, വലിയ യോദ്ധാവായിരുന്ന കറുകയിൽ കൈമൾ, നളനുണ്ണി, പൈങ്കുളം നാരായണ ചാക്യാർ, മിസ്റ്റർ തിരുമേനി എന്നറിയപ്പെട്ടിരുന്ന ചെറുവള്ളി നാരായണൻ നമ്പൂതിരി, കൂത്തമ്പലത്തിലെ കുറുന്തോട്ടിത്തൂൺ നിർമ്മിച്ച മഴുവല്ലൂർ കൊല്ലൻ, തുടങ്ങി എത്രയോ പേരുകേട്ട വ്യക്തികൾ ചരിത്രത്തിന്റെ ഏടുകളിൽ കിടങ്ങൂരിന്റെ പേർ എഴുതി ചേർത്തു. യശശ്ശരീരനായ കിടങ്ങൂർ ഗോപാലകൃഷ്ണ പിള്ളയും, രാഷ്ട്രീയ മണ്ഡലത്തിൽ ഇന്നും പ്രശോഭിക്കുന്ന മുൻ കേരളാമുഖ്യമന്ത്രി പി.കെ. വാസുദേവൻ നായരും കിടങ്ങൂരിന്റെ പ്രസിദ്ധിയിൽ പങ്കുള്ളവരാണ് പൂരപ്രബന്ധം, ഉണ്ണനീലിസന്ദേശം, ആര്യാമൃതം, ഐതിഹ്യമാല തുടങ്ങിയ ധാരാളം പ്രസിദ്ധകൃതികളിൽ കിടങ്ങൂരിനെക്കുറിച്ച് പരാമർശമുണ്ട്.

കഥകളി രംഗത്ത് "കിടങ്ങൂർവഴി" എന്ന പേരിൽ ഒരു കഥകളി രീതി തന്നെ നിലനിന്നിരുന്നു.

നൂറ്റാണ്ടുകളായി ഹിന്ദുക്കളും കിസ്ത്യാനികളും ഇവിടെ സഹവർത്തിത്വത്തോടെ ജീവിച്ചു പോരുന്നു. പ്രസിദ്ധമായ സെന്റ് മേരീസ് ഫൊറോനാപ്പള്ളിയിലെ പെരുന്നാളും സുബ്രഹ്മണ്യസ്വാമി ക്ഷേത്രത്തിലെ ഉത്സവവും കിടങ്ങൂർ നിവാസികൾ ഭേദബുദ്ധികൂടാതെ ആഘോഷിക്കുന്നു. ഓണവും ക്രിസ്തുമസ്സും ഈസ്റ്ററും വിഷുവും നമുക്ക് പൊതു ഉത്സവമായി മാറിയിരിക്കുന്നു. മതപരമോ രാഷ്ട്രീയമോ ആയ സംഘട്ടനങ്ങളും കലാപങ്ങളും നമ്മുടെ നാട്ടിൽ ഉണ്ടാകാത്തതുതന്നെ ഇവിടത്തെ പ്രബുദ്ധതയുടെ തെളിവാണ്. ആ പ്രബുദ്ധതയാകട്ടെ, സമീപസ്ഥമായ രണ്ടുപുരാതന സരസ്വതീമന്ദിരങ്ങളിൽ നിന്നു പകർന്നുകിട്ടിയ അറിവിന്റെ വെളിച്ചം സമ്മാനിച്ചതുമാണ്.

നമ്മുടെ പഞ്ചായത്ത്

ആധുനിക ജനാധിപത്യഭരണക്രമം ഉടലെടുക്കുന്നതിനുമുൻപുതന്നെ ഭാരതത്തിൽ തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ അടങ്ങിയ ഭരണരീതി നിലനിന്നിരുന്നു എന്നതിന് തെളിവുകളുണ്ട്. രാജാവിനെ നിയന്ത്രിക്കുവാൻ അധികാരമുള്ള സഭയും സമിതിയും പണ്ടു നിലനിന്നതായി വേദങ്ങളിൽ പ്രസ്താവിച്ചുകാണുന്നു. വൈശാലി, മാളവിക, തുടങ്ങിയ ഗണരാജ്യങ്ങളിൽ വിധാൻസഭകളും, നഗരസഭകളും, ഗ്രാമപഞ്ചായത്തുകളും ഉണ്ടായിരുന്നതായി ബൗദ്ധജൈന ഗ്രന്ഥങ്ങളിൽ കാണുന്നു. അത്തരം ഗ്രാമപഞ്ചായത്തുകളിൽ പൊതുസ്ഥാപനങ്ങളും ഗ്രാമക്കോടതികളും ഉണ്ടായിരുന്നു. തെരഞ്ഞെടുക്കപ്പെട്ട പഞ്ചമഹോദയന്മാർ അവിടെ നീതിനിർവ്വഹണം നടത്തിയിരുന്നു.

ഗ്രാമീണ സ്വയംഭരണത്തിന്റെ ഭാഗമായി ചോളന്മാർ നടപ്പിലാക്കിയിരുന്ന ഊരുകളും സഭകളും ഈ രംഗത്തെ ദ്രാവിഡപാരമ്പര്യത്തിന്റെ ഉത്തമ മാതൃകകളായിരുന്നു. ഗ്രാമത്തിലെ ഓരോ അംഗവും ഈ സഭകളിൽ അംഗമായിരുന്നു. ഊരുകൾ എടുക്കുന്ന തീരുമാനങ്ങളെ ഭരണാധികാരികൾ അംഗീകരിച്ചിരുന്നു.

അതെല്ലാം പഴയ കഥകൾ. കാലം മാറിയപ്പോൾ ഭരണക്രമവും കീഴ്മേൽ മറിഞ്ഞു. ബ്രിട്ടീഷുകാരുടെ ഭരണത്തോടെ ഗ്രാമങ്ങളുടെ പ്രാധാന്യം കുറഞ്ഞു. വ്യാവസായിക പുരോഗതി പട്ടണങ്ങളുടെ പ്രാധാന്യം വർദ്ധിപ്പിക്കുകയും ചെയ്തു. നിലവിലുണ്ടായിരുന്ന ഗ്രാമഭരണവ്യവസ്ഥകൾക്ക് മാറ്റം വന്നു.

സ്വാതന്ത്ര്യ പ്രാപ്തിക്കുമുമ്പ് 1940-ലെ വില്ലേജ് യൂണിയൻ നിയമമനുസരിച്ച് നമ്മുടെഗ്രാമത്തിലും വില്ലേജ് യൂണിയൻ നിലവിൽ വന്നു. അതിന്റെ പ്രഥമ പ്രസിഡന്റ് ശ്രീ എമ്മാനുവൽ കോലടിയും വൈസ് പ്രസിഡന്റ് ശ്രീ. പി.എ. രാമകൃഷ്ണ പിള്ളയും ആയിരുന്നു. ശ്രീമാന്മാരായ എം.ജി. വേലുപ്പിള്ള, എം.റ്റി. തോമസ്, കെ.ജെ. മാത്യു, എം.എ. വിശ്വനാഥയ്യർ, ഗവൺമെന്റ് ഉദ്യോഗസ്ഥർ എന്നിവരായിരുന്നു അതിലെ അംഗങ്ങൾ.

ഒൻപതു വാർഡുകളിലായി തെരഞ്ഞെടുപ്പു നടത്തിയ ഇന്നത്തെ രീതിയിലുള്ള പഞ്ചായത്തു ഭരണസമിതികൾ രൂപം കൊണ്ടത് 1953-ലാണ്. അന്നുമുതൽ ഇപ്പോഴത്തെ ഭരണസമിതിയുടെ കാലം വരെ ഈ പഞ്ചായത്ത് ഭരണം നിർവ്വഹിച്ച സാരഥികളുടെ പേരുവിവരം താഴെകൊടുക്കുന്നു ഇപ്പോൾ പഞ്ചായത്തിൽ 10 വാർഡുകളുണ്ട്. 1968-ൽ ശ്രീ. സഖറിയാസ് ചെറിയാൻ പ്രസിഡന്റായിരുന്ന കാലത്താണ് പഞ്ചായത്തിന് അതിന്റെ സ്വന്തമായ 24 സെന്റ് സ്ഥലത്ത് അന്ന് 0.75 ലക്ഷം രൂപാ ചെലവു ചെയ്ത് പഞ്ചായത്ത് ആസ്ഥാനമന്ദിരം പണികഴിപ്പിച്ചത്. പിന്നീട് ഗ്രാമവികസനബോർഡിന്റെ പദ്ധതി പ്രകാരം ഒരു പഞ്ചായത്ത് ഷോപ്പിംഗ് കോപ്ലക്സും പണിയുകയുണ്ടായി. അതിന്റെ വാടകകൾ അടച്ചു തീർത്ത് പഞ്ചായത്തിന് ഇന്ന് ഒരു വരുമാനമാർഗ്ഗമായിട്ടുണ്ട്.

വില്ലേജ് യൂണിയൻ നിലവിലുണ്ടായിരുന്ന കാലത്ത് നമ്മുടെ ഗ്രാമ പഞ്ചായത്തിന് മിച്ച ബഡ്ജറ്റാണുണ്ടായിരുന്നത്. വില്ലേജ് യൂണിയന്റെ കലാവധി തീർന്ന് പുതിയ സംവിധാനം നിലവിൽവരുമ്പോൾ 9793 രൂപാ 13 അണ 6 പൈസ (9793.84രൂ) നീക്കിയിരിപ്പുണ്ടായിരുന്നു. 10 വർഷത്തെ ഭരണത്തിനുശേഷം 1964-ൽ 1075 രൂ 31

പൈസ നീക്കിയിരിപ്പ് മാത്രമായി. തുടർന്നിങ്ങോട്ട് നഷ്ടത്തിന്റെ കണക്കാണ് നമുക്കുള്ളത്.

കിടങ്ങൂർ ഗ്രാമ പഞ്ചായത്ത് മുൻ സാരഥികൾ

പ്രസിഡന്റുമാർ

കെ.ജെ. മാത്യു	1-9-53 - 31-12-62
എൻ.എച്ച് രാമൻ നമ്പൂതിരി	1-1-64-17-9-66
സഖറിയാസ് ചെറിയാൻ	9-11-66 - 19-8-79
എൻ നീലകണ്ഠൻ നമ്പൂതിരി	20-8-79 - 31-3-80
പാച്ചി ഫിലിപ്പ്	1-10-80 - 30-9-85
പി.ടി. ജോസഫ്, പുറത്തേൽ	8-2-88- 30-9-95

വൈസ് പ്രസിഡന്റുമാർ

എം.ജി. വേലുപ്പിള്ള	11-9-53 - 31-12-62
മാത്യു എം. കാഞ്ഞമറ്റം	1-1-64 - 26-6-67
എൻ. നീലകണ്ഠൻ നമ്പൂതിരി	15-7-67 - 19-8-79
കെ.കെ. ജോസഫ്	20-8-79 - 31-3-80
കെ.കെ.. ഗോപിനാഥൻ നായർ	1-10-80 - 30-9-85
എം.കെ. ശ്രീധരൻ നായർ	8-2-88- 30-9-95

മെമ്പർമാർ

കെ.എൻ. ഭാസ്ക്കരൻ നായർ	1-9-53 - 1-8-59
കെ.പി. സിറിയക്ക്	1-9-53 - 31-12-62
ജോസഫ് കുരുവിള	1-9-53 - 31-12-62
പി. ഗോവിന്ദൻ നായർ	1-9-53 - 31-12-62
പാച്ചി ഫിലിപ്പ്	1-9-53 - 31-12-62
	1-1-64 - 31-3-80
പി.ടി. സ്ക്കറിയാ	1-9-53 - 31-i2-62
എ.ഈ. നാരായണൻ വൈദ്യൻ	1-9-53 - 10-9-53
എം.ജി. വേലുപിള്ള	1-9-53 - 10-9-53
കെ.വി. ജോൺ	1-9-53 - 31-12-62
പി.ഈ. രാമചന്ദ്രൻ നായർ	10-12-57 - 31-12-62
എൻ. നീലകണ്ഠൻ നമ്പൂതിരി	1-1-64 - 14-7-67
പി.കെ. ജോസഫ്	1-1-64 - 31-3-80
ജെ.ജെ മാത്യു	1-1-64 - 19-8-79
കെ.കെ. ജോസഫ്	1-1-62 - 19-8-79
	1-10-82 - 30-9-85
വി.പി. നമ്പൂതിരി	1-1-62 - 19-8-79
	1-10-80 - 30-9-85
സഖറിയാസ് ചെറിയാൻ	1-1-64 - 8-11-66
ബി. ലക്ഷ്മിയമ്മ	18-1-64 - 30-6-66
ഏലിക്കുട്ടി തോമസ്	30-7-67 - 31-3-80
മാത്യു എം. കാഞ്ഞിമറ്റം	27-6-67 - 31-3-80
കെ.എ. വാസുദേവൻ	1-10-80 - 30-9-85
പി.എസ്. കരുണാകര പിഷാരടി	1-10-80 - 30-9-85
ഔസേപ്പച്ചൻ	1-10-80 - 30-9-85
എം.ജെ. തോമസ്	1-10-80 - 30-9-85
മറിയം ലൂക്കാ	1-10-80 - 30-9-85
ഫിലിപ്പ് കുരുവിള	8-2-82- 30-9-95
കെ.എസ്. ശാന്ത.	8-2-82- 30-9-95
പി.പി. ഗോപാല കൃഷ്ണൻനാർ	8-2-82- 30-9-95
കെ.പി. സോമശേഖരൻ നായർ	8-2-82- 30-9-95
കെ.പി. ജോയി	8-2-82- 30-9-95
സൂസി ജോസ്	

കിടങ്ങൂർ ഗ്രാമപഞ്ചായത്ത് ഒരു പൊതു വീക്ഷണം

പഞ്ചായത്തിന്റെ പേര്	- കിടങ്ങൂർ ഗ്രാമപഞ്ചായത്ത്
വില്ലേജ്	- കിടങ്ങൂർ
ബ്ലോക്കുപഞ്ചായത്ത്	- ഉഴവൂർ
ജില്ലാ പഞ്ചായത്ത്	- കോട്ടയം
താലൂക്ക്	- മീനച്ചിൽ
അസംബ്ലി മണ്ഡലം	- കടുത്തുരുത്തി
പാർലമെന്റ് മണ്ഡലം	- കോട്ടയം
വിസ്തീർണ്ണം	- 25.12 ചതുരശ്ര കിമീ.
ജനസംഖ്യ	- 19881
ജനസാന്ദ്രത	- 791.44
വാർഡുകൾ	- 10

കോട്ടയം പട്ടണത്തിൽ നിന്നും 20 കി.മീ. കിഴക്ക് മീനച്ചിലാറിന്റെ ഇരുവശങ്ങളിലുമായി സ്ഥിതി ചെയ്യുന്ന മനോഹരമായ ഒരു ഭൂപ്രദേശമാണ് കിടങ്ങൂർ ഗ്രാമപഞ്ചായത്ത്. ഇതിന്റെ കിഴക്കേ അതിർ മുത്തോലി പഞ്ചായത്തും, തെക്ക് അകലക്കുന്നം, അയർക്കുന്നം പഞ്ചായത്തുകളും, പടിഞ്ഞാറ് ഏറ്റുമാനൂർ, കാണക്കാരി പഞ്ചായത്തുകളും, വടക്ക് കടപ്ലാമറ്റം പഞ്ചായത്തുമാണ്.

ഭൂപ്രകൃതി

ഭൂപ്രകൃതി അനുസരിച്ച് പഞ്ചായത്തിനെ മൂന്നു തരമായി തിരിക്കാം. ഉയർന്ന കുന്നിൽ പ്രദേശം, ചരിവു ഭൂമികൾ, നെല്പാട സമതലങ്ങൾ എന്നിങ്ങനെ.

മൂന്നാം വാർഡിൽ സ്ഥിതിചെയ്യുന്ന നരിവേലികുന്നുംപുറവും മണ്ണിയങ്കുന്നും അഞ്ചാം വാർഡിൽ സ്ഥിതി ചെയ്യുന്ന വട്ടുകുളങ്ങര ഭാഗവുമാണ് പഞ്ചായത്തിലെ ഉയർന്ന പ്രദേശങ്ങൾ. കൂടാതെ രണ്ട്, മൂന്ന് വാർഡുകളിലായുള്ള പാരിയ്ക്കകുന്ന്, നാലാം വാർഡിലെ പുറത്തേക്കുന്ന്, ഇടയ്ക്കാട്ടുവേലി എന്നിവയും ആറാം വാർഡിലെ നടുവിലെകുന്നും ഏഴാം വാർഡിലെ നടയ്ക്കാംകുന്നുമാണ് മറ്റ് ഉയർന്ന പ്രദേശങ്ങൾ.

ഈ പ്രദേശങ്ങളെല്ലാം തന്നെ മുൻകാലത്ത് കാടുകളായിരുന്നു. ഉയർന്നു വളരുന്ന വൻമരങ്ങളാലും, വള്ളിക്കെട്ടുകളാലും നിറഞ്ഞ ഈ പ്രദേശങ്ങളിൽ പല വന്യജീവികളും പാർത്തിരുന്നു. പഞ്ചായത്തിന്റെ ഏതാണ്ട് 30% വരുന്ന ഈ കുന്നുകളുടെ മുകൾഭാഗം ഉൾപ്പെടെയുള്ള പ്രദേശങ്ങൾ ഇന്ന് കൃഷിഭൂമികളായി മാറിയിട്ടുണ്ട്. ജനസാന്ദ്രത വർദ്ധിച്ചതും, കൂടുതൽ അദ്ധ്വാനശീലരായ കുസ്ത്യാനികളുടെ ആഗമനവുമാണ് ഈ പ്രദേശങ്ങൾ കൃഷിഭൂമിയായി മാറുവാൻ പ്രധാന കാരണം. ആ കാലങ്ങളിലെ പ്രധാനകൃഷി അവിടെ മരിച്ചീനി (കപ്പ) ആയിരുന്നു. കപ്പക്കൃഷി കിടങ്ങൂർ ഗ്രാമത്തിലെ എറ്റവും പ്രാധാന കൃഷിയായിരുന്നു അന്ന്. എന്നാൽ ഇന്ന് ഈ ഉയർന്ന പ്രദേശങ്ങളിലൊന്നും തന്നെ കപ്പക്കൃഷിയില്ല. റബ്ബർക്കൃഷി ആ സ്ഥലങ്ങളെല്ലാം കയ്യേറിയിരിക്കുന്നു. കൂടുതൽ ഭാഗവും വെട്ടുകല്ല് നിറഞ്ഞ ചുവന്നമണ്ണാണ്. വൻ വൃക്ഷങ്ങൾ നിറഞ്ഞു നിന്നിരുന്നതിനാൽ മണ്ണിന് ജലസംഭരണശേഷി ഉണ്ടായിരുന്നു. എന്നാൽ ഇന്ന് അത് നഷ്ടപ്പെടുകയും, കൂടുതൽ ജലം ആവശ്യമുള്ള റബ്ബർ മരങ്ങൾ നിറഞ്ഞതോടെ ഈ പ്രദേശങ്ങളെല്ലാം രൂക്ഷമായ ജല ദൗർലഭ്യം നേരിടുകയുമാണ്. ജനസാന്ദ്രത വർദ്ധിച്ചതോടെ ജലത്തിന്റെ ഉപയോഗവും വർദ്ധിച്ചു. റബ്ബറിനോടൊപ്പം മറ്റ് ഫലവൃക്ഷങ്ങളും, ചെറുകൂപ്പുകൃഷികളും വ്യാപിപ്പിക്കുകയാണ് ഇതിനുള്ള പരിഹാരമാർഗ്ഗം.

പഞ്ചായത്തിന്റെ കൂടുതൽ ഭാഗവും (ഏതാണ്ട് 60%) മുൻപറഞ്ഞ കുന്നിൽ പ്രദേശങ്ങളുടെ ചരിവു പ്രദേശങ്ങളാണ്. എല്ലാ ഉയർന്ന പ്രദേശങ്ങളുടേയും നാലുവശത്തേക്കും സാവധാനം ചെരിഞ്ഞ ഭൂവിഭാഗമാണുള്ളത്. വളരെ ഫലപുഷ്ടിയുള്ള കറുത്തമണ്ണാണ് മിക്ക പ്രദേശത്തും കാണപ്പെടുക. ഈ പ്രദേശങ്ങൾ പഞ്ചായത്തിന്റെ ഉള്ളിലേക്ക് അവസാനിക്കുന്ന ഭാഗത്തുക്കൂടി മീനച്ചിലാറ് കടന്നു പോകുന്നു.

തെങ്ങ്, കമുക്, കുരുമുളക്, ഇഞ്ചി, മഞ്ഞൾ, വാഴ, ചേന, ചേമ്പ്, എന്നിവ സമൃദ്ധിയായി വളരുകയും കൃഷിചെയ്യുകയും ചെയ്തിരുന്ന പ്രദേശമാണിത്. നമ്മുടെ ഗ്രാമത്തിന്റെ സമ്പൽസമൃദ്ധിക്കും, ജനങ്ങളുടെ ജീവിതായോധനത്തിനും ഏറ്റവും കൂടുതൽ ഉപകരിച്ചിരുന്നത് ഈ പ്രദേശവും ഇവിടുത്തെ കാർഷികോല്പന്നങ്ങളുമാണ്. എന്നാൽ ഇത്തരം കൃഷികളിൽ നിന്നും ലഭിക്കുന്ന വരുമാനത്തേക്കാൾ കൂടുതൽ റബ്ബർ കൃഷിയിൽ നിന്നും ലഭിക്കുമെന്നുള്ള ധാരണയും, കൃഷിക്കുള്ള ബുദ്ധിമുട്ടുകളുടെ താരതമ്യേനയുള്ള കുറവും, റബ്ബർ കൃഷിയെക്കുറിച്ചുള്ള പ്രചരണ പ്രവർത്തനങ്ങളും ഭക്ഷ്യവിളകളിൽ നിന്നും ജനങ്ങളെ അകറ്റി. ഇന്ന് ഈ പ്രദേശത്തിന്റേയും 80%-ൽ അധികം ഭാഗം (ചെറുകിട റബ്ബർ) റബ്ബർ കൊണ്ട് നിറഞ്ഞിരിക്കുന്നു. മറ്റ് മരങ്ങൾ വെട്ടിനീക്കപ്പെടുകമൂലം ഈ പ്രദേശവും ഇന്ന് ജല ദൗർലഭ്യം നേരിടുകയാണ്. കൂടാതെ മണ്ണൊലിപ്പ് ഭീഷണിയേയും നേരിടുന്നു. ഭൂമിയെ തട്ടുകളായി തിരിച്ച് മണ്ണിൽ ജലം സംഭരിക്കുവാൻ, ഓരോ പുരയിടത്തിനും ഭീമമായ തുകമുടക്കി ഉറപ്പുള്ള കയ്യാലകൾ തീർക്കുകമാത്രമാണ് ഇതിന് പ്രതിവിധി.

കുന്നിൽ പ്രദേശങ്ങളും, ചെരിവുപ്രദേശങ്ങളും കഴിച്ചാൽ ബാക്കി വരുന്ന 10% ഭൂമി നെല്പാടങ്ങളായിരുന്നു. മീനച്ചിലാറിന്റേയും അതിൽ പതിക്കുന്ന വിവിധ തോടുകളുടെയും സഹായത്താൽ ഈ പ്രദേശങ്ങളിൽ ആണ്ടിൽ രണ്ടു പ്രാവശ്യം കൃഷിചെയ്തിരുന്നു. നെല്ല് കൂടാതെ എള്ള്, ഉഴുന്ന്, പയറ് മൂതലായവയും, വിളവെടുപ്പിനുശേഷം പച്ചക്കറികളും പ്രത്യേകിച്ച് വെള്ളരി, മധുരക്കിഴങ്ങ് എന്നിവയും കൃഷി ചെയ്തിരുന്നു. എന്നാൽ പാടങ്ങളും

സമതലങ്ങളും ഇഷ്ടിക നിർമ്മാണത്തിനുപയോഗിച്ച തോടെ വളരെയേറെ പ്രദേശത്ത് നെൽക്കൃഷി അവ സാനിച്ചു. കൂടാതെ പുതിയറോഡുകളും ഭവനങ്ങ ളും ഈ പ്രദേശങ്ങളിലെ ജലനിർഗമന മാർഗ്ഗങ്ങളെ അടച്ചുകളഞ്ഞതിനാൽ അവശേഷിച്ച സ്ഥലങ്ങളിലും ഒരുപ്പൂകൃഷി മാത്രമായി തീർന്നിരിക്കുന്നു. നെൽകൃഷി നമ്മുടെ ഗ്രാമത്തിൽ ഇന്ന് നഷ്ടമാണ്. ഇതും സാങ്കേ തികമായ മറ്റ് പലകാരണങ്ങാലും നെൽക്കൃഷിക്കാർ നിരാശരും വിമുഖരുമായി കാണപ്പെടുന്നു.

ജനസമ്പത്ത്

1991-ലെ സെൻസസ് കണക്കും പ്രകാരം കിട ങ്ങൂർ പഞ്ചായത്തിലെ ജനസംഖ്യ 19881 ആണ്. 10048 പരുഷന്മാരും 9833 സ്ത്രീകളും. മൊത്തം 3873 വീടുകളിലായി ഇവർ താമസിക്കുന്നു. ശരാശരി വീ ടൊന്നിന് 5 പേർ വീതം. പഞ്ചായത്തിലെ ജനസംഖ്യ ജില്ലയുടെ 1.09% വരും. ഇതിൽ 1002 പേർ പട്ടിക ജാതിക്കാരാണ്. പട്ടിക വർഗ്ഗവിഭാഗത്തിൽപെട്ടവരി ല്ല. നിരക്ഷരരുടെ എണ്ണം വളരെ തുഛമാണ്. 15 വയസ്സിനുമേൽ പ്രായമുള്ളവരിൽ അൻപതുശതമാ നത്തിലധികംS.S.L.C കഴിഞ്ഞവരാണ്. ബിരുദവും, ബിരുദാനന്തരബിരുദവും ഉള്ളവരുടെ എണ്ണം കുറ വെങ്കിലും, സാങ്കേതിക വിദ്യാഭ്യാസയോഗ്യതയു ള്ളവരുടെ എണ്ണമാണ് വളരെ കുറവ്. മൊത്തം ജന സംഖ്യയുടെ 30% പേർ തൊഴിൽ ചെയ്യുന്നവരാണ്. ഭൂരിപക്ഷം പേരുടെയും തൊഴിൽ ഭാഗികമാണെന്നു മാത്രം. തൊഴിൽ രംഗത്ത് സ്ത്രീകളുടെ പങ്കാളിത്വം കുറവാണ്. ഉദ്യോഗസ്ഥകളെ ഒഴിച്ചാൽ ഭാഗികമായെ ങ്കിലും തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന സ്ത്രീകളുടെ നിരക്ക് 15%-ൽ താഴെയാണെന്ന് കാണാം.

സാംസ്കാരികമായി ഉന്നതനിലവാരം പുലർത്തുന്ന ഒരു ജനവിഭാഗമാണ് നമ്മുടെ പഞ്ചാ ത്തിലുള്ളത്. കലാപ്രവർത്തനങ്ങളിലും, സാമൂഹ്യക്ഷേ മത്തിലും തല്പരരാണ് കൂടുതൽ ജനങ്ങളും, പ്രത്യേ കിച്ച് യുവജനങ്ങൾ. എന്നാൽ അതനുസരിച്ച് പ്രവർത്തനങ്ങളിൽ ഏർപ്പെടുവാനുള്ള അവസരങ്ങൾ അവർക്ക് ലഭിക്കുന്നില്ല.

മതത്തിന്റേയോ, ജാതിയുടേയോ പേരിൽ ഏതെ ങ്കിലും തരത്തിലുള്ള വിദ്വേഷങ്ങളോ, സംഘർങ്ങളോ ഒരിക്കൽ പോലും ഉണ്ടായിട്ടില്ലാത്ത പ്രദേശമാണ് നമ്മുടെ ഗ്രാമപഞ്ചായത്ത് എന്നത് അഭിമാനപൂർവ്വം രേഖപ്പെടുത്തുവാൻ കഴിയും. ഏതാണ്ട് തുല്യ എണ്ണം ഹിന്ദുമതവിശ്വാസികളും, ക്രിസ്തുമത വിശ്വാസികളും നല്ല അയൽക്കാരായി കഴിഞ്ഞു കൂടുന്നു. മറ്റ് മതവി ഭാഗങ്ങളിൽപ്പെട്ടവർ ഈ ഗ്രാമപഞ്ചായത്തിൽ താമ സമില്ല. ഹിന്ദുമതത്തിലെ ഏതാണ്ട് എല്ലാ ജാതിയി ലുംപെട്ടവർ ഈ ഗ്രാമത്തിലുണ്ട്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വരെ ഒഴിവാക്കിയാൽ ഏതാണ്ട് 95% ജനങ്ങളും സാമാന്യ വരുമാനം മാത്രമുള്ള ഇടത്തര ക്കാരാണ്


ജലസമ്പത്ത്

മീനച്ചിലാറും, വിവിധ തോടുകളും കൊണ്ട് ജല ദാരിദ്ര്യമില്ലാത്ത ഒരു നാടായിരുന്നു നമ്മുടേത്. എങ്കിലും ഇന്ന് വർഷത്തിൽ 4 മാസത്തിലധികം കാലം ജലദൗർലഭ്യമളള പ്രദേശമാണ് ഭൂരിഭാഗവും. വികലമായ ആസൂത്രണവും കൃഷിസമ്പ്രദായങ്ങളിൽ വന്ന മാറ്റവും വിവിധ രംഗങ്ങൾ തമ്മിൽ പരസ്പര ധാരണകൂടാതെയുള്ള വികസനപ്രവർത്തനങ്ങളും, വർദ്ധിച്ച ജനസാന്ദ്രതയും എല്ലാം ഇതിനു കാരണ മാണ്. നാട്ടിലുണ്ടായിരുന്ന വളരെ അധികം കുള ങ്ങൾ നികത്തപ്പെട്ടതും, ചാലുകൾ മുതലായവ മണ്ണ ടിഞ്ഞ് ആഴം കുറഞ്ഞതും എല്ലാം ഇതിനു കാരണ ങ്ങളാണ്. അതനുസരിച്ച് ജല ദൗർലഭ്യം പരിഹരി ക്കാനുള്ള സ്ഥിരമായ സംവിധാനങ്ങളൊന്നും നില വിലില്ല.

സാമൂഹ്യക്ഷേമം

പരസ്പരസഹകരണവും, അയൽക്കാർ തമ്മിൽ യോജിപ്പും പൊതുവേ സാധാരണമാണ് നമ്മുടെ ഗ്രാമ ത്തിൽ. എന്നാൽ ജനങ്ങളുടെ വർദ്ധനവിനനുസരിച്ച് വേണ്ട ക്ഷേമപ്രവർത്തനങ്ങൾ നടക്കുന്നില്ല. വിദ്യാഭ്യാ സരംഗം പൊതുവേ മെച്ചമാണ്. ആതുരശുശ്രൂഷാ രംഗത്ത് ക്രിസ്തുമത വിഭാഗത്തിൽപെട്ട സംഘങ്ങളുടെ സേവനം എടുത്തുപറയേണ്ടതുണ്ട്. സാംസ്കാരിക രംഗത്ത് വേണ്ടത്ര ഉണർവില്ല. സഹകരണരംഗത്ത് ചിലമേഖലകളിൽ മെച്ചമായ പ്രവർത്തനം നടക്കു ന്നുണ്ട്.

ജനകീയ പങ്കാളിത്വത്തോടെ നമ്മുടെ ഗ്രാമപ ഞ്ചായത്തിന്റെ സമഗ്രവികസനത്തിന് വികസനമേഖ ലകളെ പഞ്ചണ്ടായി തരംതിരിച്ച് ഓരോന്നിനെക്കുറി ച്ചും ഗ്രാമസഭകളിൽ ചർച്ചചെയ്ത് ക്രോഡീകരിക്കപ്പെട്ട റിപ്പോർട്ടുകൾ ചുവടേ ചേർക്കുന്നു. ഇവയുടെ അടി സ്ഥാനത്തിൽ പദ്ധതികൾ രൂപീകരിച്ച് നമുക്ക് മുന്നേറാം.



1

കൃഷി, ജലസേചനം

കിടങ്ങൂർ പഞ്ചായത്തിലെ 80%ത്തോളം ജനങ്ങൾ കൃഷിയേ പൂർണ്ണമായോ ഭാഗികമായോ ആശ്രയിച്ചുകഴിയുന്നവരാണ് തികച്ചും കാർഷിക മേഖലയെന്നുതന്നെ ഇന്നും അവകാശപ്പെടാവുന്ന പ്രദേശത്ത് ഒരു കൃഷിയും തന്നെ ഇന്ന് ലാഭകര മായി നടക്കുന്നില്ല.

ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ നെല്ല് തെങ്ങ്, കപ്പ, വാഴ, കിഴങ്ങുവർഗ്ഗങ്ങൾ പച്ചക്കറി കൾ, എന്നിവ കൃഷിചെയ്ത് ഏതാണ്ട് സ്വയം പര്യാപ്തതയിലായിരുന്ന കിടങ്ങൂർ ഗ്രാമപഞ്ചായത്ത്. നെല്ല് കൃഷി സർവ്വസാധാര ണമായിരുന്നു. അഞ്ചോ, ആറോ, മേനി വിളയുന്ന പഴയ വിത്തുകൾ ഉപയോഗിച്ച് ചെയ്തിരുന്ന നെൽകൃഷി അന്ന് നിലനിന്നുപോന്നത് നിലവിലു ണ്ടായിരുന്ന "പാട്ടവ്യവസ്ഥ" ഒന്നുകൊണ്ടുമാത്ര മായിരുന്നു. കുടിയാൻമാർക്ക് കിടപ്പാടം നൽകുകയും കരഭൂമിയിൽ സ്ഥിരമായകൃഷികൾ ചെയ്യാൻ അനുവദിക്കാതിരിക്കുകയും, സമീപ ത്തുള്ള പാടത്ത് നെൽകൃഷിചെയ്ത് നിശ്ചയിക്ക പ്പെട്ടിട്ടുള്ള വാരമോ,പാട്ടമോ നൽകണമെന്നതു മായിരുന്നു വ്യവസ്ഥ. കരഭൂമികൾ മിക്കതും തരിശായികിടക്കുകയും മാവ്,പ്ലാവ്, തുടങ്ങിയ ഫലവൃക്ഷങ്ങൾ മാത്രം വളർന്നു നില്ക്കുകയും ചെയ്തിരുന്നു. കപ്പകൃഷിയുടെ അരംഭത്തോ ടെയാണ് ഇതിന് മാറ്റമുണ്ടായത്. കഴിയുന്നത്ര പ്രദേശങ്ങളിൽ കപ്പകൃഷി ആരംഭിക്കുകയും സമതലങ്ങളിലും മറ്റും വാഴ, പച്ചക്കറി എന്നിവ കൃഷിചെയ്യുകയും ചെയ്തു. പാടങ്ങൾ പോലും കപ്പകൃഷിക്ക് ഉപയോഗിച്ചു തുടങ്ങി. അമ്പതു കളുടെ അവസാനത്തിലുണ്ടായ കുടിയായ്മ നിയമവും, 1971 ലെ ഭൂപരിഷ്ക്കരണനിയമവും, കർഷകത്തൊഴിലാളികളുടെ പിൻമുറക്കാർ മറ്റ് തൊഴിൽ മേഖലകളിലേക്ക് മാറിയതും, ജനസാന്ദ്രത വർദ്ധിച്ചതും കൃഷി സമ്പ്രദായത്തിൽ ആകെ മാറ്റം വരുത്തി.

പുതിയറോഡുകളും, കൂട്ടുകൂടും ബവ്യവസ്ഥിതി മാറിയതനുസരിച്ച് തുണ്ടു തുണ്ടാക്കപ്പെട്ട ഭൂമിയും, ജലസേചനത്തിനും ജലനിർഗ്ഗമനത്തിനും തടസ്സമായി ഭവിച്ചു. ഭവനങ്ങളുടെ എണ്ണവും വർദ്ധിച്ചു. കൃഷിയ്ക്ക് ഉപയുക്തമായിരുന്ന ജലസേചന സൗകര്യമുണ്ടാ യിരുന്ന കുളങ്ങളും, പാടങ്ങൾ തന്നെയും മണ്ണിട്ട് നികത്തപ്പെട്ടു. ലഭിക്കുന്ന ആദായവുമായി തട്ടിച്ചുനോക്കുമ്പോൾ നെൽകൃഷിയേക്കാൾ ലാഭകരം പാടങ്ങൾ മണ്ണിട്ട് നികത്തി വില്ക്കു ന്നതോ, മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതോ

ആണ് എന്ന് ജനങ്ങൾ കണ്ടു. ആധുനിക കൃഷി സമ്പ്രദായങ്ങളനുസരിച്ച് കൃഷിചെയ്യുന്നതുകൊണ്ട് ഒരു പക്ഷേ അളവിൽ മുമ്പത്തേക്കാൾ നെല്ലുല്പാദനം നടക്കുന്നുണ്ടായിരിക്കാമെങ്കിലും വാസ്തവത്തിൽ ഉൽപാദിപ്പിക്കാൻ കഴിയുന്നതിന്റെ ഒരു ചെറിയ ശതമാനം മാത്രമാണിത്.

തെങ്ങുകൃഷിയും നമ്മുടെ പഞ്ചായത്തിൽ വളരെ പിന്നോക്കം പോയിരിക്കുന്നു. നാളികേരത്തിന്റെ ആവശ്യം വർദ്ധിച്ചതനുസരിച്ച് തെങ്ങുകൃഷി പരിപോഷിപ്പിക്കുവാൻ നമുക്ക് കഴിഞ്ഞിട്ടില്ല. തെങ്ങിനുണ്ടാകുന്ന പലവിധ രോഗങ്ങൾ കാരണം വർഷങ്ങൾ കാത്തിരുന്ന് ആദായം ലഭിക്കുമോ എന്ന് പരീക്ഷിക്കുവാൻനാം തയ്യാറല്ല. അതിലും എളുപ്പവും ലാഭകരവുമായ റബ്ബർക്കൃഷിയിലേക്കും, കൊക്കോ കൃഷിയിലേക്കും ജനങ്ങൾ പെട്ടന്നു മാറുന്ന കാഴ്ച്ചയാണ് അറുപതുകളുടെ ആരംഭത്തിൽ ഇവിടെ കണ്ടത്. ഇന്ന് എത്ര ചെറിയ ഭൂമി സ്വന്തമായുള്ളവനും, ഭവനനിർമ്മാണം കഴിഞ്ഞ് ബാക്കിസ്ഥലത്ത് റബ്ബർക്കൃഷി ചെയ്യുന്ന രീതിയാണ് ഉള്ളത്. നെല്പാടങ്ങളിലും ഇത് ആവർത്തിക്കുന്നു. നെൽക്കൃഷി ചെയ്തിരുന്ന സ്ഥത്തിന്റെ വിസ്തീർണ്ണം കുറയുന്നതിന് റബ്ബർക്കൃഷിയും, ഇഷ്ടികനിർമ്മാണവും മുഖ്യകാരണങ്ങളാണ്. ഇതുമൂലം വാഴ, കിഴങ്ങുവർഗ്ഗങ്ങൾ പയറുവർഗ്ഗങ്ങൾ, പച്ചക്കറി എന്നിവയുടെ കൃഷിയും അവതാളത്തിലായി. കൊക്കോകൃഷി നഷ്ടമാകയാൽ അതും നിന്നപോലെയായി.

നമ്മുടെ ഗ്രാമ പഞ്ചായത്തിൽ 2400 ഓളം ഹെക്ടർ വരുന്ന കൃഷിസ്ഥത്തിൽ 240 ഹെ. നിലവും, 2100 ഹെ. പുരയിടവും, 60 ഹെ. പുറമ്പോക്കുസ്ഥലവുമാണെന്ന് കാണുന്നു. നിലത്തിൽ 240 ഹെക്ടറിലും ഒരുപൂകൃഷിയും അതിൽ 165 ഹെക്ടറിൽ രണ്ടു വിളയും കൃഷി ചെയ്തുവരുന്നു. പുരയിടത്തിൽ 996 ഹെക്ടർ സ്ഥലത്ത് റബ്ബറും, 621 ഹെക്ടർ സ്ഥലത്ത് തെങ്ങും, 110 ഹെക്ടർ വാഴയും, 110 ഹെക്ടറിൽ കപ്പയും, 80ഹെക്ടറിൽ കുരുമുളകും മാവ്, പ്ലാവ്, കശുമാവ്, കവുങ്ങ്, കരിമ്പ്, ഔഷധവിളകൾ, പച്ചക്കറികൾ എന്നിവ ഇവയുടെ ഇടയ്ക്കും, ബാക്കിസ്ഥലങ്ങളിലുമായും കൃഷി ചെയ്തുവരുന്നു. കൃഷിക്കാരിൽ 2130 പേർ നാമമാത്രകർഷകരും 1721 പേർ ചെറുകിട കർഷകരും, 76 പേർ വൻകിട കർഷകരും ആണ്.

വിളകളുടെ ഉദ്പാദനവും, ഉദ്പാദനക്ഷമതയും കാണിക്കുന്ന ഒരു പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.

കിടങ്ങൂർ ഗ്രാമപഞ്ചായത്ത്

വിള വിസ്തീർണ്ണവും ഉല്പാദനവും

വിള	വിസ്തീർണ്ണം	മൊത്തം	ഉല്പാദക്ഷമത ഉല്പാദനം	കാർഷിക മേഖലസൃഷ്ടി ചസമ്പത്ത (ഏകദേശം) 95-95
നെല്ല് ഇരിപ്പൂ	240	1402 ടൺ	5840 കി.	7 ലക്ഷം
നെല്ല് ഒരുപ്പൂ	165	812ടൺ	4920 കി.	4 ലക്ഷം
തെങ്ങ്	621	36 ലക്ഷം	5900 എണ്ണം	180 ലക്ഷം
റബ്ബർ	996	282 ടൺ	2834 കി.	12 ലക്ഷം
വാഴ	110			160 ലക്ഷം
മരിച്ചീനി	80	173 ടൺ	21700 കി.	7 ലക്ഷം

കരിമ്പ്	15	12.8 ടൺ	8568 കി.	1 ലക്ഷം
കവുങ്ങ്	2.3	5.4 ലക്ഷം	236600 എണ്ണം	2 ലക്ഷം
പയർ	10	10ടൺ 100കി.	2 ലക്ഷം	
എള്ള്	2	0.6ടൺ5	300 കി.	കാൽ ലക്ഷം
ഇഞ്ചി	5.5	1.7 ടൺ	3205 കി.	2 ലക്ഷം
പച്ചക്കറി		35ടൺ7		36 ലക്ഷം
			ആകെ	414.25 ലക്ഷം

ഇന്ന് വിളകളുടെ ക്രമത്തിലും ഭൂവിനിയോഗത്തിലും വൻമാറ്റം വന്നിരിക്കുന്നു. നെല്ല്, എള്ള്, (എള്ളിനു പകരം പയർ,പച്ചക്കറികൾ എന്നിവയും) എന്ന പാടത്തെ വിളക്രമവും, തെങ്ങ്, വാഴ, കപ്പ, കിഴങ്ങുവർഗ്ഗങ്ങൾ, പച്ചറിക്കറികൾ എന്ന പുരയിട വിളക്രമവും മാറിയിരിക്കുന്നു.

ജലസേചനത്തിന്റെ അസൗകര്യം, നിജമല്ലാത്ത കാലാവസ്ഥ, കൃഷിനാശം, തൊഴിലാളികളുടെ ദൗർലഭ്യം, കൂലിവർദ്ധന വിനുസരിച്ച് മെച്ചപ്പെട്ട സേവനം ലഭിക്കായ്ക എന്നിങ്ങനെ പലകാരണങ്ങളാൽ നെൽക്കൃഷി ലാഭകരമല്ലാതായിതീർന്നു. അതിനാൽ രണ്ടും മൂന്നും കൃഷിചെയ്ത് ബാക്കി കാലം തരിശിടുന്നു. ആധുനിക കൃഷി സമ്പ്രദായങ്ങളനുസരിച്ചുള്ള കൃഷിരീതികൾ ഭാഗികമായി മാത്രമേ നടപ്പിലാക്കപ്പെട്ടിട്ടുള്ളൂ. അമിതമായ രാസവളപ്രയോഗവും, കീടനാശിനികളും മണ്ണിന്റെ ഗുണമേന്മ കുറയ്ക്കുകയും ചെയ്യുന്നു. കാർഷിക രംഗത്ത് തൊഴിലാളികളുടെ അഭാവം ഇന്ന് കൃഷിയിറക്കുമ്പോഴും കൊയ്ത്തുകാലത്തും വളരെ രൂക്ഷമാണ്. അനിയന്ത്രിതമായ മണ്ണുഖനനം കൃഷിഭൂമിയുടെ വിസ്തൃതി കുറയ്ക്കുന്നു. ഉള്ള കൃഷി ഭൂമി നിലനിർത്തുവാൻ കഴിയണം.

നെല്പാടങ്ങളിൽ ജലസേചന സൗകര്യവും കുറഞ്ഞുവരുന്നു. പുതിയ റോഡുകളുടെ നിർമ്മാണവും, കുളങ്ങളും തോടുകളും നികത്തിയെടുത്തുപോയതുമാണ് ഇതിന് മുഖ്യകാരണം. പുതിയ റോഡുകൾ നിർമ്മിക്കുമ്പോൾപണ്ടുമുതലുണ്ടായിരുന്ന നീർച്ചാലുകൾക്ക് തടസ്സമുണ്ടാക്കുന്ന വിധം വേണ്ടത്ര കലുങ്കുകളും മറ്റു നിർമ്മിക്കുവാൻ സാമ്പത്തിക പരിമിതിമൂലം പഞ്ചായത്തിന് പലപ്പോഴും കഴിയാറില്ല. റോഡുണ്ടാക്കുവാനുള്ള വ്യഗ്രതയിൽ ഇത് ശ്രദ്ധിക്കപ്പെടാറുമില്ല. പാടങ്ങൾ മണ്ണിട്ടു നികത്തുന്നതുമൂലം സമീപപാടങ്ങളിൽ നീർക്കെട്ടുകളുണ്ടാവുകയും അവിടം ഒരു കാലത്തും കൃഷിക്ക് യോജിച്ചതല്ലാതാവുകയും ചെയ്യുന്നു. നിലവിലുള്ള ഇറിഗേഷൻ സമ്പ്രദായം ഈ കുറവുകൾ നികത്തത്തക്കവിധം ഡെലിവറി കപ്പാസിറ്റി ഉള്ളവയോ, ആവശ്യമായ കനാലുകൾ ഉള്ളവയോ അല്ല. ജലസേചന രംഗത്ത് സമഗ്രമായ ഒരു പഠനവും, പരിഹാരമായ പദ്ധതിയും ആവശ്യമെന്ന് ഇത് തെളിയിക്കുന്നു.

നാട്ടിലെ ഒരു പ്രധാന വിളയായ തെങ്ങു കൃഷിയും മുരടിച്ചിരിക്കുന്നു. ആരോഗ്യപൂർണ്ണമായ വിത്തിന്റെ അഭാവവും, രോഗങ്ങളുമാണ് ഈ രംഗത്തെ മുഖ്യപ്രശ്നം. കൃഷിഭവന്റെ റിപ്പോർട്ടനുസരിച്ച് പഞ്ചായത്തിലുള്ള 124200 തെങ്ങിൽ എല്ലാം തന്നെ വേര്, തടി, ഓല, കൂമ്പ് ഇവയിൽ ഏതെങ്കിലും ഒന്നിലോ, പലതിലുമോ രോഗങ്ങൾ

ബാധിച്ചവയാണ്. കൃഷിഭവൻ റിപ്പോർട്ടനുസരിച്ച് നമ്മുടെ 621 ഹെക്ടർ സ്ഥലത്തായി 124200 തെങ്ങുകൾ വളരുന്നു. ഇവയിൽ 74520 കായ്ഫലം ഉള്ളവയും, 49680 എണ്ണം കായ്ഫലം ഇല്ലാത്തവയുംമാണ്. 86940 എണ്ണം കാറ്റുവീഴ്ച, 43470 എണ്ണം ഓലചീയൽ 12420 എണ്ണം കൂമ്പുചീയൽ, 2484 എണ്ണം ചെന്നീരൊലിപ്പ് എന്നീരോഗങ്ങൾ ബാധിച്ചവയാണ്.കഷ്ടപ്പെട്ട് കൃഷിചെയ്ത് കാത്തിരുന്ന് ഫലം ലഭിക്കാത്ത അവസ്ഥയാണ് കേരകർഷകർ നേരിടുന്നത്. നല്ല വിത്തിനങ്ങൾ ലഭിക്കാത്തതും. തെങ്ങുകയറ്റ തൊഴിലാളികളുടെ അഭാവവും തെങ്ങുകൃഷിയുടെ മുഖ്യപ്രശ്നങ്ങളാണ്.

റബ്ബർകൃഷി 1970 മുതൽ സർവ്വ സാധാരണമായി തീർന്നിട്ടുണ്ട്. കിടങ്ങൂർ ഗ്രാമ പഞ്ചായത്തിൽ 15% ആളുകൾ പത്തുസെൻറിൽ താഴെ മാത്രം സ്ഥലമുള്ളവരാണ്. ബാക്കിയുടെ 59% പേരും നാമമാത്രകൃഷിക്കാരാണെങ്കിലും അവരെല്ലാം തന്നെ റബ്ബർ കൃഷിചെയ്യുന്നു. ഇടത്തരം കൃഷിക്കാരും, വൻകിട കൃഷിക്കാരും റബ്ബർകൃഷിക്കാരാണല്ലോ. കൃഷിചെയ്യുന്നതിനുള്ള സൗകര്യവും, വളരെ തൊഴിലാളികൾ ആവശ്യമില്ലാത്തതും, വിളവെടുപ്പ് താരതമ്യേന എളുപ്പവും ആയതാണ് റബ്ബർകൃഷിയിലേക്കു തിരിയുവാൻ ജനങ്ങളെ പ്രേരിപ്പിച്ചത്. എന്നാൽ ഇന്ന് ഈ രംഗവും ഒട്ടേറെ പ്രശ്നങ്ങളെ നേരിടുന്നുണ്ട്. മരങ്ങൾക്കുണ്ടാകുന്ന കേട്, അസംസ്കൃത സാധനങ്ങളുടെ അമിതമായ വിലവർദ്ധനവ് തൊഴിലാളികളുടെ കൂലിവർദ്ധന, പരിചിതരായ ടാപ്പിംഗ് തൊഴിലാളികളുടെ ആഭാവം, ഉല്പാദച്ചെലവിന് അനുപാതികമായ വില ലഭിയ്ക്കായ്ക എന്നിവയാണ് ഈ രംഗത്തെ പ്രധാന പ്രശ്നങ്ങൾ.

റബ്ബർ കൃഷി പുരയിടങ്ങളിൽ വ്യാപിച്ചതോടെ മറ്റുകൃഷികളുടെയെല്ലാം പ്രസക്തി നഷ്ടപ്പെട്ടിരിക്കുന്നു. സമീപ പുരയിടത്തിൽ റബ്ബർ കൃഷിയുണ്ടെങ്കിൽ തൊട്ടടുത്തപുരയിടത്തിൽ പോലും മറ്റ് കൃഷികൾ ഫലപ്രദമായി നടത്തുവാൻ കഴിയില്ല. ഇത് നമ്മുടെ ഭക്ഷ്യവിളകളേയും, മറ്റ് നാണ്യവിളകളേയും പ്രതികൂലമായി ബാധിച്ചിരിക്കുന്നു. വാഴകൃഷി, ചേന, ചേമ്പ്, കിഴങ്ങുവർഗ്ഗങ്ങൾ, കപ്പ, പച്ചക്കറികൾ, കുരുമുളക് തുടങ്ങിയവയെല്ലാം നമ്മുടെ പഞ്ചായത്തിൽ എത്രയൊ കുറഞ്ഞുപോയി. ഇത് നമ്മുടെ ആഹാര ച്ചെലവിനെ വളരെ പ്രതികൂലമായി ബാധിച്ചിരിക്കുന്നു. ഇനിയും കൂടുതൽ ബാധിച്ചുകൊണ്ടിരിക്കുകയും ചെയ്യും

ഭൂരിഭാഗം കർഷകരുടേയും കാർഷിക വരുമാനം വളരെ തുഛമാണ്. കൃഷി മുഖ്യവരുമാനമാർഗ്ഗമായി കരുതാനാവാത്തതു കൊണ്ട് അവർക്ക് കൃഷിയിൽ താല്പര്യവുമില്ല. ഉദ്യോഗസ്ഥരായ കൃഷിക്കാർക്കാകട്ടെ കൃഷിയിൽ ശ്രദ്ധിക്കുവാൻ സമയമോ താല്പര്യമോ ഇല്ല. അതിനാൽ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള ഒരു നടപടിക്കും അവർ മുതിരാറില്ല. കർഷക കുടുംബങ്ങളിലെ യുവതലമുറയിൽപ്പെട്ട യുവാക്കളും യുവതികളും ഇഷ്ടികപ്പണി, ചുമടെടുപ്പ്, ചെറുകിട ഫാക്ടറി പണികൾ, തടിലോഡിംഗ് തുടങ്ങിയ പണികളിലേക്കുമാറി. കർഷകത്തൊഴിലാളിയെക്കാൾ കൂലി കുറവാണെങ്കിൽ പോലും, തൊഴിൽ സുരക്ഷിതത്വവും സാമൂഹ്യ മാന്യതയുമാണ് യുവതികളെ കാർഷികവൃത്തി ഉപേക്ഷിക്കുവാൻ പ്രേരിപ്പിച്ചത്. ഇതിന്റെ ഫലമായി കർഷകത്തൊഴിലാളികളുടെ കൂലിനിരക്ക് വർദ്ധിക്കുകയും, കർഷകർക്ക് അത് താങ്ങാനാവാത്തതാകുകയും ചെയ്തു.

കർഷകർക്ക് നിർദ്ദേശങ്ങളും, പ്രോത്സാഹനവും നൽകേണ്ട ഒരു കൃഷിവികസന ആഫീസ് നമ്മുടെ ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. 1995-96ൽ 380 തെങ്ങിൻ തൈകളും ഇരുപതിനായിരം കുരുമുളക് ചെടികളും 2000 കിലോ നെൽവിത്തും, 440 കിലോ പയർവിത്തും

ഇവിടെ നിന്ന് വിതരണം ചെയ്തിട്ടുണ്ട്. വെള്ളപൊക്കദുരിതാശ്വാസമായി 63 കർഷകർക്ക് 12700 രൂപാ 94-95 ൽ വിതരണം ചെയ്തു. കഴിഞ്ഞ 3 വർഷത്തിനടയിൽ 6 ട്രില്ലറുകളും, 29 മരുന്നു തളി സ്പ്രെയറുകളും, ഒരു തെങ്ങുകയറ്റ യന്ത്രവും 87 പമ്പുസെറ്റുകളും വിതരണം ചെയ്തിട്ടുണ്ട്. സ്വാകാര്യ മേഖലയിൽ നിന്നും വാങ്ങി ഉപയോഗിക്കുന്ന കാർഷിക യന്ത്രങ്ങളുടെ വിവരം ലഭ്യമല്ല. കൃഷിനാശത്തിന്റെ കണക്കെടുപ്പും, ആനുകൂല്യങ്ങളുടെ വിതരണവും ഒഴിച്ചാൽ കൃഷിഭവനിൽ എത്തി സംശയം ചോദിക്കുന്നവർക്ക് നിർദ്ദേശം നൽകുക മാത്രമാണ് ഉദ്യോഗസ്ഥർക്ക് ചെയ്യുവാൻ കഴിയുന്നത്. സമ്മിശ്രമായ ഈ ആനുകൂല്യ വിതരണം കൃഷിഓഫീസറുടെ മാത്രം നിയന്ത്രണ ത്തിലാക്കുയാൽ കൃഷിസ്ഥലങ്ങളി ലേക്ക് ഇറങ്ങിവന്ന് താൻ നേടിയിട്ടുള്ള വിജ്ഞാനം കാർഷിക രംഗത്ത് പ്രയോജനകരമായി വിനയോഗിക്കുന്നതിന് കൃഷിഓഫീസർമാർക്ക് കഴിയാറില്ല. കലാകാലങ്ങളിൽ മണ്ണ് പരിശോധിക്കുകയും ഉപയോഗിക്കേണ്ട വളക്രമങ്ങളെക്കുറിച്ചും കൃഷിയെക്കുറിച്ചും വേണ്ട നിർദ്ദേശങ്ങൾ നൽകുന്നതിനും കൃഷിഭവന് കഴിയണം. കൃഷിയുടെ വിളവെടുപ്പിനു മുമ്പുണ്ടാ കുന്ന എല്ലാവിധ രോഗങ്ങൾക്കും പരിഹാര നിർദ്ദേശങ്ങളും ലഭ്യമാകണം. ആധുനിക കൃഷി സമ്പ്രദായത്തെക്കുറിച്ചും, പ്രയോജനങ്ങളേ ക്കുറിച്ചും, വളം, കീടനാശിനി ഉപയോഗത്തെ ക്കുറിച്ചും ബോധവൽക്കരണ ക്ലാസുകൾക്കും സെമിനാറുകൾക്കും, ചർച്ചാസമ്മേളനങ്ങൾക്കും കൃഷിഭവൻ നേതൃത്വം നൽകേണ്ടതാണ്.

എല്ലാ വാർഡുകളിലും പ്രവർത്തന മേഖലകളായുള്ള കേരവികസന സമിതിയും നെൽക്കൃഷി നടപ്പിലുള്ള വാർഡുകളിൽ ഗ്രൂപ്പുഫാമിംഗ് സൊസൈറ്റികളും നിലവിലുണ്ട്. ഇത്തരം കൃഷിവികസന സമിതികൾ കൊണ്ട് അല്പം ചില പ്രയോജനങ്ങളുണ്ടായിട്ടുണ്ടെങ്കിലും സമഗ്രമായ കൃഷി പോഷണത്തിന് ഉപയുക്ത മായി പ്രവർത്തിക്കുന്നില്ല. അർഹതയുള്ളവർ മുഴുവൻ ഇതിൽ അംഗങ്ങളായിട്ടുമില്ല. കൃഷിഭ വനും, കൃഷിവികസ സമിതികളും, കർഷകരും ഒന്നു ചേർന്ന് ഫലപ്രദമായി പ്രവർത്തിച്ചെങ്കിൽ മാത്രമേ നമ്മുടെ ഗ്രാമത്തെ സ്വയം പര്യാപ്തതയി ലേക്ക് നയിക്കുവാൻ കഴിയൂ.

കൃഷിസ്ഥലങ്ങളിൽ ഒട്ടാകെ (പാടത്തും പുരയിടങ്ങളിലും) ജലസേചന സൗകര്യം വ്യാപകമാക്കിയാൽ ഉല്പാദനം ഇരട്ടിയാക്കുവാനും, ഒരുപ്പൂകൃഷി ഇരുപ്പൂവും, മുപ്പൂവും ആക്കാനും കഴിയും. മണ്ണു പരിശോധനയിലൂടെ കൃത്രിമ വളങ്ങളുടേയും, കീടനാശിനികളുടേയും ഉപയോഗം നിയന്ത്രിച്ചാൽ പരിസ്ഥിതി മലിനീകരണം തടയുന്നതിനും മണ്ണിൽ ജലാംശവും, ഫലപു ഷ്ടിയും നിലനിർത്തുന്നതിനും സാധിക്കുന്നതാണ്. വിളവു വർദ്ധിക്കുമ്പോൾ അവയെ ആശ്രയിച്ചുള്ള വ്യവസായങ്ങൾക്കും സാദ്ധ്യത വർദ്ധിക്കുന്നു.

പ്രശ്നപരിഹാരത്തിനായി ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്ന ആവശ്യങ്ങൾ ക്രോഡീകരി ച്ചത് ചുവടേ ചേർക്കുന്നു.

നിലവിലുള്ള എല്ലാ ഇറിഗേഷൻ പദ്ധതികളുടേയും പമ്പുകളുടെയും ഡെലിവറി കപ്പാസിറ്റി ഉയർത്തുകയും കനാലുകൾ ആവശ്യമുള്ള സ്ഥങ്ങളിലേയ്ക്കെല്ലാം നീട്ടി സൈഡുകളും, അടിഭാഗവും കോൺക്രീറ്റു ചെയ്യുക.

ചെമ്പകശ്ശേരിൽ കടവിൽ ചെക്കുഡാം ഭാഗത്ത് ഒരു ഇറിഗേഷൻ പമ്പ് സ്ഥാപിച്ച് ഓട്ടുകമ്പനിയ്ക്കു തെക്കു പടിഞ്ഞാറുള്ള കലുങ്കി നടിയിലൂടെ മുട്ടാർ നിലം വരെ കനാൽ നിർ മ്മിക്കുക.

താഴെ പറയുന്ന തോടുകളുടെ ആഴം കൂടി സൈഡ് കെട്ടി സംരക്ഷിക്കുക

1. മാമ്പുഴചാൽ 2. തോന്നപാടം ചാൽ 3. മുതുകുളം തോട് 4. വെമ്പള്ളി - കട്ടച്ചിറ തോട് 5. തട്ടുങ്കൽ ചെമ്മന്തറ തോട് 6. ചക്കാനാ തോട് 7. പെരുംപുഴപ്പാടം പന്നഗം തോട് 8. ചെമ്പിളാവുചാൽ 9 . ചുങ്കമല കലുങ്ക് - ചെമ്പിളാവുചാൽ 10. ചെമ്പിളാവുചാൽ മീനിച്ചിലാറ് പോരുതോട് 11. പാലമ്യാൽ വാണ്ടോത്ത് തോട് 1 2 . പുന്നിലം തോട് 13. പല്ലോന്നി തോട് 14. ചിറയ്ക്കൽ തോട് 15. കരിവിളാകത്തുപടി കൂറ്റൻവേലി പടിതോട് 16. മണലേലടി കൂറ്റൻവേലിപ്പടി 17. ചിണ്ടംകരിചാൽ 18. പരുവനം ചാൽ 19. കോഴിച്ചാൽ 20. കോവിൽപാടം ചാൽ 21. അഞ്ചാം വാർഡിലെ പടിഞ്ഞാറെ ചാൽ 22. കല്ലാച്ചിറ ചിപ്പ് ചകിണിപ്പാലം

താഴെപറയുന്ന പുതിയ തോടുകൾ നിർമ്മിച്ച് സൈഡു കെട്ടുക.

1. ആമ്പശ്ശേരി നിലത്തിനു അരികിലൂടെ ഒരു കൈത്തോട്

2. കാവാലിപ്പുഴ മുതൽ ആശാന്റെ വീടുവരെ കനാൽ

3. തലയ്ക്കമറ്റം തോട് ചാലുമായി ബന്ധിപ്പിക്കുക.

5. കള്ളിക്കോണം നിലം പടിഞ്ഞാറെപാടം ചാൽ വരെ

മീനച്ചിലാറിന്റെ സൈഡുകൾ കല്ലുകെട്ടി ഉറപ്പാക്കുക

പന്നഗം തോടിന് സൈഡു ഭിത്തി കെട്ടുക

പാടങ്ങളിലേക്ക് കൃഷിയന്ത്രങ്ങൾ ഇറക്കുന്നതിന് സൗകര്യമില്ലാത്തിടത്ത് എല്ലാം റോഡു സൗകര്യം ഉണ്ടാക്കുക.

പുല്ലുപ്പള്ളി ചേർപ്പുങ്കൽ പാടശേഖരങ്ങളിലേക്കായി മീനച്ചിലാറ്റിൽ നിന്നും ഒരു ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി ആരംഭിക്കുക.

നെൽപാടങ്ങൾ നികത്തുന്നത് തടയുവാൻ കർശന നിയമം ഉണ്ടാക്കി നടപ്പിലാക്കുക.

മണ്ണൊലിപ്പ് തടയുന്നതിനാവശ്യമായ ഇടക്കയ്യാലകൾ നിർമ്മിക്കുന്നതിന് ധനസഹായം ചെയ്യുക.

ട്രാക്ടർ, ട്രില്ലർ, കൊയ്ത്ത്, മെതിയന്ത്രങ്ങൾ എന്നിവ ഗ്രൂപ്പ് ഫാമിംഗ് സൊസൈറ്റികൾക്ക് സൗജന്യമായി നൽകുക.

വളവും കീടനാശിനികളും, മേൽത്തരം വിത്തിനങ്ങളും സൗജന്യനിരക്കിൽ ആവശ്യാനുസരണം വിതരണം ചെയ്യുക.

മൂവറ്റുപുഴ പദ്ധതി (എം.വി.ഐ.പി.) യുടെ ബ്രാഞ്ചുകനാൽ കിടങ്ങൂർ പഞ്ചായത്തിലൂടെ കട്ടച്ചിറതോടുവരെ നീട്ടുക.

പഞ്ചായത്തിലെ തോടുകളിലെല്ലാം കർഷകരുടെ ആവശ്യനുസരണം ചീർപ്പുകൾ നിർമ്മിക്കുക.

വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം ഇൻഷ്വർ ചെയ്തിട്ടുള്ള വിളകൾക്ക് കർഷകന് ലഭിക്കേണ്ട നഷ്ടപരിഹാരത്തുക കാലതാമസം കൂടാതെ ലഭ്യമാക്കുക.

എല്ലാ കർഷകരും വിളകൾ ഇൻഷ്വർ ചെയ്യുന്നതിന് ആവശ്യമായ ബോധവൽക്കരണം നടത്തുക.

ചാലുകളിലും, കുളങ്ങളിലും നിറഞ്ഞുകാണുന്ന ആഫ്രിക്കൻ പായൽ നശിപ്പിക്കുവാൻ നടപടി സ്വീകരിക്കുക.

കോനടി പാടത്തും കോതേച്ചിക്കുന്ന് പാടത്തും അഞ്ചാം വാർഡിലെ കള്ളിക്കോണം

ഭാഗത്തും കുളം കുഴിച്ച് പമ്പുസെറ്റുകൾ സ്ഥാപിക്കുക.

നെടുംകൊമ്പ് പാടം, ഏറമറ്റം, കുഴിവയൽ പുന്നിലം പാടശേഖരം, പാമ്പാനി പാടശേഖരം, തുടങ്ങിയ പാടശേഖരങ്ങൾക്ക് മട വീഴുന്നത് തടയുന്നതിന് പുറം ബണ്ടുകെട്ടി ബലപ്പെടുത്തുക.

കൃത്രിമ വളങ്ങളുടെ ഉപയോഗം നിയന്ത്രിക്കുകയും മണ്ണു പരിശോധനയുടെ അടിസ്ഥാനത്തിൽ ജൈവവളം, ജീവാണു വളം, ജൈവകീടനാശിനികൾ എന്നിവ ഉപയോഗിക്കുന്നതിനും കർഷകരെ പ്രോത്സാഹിപ്പിക്കുക.

കൃഷിഭവന് സ്വന്തമായ കെട്ടിടവും, ഓഫീസ് സൗകര്യങ്ങളും ഉണ്ടാക്കുക. കൃഷിഭവനിൽ നിന്നും കർഷകർക്കുലഭിക്കേണ്ട ഉപദേശങ്ങളും ആനുകൂല്യങ്ങളും യഥാസമയം കാര്യക്ഷമമായി ലഭ്യമാക്കുക.

കൃഷിഭവന് കിടങ്ങൂർ സൗത്ത്, ചെമ്പിളാവ് എന്നിവടങ്ങളിൽ ഓരോ എക്സ്റ്റൻഷൻ ഓഫീസുകൾ സ്ഥാപിക്കുക.

കൃഷി വികസന വ്യപന സമിതി പഞ്ചായത്തുതലത്തിൽ രൂപീകരിക്കുക.

ബയോടെക്നോളജിയുടെ അനന്തസാദ്ധ്യതകൾ കൃഷിമേഖലയിൽ പൂർണ്ണമായും പ്രയോജനപ്പെടുത്തുക.


ഓരോ വ്യക്തിയുടേയും കൃഷിയിടങ്ങൾ പ്ലാൻ ചെയ്ത് അതനുസരിച്ച് കൃഷി ഇറക്കുകയും ചെയ്യുക. അയൽക്കൂട്ടങ്ങളിലൂടെ വ്യവസായിക അടിസ്ഥാനത്തിൽ പച്ചക്കറി കൃഷി അടുക്കളത്തോട്ടം തുടങ്ങിയവ പ്രോത്സാഹിപ്പിക്കുക.

യൂണിവേഴ്സിറ്റികളിലും, മറ്റ് ഗവേഷണ സ്ഥാപനങ്ങളിലും വികസിപ്പിച്ചെടുക്കുന്ന സാങ്കേതിക വിദ്യകളും, ഗവേഷണ ഫലങ്ങളും കാലതാമസം കൂടാതെ കർഷകരിൽ എത്തിക്കുക.

കർഷകരുടെ ഉല്പന്നങ്ങൾക്ക് ന്യായവില ലഭിക്കുന്നതിനും, ഇടത്തട്ടുകാരെ ഒഴിവാക്കുന്നതിനും റഗുലേറ്റഡ് മാർക്കറ്റിംഗ് സംവിധാനം എല്ലായിടത്തും ഏർപ്പെടുത്തുക.

കൃഷിആവശ്യത്തിനുള്ള വൈദ്യുതി കണക്ഷനുകൾ ഏതുംകാലത്തും ആവശ്യനുസരണം അനുവദിക്കുകയും, കൃഷി ആവശ്യത്തിനുള്ള വൈദ്യുതി സൗജന്യമാക്കുകയും ചെയ്യുക.

നെല്ലുപാദനങ്ങളിൽ ഇരുപ്പൂവും മൂപ്പൂവും കൃഷിചെയ്യുന്നതിന് സഹായകമാം വിധം ലിഫ്റ്റ് ഇറിഗേഷൻ പ്രവർത്തനം 12 മാസവും നടത്തുകയും മൈനർ ഇറിഗേഷൻ പഞ്ചായത്തിന് കീഴിൽ വിട്ടുകൊടുക്കുകയും ചെയ്യുക.



2 മൃഗസംരക്ഷണം

മുൻകാലത്ത് കൃഷിയുടെ അവിഭാജ്യഘടകമായിരുന്നു കാലിവളർത്തൽ. കാർഷികാവശ്യങ്ങൾക്ക് മാത്രമല്ല പാൽ ലഭിക്കുന്നതിനും, വണ്ടിവലിക്കുന്നതിനും കാലികൾ ആവശ്യമായിരുന്നു. ജൈവവളങ്ങൾ ലഭിക്കുന്നതിനുള്ള മുഖ്യശ്രോതസ്സും നാൽക്കാലികളായിരുന്നു. വളർത്തുപക്ഷിയായി കോഴികളേയും, വീടിനു കാവൽക്കാരും കർഷകന്റെ സഹയാത്രികനുമായി പട്ടികളെയും വളർത്തിവന്നു. പശു, കാള, ആട് എന്നിവയായിരുന്നു പ്രധാന വളർത്തുമൃഗങ്ങൾ. വിളവെടുപ്പുകഴിഞ്ഞ പാടങ്ങളും പുരയിടങ്ങളും കന്നുകാലികളുടെ മേച്ചിൽപുറങ്ങളായിരുന്നു. രാവിലെ വീട്ടിൽ നിന്നും അഴിച്ചുവിടുന്ന പശുക്കൾ യഥേഷ്ടം മേഞ്ഞുനടന്ന് വൈകിട്ട് വീട്ടിൽ തിരിച്ചെത്തുമ്പോഴേക്കും അവയ്ക്കാവശ്യമായ ഭക്ഷണം കഴിച്ചിരിക്കും. കാടിവെള്ളവും, രാത്രിയിലേക്ക് അല്പം പുല്ലോ, വൈക്കോലോ നൽകുകയും ചെയ്താൽ കാലിവളർത്തൽ സമ്പൂർണ്ണമാകുമായിരുന്നു.

പാലിന്റെ ഉപയോഗം വർദ്ധിച്ചതോടെ പശുവിന്റെ സ്ഥാനത്ത് എരുമയും, കാളയുടെ സ്ഥാനത്ത് പോത്തും കൂട്ടിച്ചേർക്കപ്പെട്ടു. ജനവാസം വർദ്ധിക്കുകയും കൂടുതൽ വീടുകൾ ഉണ്ടാവുകയും കൃഷിവ്യാപിക്കുകയും ചെയ്തതോടെ കാലിവളർത്തൽ രീതിയിലും മാറ്റം വന്നു. കന്നുകാലികളെ അഴിച്ചുവിട്ടുവളർത്തുന്ന രീതിയ്ക്കെതിരെ ശബ്ദമുയരുകയും നിയമപരമായിത്തന്നെ അത് തടയപ്പെടുകയും ചെയ്തു. പരിമിതഭൂ ഉടമകൾക്ക് കാലിവളർത്തൽ ഒരു പ്രശ്നമായിത്തീർന്നു. കൃഷിക്കാരല്ലാത്ത കാലിവളർത്തൽ ആദായകരമല്ലാത്തതിനാൽ പലരും കാലിവളർത്തൽ ഉപേക്ഷിച്ച് വീട്ടാവശ്യത്തിനുള്ള പാലും. പാലുല്പന്നങ്ങളും വിലയ്ക്കു വാങ്ങാൻ തീരുമാനിച്ചു.

ഒരു വാർഡിൽ കുറഞ്ഞത് രണ്ടു ഭവനങ്ങളെങ്കിലും കാലിവളർത്തൽ മുഖ്യതൊഴിലും, ആദായമാർഗ്ഗവും ആയി പരിഗണിച്ച് മൃഗസംരക്ഷണം ചെയ്തിരുന്നു. വീട്ടിൽ വളർത്തുന്ന പശുക്കളിൽ നിന്നും ലഭിക്കുന്ന പാൽ, പാലായും സ്വപ്രയത്നത്താലുണ്ടാക്കുന്ന പാലുല്പന്നങ്ങളായും വിറ്റ് ഉപജീവനം കഴിച്ചുപോന്ന ഇത്തരം കുടുബങ്ങളെ ഇന്ന് നമ്മുടെ പഞ്ചായത്തിൽ കാണാനില്ല. കാലിവളർത്തൽ അത്ര ചെലവ് വർദ്ധിച്ചതും, ആയാസകരവുമായതാണ് ഇതിന് മുഖ്യകാരണം. വംശവർദ്ധനവിനും ഉരുക്കളെ വളർത്തുവാൻ കൊടുക്കുന്ന ഒരു രീതി പണ്ട് നിലവിലുണ്ടായിരുന്നത് മൃഗസംരംക്ഷണം വ്യാപകമാക്കുവാൻ സഹായിച്ചിരുന്നു. പ്രസവിച്ച

പശുവിനെ വളർത്തുവാൻ കൊടുക്കുന്ന ഈ സംവിധാനത്തിൽ ഉപഭോക്താവ് അടുത്ത കുട്ടിയുണ്ടാകുമ്പോൾ ആ കുട്ടിയേയും പശുവിനേയും കൂടി ഉടമസ്ഥന് തിരികെ ഏല്പിക്കണമെന്നും ആദ്യത്തെകുട്ടി വളർത്തുകാരന് സ്വന്തമായി എടുക്കാമെന്നുമുള്ളതായിരുന്നു ആരിതിയിലെ മുഖ്യകരാർ. പശുക്കളില്ലാത്തവർക്ക് വിലയ്ക്കു വാങ്ങാതെ തന്നെ ഒരു പശുക്കുട്ടിയെ (കാളക്കുട്ടിയെ) സ്വന്തമാക്കുവാൻ കഴിഞ്ഞിരുന്നു. നെൽകൃഷി കുറഞ്ഞതുമൂലം വൈക്കോൽ കിട്ടാനുള്ള ബുദ്ധിമുട്ട് പുല്ല് ലഭ്യമല്ലാതാകുകതുടങ്ങിയ ആഹാര പ്രശ്നങ്ങൾ കാലിവളർത്തലിനെ പ്രതികൂലമായി ബാധിച്ചു.

പശുവിതരണ സംരേണരംഗവും പഞ്ചായത്തുമായി ഒരു ബന്ധത്തിനും സംഘടിതമല്ല. കിടങ്ങൂർ സഹകരണബാങ്കിൽ പ്രവർത്തിക്കുന്ന ഒരു ക്ഷീരോല്പാദന സഹകരണസംഘമാണ് ഈ രംഗത്തെ ഒരേ ഒരു സംഘടന. കാലിവളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ ആ സംഘവും വേണ്ടവിധം കൈക്കൊണ്ടിട്ടില്ല. പഞ്ചായത്തിന്റെ മറ്റുഭാഗങ്ങളിൽ ആവിധത്തിലുള്ള ഒരു ശ്രമവും നടക്കുന്നുമില്ല.

കിടങ്ങൂർ ഗ്രാമപഞ്ചായത്തിൽ 350 നാടൻ പശുക്കളേയും, 2600 സങ്കരയിനം പശുക്കളേയും, 40 എരുമകളേയും, 1935 ആടുകളേയും വളർത്തുന്നു. എന്ന് ലൈവ്സ്റ്റോക്ക് സെൻസ്സസ് പ്രകാരം കാണുന്നു. മൃഗാശുപത്രി റിപ്പോർട്ടനുസരിച്ച് ഇതിൽ യഥാക്രമം, 200, 1800,20 എന്നിങ്ങനെ കറവയുള്ളവയാണം. കൂടാതെ 475 കാളകളേയും, 6 പോത്തുകളേയും, 1228 പട്ടികളേയും ഒരു ആനയേയും വളർത്തുന്നുണ്ട്. പശുക്കളുടെ എണ്ണത്തിൽ വർദ്ധനവ് കാണാമെങ്കിലും മറ്റെല്ലാ വിഭാഗങ്ങളിലും എണ്ണം കുറഞ്ഞുകുറഞ്ഞു വരുകയാണ്. കൃഷിപ്പണികൾക്കും, വണ്ടി വലിക്കുന്നതിനും മൃഗങ്ങളുടെ ഉപയോഗം ഇല്ലാതായതാണ് കാളകളുടേയും, പോത്തിന്റേയും എണ്ണം കുറയാൻ കാരണം. ഇന്ന് കാളവണ്ടികൾ എങ്ങും കാണാനില്ല.

പശു വളർത്തൽ ആദായകരമായി നടത്തുവാനുള്ള ബുദ്ധിമുട്ടാണ് ആരംഗത്തെ മുഖ്യ പ്രശ്നം. 3,4 കറവപശുക്കളും, അവയെ സംരക്ഷിക്കുവാനാവശ്യമായ തൊഴുത്തുസൗകര്യവും, പുൽക്കൃഷിചെയ്യുവാനാവശ്യമായ സ്ഥലവും ഒരു ഗോബർ ഗ്യാസ് പ്ലാൻറും ഉണ്ടെങ്കിലും പശുവളർത്തൽ ആദായകരംതന്നെ. എന്നാൽ ഇന്നത്തെ ന്യൂക്ലിയർ ഭവനങ്ങളിൽ ഇതിനുള്ള സൗകര്യങ്ങൾ ലഭ്യമല്ല. നാട്ടിൽ സുലഭമായി കിട്ടുന്ന പായക്കറ്റ് പാലുകളും, കാലിവളർത്തലിൽ സാധാരണക്കാരെ പിന്നോട്ടടിക്കുവാൻ കാരണമായി. പരിമിതമായ സ്ഥസൗകര്യത്തിൽ വീടുവച്ച് താമസിക്കുന്ന മിക്ക കുടുംബങ്ങൾക്കും ഒരു തൊഴുത്തു സ്ഥാപിക്കുവാൻ സൗകര്യമുള്ള സ്ഥലം ഇല്ല. പുല്ല് കൃഷിചെയ്യുന്നതിനുള്ള സൗകര്യവും ഇല്ല. വിവിധ പേരുകളിൽ ലഭിക്കുന്ന കാലിത്തീറ്റകളുടെ അമിതമായ വില സാധാരണ കൃഷിക്കാർക്ക് താങ്ങാവുന്നതിലധികമാണ്. അനിയന്ത്രിത മായിക്കൊണ്ടിരിക്കുന്ന രോഗങ്ങളും കർഷകരെ വല്ലാതെ അലട്ടുന്നു. മൃഗാശു പത്രിയുടെ റിപ്പോർട്ടനുസരിച്ച് പാഞ്ചായത്തിൽ 2056 പശുക്കൾ പലതം രോഗങ്ങൾ ബാധിച്ചവയാണ്.

പാൽവിതരണ സംഭരണരംഗവും പഞ്ചായത്തടിസ്ഥാനത്തിൽ സംഘടിതമല്ല. കിടങ്ങൂർ സൗത്തിൽ പ്രവർത്തിക്കുന്ന ഒരു ക്ഷീരോല്പാദന സഹകരണസംഘമാണ് ഈ രംഗത്തെ ഒരേ ഒരു സംഘടന. കാലിവളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ ആ സംഘവും വേണ്ടവിധം ഏറ്റെടുത്തിട്ടില്ല. പഞ്ചായത്തിന്റെ മറ്റുഭാഗങ്ങളിൽ ആവിധത്തിലുള്ള ഒരു ശ്രമവും നടക്കുന്നുമില്ല.

കിടങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ വികസനത്തിൽ വളറെയേറേ പ്രസക്തിയുള്ള ഒന്നാണ് മൃഗസംരക്ഷണ ക്ഷീരവികസന മേഖല. കൃഷിപോലെതന്നെ അപ്രധാനമല്ലാത്ത മേഖലയാണ് മൃഗസംരക്ഷണ മേഖലയും. ഭൂമിയുടെ തുണ്ടുതുണ്ടുകളായ വിഭജനം, വർദ്ധിച്ചുവരുന്ന ജനസംഖ്യാനുപാതികമായി ഭൂമിയിലുള്ള സമ്മർദ്ദം അന്യം നിന്നുവരുന്ന കൃഷിയിടങ്ങൾ, കാർഷിക മേഖലയിലെ വിലയിടിവ് എന്നിവയെല്ലാം തന്നെ മൃഗസംരക്ഷണമേഖലയുടെ പ്രസക്തി വർദ്ധിപ്പിക്കുന്നു.

ഏറ്റവും ചുരുങ്ങിയ കാലംകൊണ്ട് കുറഞ്ഞ മുതൽ മുടക്കിൽ ഏറ്റവും കൂടുതൽ വരുമാനമുണ്ടാക്കാവുന്ന മേഖലയാണിത്. കൂടാതെ ഏറ്റവും കൂടുതൽ തൊഴിൽ രഹിതർക്ക് തൊഴിലും, ചെറുകിട നാമമാത്ര കർഷകർക്ക് കൂടുതൽ വരുമാനവും നൽകാൻ കഴിയുന്ന മേഖലയാണിത്. ഭൂമിയും ജലസേചനവും കഴിഞ്ഞാൽ നമ്മുടെ പഞ്ചായത്തിലെ കർഷകന്റെ സമ്പത്ത് കന്നുകാലികളും, കോഴികളുമാണ്. അതുകൊണ്ടുതന്നെ ഇവയുടെ സംരക്ഷണം അതീവ പ്രാധാന്യമർഹിക്കുന്നു.

കൂടുതൽ തൊഴിലവസരങ്ങൾ, ദൈനംദിന വരുമാന വർദ്ധന പോഷകപ്രധാന ഭക്ഷ്യവസ്തുക്കളായ പാൽ, മുട്ട, മാംസം എന്നിവയുടെ അധികോല്പാദനം, ബയോഗ്യാസ് പോലെയുള്ള പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ, ജൈവവളങ്ങൾ, പരിസ്ഥതിയ്ക്കിണങ്ങുന്ന മൃഗശക്തി എന്നിവയൊക്കെ ഈ മേഖലയുടെ സംഭാവനകളാണ്. പേവിഷബാധ തുടങ്ങിയ ജന്തുജന്യരോഗങ്ങളുടെ നിയന്ത്രണം, നിർമ്മാർജ്ജനം, മാംസപരിശോധനയിലൂടെ സംശുദ്ധമായ മാംസോൽപ്പാദനം തുടങ്ങിയവ ഈ മേഖല നൽകുന്ന പൊതുജനാരോഗ്യ സേവനങ്ങളാണ്.

കിടങ്ങൂർ പഞ്ചായത്തിലെ കന്നുകാലി ഉടമകളിൽ ഭൂരിഭാഗവും ചെറുകിട കർഷകരും കർഷകത്തൊഴിലാളികളുമാണ്. അതിൽത്തന്നെ അദ്ധ്വനത്തിന്റെ 60%വും സ്ത്രീജനങ്ങളുടേതുമാണ്..

പാല്പുപാദനരംഗത്ത് കുറെ നേട്ടം കൈവരിക്കാൻ സാധിച്ചിട്ടുണ്ടെങ്കിവും മുട്ട മാംസ ഉത്പാദനത്തിൽ വേണ്ടത്ര പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല എന്നാൽ സമഗ്രമായ ആസൂത്രണത്തിന്റെ പിൻബലത്തിൽ ഈ രംഗത്തും വിപ്ലവകരമായ മുന്നേറ്റം കൈവരിക്കാൻ കഴിയും.

നടപ്പു പദ്ധതികൾ

നടപ്പു പദ്ധതികളിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്ന ഒന്നാണ് പേവിഷനിർ മ്മാർജ്ജന പദ്ധതി എന്നാൽ ഓരോ പ്രതിരോധ കുത്തിവയ്പിനുള്ള വാക്സിൻ വാങ്ങുവാനുള്ള പദ്ധതി വിഹിതം ആവശ്യത്തിലും വളരെ വളരെ കുറവാണ്. ആയതിനാൽ പഞ്ചായത്തിലെ മുഴുവൻ നായ്ക്കളെയും ഈ പദ്ധതിയിൻ കീഴിലുൾപ്പെടുത്തുവാൻ കഴിയുന്നില്ല. അതുകൊണ്ട് 9-ാം പദ്ധതിയിൽ കൂടുതൽ തുക വക കൊള്ളിക്കേണ്ടതാണ്. കുത്തിവെച്ച നായ്ക്കൾക്ക് ലൈസൻസ് നിർബന്ധമാക്കേണ്ടതും അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളെ

നശിപ്പിക്കുവാൻ വേണ്ട നടപടികൾ ഊർജ്ജിത മാക്കേണ്ടതാണ്. 10/95 മുതൽ 9/96 വരെ കാലഘട്ടത്തിൽ കിടങ്ങൂർ പഞ്ചായത്തിലെ 200 നായ്ക്കളെ പ്രതിരോധകുത്തിവയ്പിന് വിധേയമാക്കിയിട്ടുണ്ട്. 12/96 ൽ മാത്രം 100 നായ്ക്കൾക്ക് പ്രതിരോധകുത്തിവയ്പ് നൽകിയിട്ടുണ്ട്.

മൃഗങ്ങളിൽ നിന്ന് മനുഷ്യരിലേയ്ക്ക് പകരവുന്നതും ചികിൽസ ഫലപ്രദമല്ലാത്തതും മരണം സുനിച്ചിതവുമായ വൈറസ് രോഗമാണ് പേവിഷബാധ. അതുകൊണ്ടുതന്നെ തെരുവു നായ്ക്കളെ നശിപ്പിക്കലും വളർത്തുനായ്ക്കൾക്ക് പ്രതിരോധന കുത്തിവയ്പ് നടത്തുന്നതുമാണ് ഈ രോഗം തടയുവാനുള്ള ഏകമാർഗ്ഗം. കുത്തിവയ്പ് നടത്തിയിട്ടുള്ള നായക്കളിൽ പോലും രോഗപ്രതിരോധന ശേഷി 1 വർഷം മാത്രമേ കാര്യമായി നിലനിൽക്കുന്നുള്ളൂ. ആയതിനാൽ പേവിഷ നിയന്ത്രണപരിപാടി വിജയകരമാക്കുന്നതിന് വർഷം തോറും നായ്ക്കളെ പ്രതിരോധകുത്തിവയ്പിന് വിധേമാക്കേണ്ടതുണ്ട്. ഇതിന് ആവശ്യമായ വാക്സിൻ, ബോധവൽക്കരണ സെമിനാറുകൾ, പോസ്റ്ററുകൾ, ലൈസൻസ് മറ്റു പ്രചരണോപാധികൾ മുതലായവ ലഭ്യമാക്കണം. തെരുവുനായ്ക്കളെ നശിപ്പിക്കുന്നതിന് സന്നദ്ധരായ യുവാക്കൾക്ക് പരിശീലനം നൽക്കേണ്ടതുണ്ട്. വാക്സിൻ സൂക്ഷിക്കുന്നതിന് മൃഗാശുപത്രിയിൽ ഫ്രിഡ്ജ് ആവശ്യമാണ്. പക്ഷേ ഫ്രിഡ്ജ് ഇപ്പോൾ പ്രവർത്തക്ഷമമല്ല. വാർഡുംതോറും വാക്സിനേഷൻ ക്യാമ്പുകൾ സംഘടിപ്പിണ്ടതാണ്.

ഗോരക്ഷാക്യംപ്

മൃഗസംരക്ഷണപ്രവർത്തനങ്ങൾ ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിനുവേണ്ടിയാണ് ഗോരക്ഷാക്യാമ്പുകൾ സംഘടിപ്പിക്കുനത്. പാലുൽപ്പാദന സഹകരണസംഘങ്ങൾ, സന്നദ്ധ സംഘടനകൾ മുതലായവയുമായി സഹകരിച്ചാണ് ഇത് നടത്തുന്നത്. കന്നുകാലി പ്രദർശന മൽസരം കന്നുകാലികൾക്കും നായ്ക്കൾക്കും കോഴികൾക്കുമുള്ള പ്രതിരോധ കുത്തിവയ്പുകൾ വന്ധ്യതാനിവാരണക്യാംപ്, മൃഗചികിത്സാ ക്യാംപ്, സെമിനാർ, ഫിലിംഷോ തുടങ്ങിയ വിവിധയിനം പരിപാടികൾ ഇതോടനുബന്ധിച്ച് സംഘടിപ്പിക്കാനേ നിർദ്ദേശമുള്ളൂ. എന്നാൽ അടുത്ത പദ്ധതിയിൽ പ്രതിവർഷം ഓരോ വാർഡിലും ഒരു ഗോരക്ഷാക്യാംപ് എന്ന കണക്കിൽ സംഘടിപ്പിക്കുന്നതിനുവേണ്ട പദ്ധതി വിഹിതം മാറ്റിവയ്ക്കേണ്ടതാണ്

ഏറ്റവും പ്രധാനപ്പെട്ടതും എന്നാൽ കിടങ്ങൂർ പഞ്ചായത്തിൽ ഇതുവരെ നടപ്പാക്കതുമായ ഒന്നാണ് പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി. സങ്കരയിനം കന്നുകുട്ടികൾ ശാസ്ത്രീയമായ പരിചരണവും പോഷണവും ആവശ്യപ്പെടുന്നു. ഗുണമേന്മയുള്ള കാലിത്തീറ്റ പകുതി വിലയ്ക്ക് നല്കിക്കൊണ്ട് ആദ്യപ്രസവം 30 മാസം കൊണ്ട് സാദ്ധ്യമാക്കുകയാണ് ഈ പദ്ധതി കൊണ്ടുദ്ദേശിക്കുന്നത്. പെരുകുന്ന തീറ്റച്ചെലവും ചുരുങ്ങുന്ന മേച്ചിൽ സ്ഥലങ്ങളും നമ്മുടെ കർഷകരുടെ മുമ്പിൽ ഒരു ചോദ്യചിഹ്നമാണ്. സാമ്പത്തിക പരാധീന അനുഭവിക്കുന്ന ക്ഷീരകർഷകർക്ക് ആശ്വാസമേകുന്നതിനോടൊപ്പം തന്നെ അത്യുത്പാദനശേഷിയുള്ള പശുക്കളെ ഉരുത്തിരിച്ചെടുക്കുവാനും ഇതിലൂടെ കഴിയുന്നു. ഘട്ടംഘട്ടമായി നമ്മുടെ പഞ്ചായത്തിലെ എല്ലാ കന്നുകുട്ടികളെയും ഈ പദ്ധതിയുടെ കീഴിൽ കൊണ്ടുവരേണ്ടതാണ്.

വളരെ വിജയകരമായി ഈ പഞ്ചായത്തിൽ 1996 ഒക്ടോബർ മാസം 14 മുതൽ 23 വരെ നടത്തിയ കുളമ്പുരോഗ പ്രതിരോധകുത്തിവയ്പ് എടുത്തുപറയേണ്ടതാണ്. ഓരോ വാർഡിലും മൂന്നോ നാലോ അഞ്ചോ സ്ഥലങ്ങളിൽ വച്ച് കുളമ്പുരോഗ പ്രതിരോധകുത്തിവയ്പ് നടത്തുകയുണ്ടായി. 1250 മൃഗങ്ങളെ

കുളമ്പുരോഗപ്രതിരോധ കുത്തിവയ്പിന് വിധേയമാക്കി. കുത്തിവയ്പ് പൂർണ്ണമായും സൗജന്യമാണ്.

കൂടാതെ എല്ലാ ശനിയാഴ്ച ദിവസങ്ങളിലും രാവിലെ 11 മണിയ്ക്ക് മൃഗാശുപത്രിയിൽ വച്ച് കോഴികൾക്ക് കോഴിവസന്തയ്ക്കെതിരെയുള്ള പ്രതിരോധ കുത്തിവയപ് നടത്തുന്നുണ്ട്.

മാസീവ് ലൈവ് സ്റ്റോക് പ്രൊഡക്ഷൻ പ്രോഗ്രാം പ്രകാരം ഈ സാമ്പത്തിക വർഷം 800 സങ്കരയിനം കോഴിക്കുഞ്ഞുങ്ങളേയും 20 ശീമപന്നിക്കുഞ്ഞുങ്ങളെയും കർഷർക്ക് വിതരണം ചെയ്യുകയുണ്ടായി. കൂടാതെ ഊർജ്ജിത പന്നിവളർത്തൽ പദ്ധതി പ്രകാരം രണ്ടു കർഷകരെ തിരഞ്ഞെടുത്ത് പ്രജനന പദ്ധതി നടത്തിക്കൊണ്ടിരിക്കുന്നു. ഇവകൂടാതെ 5 താറാവ് വളർത്തൽ യൂണിറ്റുകൾക്കും അനുമതിയായിട്ടുണ്ട്.

ലാഭകരമായി നടപ്പിലാക്കാവുന്ന പദ്ധതിയാണ് പന്നിവളർത്തൽ. എന്നാൽ വേണ്ടത്ര പന്നിക്കുഞ്ഞുങ്ങളുടെ ദൗർലഭ്യമാണ് ഈ മേഖല അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നം. കാർഷിക ഉപോൽപ്പന്നങ്ങളും ഹോട്ടലുകളിൽ നിന്നും മാർക്കറ്റിൽ നിന്നും ഉണ്ടാകുന്ന അവിശിഷ്ടങ്ങളും ഉപയോഗിച്ച് വളരെ ലാഭകരമായ രീതിയിൽ ഇവയെ വളർത്താം. ചുരുങ്ങിയ മുതൽ മുടക്കിൽ കുറച്ച് സമയത്തിൽ കൂടുതൽ ലാഭം തരുന്ന പന്നിവളർത്തൽ പദ്ധതി ഈ പഞ്ചായത്തിലെ സാധ്യതയുള്ള വാർഡുകളിൽ മാത്രം വിജയകരമായി നടപ്പിലാക്കാം.

നാടൻ ഇനം പന്നികളെ വ്യത്തിഹീനമായ സാഹചര്യങ്ങളിൽ വളർത്തുകയും അതിലും വ്യത്തിഹീനമായ രീതിയിൽ കശാപ്പ് ചെയ്ത് ഇറച്ചി ഉപയോഗിക്കുകയും ചെയ്യുന്ന ഒരു രീതി കിടങ്ങൂർ പഞ്ചായത്തിൽ ഇന്നും നിലനിൽക്കുന്നുണ്ട്. ഈ രീതി പൂർണ്ണമായും മാറ്റി ഉയർന്നയിനം വെള്ളപന്നിക്കുഞ്ഞുങ്ങളെ വ്യത്തിയുള്ള സാഹചര്യത്തിൽ വളർത്തുന്നതിനു വേണ്ട നിർദ്ദേശങ്ങൾ നൽകേണ്ടതുണ്ട്.

പാവപ്പെട്ടവന്റെ പശു ആണ് ആട്, ചെറുകിടകർഷകർക്കും കർഷകത്തൊഴിലാളികൾക്കും ഒരേ സമയം സ്വീകാര്യമാണ് ആടുവളർത്തൽ. മലബാറി ആടുകൾ, സാനൻ, ആൽപൈൻ, ജാംനാപ്പാരി തുടങ്ങിയ ആത്യുൽപ്പാദന ശേഷിയുള്ളതും പാലുൽപ്പാദനശേഷിയുള്ളതുമായ ഇനങ്ങളാണ് അഭികാമ്യം. ആട്ടിറച്ചിയുടെ ആവശ്യം കുതിച്ചുയരുകയാണ്. സ്ത്രീകൾക്കും സാധാരണക്കാർക്കും ഈ പദ്ധതി വളരെ പ്രയോജനപ്രദമാണ്.

സ്കൂൾ പൗൾട്രി ക്ലബ്ബുകൾ വഴി കുട്ടികളിൽ പഠനത്തോടൊപ്പം സമ്പദ്യശീലവും കോഴിവളർത്തലും താൽപ്പര്യവും ഉണ്ടക്കണം. അടുക്കളമുറ്റത്തെ കോഴി എന്ന ആശയം നമ്മുടെ പഞ്ചായത്തിൽ ഏറ്റവും അധികം പ്രാവർത്തിക മാക്കിയിട്ടുണ്ട്. ഈ വർഷം തന്നെ 800 സങ്കര യിനം കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്തു കഴിഞ്ഞു. ഇനിയും ഈക്കാര്യത്തിൽ നല്ല ഒരു വിഹിതം മാറ്റി വയ്ക്കേണ്ടതാണ്. ഇപ്പോൾ അയൽ സംസ്ഥാനത്തുനിന്നാണ് മുട്ട അധികവും വരുന്നത്.

ഇറച്ചിക്കോഴി വളർത്തലിൽ നാം വളരെ പുറകിലാണ്. കേവലം ഒരു ചെറിയ ഇറച്ചിക്കോഴി വളർത്തൽ യൂണിറ്റുമാത്രമാണ് നിലവിലുള്ളത്. ഇറച്ചിക്കോഴി വളർത്തൽ ലാഭകരമാണ്. കൂടുതൽ തൊഴിലവസരങ്ങളും ഉണ്ട്. ചെറുകിട ഇറച്ചിക്കോഴി വളർത്തൽ യൂണിറ്റ് ഗ്രാമീണ വനിതാ ചെറുകിട ഇറച്ചിക്കോഴി വളർത്തൽ യൂണിറ്റ്, ചിക്കൻ കോർണർ, ഹാച്ചറി നിർമ്മാണം മുതലായവ സ്ഥാപിക്കുന്നതിന് സഹായിക്കുക. കൂടാതെ താറാവ് വളർത്തൽ പ്രോത്സാഹിപ്പിക്കുക. കാടവളർത്തൽ പദ്ധതിയും തൊഴിൽ അവസരങ്ങൾ പ്രദാനം ചെയ്യുന്നു.

മുയൽ വളർത്തൽ പദ്ധതി അടുത്ത കാലത്ത് പ്രചാരം ലഭിച്ചതാണ്. എന്നാൽ നിയന്ത്രണ വിധേയമാകാത്ത ചിലരോഗങ്ങൾ മൂലം മുയൽ വളർത്തൽ ഈ പഞ്ചായത്തിൽ സാധ്യമല്ല എന്ന് ചെമ്പിളാവിലെ മുൻ അനുഭവം വച്ച് നമുക്ക് പറയാൻ കഴിയും. ആയതിനാൽ മുയൽ വളർത്തൽ പദ്ധതിയ്ക്ക് ഈ പഞ്ചായത്തിൽ സാധ്യതയില്ല.

മൃഗചികിൽസയ്ക്കും മൃഗപരിപാലനത്തിനും മൃഗചികിൽസാ കേന്ദ്രത്തിനും കൂടുതൽ പ്രധാന്യം നൽകേണ്ടതുണ്ട്. മൃഗാശുപത്രികളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും അവശ്യമരുന്നുകളുടെ ലഭ്യത ഉറപ്പുവരുത്തുകയും ചെയ്യേണ്ടതുണ്ട്. കൂടുതൽ കൃത്രിമ ബിജസങ്കലന കേന്ദ്രങ്ങൾ സ്ഥാപിക്കണം.

മെച്ചപ്പെട്ട സങ്കരവർഗ്ഗ മൃഗങ്ങളെ പരിരക്ഷിക്കുവാൻ മൃഗചികിൽസാ രംഗം സുസജ്ജമാക്കണം. വർദ്ധിച്ച ഉൽപ്പാധന ശേഷിയുള്ള ജനുസുകളെ കണ്ടെത്തി പ്രജനനംനടത്തി സാധാരണ കർഷകരിലേയ്ക്ക് എത്തിക്കുക എന്ന ബാധ്യതയും ഇതിനുണ്ട്. എന്നാൽ വളരെ മോശപ്പെട്ട സാഹചര്യത്തിലും അസൗകര്യത്തിലും ആണ് പ്രവർത്തിക്കുന്നത്.

കിടങ്ങൂർ മൃഗാശുപത്രിയിൽ വെള്ളം ലഭ്യമല്ല. റഫ്രിജറേറ്റർ പ്രവർത്തന രഹിതമാണ്. ആശുപത്രിയോടനുബന്ധിച്ചുള്ള കക്കൂസ് ഉപയോഗശൂന്യമാണ്. മൃഗാശുപത്രിയിൽ ആവശ്യമായ ഫർണിച്ചറുകൾ, ഓപ്പറേഷൻ ടേബിൾ, മൈക്രോസ്ക്കോപ്പ്, ഇലക്ട്രിക് സ്റ്റെറിലൈസർ, ലാബട്ടറി സൗകര്യങ്ങൾ, ലാബറട്ടറി കെമിക്കൽസ് തുടങ്ങിയ അത്യാവശ്യം കാര്യങ്ങൾ ലഭ്യമാക്കണം. ആധുനിക ലാബറട്ടറി സൗകര്യങ്ങളും സെമിനാർ ഹാൾ, ലൈബ്രറി തുടങ്ങിയവും ആവശ്യമാണ്.

ചെമ്പിളാവ് ഐ.സി.ഡി.പ ഉപകേന്ദ്രത്തിന് സ്വന്തമായ സ്ഥലവും കെട്ടിടവും ഉടൻ ഉണ്ടാകേണ്ടിയിരിക്കുന്നു. 2 വാർഡുകൾക്ക് ഒരു ഉപകേന്ദ്രം എന്ന കണക്കിന് പുതിയ ഐ.സി.ഡി.പി. ഉപകേന്ദ്രങ്ങൾ സ്ഥാപിക്കണം.

വികസന രംഗത്തെ മറ്റു സ്ഥാപനങ്ങളിലേതുപോലെ മൃഗാശുപത്രിയിലും ടെലിഫോൺ സൗകര്യം ഏർപ്പാട് ചെയ്യുന്നത് കർഷകർക്ക് അടിയന്തിര സഹായം എത്തിക്കുന്നതിന് ഉപകരിക്കും.

ഊർജ്ജിത വന്ധ്യതാ നിവാരണം

വന്ധ്യതയാണ് സങ്കരവർഗ്ഗ പശുക്കളിലെ ഒരു പ്രധാന പ്രശ്നം. ഗോരക്ഷാക്യാംപുകൾ, വന്ധ്യതാനിവാരണ ക്യാമ്പുകൾ എന്നിവ നടത്തി സമഗ്ര വന്ധ്യത നിവാരണ പദ്ധതി നടപ്പാക്കുക.

കന്നുകാലികളുടെ വർഗ്ഗോദ്ധാരണത്തിന് നിലവിലുള്ള ബീജ ഉപയോഗം കൂടാതെ പ്രീമിയം ബുൾ സെമൻ ഉപയോഗിച്ച് ബീജസങ്കലനം, ഭൂണമാറ്റം എന്നീ ശാസ്ത്രീയ മാർഗ്ഗങ്ങൾ അവലംബിക്കേണ്ടതാണ്.

ക്ഷീരോല്പാദനം

ക്ഷീപോല്പാദനം വർദ്ധിപ്പിക്കുവാൻ ഉതകുന്ന തരത്തിലുള്ള പദ്ധതികൾ ഒരു വീട്ടിൽ 1 പശു, മിനി ഡയറി, വനിത മിനി ഡയറി, കന്നുകുട്ടി പരിപാലന പദ്ധതി, കിടാരി വളർത്തൽ യൂണിറ്റ്, ശാസ്ത്രീയ കറവ പരിശീലനം, ശാസ്ത്രീയ തൊഴുത്ത് നിർമ്മാണം, സമഗ്ര കന്നുകാലി ഇൻഷ്വറൻസ്, അകിടുവീക്ക നിയന്ത്രണം, എരുമ വളർത്തൽ പ്രോൽസാഹനം, ആടുവളർത്തൽ പദ്ധതി തുടങ്ങിയവ നടപ്പിലാക്കണം. കോഴിവളർത്തൽ ഇറച്ചിക്കോഴി വളർത്തലും മുട്ടക്കോഴി വളർത്തലും വ്യാപകമാക്കുക. താറാവ് വളർത്തൽ പ്രോത്സാഹിപ്പിക്കുക.

മാംസോൽപ്പാദനം

ഈ പഞ്ചായത്തിലെ ഏതാണ്ട് 75% ആളുകളും മാംസഭുക്കുകളാണ്. മാംസോൽപ്പാദന സംസ്ക്കരണ വിപണന രംഗം ഇന്നും അസംഘടിത മേഖലയിലാണ്. എവിടെ നിന്നെങ്കിലും മൃഗങ്ങളേ ആട്ടിതെളിച്ചു കൊണ്ടുവരിക, എങ്ങിനെയെങ്കിലും കൊല്ലുക, എവിടെയും വിൽപ്പന നടത്തുക എന്നതാണ് ഇപ്പോഴത്തെ സ്ഥതി. കൂടാതെ അറവിന് പ്രാകൃതവും ക്രൂരവുമായ രീതികളാണ് അവലംബിക്കുന്നത്. ഇറച്ചി വിൽപന യാകട്ടെ ബീഭൽസമായ വഴിയോരക്കാഴ്ചകളായി മാറിയിരിക്കുന്നു. മാംസവിൽപ്പനശാലകളിൽ വിൽക്കപ്പെടുന്ന മാംസം രോഗം ബാധിച്ച മൃഗത്തിന്റേതല്ലായെന്നും രോഗബാധിതമായിചത്ത മൃഗത്തിന്റേതല്ലായെന്നും ഉറപ്പുവരുത്താൻ ഇപ്പോൾ ഫലപ്രദമായ സംവിധാനം ഈ പഞ്ചായത്തിൽ നിലനിലവിലില്ല. ആധുനിക അറവുശാലകൾ തുടങ്ങുകയും വെറ്റിനറി മാംസ പരിശോധനാനിയമം കർശനമാക്കുകയും ചെയ്യണം.

മൃഗസംരക്ഷണവും കൃഷിയും സമ്മിശ്രപദ്ധതി

മൃഗപരിപാലനത്തോടൊപ്പം കൃഷി, മൽസ്യം വളർത്തൽ, പശു വളർത്തൽ, കോഴി വളർത്തൽ, താറാവ് വളർത്തൽ എന്നിവ സംയോജിപ്പിക്കാവുന്നതാണ്.

കാലിത്തീറ്റ ഉല്പാദനം

വിത്ത്, തൈകൾ, സാങ്കേതിക ജ്ഞാനം തുടങ്ങിയവ ലഭ്യമാക്കി തീറ്റപ്പുൽകൃഷി വ്യാപിപ്പിക്കുക. പയറുവർഗ്ഗ പുൽ മിശ്രിതം ഏകദേശം 7 ലിറ്റർ പാൽ ലഭിക്കുന്ന പശുവിന് ആവശ്യനുസരണം നൽകിയാൽ പിണ്ണാക്ക് തുടങ്ങിയുടെ ഉപയോഗം ആവശ്യമില്ല. ഇന്ന് പാൽ ഉല്പാദനത്തിന്റെ 80% തീറ്റച്ചെലവാണ്. ഇത് വളരെയേറെ ലാഭിക്കുവാൻ പയറുവർഗ്ഗ മിശ്രിതത്തിന് കഴിയും.

അതാതു പ്രദ്ദേശത്തെ ക്ഷീര സഹകരണ സംഘം പ്രതിനിധികളെകൂടി ഉൾപ്പെടുത്തി മൃഗാശുപത്രി വികസന സമിതി രൂപീകരിക്കുക.

സൊസൈറ്റി ഫോർ പ്രിവൻഷൻ ഓഫ് ക്രവൽറ്റി റ്റു ആനിമൽസ് (എസ്.പി.സി.എ.) എന്ന സംഘടനയുടെ പ്രവർത്തനം പഞ്ചായത്തിലെ ജനങ്ങൾ ഏറ്റെടുക്കുക.



3 വിദ്യാഭ്യാസം

ആന്തരവും ബാഹ്യവുമായ പൂർണ്ണതയ്ക്കു വേണ്ടിയുള്ള നിരന്തരാന്വേഷണത്തിന് ഒരു പൗരനെ സജ്ജമാക്കുകയാണ് വിദ്യാഭ്യാസം കൊണ്ടുദ്ദേശിക്കുന്നത്. വ്യക്തി സമൂഹത്തിലേക്കും പ്രപഞ്ചത്തിലേക്കും വികസിക്കുകയും വിനയവാനാകുകയും വേണം. ബോധത്തെ നിരന്തരം ജ്വലിപ്പിക്കുന്നതും ബൗദ്ധികവും ശാരീരികവും ആദ്ധ്യാത്മികവും വൈകാരികവുമായ പൂർണ്ണതയിലേക്ക് നയിക്കുന്നതുമാവണം യഥാർത്ഥ വിദ്യാഭ്യാസം

പക്ഷേ ഇന്നത്തെ ഔപചാരിക വിദ്യാഭ്യാസം സംസ്ഥാനതലത്തിൽ ആസൂത്രണം ചെയ്യപ്പെടുന്ന ഒരു പാഠ്യപദ്ധതിയുടെ യാന്ത്രിക നിർവ്വഹണം മാത്രമായിരിക്കുന്നു. വിദ്യാഭ്യാസം യഥാർത്ഥ ധർമ്മങ്ങളിൽ നിന്ന് അകന്നു പോയിരിക്കുന്നു. പാഠ്യപദ്ധതി പാഠപദ്ധതി മാത്രമായിരിക്കുന്നു.

കാരണങ്ങൾ നിരവധിയാണ്. നേട്ടങ്ങൾക്കു വേണ്ടിയുള്ള പരക്കം പാച്ചിലിൽ എല്ലാ മൂല്യസങ്കല്പങ്ങളും മലിനീകരിക്കപ്പെട്ടിരിക്കുന്നു. സമ്പൂർണ്ണ സാക്ഷരതയും സാർവ്വജനീയ വിദ്യാഭ്യാസവും നമ്മെ എത്തേണ്ടിടത്തെത്തിച്ചില്ലെന്നതാണ് വാസ്തവം. പുതിയവ തേടാനും നേടാനുമുള്ള വെമ്പലിൽ നഷ്ടപ്പെട്ടിരിക്കുന്നതെന്തെന്ന് ഓർമ്മിക്കാൻ ഭൂരിപക്ഷത്തിനും കഴിയാതായിരിക്കുന്നു.

വിരൽത്തുമ്പിന്റെ സ്പർശത്തിൽ വിശ്വവിജ്ഞാനം ചുരത്തുന്ന കമ്പ്യൂട്ടറിന്റെ മുന്നിലിരിക്കുമ്പോഴും വിസ്മരിക്കാതിരിക്കേണ്ട ചിലതുണ്ട്. നിത്യദാരിദ്ര്യവും നിറഞ്ഞ ഭക്തിയും മാത്രം പ്രതിഫലം പറ്റി അക്ഷരചൈതന്യത്തെ തലമുറകളിലേക്കു പകർന്ന പാരമ്പര്യത്തിന്റെ ദുർബ്ബല കണ്ണികളായ കളരിയാശാന്മാർ ഇന്നും അങ്ങിങ്ങവശേഷിക്കുന്നു. നമ്മുടെ ഗ്രാമത്തിൽ ശിഷ്യരുടെ മനസ്സുകളിൽ ജ്ഞാനഘനാഘനമാക്കി പെയ്തിറങ്ങിയ കുറുമുള്ളൂർ നാരായണപിള്ള സാറിനെപ്പോലുള്ളവരെ ഇന്ന് കണ്ടെത്താൻ വിഷമം. കേന്ദ്രസംസ്ഥാന ബഹുമതികൾ നേടിയ ശ്രീ. കെ. എസ്. മൂസ്, സംസ്ഥാന ബഹുമതിക്കർഹരായ ശ്രീമാന്മാർ കെ. മാധവൻപിള്ള, കെ. കൃഷ്ണപിള്ള തുടങ്ങിയവരെക്കെ കിടങ്ങൂർ ഗ്രാമത്തിന്റെ അക്ഷരസ്മൃതിയാകുന്നു.

കുടിലെന്നോ, മേടയെന്നോ, ഭേദമില്ലാതെ പേട്ടും കുരുടും തള്ളാതെ വെളിച്ചംതേടി എത്തുന്നവരെമുഴുവൻ മാറോടണച്ച് വിജയശ്രീലാളിതരാക്കുന്ന വിദ്യാലയമുത്തശ്ശിമാർ നമ്മുടെ

ശ്രീകോവിലുകളാണ്. അവരുടെ 90% മറ്റുപല നൂറിനേക്കാൾ മികച്ചതാണെന്നും അനുസ്മരിക്കുന്നു.

സേവനബോധത്തോടെ പ്രവർത്തിച്ചിരുന്ന ചില ട്യൂട്ടോറിയൽ കോളേജുകൾ മുമ്പ് നമുക്കുണ്ടായിരുന്നു. വിദ്വാൻ സി.ഐ. സുകുമാരൻ സാർ 50 വർഷമായി നടത്തുന്ന ഒരു ഹിന്ദി വിദ്യാലയവും ഇന്നും നിലനില്ക്കുന്നു. 1908 ൽ കോട്ടൂർ വലിയ മാത്യു സ്ഥാപിച്ച ഒരു കോൺവെൻറ് പിന്നീട് കിടങ്ങൂർ സെൻറ് മേരീസ് മിഡിൽ സ്കൂളാക്കിയതും 1930 ൽ സ്ഥാപിച്ച എൻ.എസ്. എസ്. മിഡിൽ സ്കൂളും 1935 ൽ ഹൈസ്കൂളുകളാക്കി ഉയർത്തപ്പെട്ടത് നമ്മുടെ ഗ്രാമത്തിൻെറ സാർവ്വത്രിക വിദ്യാഭ്യാസ രംഗത്ത് വൻ പുരോഗതി ഉണ്ടാക്കി.

വിരൽത്തുമ്പിൻെറ സ്പർശത്തിൽ വിശ്വവിജ്ഞാനം ചൂരത്തുന്ന കമ്പ്യൂട്ടറിൻെറ മുന്നിലിരിക്കുമ്പോഴും വിസ്മരിക്കാതിരിക്കേണ്ട ചിലതുണ്ട്. നിത്യദാരിദ്ര്യവും നിറഞ്ഞ ഭക്തിയും മാത്രം പ്രതിഫലം പറ്റി അക്ഷരമൈതാനത്തെ തലമുറകളിലേക്കു പകർന്ന പാരമ്പര്യത്തിൻെറ ദുർബ്ബല കണ്ണികളായ കളരിയാശാന്മാർ ഇന്നും അങ്ങിങ്ങവശേഷിക്കുന്നു. നമ്മുടെ ഗ്രാമത്തിൽ ശിഷ്യരുടെ മനസ്സുകളിൽ ജ്ഞാനാഞ്ജനമാക്കി പെയ്തിറങ്ങിയ കുറുമുള്ളൂർ നാരായണപിള്ള സാറിനെപ്പോലുള്ളവരെ ഇന്ന് കണ്ടെത്താൻ വിഷമം.

ഇത് ഒന്നുമുതൽ നാലുവരെ ക്ലാസ്സുകൾ പ്രവർത്തിക്കുന്ന 5 ലോവർ പ്രൈമറി സ്കൂളുകളും 1 മുതൽ 7 വരെയുള്ള 3 അപ്പർ പ്രൈമറി സ്കൂളുകളും 1മുതൽ 10 വരെയുള്ള 1 ഹൈസ്കൂളും, 5 മുതൽ 10 വരെ ക്ലാസ്സുകൾ പ്രവർത്തിക്കുന്ന 2 ഹൈസ്കൂളുകളും കിടങ്ങൂർ ഗ്രാമപഞ്ചായത്തിലുണ്ട്. ഈ 11 വിദ്യാലയങ്ങളിലായി 4076 വിദ്യാർത്ഥികൾ പഠിക്കുന്നതിൽ 2170 ആൺകുട്ടികളും 1906 പെൺകുട്ടികളുമാണ്. പട്ടികജാതി വിഭാഗത്തിൽ പെട്ടകുട്ടികൾ 299 പേരാണ്. 153 ആൺകുട്ടികളും 146 പെൺകുട്ടികളും. 125 വിദ്യാർത്ഥികൾ ഒരേ ക്ലാസ്സിൽ രണ്ടാം വർഷ വിദ്യാർത്ഥികളാണ്. ഈ വർഷം പഠനം നിർത്തിയവരുടെ എണ്ണം 59 എന്നുകാണുന്നു. ഇടയക്കുവച്ച് പഠനം നിർത്തിയവരുടെ എണ്ണം പരിശോധിച്ചാൽ 9 ആൺകുട്ടികളും 5 പെൺകുട്ടികളും ഉൾപ്പെടെ 14 പേർ പട്ടിക ജാതി വിഭാഗത്തിൽ പെട്ടവരും 32ആൺകുട്ടികളും, 13 പെൺകുട്ടികളും ഉൾപ്പെടെ 45 പേർ മറ്റുവിഭാഗങ്ങളിൽ പെട്ടവരും ആണെന്നു കണ്ടു. വിദ്യാലയാധികൃതരുമായി സംസാരിച്ചതിൽ എല്ലാവർഷവും ഏതാണ്ട് സമമായ എണ്ണം ഇടയ്ക്കുവച്ച് പഠനം നിർത്തുന്നു എന്ന് മനസ്സിലാക്കാൻ കഴിഞ്ഞു. ഇത് വളരെ ഗൗരവമായി കാണേണ്ട സ്ഥതി വിശേഷമാണ്. (വിദ്യാലയങ്ങളെ സംബന്ധിച്ച വിവിരങ്ങൾക്ക് അനുബന്ധമായി ചേർത്തിരിക്കുന്ന പട്ടിക നോക്കുക.)

കിടങ്ങൂർ എൽ.പി.ബി. സ്കൂളിൽ മാത്രമാണ് ഒരു അംഗീകൃത പ്രി പ്രൈമറി ക്ളാസ്സ് നടക്കുന്നത്. 14 ആൺകുട്ടികളും 16 പെൺകുട്ടികളുമടക്കം 30 കുട്ടികൾ പഠിക്കുന്നു. ഇതിൽ 2+2=4 പട്ടികജാതി വിഭാഗം കുട്ടികളാണ്.

കിടങ്ങൂർ ഗ്രാമ പഞ്ചായത്ത്

വിവിധ സ്കൂളുകളിലെ വിദ്യാർത്ഥികളെ സംബന്ധിക്കുന്ന വിവരങ്ങൾ

ക്രമ നമ്പർ	സ്കൂളിന്റെ പേര്	വാർഡ്	കുട്ടികളുടെ എണ്ണം ക്ലാസ്സ് തിരിച്ച്										ആകെ കുട്ടികൾ	ആൺ കുട്ടികൾ	പെൺ ജാതിയിൽപെട്ടവർ	പട്ടിക വച്ച്	ഇടയ്ക്കു പഠനം
			1	2	3	4	5	6	7	8	9	10					
	4 55 14																
1	ഗവ. എൽ.പി.ബി. സ്കൂൾ, കിടങ്ങൂർ	2	62	57	59	52					230	118	112	24			
2	ഗവ. എൽ.പി. സ്കൂൾ, പിറയാർ	2	31	22	27	28		108			56	52	3				
3	ഗവ. എൽ.പി.ജി. സ്കൂൾ കിടങ്ങൂർ		4	15	17	19	22	73			44	29	8				
4	സെൻറ് ജോസഫ് എൽ.പി.ഇ.എസ്. കുമ്മണ്ണൂർ		8	16	30	31	32				109	5					
5	സെൻറ് ആൻറണീസ് എൽ.പി. എസ്. കുടല്ലൂർ		10	54	41	57	61				213	110	103	11			
6	ഗവ. യു.പി. സ്കൂൾ, ചെമ്പിളാവ്	6	26	34	24	22	21	28	31		186	105	81	17			
7	എയിഡഡ് (എൻ.എസ്.എസ്) യു.പി.എസ്, കിടങ്ങൂർ	5	33	61	38	56	55	56	54		353	184	69	3	6		
8	സെൻറ് ജോസഫ് യു.പി.എസ്. കുടല്ലൂർ	9	31	28	44	40	47	56	55		301	168	133	9			
9.	ഹോളിക്രോസ് ഹൈസ്കൂൾ ചേർപ്പുങ്കൽ		8	71	82	66	78	123									
120	130 196 190 131	1187	566	621	78	22											
10	സെൻറ് മേരീസ് എച്ച്.എസ്. കിടങ്ങൂർ	3		54	75	87	150	124	95		585	356	229	22	14		
11	എൻ.എസ്.എസ്. എച്ച്.എസ് കിടങ്ങൂർ	2		57	97	103	199	150	125		731	409	322	80	17		
	ആകെ 339 372 365	391	357	432	460	545	464	351	4076		2170	1906	299	59			

കിടങ്ങൂർ ഗ്രാമപഞ്ചായത്ത് സ്കൂളുകളിലെ അക്കാഡമിക് നിലവാരം

ക്രമ നമ്പർ	സ്കൂളിന്റെ പേര്	ആകെ കുട്ടികൾ എസ്.ടി.ഡി 3മുതൽ	നിലവാരം 30%ൽ താഴെ	30--40 %	40--50%	50--60 %	60% നുമുകളിൽ
1.	ഗവ. എൽ.ഇ.ബി.എസ്. കിടങ്ങൂർ	113	3	1	6	17	86
2	ഗവ. എൽ.പി.എസ്. പിറയാർ	55	2	4	7	7	35
3	ഗവ. എൽ.പി.ജി.എസ്., കിടങ്ങൂർ	41	1		5	9	26
4	സെൻറ് ജോസഫ് എൽ.പി.എസ് കുമ്മണ്ണൂർ	63	11	7	14	6	25
5.	ആൻറണീസ് എൽ. പി.എസ് കൂടല്ലൂർ	118	17	29	22	20	30
6.	ഗവ. യു.പി.എസ്, ചെമ്പിളാവ്	126	3	3	9	61	51
7	എയിഡഡ് യു.പി.എസ്. കിടങ്ങൂർ	249	33	32	31	36	117
8	സെൻറ് ജോസഫ് യു.പി.എസ് കൂടല്ലൂർ	241	32	45	58	37	69
9	എച്ച്.സി.എച്ച്എസ്, ചേർപ്പുങ്കൽ	1014	286	227	200	157	144
10	സെൻറ് മേരീസ് എച്ച്.എസ്. കിടങ്ങൂർ	585	96	143	109	88	149
11	എൻ.എസ്.എസ്. എച്ച്.എസ്, കിടങ്ങൂർ	730	21	284	272	114	49
	ആകെ	3346	505	775	733	552	781
	ശതമാനം		15	23	22	16.5	23.5

എല്ലാ വിദ്യാലയങ്ങളിലും അക്കാഡമിക് സൗകര്യങ്ങൾ ഉണ്ടെങ്കിലും ഗ്രന്ഥശാല, പരീക്ഷണ ശാല എന്നിവ എണ്ണത്തിലും, ഗുണത്തിലും തൃപ്തികരമല്ല. പഠനോപകരണങ്ങളും വേണ്ടത്ര യില്ല. ടി.വി. വി.സി.ആർ തുടങ്ങിയ ആധുനിക സൗകര്യങ്ങൾ ഒരു വിദ്യാലയത്തിലുമില്ല. ബ്ലാക്ക് ബോർഡ്, മാച്ചുകൾ, ചാർട്ടുകൾ, ക്ഷേത്രഗണിത പഠന സഹായികൾ, തുടങ്ങിയവയും ആവശ്യ ത്തിന് ഇല്ല. നിയമാനുസൃതം അനുവദിക്കാവുന്ന അദ്ധ്യാപകരുടെ എണ്ണം എല്ലാ വിദ്യാലയത്തിലും ഉണ്ട്. എന്നാൽ കായിക കലാ സ്ഥാപനത്തിനും, തൊഴിൽ പരിശീലനത്തിനും വേണ്ട അദ്ധ്യാപകർ ഒരു പ്രൈമറി സ്കൂളിലും ഇല്ല. ഹൈസ്കൂളു കളിലും മതിയാകുന്ന എണ്ണം ഇല്ല.

വിദ്യാലയങ്ങളിലെ ഭൗതിക സാഹചര്യ

ങ്ങളും തൃപ്തികരമല്ല. പോരായ്മകൾ അനുബന്ധ മായി ചേർത്തിരിക്കുന്ന പട്ടികയിൽ നിന്നും മനസ്സിലാക്കാവുന്നതാണ്.

എല്ലാ വിദ്യാലയങ്ങളിലും പി.റ്റി. എ, മാതൃസംഗമം എന്നിവ നിലവിലുണ്ട്. കാര്യക്ഷമ മായും മാതൃകാപരമായും പ്രവർത്തിക്കുന്നവ യാണ് മിക്ക സംഘടനകളും. അപൂർവ്വമായി പേരിനുവേണ്ടി മാത്രം പ്രവർത്തിക്കുന്നവയും ഇല്ലാതില്ല. അവകാര്യക്ഷമ മാക്കുന്നത് വിദ്യാലയ ത്തിനും, വിദ്യാർത്ഥികൾക്കും പ്രയോജപ്രദ തമാകും.

പട്ടിക ജാതി വിഭാഗം കുട്ടികൾക്ക് ലഭിക്കേണ്ട സർക്കാർ ആനുകൂല്യങ്ങൾ എല്ലാ വിദ്യാലയാധികൃതരും കൃത്യസമയത്തുതന്നെ വാങ്ങി വിതരണം ചെയ്യുന്നുണ്ട്. ജില്ലാതലത്തിൽ 20 ആൺകുട്ടികൾക്കു45പെൺകുട്ടികൾക്കും വിവിധയിനങ്ങളിലായി അവാർഡുകൾ ലഭിച്ചിട്ടുണ്ട്. സംസ്ഥാനത്തിൽ 6 പെൺകുട്ടികൾ കഴിഞ്ഞ അധ്യാന വർഷം സമ്മാനർഹരായിട്ടുണ്ട്.

14 പേർക്ക് മെറിറ്റ് സ്കോളർഷിപ്പും, 670 പേർക്ക് ലാംപ്സ് ഗ്രാൻറും 13 പേർക്ക് വികലാംഗ സ്ക്കോളർഷിപ്പും ഒരു കുട്ടിക്ക് ജവാൻമാരുടെ മക്കൾക്കുള്ള സ്കോളർഷിപ്പും ലഭിക്കുന്നുണ്ട്.

ഗാന്ധിജി യൂണിവേഴ്സിറ്റി കഴിഞ്ഞ അധ്യായന വർഷത്തിൽ നടത്തിയ പരീക്ഷകളിൽ 2 ഒന്നാം റാങ്കുൾ നമ്മുടെ പഞ്ചായത്തിലെ കുട്ടികൾ നേടുകയുണ്ടായി. ബി. ടെക്. കമ്പ്യൂട്ടർ സയൻസിവും എം.എസ്സി, കെമിസ്ട്രിയിൽ യഥാക്രമം 4 വാർഡിലെ ആലുംമൂട്ടിൽ വീട്ടിൽ ജ്യോതിഷ് കുമാറും, ജ്യോതിയുമാണ് -(സഹോദ രനും സഹോദരിയും-) ഈ അഭിമാനങ്ങൾ

വിദ്യാഭ്യാസം വരാനിരിക്കുന്ന 100 വർഷങ്ങളിലേയെക്കെങ്കിലുമുള്ള നിക്ഷേപ മാണെന്നത് മറക്കാതെ വേണം ഈ രംഗത്ത് പരിഷ്കാരങ്ങൾ എർപ്പെടുത്തുക. നിലവിലുള്ള സംവിധാനത്തെ കുറ്റമറ്റതാക്കുകയാണ് ആദ്യം ചെയ്യാവുന്നത്.

ഇതിന് പഞ്ചായത്തുതല അക്കാദമിക് സമിതി രൂപീകരിക്കേണ്ടതാണ്. അക്കാദമിക് സമിതിയുടെ കീഴിൽ വിഷയസമിതികൾ ഉണ്ടാവണം. വിഷയ സമിതികൾ ഏകോപന സ്വഭാവമുള്ളതാകുകയും വേണം. ഓരോ സ്കൂളിനും ഓരോ വിദ്യാഭ്യാസ സമിതിയു ണ്ടാവു കയും സ്കൂൾ വിദ്യാഭ്യാസ സമിതികൾ പഞ്ചാ യത്ത് അക്കാദമിക് സമിതിയുടെ മാർഗ്ഗനിർ ദ്ദേശാനുസരണം പ്രവർത്തിക്കുകയും വേണം.

എല്ലാ സ്കൂളുകളിലും പ്രീ-പ്രൈമറി വിദ്യാഭ്യാസത്തിന് സൗകര്യമുണ്ടാവണം. നഴ്സറി സ്കൂളുകൾ വിദ്യാഭ്യാസ സങ്കല്പത്തെയാകെ വികലമാക്കുന്ന ഒരു സാഹചര്യമാണിന്നുള്ളത്. ഇതു മാറ്റുന്നതിന് പ്രീ-പ്രൈമറി വിദ്യാഭ്യാസം ശക്തമാക്കുകയും പഞ്ചായത്ത് അക്കാദമിക് സമിതിയുടെ നിയന്ത്രമുണ്ടാക്കുകയും വേണം. രക്ഷാകർത്താക്കൾക്ക് പഞ്ചായത്തു തല പരിശീലനം നിർബന്ധിതമാക്കണം. ലോവർ പ്രൈമറി തലത്തിൽ ഭാഷബോധമുറയ്ക്കുന്നതിന് വേണ്ട സംവിധാനമുണ്ടാവണം. തലമുറകളുടെ അനുഭവ പരിജ്ഞാനം ഉപയോഗിച്ച് അക്കാദമിക് സമിതി ഇതിന് പദ്ധതി തയ്യാറാക്കണം. അദ്ധ്യാപകരെ ഇതിന് സജ്ജരാക്കുകയും വേണം.

അപ്പർ പ്രൈമറി തലത്തിലുള്ള വിദ്യാർത്ഥികളിൽ പെട്ടെന്നുള്ള വർത്തന വ്യതിയാനം അധികമായികാണുന്നു. ഒന്നിലധികം ഭാഷകളും വിവിധ വിഷയങ്ങു ആയി പൊരുത്തപ്പെടുന്നതിന് പല കുട്ടികൾക്കും കഴിയാറില്ല. വർത്തനവ്യ തിയാനം അഭിലഷണീയമാകുന്നതിന് പൂരകബോ ധനം നൽകണം

പൂരകബോധനം ട്യൂഷൻ നൽകലല്ല. വിദ്യാർത്ഥി കളുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കുകയും മൂല്യബോധത്തോടെയുള്ള

കിടങ്ങൂർ പഞ്ചായത്ത് സ്കൂളുകളിലെ ഭൗതിക സാഹചര്യങ്ങളുടെ പട്ടിക

ക്രമ നമ്പർ	സ്കൂളിന്റെ പേര്	സ്കൂൾ കാമ്പസിന്റെ	കളിസ്ഥലത്തിന്റെ വിസ്തീർണ്ണം	കളിസ്ഥലം വിസ്തീർണ്ണം	ഇനിയും ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ സ്റ്റഫ്മുറി	മൂത്രപ്പുര	കക്കൂസ്	പമ്പുസെറ്റ്	ഡസ്ക്ക്	ബഞ്ച്	മേശ	കസേര	ബോർഡ്	ബോർഡ് സ്റ്റാൻഡ		
1	ഗവ. എൽ.പി.ബി.എസ്.	29		10		2	1	1	20	20	4	6			4	2
2	ഗവ. എൽ.പി.എസ്. പിറയാർ	23	10		1	2	2	1	4	10	2	4	2	2	3	2
3	ഗവ. എൽ.പി.ജി.എസ്.കിടങ്ങൂർ	11		10	1	1	2	1	10						3	2
4	സെൻറ് ജോസഫ് എൽ.പി. എസ് കുമ്മണ്ണൂർ	11	3.2	10		1	2		15	5	1	9			2	
5	സെൻറ് ആൻറണീസ് എൽ.പി. ഇഎസ്. കൂടല്ലൂർ	71	40		1	2	2	1				4	2	2	3	1
6	ഗവ. യു.പി.എസ്., ചെമ്പിളാവ്	39	20			2	3		25	50	10	12			5	2
7	എയിഡഡ് യു.പിഎസ്. കിടങ്ങൂർ	43	23			1	2		24	15			3	5	7	2
8.	സെൻറ് ജോസഫ് യു.പി.എസ്. കൂടല്ലൂർ	42	20			1	1		15	15	5	7			2	3
9.	എച്ച്.സി.,എച്ച്.എസ്, ചേർപ്പുങ്കൽ	121	71													
10.	സെൻറ് മേരീസ് എച്ച്.എസ് കിടങ്ങൂർ	174	80			1	1									
11.	എൻ.എസ്.എസ്.എച്ച്.എസ് കിടങ്ങൂർ	144	40			2	2									5

പെരുമാറ്റ ശൈലിക്ക് പ്രചോദനം നൽകുകയും വേണം.

സെക്കൻററി തലത്തിൽ ഇംഗ്ലീഷ് പ്രചരിപ്പിക്കുന്നതിന് വൈദഗ്ദ്ധ്യം നേടിയ അദ്ധ്യാപകരെ നിയമിക്കണം. ഇവർ ഇംഗ്ലീഷ് ഭാഷ ഐഛികമായി പഠിച്ചവരായിരിക്കണം. ഇപ്പോൾ ഇംഗ്ലീഷ് പഠിപ്പിക്കുന്ന അദ്ധ്യാപകർക്ക് ഇംഗ്ലീഷ് ഭാഷാ പരിശീലനം നൽകണം. ഇതിനായി ഓറിയന്റേഷൻ കോഴ്സുകൾ സംഘടിപ്പിക്കണം.

സ്കൂൾ തല വിദ്യാഭ്യാസത്തെ മൊത്തം വിലയിരുത്തിക്കൊണ്ടുള്ള പൂരകബോധന സമ്പ്രദായം ഉണ്ടാവണം. പൂരകബോധനം ഉത്തമ പൗരത്വത്തിലേക്ക് നയിക്കുന്നതാവണം. പരീക്ഷയിൽ പരാജയപ്പെട്ടാലും പൗരനെന്ന നിലയിൽ വിജയിച്ചേപറ്റൂ.

എല്ലാ വിദ്യാലയങ്ങൾക്കും ഇൻസ്റ്റിറ്റ്യൂഷൻ പ്ലാൻ ഉണ്ടാകണം. വിദ്യാലയ വർഷം തുടങ്ങുന്നതിനു മുമ്പ് വാർഷിക ലക്ഷ്യങ്ങൾ ചിട്ടപ്പെടുത്തണം. വിദ്യാലയവർഷത്തിൽ പൂർത്തിയാകേണ്ട പാഠ്യേതര പ്രവർത്തനങ്ങൾ വിദ്യാഭ്യാസ സമിതി തയ്യാറാക്കണം. ഇന്നത്തെ -'അവധി-' സംസ്കാരം മാറ്റി കർമ്മ സംസ്കാരം ഉണ്ടാക്കണം. ഇതിന്റെ ഭാഗമായി സ്മൃതിദിനങ്ങളും മറ്റും തിട്ടപ്പെടുത്തണം. ഉദാഹരണത്തിന് ഗാന്ധിജയന്തി ദിനം' വിദ്യാർത്ഥികൾക്ക് ഗാന്ധിയെ സമർത്ഥമായി പരിചയപ്പെടുത്തണം.

രാഷ്ട്രവികസനത്തിന്റെ ഭാഗമായുള്ള പഞ്ചായത്തു സംവിധാനത്തെപ്പറ്റി ഓരോ വിദ്യാർത്ഥികളും ബോധവാനാകണം. വിദ്യാലയ ജീവിതത്തിലൊരിക്കലെങ്കിലും ഓരോ വിദ്യാർത്ഥികളും പഞ്ചായത്തിലെ മുഴുവൻ പ്രദേശങ്ങളും കാണാനുള്ള അവസരം ഉണ്ടാക്കണം. അറിവിനെ അനുഭവമാക്കി മാറ്റുന്ന കർമ്മ പദ്ധതികൾ ആവിഷ്കരിക്കണം.

നദികൾ, തോടുകൾ, വയലുകൾ കുന്നുകൾ തുടങ്ങിയ പരിസ്ഥിതികസംവിധാനവുമായി പരിചയപ്പെടുത്തണം. ഹ്രസ്വ യാത്രാ പദ്ധതികൾ നിർബ്ബന്ധിതമാക്കണം. കുട്ടികളിൽ അന്തർലീന മായ കഴിവുകളെ സമ്പൂർണ്ണമായി വികസിപ്പി ക്കുന്നതിന് ഓരോ ആഴ്ചയിലും സാഹിത്യ സമാജം ഉണ്ടാവണം. നൃത്തം, സംഗീതം, തുടങ്ങിയ കലകൾ പഠിക്കുവാൻ പഞ്ചായത്തുതല സംവിധാനം ഏർപെടുത്തണം

കിടങ്ങൂർ പഞ്ചായത്തിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം 4076 ആണെങ്കിലും യഥാർത്ഥ സംഖ്യ ഇതിനേക്കാൾ വളരെ കൂടുതലാണ്. ഏറ്റുമാനൂർ, പാല, കോട്ടയം തുടങ്ങിയ സമീപസ്ഥ നഗരങ്ങളിലെ സ്കൂളുകളിലാണ് നല്ലൊരു വിഭാഗം കുട്ടികൾ പഠിക്കുന്നത്. ആ കുട്ടികളുടെ സംഖ്യ കൂടിയെടുക്കുമ്പോഴേ യഥാർത്ഥ നില വ്യക്തമാകുകയുള്ളൂ. അതുപോലെ വീടുവീടാന്തരമുള്ള കണക്കെടുപ്പിലൂടെ മാത്രമേ ഉപരി വിദ്യാഭ്യാസ രംഗത്ത് എത്രപേരുണ്ട് എന്നും മനസ്സിലാക്കാനാവൂ.

എസ്.എസ്.എൽ.സി. പരീക്ഷ പാസ്സാവുന്ന കുട്ടികൾക്ക് തുടർന്നു പഠിക്കാനുള്ള യാതൊരു സൗകര്യവും പഞ്ചായത്തിലില്ല. എല്ലാ വാർഡുകളിൽ നിന്നും ലഭിച്ചിട്ടുള്ള റിപ്പോർട്ടുകളിൽ ഇത് ചൂണ്ടികാണിച്ചിട്ടുണ്ട്. നിലവിലുള്ള ഹൈസ്കൂളുകളിൽ പ്ലസ്ടു കോഴ്സുകൾ ഉടൻ തുടങ്ങിയെങ്കിൽ മാത്രമേ ഇതിനൊരു പരിഹാരമാവുകയുള്ളൂ. ഹയർ സെക്കൻററി തലം വരെയെങ്കിലും പഞ്ചായത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കുമുള്ള പഠനസൗകര്യം പഞ്ചായത്തിൽ തന്നെയുണ്ടാവണം.

ഹയർ സെക്കൻററി തലത്തിന് മേൽ പഠനം തുടരുന്ന വിദ്യാർത്ഥികൾക്ക് തൊഴിലധി

ഷ്ിത പഠനത്തിന് ഇന്ന് പാലായിലുള്ള ഗവൺമെൻറ് പോളിടെക്നിക്ക് ആണ് ഏറ്റവും അടുത്തുള്ള സ്ഥാപനം. വളരെ വിശാലമായ ഒരു പശ്ചാത്തലം കിടങ്ങൂരിനുണ്ട്. ഒരു പോളിടെക്നിക് സഹകരണ മേഖലയിലോ, സർക്കാർ മേഖലയിലോ തുടങ്ങിയാൽ പഞ്ചായത്തിനോടു ചേർന്നു കിടക്കുന്ന പ്രദേശങ്ങൾക്കുകൂടി അത് അനുഗ്രഹമായിരിക്കും. യാത്രാസൗകര്യം കൊണ്ടും സ്ഥലപരമായ സവിശേഷതകൾ കൊണ്ടും കിടങ്ങൂർ ഇതിന് സർവ്വതാ യോഗ്യമാണ്. കിടങ്ങൂർ സെൻറിൽ നിന്നും അധികമകലെയല്ലാതൊരിടത്ത് പോളിടെക്നിക് സ്ഥാപിക്കേണ്ടതാണ്.

അദ്ധ്യാപക പരിശീലന കേന്ദ്രം, പാരാമെഡിക്കൽ പഠന കേന്ദ്രം ഇവ പഞ്ചായത്തിൻെറ നിയന്ത്രണത്തിൽ ആരംഭിക്കണം. പഞ്ചായത്തിൽ നിന്ന് ഉപരി വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിക്കുന്നവരെ കണ്ടെത്തുകയും പ്രധാന പങ്കാളികളാക്കുകയും വേണം.

1991-ലെ സെൻസസ് റിപ്പോർട്ടിൽ കിടങ്ങൂർ ഗ്രാമപഞ്ചായത്തിലെ 10048 പുരുഷൻമാരിൽ 9707 പേരും 9833 സ്ത്രീകളിൽ 8396 പേരും സാക്ഷരരാണെന്ന് രേഖപ്പടുത്തിയിരിക്കുന്നു. ഇതനുസരിച്ച് 1778 പേർ നിരക്ഷരരാണെന്നും കാണുന്നു. എന്നാൽ ഇവിടെ നടന്ന സാക്ഷരതാപ്രവർത്തനം വച്ചു നോക്കുമ്പോൾ ഇത് അംഗീകരിക്കുവാൻ ആകില്ല. ഇതനുസരിച്ച് കോട്ടയം ജില്ലയിലെ സാക്ഷരതാ ശതമാനത്തേക്കാൾ 5% താഴെയാണിത്. സ്ത്രീകളുടെ സാക്ഷരതാ കണക്കെടുപ്പിൽ എന്തോ പാകപ്പിഴ വന്നിട്ടുണ്ട് എന്ന് കാണുന്നു.

സെൻസസ് റിപ്പോർട്ടനുസരിച്ച് കോട്ടയം ജില്ലയിലെ സാക്ഷരതാ നിരക്ക് 95.72% ഉം കിടങ്ങൂർ ഗ്രാമപഞ്ചായത്തിലേത് 91% വും ആണ്. എന്നാൽ കിടങ്ങൂർ ഗ്രാമപഞ്ചായത്തിലെ സാക്ഷരതാ നിരക്ക് 98% ത്തിന് അടുത്തുവരും എന്നതാണ് യാഥാർത്ഥ്യം. തുടർ വിദ്യാഭ്യാസ രംഗത്തെ അലംഭാവം മറ്റുസ്ഥലങ്ങളിലേതുപോലെഇവിടെയും ബാധിച്ചിരിക്കാമെന്നു മാത്രം. തുടർസാക്ഷരതാ പദ്ധതി ഊർജ്ജിതമാക്കേണ്ടതിലേയ്ക്ക് ഇത് വെളിച്ചം വീശുന്നു.


അനൗപചാരിക വിദ്യാഭ്യാസം ഇന്ന് തീരെ അവഗണിക്കപ്പെട്ടിരിക്കുന്നു. മുതിർന്ന തലമുറ കമ്പോള സംസ്കാരത്തിൻെറ ഇരയായിത്തീർന്നിരിക്കുന്നു. ഇത് തടയുന്നതിന് നിരന്തരമായ പ്രചാരണം കൂടിയേ തീരൂ.

രക്ഷാകർത്താക്കൾക്കും സാമാന്യ ജനങ്ങൾക്കും വിദ്യാഭ്യാസത്തെപ്പറ്റി ബോധവൽക്കരണ സെമിനാറുകൾ നടത്തണം. അഭ്യസ്തവിദ്യർപോലും ദീർഘവീക്ഷണമില്ലാത്ത നിലയിലായിരിക്കുന്നു. രക്ഷാകർത്താവിൻെറ വികലധാരണകൾ മൂലം വിദ്യാർത്ഥികൾ പീഡിപ്പിക്കപ്പെടുന്നത് തടയണം. പ്രൈമറി വിദ്യാഭ്യാസത്തിനുപോലും കുഞ്ഞുങ്ങളെ 20 ഉം 30 ഉം കീ.മി. ദിവസവും യാത്ര ചെയ്യിക്കുന്നത് തടയണം. നല്ല നിലവാരമുള്ള സ്കൂളുകൾ സമീപത്തുണ്ടായിട്ടും വളരെ ദൂരെ യാത്രചെയ്ത് പഠിക്കാനൊരുങ്ങുന്ന വർക്ക് യാത്രാനുകൂല്യങ്ങളും മറ്റും നൽകുന്നത് പുനഃ പരിശോധിക്കണം.

നിർദ്ദേശങ്ങൾ

1. എല്ലാ വിദ്യാലയങ്ങളിലും പ്രീ-പ്രൈമറി തലത്തിൽ വിദ്യാഭ്യാസത്തിന് സൗകര്യമുണ്ടാക്കുക.
2. പ്രീ-പ്രൈമറി തലത്തിൽ അന്യഭാഷാ പഠനം നിരോധിക്കുക.
3. ഒരു കീ.മി. നടന്നാൽ എത്താവുന്ന അകലത്തിൽ പഞ്ചായത്തിൽ എല്ലായിടത്തും പ്രീ-പ്രൈമറി വിദ്യാഭ്യാസ സൗകര്യം ഏർപ്പെടുത്തുക.
4. പഞ്ചായത്തുതല വിദ്യാഭ്യാസ സമിതിയും വിഷയ സമിതിയും രൂപികരിക്കുക.

5. സ്കൂളുകളിൽ വിദ്യാഭ്യാസ സമിതികൾ രൂപികരിക്കുക.
6. എല്ലാ ലോവർ പ്രൈമറി സ്കൂളു കളിലും എം.എൽ.എൽ. സ്കീം നടപ്പാക്കുക.
7. എല്ലാ സ്കൂളുകളിലും നിലവാരമുള്ള കളിസ്ഥലം നിർമ്മിക്കുക.
8. ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന് സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരെ നിയമിക്കുക.
9. ഇപ്പോഴുള്ള ഹൈസ്കൂളുകളിൽ പ്ലസ്ടു കോഴ്സ് തുടങ്ങുക.
10. ഒരു പോളിടെക്നിക്കും ഐ.ടി.ഐ.യും പൂർണ്ണതോതിൽ പ്രവർത്തനം ആരംഭിക്കുക.
11. അദ്ധ്യാപക പരിശീലനകോഴ്സുകൾ തുടങ്ങുക.
12. പ്രീ-പ്രൈമറി മുതലുള്ള ഓരോ ഘട്ടത്തിലും പൂരക വിദ്യാഭ്യാസ പദ്ധതി ആവീഷ് കരിക്കുക.
13. ഗവൺമെൻറ്സ്കൂളുകളുടെ വികസന ത്തിന് പ്രാദേശിക സമിതികൾ പഞ്ചായത്തു മേൽനോട്ടത്തിൽ രൂപികരിക്കുക.
14. ബോധവൽക്കരണ സെമിനാറുകൾ നടത്തുക.
15. വിദ്യാഭ്യാസ- സംസ്കാരിക കോംപ്ലക്സ് സ്ഥാപിക്കുക.
16. തുടർസാക്ഷരതാപദ്ധതി പ്രാവർത്തി കമാക്കുക.
17. കലാരംഗത്ത് പരിശീലനം നൽകുന്നതിന് സംവിധാനം ഉണ്ടാക്കുക.
18. വാർഷിക ലക്ഷ്യങ്ങൾ ചിട്ടപ്പെടുത്തി പ്രവർത്തന പുരോഗതി ഉറപ്പാക്കുക.
19. സ്മൃതി ദിനങ്ങൾ ആചരിക്കുക.
20. ആഴ്ചതോറും സാഹിത്യസമാജങ്ങൾ നടത്തുക.
21. പാരാമെഡിക്കൽ പഠനകേന്ദ്രം സ്ഥാപിക്കുക.
22. ഗ്രാമചരിത്ര സമിതി രൂപികരിക്കുക.
23. ജനസാന്ദ്രത, യാത്രാ സൗകര്യം ഇവ പരിഗണിച്ച് ആവശ്യമുള്ളിടത്തെല്ലാം അംഗൻ വാടികൾ അനുവദിക്കുക.
14. മികവു പുലർത്തുന്ന കുട്ടികളെ കണ്ടെത്തി പ്രത്യേക നിരീക്ഷണത്തിലാക്കുക.
25. പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥി കൾക്ക് ആവശ്യമായ സഹായം എത്തിക്കുക.
26. പഞ്ചായത്തുതല നിർമ്മാണ പ്രവർത്ത നങ്ങളിൽ വിദ്യാർത്ഥികളെ പങ്കാളികളാക്കുക.
27. വയോജന വിദ്യാഭ്യാസത്തിന് പദ്ധതി എത്തിക്കുക.
28. അതീവ സ്വർഗ്ഗപ്രതിഭയുള്ള കുട്ടികളെ കണ്ടെത്തി എൽ.പി. മുതൽ എച്ച്.എസ്. വരെ. അവർക്ക് പ്രത്യേക മാർഗ്ഗ നിർദ്ദേശങ്ങൾ നല്കി സമൂഹത്തിന്റെ ഏറ്റവും വിലപ്പെട്ട പൗരന്മാരായി വളരാൻ സഹായിക്കുക.
29. പഞ്ചായത്തിൽ എല്ലാസൗകര്യങ്ങളോടുകൂടിയ ഒരു സംസ്കാരികനിലയം ഉണ്ടാക്കുക. സംസ്കാരം എന്ന വിഷയത്തിൽ ഇക്കാര്യം വിശദമായി ചർച്ച ചെയ്യപ്പെടാം എന്നതിനാൽ ഇവിടെ വിശദീകരിക്കുന്നില്ല. ഹൈസ്കൂൾ മുതൽ മുകളിലേയ്ക്ക് പഠിക്കുന്ന എല്ലാ വിദ്യാർത്ഥി കൾക്കും ഉതകുന്ന പുസ്തകളടങ്ങിയ ഒരു റഫറൻസ് ഗ്രന്ഥശാല ഇവിടെ ഉണ്ടാകണം. പഞ്ചായത്തുതല വിദ്യാഭ്യാസ സമിതിയുടെ മേൽനോട്ടത്തിൽ ഇവിടുള്ള എല്ലാ വിഭാഗം വിദ്യാഭ്യാസ വിദഗ്ദ്ധരുടെയും സേവനം വിദ്യാർത്ഥികളുടെ പുരോഗതിയ്ക്ക് പ്രയോജനപ്പെടുത്തണം. അനുപൂരക വിദ്യാഭ്യാസ പരിപാടി, കലാപ്രവർത്തനങ്ങൾ, കായിക പ്രവർത്തനങ്ങൾ, കരിയർ കോർണർ, ധാർമ്മിക ബോധനം, പൊതു ആഘോഷങ്ങൾ എന്നിവയ്ക്കെല്ലാം ഈ നിലയിൽ നേതൃത്വം നൽകപ്പെടണം.





4
കുടിവെള്ളവും ആരോഗ്യവും

കുടിവെള്ളം

മുൻകാലത്ത് പരമ്പരാഗത ജലസ്രോതസുകളായ കിണറുകൾ സ്ഥാപിക്കാൻ കഴിയുന്നിടത്ത് താമസിക്കുവാൻ ആളുകൾ ശ്രദ്ധവച്ചിരുന്നു. ജനനിബിഡതയും ഭവനങ്ങളുടെ എണ്ണം വർദ്ധിച്ചതും കൃഷിരീതിയിൽ വന്ന മാറ്റവും ഒക്കെക്കൊണ്ട് ഈ സ്രോതസിനെ മാത്രം ആശ്രയിക്കാവുന്ന സ്ഥിതയല്ല ഇന്നുള്ളത്. എല്ലാകാലവും വെള്ളം ലഭിക്കുന്ന കിണറുകൾ 15% മാത്രമാണ്. 30% പേർ പൈപ്പുവെള്ളത്തേയും കുഴൽ കിണറുകളിലെ വെള്ളത്തേയും അടുത്തുള്ള കിണറുകളേയും ആശ്രയിക്കുമ്പോൾ 55% ആളുകളും വളരെ ദൂരെനിന്നും തലചുമടായി വെള്ളം എത്തിക്കുന്നു.

മണ്ണിന്റെ ഘടനയിൽ വന്ന മറ്റം, ഭൂമിയുടെ കിടപ്പ്, അസന്തുലിതവും അശാസ്ത്രീയവുമായ കൃഷിരീതി, കാലാവസ്ഥയിലു ണ്ടായ അസാധാരണ മാറ്റം, നിലവിലുള്ള കുടിവെള്ളത്തിന്റെ ദുർവിനിയോഗം ജലവിതരണ സമ്പ്രദായത്തിൽ, ആസൂത്രണത്തിലും നിർവ്വഹണത്തിലും വന്ന അപാകതകൾ, മീനച്ചിലാറ്റിലെ അനിയന്ത്രിതവും അനധികൃതവുമായ മണൽ, വാരൽ ഇഷ്ടിക നിർമ്മാണത്തിൽ തുടർന്നു വന്ന അശാസ്ത്രീയ പ്രവണത മൂലം ഉണ്ടായ അഗാധമായ കുഴികൾ തുടങ്ങിയവ കുടിവെള്ളക്ഷാമത്തിന് കാരണങ്ങളാണ്.

മീനച്ചിലാറും, അവയിൽ സ്ഥാപിച്ചിരിക്കുന്ന നാല് വാട്ടർ സപ്ലൈ സ്കീമുകൾക്കുള്ള കിണറുകളും, പമ്പുസെറ്റുകളും, ടാങ്കുകളും, ഉപയോഗ യോഗ്യമായ 4 പൊതുകിണറുകളും, 5 കുഴൽ കിണറുകളും പരമ്പരാഗത സ്രോതസായ 15% കിണറുകളും ഉപയോഗ്യമായ 75 പൊതു ടാപ്പുകളും ഇന്ന് നമുക്കുണ്ട്. മീനച്ചിലാറ്റിൽ പുതുതായി നിർമ്മിച്ചിരിക്കുന്ന തടയണ പദ്ധതി കിണറുകളിൽ ഈ പഞ്ചായത്തിലെ മുഴുവൻ ജനങ്ങൾക്കും വേണ്ട വെള്ളം ശേഖരിക്കുന്നു.

നിർദ്ദേശങ്ങൾ

ഈ പഞ്ചായത്തിലെ ഏറ്റവും ഉയരം കൂടിയ പ്രദേശങ്ങിലൊന്നായ വട്ടുകുളങ്ങര കുന്നിൻ മുകളിൽ 75000 ലിറ്റർ കപ്പാസിറ്റിയുള്ള ടാങ്ക് നിർമ്മിക്കുക. ചാലക്കടവിലെ കിണർ, പമ്പുസെറ്റ്, ഗോവിന്ദപുരം സ്കീമിന് വേണ്ടിയുള്ള കിണർ, പമ്പ് സെറ്റ്, ഇവയൊരുമിച്ചോ വേറെ വേറെയോ ഉപയോഗിച്ച് വെള്ളം പമ്പ് ചെയ്ത് ശേഖരിക്കുക. ഇപ്പോൾ നിലവിലിരിക്കുന്ന വിതരണ ശ്രംഖല കേടുപാടുകൾ തീർത്തെടുത്തും 10 കുടുബങ്ങൾക്ക് ഒരു ടാപ്പ് അല്ലെങ്കിൽ 200 മീറ്ററിനുള്ളിൽ കുടിവെളം എന്ന ലക്ഷ്യത്തോടെ പുതിയതായി വിതരണ ശ്രംഖല

സ്ഥാപിച്ചും ഈ ടാങ്കിലെ വെള്ളം ഉപയോഗിച്ച് 4,5,6 വാർഡുകളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുക. ടാങ്ക് നിർമ്മാണത്തിനാവശ്യമായ സ്ഥലം സൗജന്യമായി കിട്ടും. നിർമ്മാണം ജനകീയ സമിതികളെ ഏല്പിച്ചാൽ വളരെ ആദായകരമായി നടത്തുവാൻ സാധിക്കും.

കുമ്മണ്ണൂർ വാട്ടർ സപ്ലേ സ്കീം, പിറയാർ വാട്ടർ സപ്ലൈ സ്കീം, ഇവയുടെ പമ്പുഹൗസും കിണറുകളും ഉപയോഗിച്ച് മണ്ണിയേകുന്നിൽ 1,200,000 ലിറ്റർ കപ്പാസിറ്റിയുള്ള ടാങ്ക് പുതിയതായി സ്ഥാപിച്ച് വെള്ളം ശേഖരിക്കുക. നിലവിലിരിക്കുന്ന വിതരണ ശ്രംഖലയും മുകളിൽ പറഞ്ഞ ലക്ഷ്യത്തോടെ പുതിയതായി സ്ഥാപിക്കുന്ന വിതരണ സംവിധാനവും ഉപയോഗിച്ച് 1,2,3,7,8 വാർഡുകളിലെ കുടിവെള്ള ക്ഷാമം എല്ലാക്കാലത്തും ശാശ്വതമായി പരിഹരിക്കാൻ കഴിയും.

നിലവിലിരിക്കുന്ന കുമ്മണ്ണൂർ വാട്ടർ സപ്ലൈ സ്കീമിന്റെ ടാങ്കിന്റെ ഉയരവും ശേഷിയും വർദ്ധിപ്പിച്ചാൽ മുകളിൽ പറയുന്ന വാർഡുകളിലെ ജലക്ഷാമം പരിഹരിക്കാം.

9-ാം വാർഡിലെ മാവേലിപ്പടി മ്യാൽ വയലിൽ കിണറോ, കുളമോ സ്ഥാപിക്കുക. കച്ചറ കുന്നുംപുറത്ത് 30,000 ലിറ്റർ കപ്പാസിറ്റിയുള്ള ടാങ്ക് നിർമ്മിച്ച് കുടിവെള്ളം ശേഖരിക്കുക. ആവശ്യമായ എല്ലാസ്ഥലത്തും വിതരണ ശ്രംഖല സ്ഥാപിച്ച് കുടിവെള്ളം വിതരണം ചെയ്യുക. നിർമ്മാണം ജനകീയ സമിതികളെ ഏൽപ്പിച്ചാൽ പെട്ടെന്നും ചെലവു കുറഞ്ഞും ഇവ തീർക്കുവാൻ സാധിക്കും. ഈ പദ്ധതികൊണ്ട് 9,10 വാർഡുകളിലെ കുടിവെള്ളക്ഷാമം ശാശ്വതമായി പരിഹരിക്കാം.

നിലവിലിരിക്കുന്ന ജലവിതരണ പദ്ധതികളുടെ ഇൻലെറ്റ് പൈപ്പ്കളിൽ നിന്നുള്ള ഗാർഹികവും അല്ലാത്തതുമായ ജലവിതരണം പൂർണ്ണമായും നിർത്തലാക്കുക. എല്ലാറോഡു കളിലും പൈപ്പുലൈൻ സ്ഥാപിക്കുക.

ജലവിഭവ സർവ്വേ നടത്തുക. ജലസ്രോതസുകൾ കണ്ടെത്തുകയും സംരക്ഷിക്കു കയും ചെയ്യുക. ഇവയുടെ സംരക്ഷണം അയൽ കൂട്ടങ്ങളെയോ ജനകീയ സമിതികളേയോ ഏല്പിക്കുക.

നീർമറിപ്രദേശങ്ങൾ (വാട്ടർ ഷീഡ്) കണ്ടെത്തി ജലം ശേഖരിക്കുക, വിതരണം ചെയ്യുക.

ജലാശയങ്ങളും കിണറുകളും വ്യക്തി യുടെ പട്ടയഭൂമിൽപ്പെട്ടതാണെങ്കിൽ പോലും അയൽകൂട്ടങ്ങൾക്കെല്ലാം ഉപയോഗി ക്കുവാനുള്ള സ്വാതന്ത്ര്യം പ്രഖ്യാപിക്കുക.

സന്തുലിതവും ശാസ്ത്രീയവുമായ കൃഷിരീതി പ്രോത്സാഹിപ്പിക്കുക. ഫലപ്രദമായ കിണറുകൾ കുഴിക്കുവാനുള്ള സംവിധാനം ഏർപ്പെടുത്തുക. ആവശ്യമെങ്കിൽ ധനസഹായം നല്കുക.

ശാസ്ത്രീയമായി ജലവിഭവസർവ്വേ നടത്തി ആവശ്യമുള്ള സ്ഥലങ്ങളിലെല്ലാം കുഴൽ കിണറുകൾ സ്ഥാപിക്കുക.

മീനച്ചിലാറിന്റെ വശങ്ങൾ തട്ടുകളായുള്ള സംരക്ഷണഭിത്തികൾ നിർമ്മിച്ചും തീരങ്ങൾ കുഴിക്കരുതെന്ന നിയമം കർശനമായി നടപ്പിലാ ക്കിയും നദി സംരക്ഷിക്കുക.

നദിയിലെ മണൽ വാരൽ നിയന്ത്രി ക്കുകയും മണൽ വാരാൻ അനുവാദമില്ലാത്ത കാലത്ത് മണൽ വാരൽ വള്ളങ്ങൾ നദിയിൽ നിന്ന് മാറ്റുന്നതിനും, നദിയിലേക്ക് വാഹനം ഇറങ്ങുന്ന റോഡുകൾ അടക്കുന്നതിനും ഫലപ്രദമായ സംവിധാനം ഉണ്ടാക്കുക.

പൈപ്പുവെള്ളം ലഭിക്കുന്ന സ്ഥലങ്ങ ളിലും കിണറുകൾ നിലനിർത്തുക. ഭൂഗർഭ

ജലസംരക്ഷാനിരപ്പ് നിലനിർത്തുക. ഭൂഗർഭ ജലസംഭരണ പദ്ധതികൾ ആവിഷ്കരിക്കുക.

ആരോഗ്യം

ചെറുകിട കർഷകരും തൊഴിലാളികളും, കൂലിപണിക്കാരും ഭൂരിപക്ഷമുള്ള ഈ ഗ്രാമത്തിൽ സാക്ഷരത 85% ആണ്. ഈ ഉയർന്ന സാക്ഷരതയിലും ആരോഗ്യപരമായി ഒരു ഉയർന്ന സമൂഹം കെട്ടിപ്പടുക്കുന്നതിൽ വ്യക്തിപരമായി വിമുഖരാണ് കൂടുതലും. ഈ രംഗത്ത് സർക്കാർ സേവനവും വേണ്ടവിധം ലഭിക്കുന്നില്ല. സർക്കാരിന്റെ 17%വും ചെലവഴിക്കപ്പെടുന്ന ആരോഗ്യരംഗത്തെ വച്ച് നോക്കുമ്പോൾ 2000 മാണ്ടിൽ എല്ലാവർക്കും ആരോഗ്യം എന്ന ലക്ഷ്യത്തിലെത്താൻ നാം ഏറെമുന്നോട്ട് പോകണം. ഇവിടെ ത്വരിതഗതിയിലുള്ള മുന്നേറ്റം ആവശ്യമാണ്. ജലജന്യ വായുജന്യപ്രാണിജന്യ രോഗങ്ങൾ ഇവിടെ വർദ്ധിച്ചുവരുന്നതായി അനുബന്ധ സ്റ്റേറ്റുമെൻറിൽ നിന്നും മനസ്സിലാക്കാം.

സൗജന്യവും ഫലപ്രദവുമായ ചികിത്സാ സൗകര്യങ്ങളുടെ കുറവ് നിലവിലുള്ള ചികിത്സാ സൗകര്യങ്ങളുടെ വൈകല്യങ്ങൾ, ചാരിറ്റബിൾ സൊസൈറ്റിസ് ആക്ടിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന ഈ പഞ്ചായത്തിലെ ആശുപത്രികളിലെ താങ്ങാനാവത്ത ചെലവ് ആരോഗ്യബോധവത്കരണ പരിപാടികളുടെ കുറവ്, കുറച്ച് സ്ഥലത്ത് കൂടുതൽ വീടുകൾ പണിയുന്നതു മൂലം ഉണ്ടാകുന്ന പ്രശ്നങ്ങൾ, പോഷകാഹാരകുറവ്, പകർച്ചവ്യാധികൾ, വെളിപ്രദേശങ്ങളിലെ മലമൂത്രവിസർജ്ജനം, പരിസര മലനീകരണം, ഭക്ഷണസാധനങ്ങളിലെ മായം രോഗാണുബാധിതമായ മാംസ്യാഹാരങ്ങളുടെ വില്പന, കീടനാശിനികളുടെ അശാസ്ത്രീയമായ പ്രയോഗം ഇവയെല്ലാം ഈ രംഗത്തെ പ്രശ്നങ്ങളാണ്. ഇവയെല്ലാം ചിട്ടയോടെ പഠിച്ച് മുന്നോട്ട് പോവേണ്ട് ആവശ്യമാണ്.

മൂന്നു മെഡിക്കൽ ഓഫീസർമാർ സഹിതം 36 ജീവനക്കാരുള്ള ഒരു പ്രൈമറി ഹെൽത്ത് സെൻറർ ഈ പഞ്ചായത്തിൽ സ്ഥിതിചെയ്യുന്നു. 3 പഞ്ചായത്തുകളുടെ അതിരിൽ സ്ഥതിചെയ്യുന്ന ഈ പി.എച്ച്.സി. വികസനത്തിന് ഏറെ സാദ്ധ്യതയുള്ള സ്ഥാപനമാണ്. ഇതിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഉപകേന്ദ്രങ്ങൾ ഈ പഞ്ചായത്തിൽസ്ഥിതിചെയ്യുന്നു. പിഎച്ച്.സി യിൽ ഇപ്പോൾ സ്ഥിരമായി ഒരു ഡോക്ടർ പോലും ഇല്ല. കുടുബക്ഷേമ കേന്ദ്രങ്ങൾ ഇല്ലാത്ത വാർഡുകളിൽ അവ അനുവദിക്കണം. നിലവിലുള്ള കുടുംബക്ഷേമ കേന്ദ്രങ്ങൾ വൈദ്യുതികരിക്കുകയും സ്ഥാപനപരമായ പ്രശ്നങ്ങൾ പരിഹരിക്കുകയും ചെയ്യുക.

പത്ത് കിടക്കകളുള്ള ഒരു ഗവ. ആയുർവേദാശുപത്രി ഇവിടെ പ്രവർത്തിക്കുന്നു. 5-ാം വാർഡിലെ ഈ സ്ഥാപനം സ്വന്തമായി സ്ഥലവും കെട്ടിടവും ഉള്ളതാണ്. ഇവിടെ ഒരു മെഡിക്കൽ ഓഫീസർ ഉൾപ്പെടെ 7 ജീവനക്കാരുണ്ട്. എന്നാൽ ഇവിടെ ഫാർമസ്സിസ്റ്റിന്റെ തസ്തിക ഒഴിഞ്ഞ് കിടക്കാൻ തുടങ്ങിയിട്ട് നാളുകൾ ഏറെയായി. ഇതിന്റെ വയറിങ്ങുകൾ നന്നാക്കുകയും കേടുപാടുകൾ വന്ന സാനിറ്റേഷനുകൾ മാറ്റിയിടുകയും വേണം. ആശുപത്രി പരിസരം രോഗാതുരമാണ്. ഈ സ്ഥാപനം വളരെ ആളുകൾക്ക് പ്രയോജന പ്രദമാണ്. ശരാശരി 100 ഐ.പിയും 6000ത്തോളം.ഒ.പിയും ഇവിടെ ഒരോ വർഷവും രേഖപ്പെടുത്തുന്നു. വികസന സാധ്യതയുള്ള ഈ ആശുപത്രി വികസിപ്പിക്കുകയും പരിപാലിക്കു കയും ചെയ്യുന്നുണ്ടന്ന് ഉറപ്പുവരുത്തണം. ആകെ 275 കിടക്കൾ ഉള്ള ചാരിറ്റബിൾ സൊസൈറ്റി ആക്ടിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന പ്രധാനപ്പെട്ട 2 അലോപ്പതി ആശുപത്രികൾ ഇവിടെ ഉണ്ട്. ആധുനിക ചികിൽസാ സൗകര്യങ്ങൾ ഇവിടെ ലഭ്യമാണ്. എന്നാൽ ചാരിറ്റബിൾ ആയ യാതൊരു

പ്രവർത്തനങ്ങളും നടത്തുന്നില്ല. എന്നുമാത്രമല്ല രോഗികളിൽ നിന്നും താങ്ങാനാവാത്ത ചികിത്സ ചെലവാണ് (ഫീ) ഇടാക്കുന്നത്.

ഈ പഞ്ചായത്തിൽ സ്ഥിരതാമസക്കാരും ഇവിടെ ചികിത്സ നടത്തുന്നവരുമായി നിരവധി ഡോക്ടർമാരുണ്ട്. എല്ലാവിധ ചികിത്സാ വിഭാഗങ്ങളിലും പെടുന്ന ഇവർ പഞ്ചായത്തിന്റെ പൊതു ആരോഗ്യപരിപാടികളിൽ പങ്കെടുക്കുന്നില്ല.

പാരമ്പര്യ ആയുർവ്വേദചികിത്സ നടത്തുന്ന 12 സ്ഥാപനങ്ങൾ ഈ പഞ്ചായത്തിൽ സ്ഥിതിചെയ്യുന്നു. ഈ ചികിത്സകർക്ക് വൈദ്യശാല, മരുന്ന് നിർമ്മാണ കേന്ദ്രങ്ങൾ, ഔഷധ സസ്യങ്ങളുടെ കൃഷി, സാങ്കേതിക സഹായങ്ങൾ ഇവക്കുള്ള മാർഗ്ഗങ്ങൾ ഉണ്ടായാൽ ഈ ചികിത്സാ ശാഖ ആരോഗ്യരംഗത്ത് ഒരു മുതൽകൂട്ടാവും. ആവശ്യമായ ഗ്രാൻറ് അനുവദിക്കണം.

കിടങ്ങൂർ ഗ്രാമപഞ്ചായത്ത്

ആരോഗ്യരംഗത്തെ സ്ഥിതിവിവരങ്ങൾ കാണിക്കുന്ന സ്റ്റേറ്റ്മെൻറ്

നിർദ്ദേശങ്ങൾ

പഞ്ചായത്തടിസ്ഥാനത്തിൽ ഒരു ഹെൽത്ത് ക്ലബ് രൂപീകരിക്കുക. ഈ സ്ഥാപനം സാമൂഹ്യാരോഗ്യ പരിപാടികൾ നടപ്പിലാക്കണം. സർക്കാർ സംവിധാനത്തോട് സഹകരിച്ചും തനിച്ചും പൊതുജനാരോഗ്യരംഗത്തും സാമൂഹ്യക രംഗത്തും പ്രവർത്തിക്കുക.

ഈ പഞ്ചായത്തിൽ സ്ഥിര താമസക്കാരും ഇലിടെ ജോലി ചെയ്യുന്നവരുമായ അലോപ്പതി , ഹോമിയോപ്പതി ആയുർവ്വേദ ഡോക്ടർമാർ ഈ ഹെൽത്ത് ക്ലബിൽ സാങ്കേതിക സഹായം നൽകണം.

ഇവരുടേയും ജനകീയാരോഗ്യ സമിതിയുടേയും നേതൃത്വത്തിൽ ഓരോ മാസത്തേയും ആരോഗ്യബോധവത്കരണ പരിപാടികൾ മുൻകൂട്ടി തയ്യാറാക്കുക.

ആരോഗ്യബോധവത്കരണ പരിപാടികൾക്കും മറ്റ് സാമൂഹിക പരിപാടികൾക്കും ഇവരോടൊപ്പം ഈ പഞ്ചായത്തിൽ വസിക്കുന്നവരും ജോലിചെയ്യുന്നവരുമായ പരിശീലനം നേടിയ നഴ്സുമാർ, മിഡ്വൈഫുമാർ, ഫാർമസിസ്റ്റുകൾ, അംഗൻവാടി ടീച്ചർമാരും വർക്കർമാരും, ഹെൽത്ത് ഇൻസ്പെക്ടർമാർ മുതലായ ആരോഗ്യപ്രവർത്തകർ സഹകരിക്കുക.

വർഷം	ജനനം	മരണം	1വയസ്സിന് താഴെയുള്ള കുട്ടികൾ	ഗർഭണികൾ	ആശുപത്രിയിൽ കിടന്ന് ചികിത്സ	പകർച്ചവ്യാധികൾ പിടിപ്പെട്ടവർ ജലം	വായു	പ്രാണികൾ	മറ്റുരീതി	നിലവിൽ സ്ഥായിയായ രോഗബാധയുള്ളവർ
1992-93	308	ലഭ്യമല്ല	308	319	450					കൃാൻസർ 19
1993-94	176	ലഭ്യമല്ല	176	308	600	164	32	8	108	പ്രമേഹം 90
1994-95	196	ലഭ്യമല്ല	196	310	324	218	60	19	96	ക്ഷയം 458
1995-96	177	ലഭ്യമല്ല	177	218	496	294	49	25	212	ഹൃദ്രോഗം 634

ഈ പരിപാടിയിൽ പങ്കെടുക്കുന്നതിന് ഡോക്ടർമാർക്കും അവരെ സഹായിക്കുന്ന മറ്റുള്ളവർക്കും അവരുടെ മേലുദ്യോഗസ്ഥന്മാർ ഡ്യൂട്ടിലീവ് അനുവദിക്കുക. പരിസര മലിനീകരണം, പകർച്ചവ്യാധികൾ, മറ്റ് സാമൂഹ്യ ആരോഗ്യപ്രശ്നങ്ങൾ പോഷകാഹാര കുറവുകൊണ്ടുള്ള രോഗങ്ങൾ മുതലായവക്കെതിരെയുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിനോടൊപ്പം അടിയന്തിര ഘട്ടങ്ങളിൽ എല്ലാ മെമ്പർമാരേയും വിളച്ചുകൂട്ടി ആവശ്യങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുവാൻ ക്ലബ്ബിന് അധികാരം ഉണ്ടായിരിക്കേണ്ടതാണ്.

ഹെൽത്ത് ക്ലബ്ബുകൾക്ക് നിയമപരവും ഔദ്യോഗികവുമായ പരിരക്ഷ നല്കുക.

എല്ലാ കുടുംബങ്ങൾക്കും ഫലപ്രദമായ കക്കൂസുകൾ ഉണ്ടായിരിക്കേണ്ടതാണ്. ഈ പഞ്ചായത്തിൽ 500 വീടുകൾ കക്കൂസില്ലാത്തവയായി ഉണ്ട്. പുതുതായി നിർമ്മിക്കപ്പെടുന്ന വീടുകൾക്ക് കക്കൂസുകൾ നിർബ്ബന്ധമാക്കുകയും കക്കൂസ് നിർമ്മാണത്തെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക. സാമ്പത്തികമായി പിന്നോക്കം നില്ക്കുന്നവർക്ക് ഫലപ്രദമായ കക്കൂസുകൾ നിർമ്മിക്കാൻ ധനസഹായം നല്കുക. ആളുകൾ തിങ്ങിപാർക്കുന്ന സ്ഥലങ്ങളിൽ കോമൺ ടാങ്കുകളും പ്രത്യേകം കക്കൂസുകളും നിർമ്മിക്കാൻ പ്രോത്സാഹിപ്പിക്കുക. ഈപദ്ധതിക്ക് ഹെൽത്ത് ക്ലബ്ബിന്റെ സാങ്കേതിക സഹായം തേടുക.

ചേർപ്പുങ്കൽ, കിടങ്ങൂർ കവല, കിടങ്ങൂർ ക്ഷേത്ര പരിസരം ചെമ്പിളാവ് (വെള്ളക്കട) എന്നീ സ്ഥലങ്ങളിൽ പൊതു വിസർജ്ജന കേന്ദ്രം സ്ഥാപിക്കുക. ഇവ ശുചിയായി സൂക്ഷിക്കുവാൻ വേണ്ട സംവിധാനം ഏർപ്പെടുത്തുക.

പന്നികക്കൂസുകൾ തുറന്ന പ്രദേശങ്ങളിലെ അറവുശാലകൾ, വഴിയോരങ്ങളിലെ മത്സ്യ മാംസ വില്പന ഇവ പൂർണ്ണമായി നിരോധിക്കുക.

കൊതുക്, എലി, അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കൾ ഇവയെ നശിപ്പിക്കുന്നതിനുള്ള പദ്ധതി കർശ്ശനമായി നടപ്പിലാക്കുക.

ഗവൺമെൻറ് നിഷ്കർഷിച്ചിരിക്കുന്ന അനുപാതത്തിൽ ആരോഗ്യരംഗത്ത് ജോലിക്കാരോ പ്രവർത്തനങ്ങളോ ഈ പഞ്ചായത്തിൽ ലഭ്യമല്ല. ഇവ കർശ്ശനമാക്കുക.

ഈ പഞ്ചായത്തിലെ എല്ലാ കവലയിലും മാലിന്യങ്ങൾ നിക്ഷേപിക്കുവാൻ വീപ്പകൾ സ്ഥാപിക്കുക. ഈ മാലിന്യങ്ങൾ ശാസ്ത്രീയമായി നീക്കം ചെയ്യുക.

മയക്കുമരുന്നുകളുടെ വില്പന, വ്യാജമദ്യവില്പന ഇവ പഞ്ചായത്ത് തലത്തിൽ കർശ്ശനമായി നിരോധിക്കുക.

കൂടല്ലൂർ പി.എച്ച്.സി.യിൽ ഒരു മോബൈൽ ക്ലിനിക്ക് യൂണിറ്റ് തുടങ്ങുക. ക്ലബുകൾ, സന്നദ്ധ സംഘടനകൾ സാംസ്കാരിക സംഘടനകൾ ഇവ ആവശ്യപ്പെടുന്ന കേന്ദ്രങ്ങളിൽ സ്ഥിരമായി മോബൈൽ യൂണിറ്റ് എത്തുകയും രോഗികളെ ചികിത്സിക്കുകയും ചെയ്യേണ്ടതാണ്. ഇതിനു വേണ്ടി നടപടികൾ സ്വീകരിക്കുക.

ഈ പഞ്ചായത്തിന് മുൻപ് ആനുവദിച്ചിരുന്നതും പ്രാവർത്തിക മാവാത്തതുമായ സർക്കാർ ഹോമിയോ ആശുപത്രി സ്ഥാപിക്കുക. ഞങ്ങളുടെ അന്വേഷണത്തിൽ 4ാം വാർഡിൽ ഇതിനുള്ള സാദ്ധ്യതകൾ ഉണ്ട്. ഈ സാമ്പത്തിക വർഷത്തിൽ തന്നെ അനുവദിച്ചാൽ താത്കാലികമായി സൗകര്യം ലഭിക്കുന്നതാണ്.(കെട്ടിടം) വളരെ പെട്ടെന്ന് സ്ഥിരസ്ഥലം അക്വയർ ചെയ്തെടുക്കുവാൻ സാധിക്കും.

ഈ പഞ്ചായത്തിലെ എല്ലാ വാർഡുകൾക്കും ഉപകാരപ്പെടുന്ന രീതിയിൽ പഞ്ചായത്തിന്റെ കേന്ദ്രഭാഗത്ത് ഗതാഗത സൗകര്യവും സുലഭമായി വെള്ളം കിട്ടുന്നതുമായ പ്രദേശത്ത് ഒരു സർക്കാർ അലോപ്പതി ആശുപത്രി

സ്ഥാപിക്കുക. ഈ സ്ഥാപനത്തിൽ മാതൃശിശു സംരക്ഷണം, പകർച്ച വ്യാധികൾ ഇവയ്ക്ക് പ്രത്യേക വിഭാഗങ്ങളും ഉണ്ടാവേണ്ടതാണ്. നിലവിൽ പഞ്ചായത്തധീനതയിൽ കുമ്മണ്ണൂർ കവലയ്ക്ക് സമീപമുള്ള സ്ഥലം ഇതിന് അനുയോജ്യമെന്ന് ഈ സമിതി മനസിലാക്കി ശുപാർശ ചെയ്യുന്നു.

ഈ പഞ്ചായത്തിലെ ആയുർവ്വേദാ ശുപത്രി 25 കിടക്കകളുള്ള ആശുപത്രി ആയി ഉയർത്തുക.

കുടുംബക്ഷേമ കേന്ദ്രങ്ങളിൽ സ്ഥിരമായി, ദിവസവും ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുക. പി.എച്ച്.സിയുടെ നിലവിലുള്ള സംവിധാനങ്ങളുപയോഗിച്ച് കുടുംബക്ഷേമ ഉപകേന്ദ്രങ്ങളില്ലാത്ത വാർഡുകളിൽ അയൽക്കൂട്ടങ്ങൾ ഗ്രാമസഭകൾ ഇവയുടെ സഹകരണത്തോടെ അടിയന്തിരമായി മൊബൈൽ യൂണിറ്റ് പ്രവർത്തനം ആരംഭിക്കുക.


ചാരിറ്റബിൾ സൊസൈറ്റീസ് പ്രവർത്തന ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്തിരിക്കുന്ന ഈ പഞ്ചായത്തിലെ രണ്ട് ആശുപത്രികളിൽ ആകെ 265 കിടക്കകളുണ്ട്. ഈ ആശുപത്രികളിൽ ഉപരിപഠനം നടത്തിയ ഡോക്ടർമാർ ഉൾപ്പെടെ ആകെ 12 ഡോക്ടർമാർ സേവനം അനുഷ്ഠിക്കുന്നു. ശരാശരി 200ഓളം രോഗികൾ പ്രതിദിനം ചികിത്സക്കായി എത്തുന്നു. ഈ ആശുപത്രികളിൽ 42 നേഴ്സുമാരും 140 ഓളം നേഴ്സിംഗ് വിദ്യാർത്ഥികളുമുണ്ട്. എന്നാൽ ചാരിറ്റബിൾ എന്ന പേരിന്റെ തണലിൽ പ്രവർത്തിക്കുന്ന ആ ആശുപത്രികൾ യഥാർത്ഥത്തിൽ ഈ പഞ്ചായത്തിലെ സാധാരണക്കാരിൽ നിന്നും അമിതമായ ഫീസ് ഈടാക്കുകയാണ് ചെയ്യുന്നത്. ഈ ആശുപത്രികളിൽ നിർബ്ബന്ധമായും ആഴ്ചയിലൊരിക്കൽ സൗജന്യ ചികിത്സ നടപ്പിലാക്കുക, പ്രസവം, ശാസ്ത്രക്രീയ ഇവയ്ക്ക് വരുമാന പരിധിക്കനുസരണമായി ഫീസിളവ് അനുവദിക്കുക, ഫീസുകൾക്കും ഫീസിളവുകൾക്കും വ്യക്തമായ മാനദണ്ഡങ്ങൾ ഉണ്ടാക്കുകയും അത് ജനകീയാരോഗ്യസമിതിയുടെ പരിശോധനകൾക്ക് വിധേയമാക്കുകയും ചെയ്യുക.

ഈ പഞ്ചായത്തിൽ സ്ഥിതിചെയ്യുന്നതും പുതുതായി ആരംഭിക്കപ്പെടുന്നതുമായ ആശുപത്രികൾ, ക്ലിനിക്കുകൾ വൈദ്യശാലകൾ ഇവകളിലെ ഡോക്ടർമാർ ഗവൺമെൻറ് നിഷ്കർഷിക്കുന്ന യോഗ്യതകൾ ഉള്ളവരായിരിക്കേണ്ടതാണ്. സേവനം ആരംഭിക്കുമ്പോൾ ഈ ഡോക്ടർമാരുടെ വിദ്യാഭ്യാസ യോഗ്യതാസർട്ടിഫിക്കറ്റുകൾ പഞ്ചായത്തിലെ ഓത റൈസിഡ് മെഡിക്കൽ അറ്റൻഡൻറ് പരിശോധിക്കുകയും സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ പഞ്ചായത്തോഫീസിൽ നിർബ്ബന്ധമായും സൂക്ഷിച്ചിരിക്കേണ്ടതാണ്.ഇത് നിലവിലുള്ള ഡോക്ടർമാർക്കും ബാധകമാക്കേണ്ടതാണ്.

ഈ പഞ്ചായത്തിലെ ചികിത്സാ സൗകര്യങ്ങളെ പറ്റിയുള്ള വിവരങ്ങൾ പഞ്ചായത്തോഫീസിൽ ഉണ്ടായിരിക്കേണ്ടതാണ്.

ആശുപത്രികളിൽ രക്തബാങ്ക് നേത്രബാങ്ക് ഇവ ആരംഭിക്കുക. ഈ ആശുപത്രികളിൽ സൗജന്യ രക്ത ഗ്രൂപ്പ് നിർണ്ണയ ക്യാമ്പുകൾ സംഘടിപ്പിക്കുക. ഇടയക്ക് സന്നദ്ധ സംഘടനകളുടെ സഹായം തേടുക.

നിലവിലുള്ള പൊതു ശ്മശാനം പുനരുദ്ധരിക്കുകയും അതോടൊപ്പം ഒരു വൈദ്യുത ശ്മശാനം നിർമ്മിക്കുകയും ചെയ്യുക.



5 വ്യവസായം

തികച്ചും ഒരു കർഷക ഗ്രാമമായ നമ്മുടെ പഞ്ചായത്തിൽ വ്യവസായങ്ങൾക്ക് മുൻകാലത്തു തന്നെ വലിയ പ്രാധാന്യം സിദ്ധിച്ചിരുന്നില്ല. ഏതെങ്കിലും തരത്തിലുള്ള വ്യവസായ സംരംഭങ്ങൾക്ക് പലകാരണങ്ങളാൽ ജനങ്ങൾ ശ്രമിച്ചിരുന്നില്ല. വ്യവസായമെന്നു പറഞ്ഞുകൂടെങ്കിലും വിപണന സാദ്ധ്യതയുള്ള ചില നിർമ്മാണ പ്രവർത്തനങ്ങളും, തൊഴിലുകളും ചെയ്തിരുന്ന പരമ്പരാഗത തൊഴിലാളികൾ നമ്മുടെ നാട്ടിലുണ്ടായിരുന്നു. ഏതെങ്കിലും ചെറുകിട വ്യവസായസംരംഭങ്ങൾ നമ്മുടെ പഞ്ചായത്തിലാരംഭിച്ചിട്ട് അൻപതു വർഷമേ ആയിട്ടുള്ളു.

മരപ്പണിരംഗത്തെ വിദഗ്ധരെ ചേർത്തുകൊണ്ട് വ്യവസായികാടിസ്ഥാനത്തിൽ ഉരുപ്പടികളുടെ നിർമ്മാണത്തിനായി സഹകരണരംഗത്ത് ഒരു വ്യവസായത്തിനുള്ള ശ്രമം നമ്മുടെ ഗ്രാമത്തിൽ 1950 കാലഘട്ടത്തിൽ നടക്കുകയുണ്ടായി എന്നാൽ പലകാരണങ്ങളാൽ ആ സംഘത്തിന്റെ പ്രവർത്തനം നീണ്ടുനിന്നില്ല.

മരപ്പണി, ഇരുമ്പുപണി, സ്വർണ്ണപ്പണി, കളിമൺ പാത്രനിർമ്മാണം, പപ്പടനിർമ്മാണം, കൊട്ട വട്ടി നിർമ്മാണം നെയ്ത്ത്, ഓട്ടുപാത്രനിർമ്മാണം എന്നീ രംഗങ്ങളിൽ വിദഗ്ദ്ധരായ തൊഴിലാളികൾ നമ്മുടെ നാട്ടിലുണ്ടായിരുന്നു. ഈ രംഗങ്ങളിലെല്ലാം തന്നെ അതിവിദഗ്ദ്ധർ ഇന്നുമുണ്ട് എന്നാൽ വ്യാവസായികാടിസ്ഥാനത്തിൽ ഈ പണികൾക്കൊന്നും ഒരു സംഘടിത രൂപം ഉണ്ടായിരുന്നില്ല.

മരപ്പണിരംഗത്തെ വിദഗ്ദ്ധരെ ചേർത്തു കൊണ്ട് വ്യാവസായികാടി സ്ഥാനത്തിൽ ഉരുപ്പടികളുടെ നിർമ്മാണത്തിനായി സഹകരണരംഗത്ത് ഒരു വ്യവസായത്തിനുള്ള ശ്രമം നമ്മുടെ ഗ്രാമത്തിൽ 1950 കാലഘട്ടത്തിൽ നടക്കുകയുണ്ടായി എന്നാൽ പലകാരണങ്ങളാൽ ആ സംഘത്തിന്റെ പ്രവർത്തനം നീണ്ടുനിന്നില്ല. തൊഴിലാളിരംഗത്തെ വ്യവസായ സംരംഭത്തിനേറ്റ ഈ പരാജയം മറ്റ് തുറകളിലും വ്യവസായ സംരംഭങ്ങളിൽ ആളുകൾക്ക് മടിയുണ്ടാക്കിയിരിക്കണം. മരപ്പണി, ഇരുമ്പുപണി, സ്വർണ്ണപ്പണി എന്നിവ എന്നും എവിടെയും ആവശ്യമാകയാൽ ആരംഗത്തെ വിദഗ്ധ തൊഴിലാളികൾക്ക് ഇന്നും

തൊഴിൽ സാദ്ധ്യത ഇല്ലാതാകുന്നില്ലെന്നുമാത്രം. എന്നാൽ കൈത്തറി, ഓട്ടുപാത്ര നിർമ്മാണം, കളിമൺപാത്ര നിർമ്മാണം, കൊട്ട, വട്ടി നിർമ്മാണം എന്നീ രംഗങ്ങളിൽ പ്രവർത്തിച്ചിരുന്ന തൊഴിലാളികൾക്ക് അത്തരം ജോലികൾ നിലനിർത്തികൊണ്ടു പോകുവാൻ കഴിയാതെ വന്നു. അതിനാൽ ആ രംഗങ്ങളിൽ പണിയെടുക്കുന്നവർ ഇന്ന് വളരെക്കുറവാണ്. പുതിയ തലമുറ ആ തൊഴിലുകളിലേക്ക് കടന്നു വരുന്നുമില്ല. അത്തരം തൊഴിലുകൾ അനാകർഷകവും, ആദായകരമല്ലാത്തതുമാണ് മുഖ്യ കാരണം.

തീപ്പെട്ടി വ്യവസായം, ഇഷ്ടികനിർമ്മാണം, എൻജിനീയറിംഗ് സംരംഭങ്ങൾ, തുടങ്ങിയ അപൂർവ്വം ചില ചെറുകിട വ്യവസായങ്ങൾ അടുത്തകാലത്ത് നമ്മുടെ ഗ്രാമപഞ്ചായത്തിൽ ഉണ്ടായിട്ടുണ്ട്. എന്നാൽ അവയൊന്നും നമ്മുടെ തൊഴിലില്ലായ്മ പ്രശനത്തിന് പരിഹാരമോ, നാടിന്റെ സമ്പദ്ഘടന ഉയർത്തുന്നതിന് ഒരളവിലെങ്കിലും സഹായകമോ ആകുന്നില്ല.

1956 - 57 കാലത്ത് ആരംഭിച്ച ഖാദി വ്യവസായ രംഗത്തെ സഹകരണ സ്ഥാപനമായിരുന്നു നമ്മുടെ നാട്ടിൽ ഏറ്റവും കൂടുതൽ ആളുകൾക്ക് തൊഴിൽ നൽകിയിരുന്ന സ്ഥാപന. പ്രത്യേകിച്ച് വനിതകൾക്ക് ഇത് ഒരു തൊഴിൽ കേന്ദ്രവും, സാമൂഹ്യമായ ഉയർച്ചയ്ക്ക് വഴി വയ്ക്കുന്നതുമായിരുന്നു. നൂൽനൂൽപ്പ്, നെയ്ത്ത്, ചായമിടൽ തുടങ്ങി വസ്ത്രരംഗത്ത് പഞ്ഞിയിൽനിന്ന് വസ്ത്രമുണ്ടാക്കി വിപണനം നടത്തുന്നതുവരെയുള്ള പ്രവർത്തനങ്ങൾ ഇവിടെ നടന്നിരുന്നു. കേന്ദ്രത്തിലും, അതിനുകീഴിൽ പ്രവർത്തിച്ചിരുന്ന സബ്സെൻററുകളിലുമായി ഇരുന്നൂറോളം വനിതകൾക്കും, ഇരുപത്തഞ്ച് പുരുഷൻമാർക്കും ഇവിടെ ജോലി ലഭിച്ചിരിന്നു. പഞ്ഞിയുടെ വിലവർദ്ധനവും കൂലിക്കുറവും, കെടുകാര്യസ്ഥതയും ഈ സ്ഥാപനത്തെ പിന്നോട്ട് നയിച്ചു. ഇന്ന് ഏതാണ്ട് ഇരുപതോളം വനിതകൾ നൂലുണ്ടാക്കുന്നതിൽ മാത്രം ജോലി ചെയ്യുന്നു. മറ്റ് പ്രവർത്തനങ്ങളെല്ലാം നിന്നുപോയി. അതുപോലെ നല്ല നിലയിൽ പ്രവർത്തിച്ചിരുന്ന കൈത്തറിമേഖലയും ഇതേകാരണങ്ങളാൽ തന്നെ തകർന്നു പോയിരിക്കുന്നു.

പ്രകൃതിവിഭവങ്ങളായി ലഭിക്കുന്ന അസംസ്കൃത പദാർത്ഥങ്ങൾ ശേഖരിച്ച് വില്ക്കുകയോ കുഴിച്ചെടുത്തു വില്ക്കുകയോ ചെയ്ത് ധനമുണ്ടാക്കുന്നതിലല്ല, ഈ അസംസ്കൃത പദാർത്ഥങ്ങൾ മനുഷ്യപ്രയത്നവും, ബുദ്ധിയും, സാങ്കേതികവിദ്യയും ഉപയോഗിച്ച് മൂല്യമുള്ള വസ്തുക്കളാക്കി ദൂരെയുള്ള കമ്പോളങ്ങളിലെത്തിക്കുന്നതിനുള്ള ശ്രമമാണ് നമുക്കിന്നു വേണ്ടത് ഇതിന് വൻകിട വ്യവസായങ്ങളുടെ ആവശ്യമില്ല. നമ്മുടെ ജനസാന്ദ്രതമൂലമുള്ള പരിസ്ഥിതി പ്രശ്നങ്ങളാൽ വൻകിട വ്യവസായത്തിനുള്ള ഒരു സാധ്യതയും നമ്മുടെ പഞ്ചായത്തിൽ ഇല്ല. എന്നാൽ ചെറുകിട വ്യവസായങ്ങൾക്കും സ്വയം തൊഴിൽ രംഗത്തും ഇന്നുള്ള സാദ്ധ്യതകൾ ഉപയോഗിക്കുന്നതിന് നാം തയ്യാറാകുന്നുമില്ല. സാങ്കേതികവും, വാണിജ്യ പരവുമായ അറിവുകുറവ്, പദ്ധതി ആസൂത്രണം മുതൽ ഉല്പാദനവസ്തുവിന്റെ വിപണനം വരെയുള്ള ഘട്ടങ്ങളിലുണ്ടാകാവുന്ന പ്രശ്നങ്ങൾ എന്നിവയെ ഭയന്നാണ് യുവജനങ്ങൾ സ്വയം സംരഭകരായി മുന്നോട്ടുവരാത്തത്.

സർക്കാർ ജോലിയോ അതുപോലെ സ്ഥിരത ഉറപ്പുള്ള ജോലിയോ കിട്ടുവാനുള്ള പരക്കംപാച്ചിൽ, ഉദ്യോഗാർത്ഥികളെ സൃഷ്ടിച്ചുവിടുന്ന ഇന്നത്തെ വിദ്യാഭ്യാസ സമ്പ്രദായം എന്നിങ്ങനെ ഒട്ടേറെ സാമൂഹിക പ്രശ്നങ്ങൾ വേറെയും.

കിടങ്ങൂർ ഗ്രാമപഞ്ചായത്തിൽ ഇന്ന് വിവിധ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്ന

വ്യാവസായിക തൊഴിലാളികളുടെ കണക്ക് പട്ടികരൂപത്തിൽ ചുവടെ ചേർക്കുന്നു. ഇതിൽ നിന്നും വ്യാവസായിക രംഗത്തെ നമ്മുടെ ശോചനീയസ്ഥിതി ബോദ്ധ്യമാകും.

നൽകുന്ന പുതിയ പദ്ധതികൾ പ്രഖ്യാപിക്കുന്ന ഒരു നയമാണ് നിലവിലുള്ളത്. ഇത് ആരംഭിക്കുന്ന വ്യവസായങ്ങളുടെ നിലനില്പിന് ഗുണകരമാകുന്നില്ല. ഒരു സ്ഥാപനം

കിടങ്ങൂർ ഗ്രാമപഞ്ചായത്ത്

വ്യവസായ തൊഴിലാളികളുടെ എണ്ണം.

നമ്പർ	വിഭാഗം	യൂണിയ . നുകളുടെ എണ്ണം	തൊഴിലാ ളികൾ	ശതമാനം
1.	തീപ്പെട്ടി വ്യവസായം	2	25	2.36
2.	ഹോളോബ്രിക്സ്	2	11	1.03
3.	ഇഷ്ടിക നിർമ്മാണം	26	300	28.36
4.	തടിഅറപ്പുമില്ല്	6	30	2.84
5.	വർക്കുഷോപ്പ്	6	20	1.89
6.	ടയർ റീട്രേഡിംഗ്	2	4	0.89
7.	കാലിത്തീറ്റ നിർമ്മാണം.	2	10	0.94
8.	ഓട് നിർമ്മാണം	1	35	3.31
9.	ഖാദിസഹകരണസംഘം	1	20	1.89
10.	ഓട്ടോമൊബൈൽവർക്സ്	7	28	2.65
11.	മെറ്റൽ ക്രഷർ	1	10	0.94
12.	വളം മിക്സിംഗ് യൂണിറ്റ്	1	50	4.73
13.	മറ്റ് വിഭാഗങ്ങൾ		15	1.42
14.	അന്യസ്ഥലങ്ങളിൽ ജോലി	500	47.26	
	ആകെ.		1058	100.00

പൊതുവേ വ്യവസായ സംരംഭകരെ ആകർഷിക്കുവാൻ സാമ്പത്തികാനുകൂല്യങ്ങൾ

നടത്തുവാനുള്ള ഭൗതികവും സാങ്കേതികവുമായ വ്യക്തികളുടെ ഗുണവുമാണ് മെച്ചപ്പെട്ട

വ്യവസായത്തിന്റെ മുഖ്യഘടകങ്ങൾ. ഓരോപ്രദേശത്തും ലഭ്യമാകുന്ന അസംസ്കൃത പദാർത്ഥങ്ങൾ, മറ്റ് അടിസ്ഥാനസൗകര്യങ്ങൾ, സമൂഹത്തിന്റെ ഉത്തേജനം, മാർഗ്ഗനിർദ്ദേശങ്ങൾ ലഭിക്കുന്നതിനുള്ള സാദ്ധ്യത എന്നിവയെല്ലാം ലക്ഷ്യം വച്ചുകൊണ്ടായിരിക്കണം നമ്മുടെ ഗ്രാമത്തിന്റെ വ്യാവസായിക വികസനം രൂപീകരിക്കേണ്ടത്.

ഉല്പാദന സാദ്ധ്യതയെക്കുറിച്ചുള്ള അറിവില്ലായ്മ, അനുയോജ്യമായ വ്യവസായം തെരഞ്ഞെടുക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളുടെ അഭാവം സ്ഥിതിവിവരക്കണക്കുകളുടെ ലഭ്യതക്കുറവ്, സാമൂഹ്യപ്രശ്നങ്ങൾ, വിപണന തന്ത്രങ്ങൾ അവിഷ്ക്കരിക്കുന്നതിനുള്ള കഴിവില്ലായ്മ, സർക്കാർ ഭാഗത്തുനിന്നുണ്ടാകുന്ന അനാവശ്യ നിയന്ത്രണങ്ങളും പ്രോത്സാഹജനകമല്ലാത്തതുമായ നിലപാട് എന്നിവ വ്യാവസായ രംഗം ഇന്ന് നേരിടുന്ന പ്രധാന പ്രശ്നങ്ങളാണ്.

സ്വയം തൊഴിൽ കണ്ടെത്തലും ചെറുകിട വ്യവസായങ്ങളും വേറിട്ടുകാണുകയും രണ്ടിനേറയും പ്രോത്സാഹനം അതതിനുയോജിച്ച വിധം വ്യത്യസ്ഥമായിരിക്കുകയും വേണം.

ഗ്രാമസഭകളുടെ ചർച്ചയിൽ രൂപം കൊണ്ട പ്രശ്നങ്ങളും സാദ്ധ്യതകളും നിർദ്ദേശങ്ങളും ചുവടെ ചേർക്കുന്നു.

പ്രശ്നങ്ങൾ

1. വ്യവസായം തുടങ്ങുന്നതിന് ആവശ്യമുള്ള സ്ഥലത്തിന്റെ ലഭ്യതക്കുറവ്.
2. വൈദ്യുതി, ജലം എന്നിവയുടെ ക്ഷാമം
3. വൈദ്യുതി കണക്ഷനുകൾ ലഭിക്കുന്നതിനുള്ള കാലതാമസം
4. ലൈസൻസുകൾ ലഭിക്കുന്നതിനുള്ള കാലതാമസം
5. വനിതകൾക്കുവേണ്ടിയുള്ള തൊഴിൽ സംരംഭങ്ങളുടെ കുറവ്
6. സാങ്കേതികവിദ്യാഭ്യാസം ലഭിച്ച എല്ലാവർക്കും തൊഴിൽ സാദ്ധ്യത ഇല്ലായ്മ.
7. വായ്പകൾ കുറഞ്ഞ ഈടിന്മേൽ ആവശ്യാനുസരണം ലഭിയ്ക്കായ്ക.
8. വ്യവസായം തുടങ്ങുവാൻ താല്പര്യമുള്ളവർക്ക് ആവശ്യമായ അറിവും പ്രോത്സാഹനവും ലഭ്യമല്ലാത്ത അവസ്ഥ
9. നമ്മുടെ നാട്ടിൽ ലഭ്യമായ റബ്ബർ, വ്യവസായികാവശ്യത്തിന് ഇവിടെത്തന്നെ വിനിയോഗിക്കുക.
10. ഉൽപ്പന്നങ്ങൾ വിറ്റഴിക്കുവാൻ വ്യവസായ സംരംഭകർക്കുണ്ടാകുന്ന ബുദ്ധിമുട്ട്.

സാധ്യതകൾ

1. സഹകരണാടിസ്ഥാനത്തിൽ വനിതകൾക്ക് തൊഴിൽ ലഭ്യമാക്കാൻ കഴിയും.
2. റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ തുടങ്ങുവാൻ സാധിക്കും.
3. വ്യാവസായിക ഉൽല്പന്നങ്ങൾ മാർക്കറ്റു ചെയ്യുന്നതിന് ഒരു മാർക്കറ്റിംഗ് സഹകരണ സംഘം സ്ഥാപിക്കുവാൻ സാധിക്കും.
4. പരമ്പരാഗത തൊഴിലാളികൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിന് സഹകരണ സംഘം സ്ഥാപിക്കാം
5. കോൺക്രീറ്റ് കെട്ടിട നിർമ്മാണ വസ്തുക്കൾ കാർഷികോൽപ്പന്ന സംസ്ക്കരണം, ഡയറി ഉൽപ്പന്ന നിർമ്മാണം, റബ്ബർ തടി സംസ്ക്കരിച്ച് ഫർണിച്ചർ നിർമ്മാണം, ഇലക്ട്രോണിക്സ്, കമ്പ്യൂട്ടർ സോഫ്റ്റ് വെയർ എന്നീ മേഖലകളിൽ വ്യവസായം തുടങ്ങുന്നതിന് അനന്തമായ സാധ്യകളാണു ള്ളത്.

6. ഖാദി, കൈത്തറി എന്നിവയിൽ വൻ വ്യവസായ സാധ്യതകൾ ഉണ്ട്.

നിർദ്ദേശങ്ങൾ

1. പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ഒരു വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കുക.

1. ഇവിടെ യഥേഷ്ടം വൈദ്യുതി, ജലം, റോമെറ്റീരിയൽസ് എന്നിവ ലഭ്യമാക്കുക.

2. വൈദ്യുതി കണക്ഷനുകൾ ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുക.

3. വനിതാ ഇൻഡസ്ട്രിയൽ കോ ഓപ്പറേറ്റീവ് സൊസൈറ്റികൾ വിവിധ ഭാഗങ്ങളിൽ സ്ഥാപിക്കുക. ഇതിന്റെ കീഴിൽ റെഡിമെയ്ഡ് വസ്ത്രനിർമ്മാണം, കറിപൗഡർ, ബേക്കറി, സോപ്പ് നിർമ്മാണം, ചെറുകിട റബ്ബർ ഉൽപ്പന്ന നിർമ്മാണം, പഴം പച്ചക്കറി സംസ്ക്കരണം മുതലായവ തുടങ്ങാവുന്നതാണ്.

4. വ്യവസായ സ്ഥാപനം തുടങ്ങുന്നവർക്ക് ആവശ്യമായ ലൈസൻസുകളും, സാംഗ്ഷനുകളും നേടിക്കൊടുക്കുന്നതിന് പഞ്ചായത്ത് മുൻ കൈയെടുക്കുക. (ഗ്രീൻ ചാനൽ)

5. പരമ്പരാഗത തൊഴിലാളികൾക്ക് തൊഴിൽ ലഭിക്കുന്നതിന് ഇൻഡസ്ട്രീയൽ കോ ഓപ്പറേറ്റീവ് സംഘടന തുടങ്ങുന്നതിന് മുൻ കൈയെടുക്കുക. ഇതിന്റെ കീഴിൽ കാർഷീകോപകരണ നിർമ്മാണം, ഫർണീച്ചർ നിർമ്മാണം, കളിമൺ പാത്ര നിർമ്മാണം, ഇരുമ്പ് ഉപയോഗിച്ച് നിർമ്മിക്കുന്ന മറ്റു ഉൽപ്പന്നങ്ങൾ എന്നിവ തുടങ്ങാവുന്നതാണ്.

6. വായ്പാ വ്യവസ്ഥകൾ ഉദാരവൽക്കരിക്കുക.

7. ബാങ്കുകളുടെ പ്രവർത്തന പരിധി ഒഴിവാക്കുക. ഇവയുടെ പ്രവർത്തന പരിധി പഞ്ചായത്തുമുഴുവൻ വ്യാപിപ്പിക്കുക.

8. പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ എൻറർ പ്രണർഷിപ്പ് ഡെവലപ്മെൻറ് പ്രോഗ്രാമുകൾ സംഘടിപ്പിക്കുക.

9. ഒരു കോമൺ മാർക്കറ്റിംഗ് ഏജൻസി ആരംഭിക്കുക.


10. ജില്ലാ പഞ്ചായത്ത് / ബ്ലോക്ക് പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ വ്യവസായിക എക്സ്ബിഷനുകൾ നടത്തുക.

11. സങ്കേതിക വിദ്യാഭ്യാസം ലഭിച്ചവരെ സ്വന്തമായി തൊഴിൽ സ്ഥാപനങ്ങൾ തുടങ്ങുന്നതിന് പ്രോൽസാഹിപ്പിക്കുക.

12. റബ്ബർതടി സംസ്ക്കരിച്ച് ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന ഒരു സ്ഥാപനം പൊതു മേഖലയിലോ സഹകരണമേഖലയിലോ സ്ഥാപിക്കുക.

13. 5 ാം വാർഡിൽ പ്രവർത്തിക്കുന്ന ഖാദിയൂണിറ്റും, പിറയാർ കേന്ദ്രമായി നടക്കുന്ന കൈത്തറി സംഘവും നല്ലരീതിയിൽ പ്രവർത്തിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുക. ഖാദിയൂണിറ്റിന്റെ കീഴിൽ പുതിയ ഉൽപ്പന്നങ്ങൾ നിർമ്മാണം ആരംഭിക്കുക.

14. പഞ്ചായത്തിൽ ഏറ്റവും നല്ല രീതിയിൽ വ്യവസായം നടത്തുന്ന വ്യക്തിക്ക് /സ്ഥാപനത്തിന് അവാർഡ് നൽകുക.



6

ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

ഗതാഗതം

കിടങ്ങൂർ പഞ്ചായത്തിന്റെ ഏതാണ്ടു മദ്ധ്യഭാഗത്തുകൂടി പ്രധാനറോഡായ പാലാ അതിരമ്പുഴ റോഡ് കടന്നു പോകുന്നു. പഞ്ചായത്തിനെ രണ്ടായി വിഭജിച്ചുകൊണ്ട് മീനച്ചിലാറ് കടന്നുപോകുന്നു. വ്യാപാരാ വശ്യങ്ങൾക്കും യാത്രക്കുതന്നെയും റോഡിനേക്കാൾ കൂടുതൽ ജലമാർഗ്ഗം ഉപയോഗിച്ചിരുന്ന കാലഘട്ടത്തിൽ നിന്നും നദിക്കുമുകളിൽ പാലങ്ങൾ ഉണ്ടായതോടെ ഗതാഗതം റോഡുമാർഗ്ഗമായിത്തന്നെ മാറിയിരിക്കുന്നു. ആവശ്യാനുസരണം ജില്ലയിലെ മറ്റുഭാഗങ്ങളുമായും ഗ്രാമത്തിൽ തന്നെ വിവിധ പ്രദേശങ്ങളുമായും ബന്ധിപ്പിക്കുന്ന ഒട്ടനവധി റോഡുകൾ നിലവിൽ വന്നു. വാഹനങ്ങളുടെ എണ്ണം വർദ്ധിക്കുകയും വിദ്യാഭ്യാസം ജോലി, വ്യാപാരം എന്നിവയ്ക്കുവേണ്ടി നിരന്തരം സഞ്ചാരം ആവശ്യമായി വരികയും ചെയ്തതോടെ റോഡുകളുടെ എണ്ണവും സൗകര്യവും വർദ്ധിപ്പിക്കേണ്ടിയും വന്നു. പഞ്ചായത്തിൽ നിലവിലുള്ള റോഡുകളുടെ ഇനം തിരിച്ചുള്ള ഒരു പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു. ഇനിയും റോഡുകളില്ലാത്ത പ്രദേശങ്ങളും പഞ്ചായത്തിലുണ്ട്. ആവശ്യമായി ഉണ്ടാകേണ്ട റോഡുകളുടെ ഒരു പട്ടികയും ചേർത്തിട്ടുണ്ട്.

നിലവിലുള്ള റോഡുകൾ എല്ലാംതന്നെ ശോചനീയമായ അവസ്ഥയിലാണ്. റോഡുകളുടെ ഇരുവശത്തും ഓടകൾ ഇല്ലാത്തതും ആവശ്യത്തിന് വിസ്തൃതി ഇല്ലാത്തതും വാർഷിക മെയിൻറനൻസുകൾ നടക്കാത്തതുമാണ് ഇതിനുകാരണം പി. ഡബ്ലിയു. ഡി. റോഡുകളായാലും പഞ്ചായത്തു റോഡുകളായാലും വേണ്ട സമയത്ത് അറ്റകുറ്റ പണികൾ, ഫണ്ടിന്റെ അഭാവം മൂലവും ചില സാങ്കേതിക കാരണങ്ങളാലും നടക്കാറില്ല. റോഡുകളുടെ സംരക്ഷണത്തിനു ജനപങ്കാളിത്തം ആർജ്ജിക്കുന്നതിന് അധികാരികൾ ശ്രമിക്കാറുമില്ല.

വണ്ടിത്താവളങ്ങളും പഞ്ചായത്തിൽ ഒരിടത്തും തന്നെ തൃപ്തികരമായില്ല. ബസ്സ്റ്റാൻഡ് എന്നു പറയാൻപോലും ഒരെണ്ണം പഞ്ചായത്തിലില്ല. പഞ്ചായത്തിന്റെ ഹൃദയഭാഗത്തെങ്കിലും ഒരു ബസ്സ്റ്റാൻഡ് ഉണ്ടാക്കേണ്ടതുണ്ട്. ടാക്സി സ്റ്റാൻഡ്, ഓട്ടോറിക്ഷാ സ്റ്റാൻഡ് എന്നിവയും പഞ്ചായത്തിൽ ഒരിടത്തും സൗകര്യപ്രദമായില്ല. എല്ലായിടത്തും വഴിയോരങ്ങളിൽ പാർക്കുചെയ്യുന്ന വാഹനങ്ങൾ നിരന്തരം ഗതാഗത തടസ്സം സൃഷ്ടിക്കുന്നു. പഞ്ചായത്തു ടാക്സിസ്റ്റാൻഡ് സൗകര്യപ്രദമായ സ്ഥിതിയിലല്ല. അതു സ്ഥിതിചെയ്യുന്ന കോംപ്ലക്സിനുള്ള സൗകര്യം പഞ്ചായത്തുടമയിൽ

ഉണ്ടാക്കുവാൻ കഴിയും. സമഗ്രമായ ഒരു പഠനം തന്നെ ഇക്കാര്യത്തിൽ ആവശ്യമാണ്.

പഞ്ചായത്തിലൂടെ കടന്നു പോകുന്ന 29 കി. മീറ്ററോളം നീളം വരുന്ന പി. ഡബ്ലുയു. ഡി. റോഡുകളും പഞ്ചായത്ത് ഉടമസ്ഥതയിലുള്ള 63 കി. മീറ്ററോളം നീളം വരുന്ന റോഡുകളും നിലവിലുണ്ട് ഇനിയും ആവശ്യമായി ക്കാണുന്ന റോഡുകളുടെ ഒരു പട്ടികയും ചുവടെ ചേർത്തിരിക്കുന്നു.

നിലവിലുള്ള എല്ലാ പഞ്ചായത്തു റോഡുകളും ടാർചെയ്യുകയും, റീടാറിംഗ് ചെയ്യാത്തവ ചെയ്യുകയും വേണം.

കിടങ്ങൂർ പഞ്ചായത്തിലൂടെയുള്ള P. W. D. റോഡുകൾ

നമ്പർ	റോഡിന്റെ പേര്	പഞ്ചായത്തിലുള്ള നീളംമീ
1.	അതിരമ്പുഴ - പാലാ	6000
2.	കിടങ്ങൂർ - മണർകാട്	3500
3.	പിറയാർ - കടപ്ലാമറ്റം	2000
4.	പിറയാർ -കൂടല്ലൂർ -കടപ്ലാമറ്റം	2500
5.	കിടങ്ങൂർ -ഇളപ്പുങ്കൽ (പാദുവാ)	3000
6.	മറ്റക്കര കുമ്മണ്ണൂർ	3250
7.	ചെമ്പിളാവ് - ചേർപ്പുങ്കൽ	1700
8.	ചേർപ്പുങ്കൽ - കൊഴുവനാൽ	1000
9.	ചേർപ്പുങ്കൽ - ആണ്ടൂർ	1000
10.	ചേർപ്പുങ്കൽ - മരങ്ങാട്ടുപള്ളി	2000
11.	കുമ്മണ്ണൂർ - കുടല്ലൂർ	4300

കിടങ്ങൂർ പഞ്ചായത്തിൽ നിലവിലുള്ള പഞ്ചായത്ത് റോഡുകൾ

ക്രമനമ്പർ	റോഡിന്റെ പേര്	നീളം
1.	കുമ്മണ്ണൂർ -കറുത്തേടത്തുകടവ്	1050
2.	കിടങ്ങൂർ - ഇളപ്പാനി	1495
3.	ചേർപ്പുങ്കൽ - ഇട്ടിയപ്പാറ	1100
4.	കിടങ്ങൂർ - ആയാംകുടി	500
5.	പിറയാർ - പോസ്റ്റോഫീസ്	126
6.	കട്ടച്ചിറ - പുന്നത്തുറപള്ളിക്കടവ്	1100
7.	ഒഴുകേൽപ്പടി കാട്ടേപ്പടി	950
8.	കോട്ടപ്പുറം - കൂടല്ലൂർ	2165
9.	വട്ടുകുളങ്ങര - പുവനാനി	567
10.	കുമ്മ - മാർക്കറ്റ് - ചെമ്പിളാവ്	1240
11.	ചേർപ്പുങ്കൽ - കുരിശുപള്ളി	300
12.	ചെമ്പിളാവ് - കെഴുവംകുളം	7600
13.	കിടങ്ങൂർ - ചുണ്ടമല	1600
14.	പോഴത്തിൽ പുരയിടം	840
15.	വട്ടുകുളങ്ങര - കണ്ണംകുളം	700
16.	വട്ടുകുളങ്ങര - കല്ലിട്ടനട	580
17.	കടുതോടി - മണപ്പുറം	150
18.	കിടങ്ങൂർ ക്ഷേത്രം കൂടാരപ്പള്ളി	1100
19.	കിടങ്ങൂർ - പുന്നത്തുറ	650
20.	കറുകച്ചേരിപ്പടി - വടുതലപ്പടി	620
21.	കോച്ചാപ്പള്ളിപ്പടി - വാലേൽപ്പടി	1170
22.	തേക്കിൻ കാട്ടിപ്പടി - ചാമക്കാല	1060
23.	പിറയാർ - പുഞ്ചപ്പാടം	450

24.	കൊമ്പനാംകുന്ന്	740
25.	കൊമ്പനാംകുന്ന് - തായമന	350
26.	എസ്. എച്ച്. റോഡ്	1050
27.	കിടങ്ങൂർ ക്ഷേത്രം - ചെമ്പിളാവ്	2050
28.	കിടങ്ങൂർ - നെടുങ്ങോടി	1035
29.	ആനിച്ചുവട് - വട്ടയ്ക്കാമുകൾ	590
30.	കരാളത്തുപടി - ആക്കിലേട്ടുപടി	805
31.	കിടങ്ങൂർ - പുറയാറ്റുപാടം	123
32.	ഇളപ്പുങ്കൽ - തേരുമ്പുറം (സേവാസദനം)	1400
33.	കൂടല്ലൂർ - മാർക്കറ്റ് - തറപ്പേൽ	1675
34.	പനച്ചിച്ചുവട് - തറപ്പേൽ	1200
35.	ചെമ്പിളാവ് - ഇടയ്ക്കാട്ടുവയൽ	812
36.	ഇടിഞ്ഞപുഴ - ചെമ്പിളാവ്	1155
37.	മൂലക്കോണം - റോഡ്	1000
38.	കൊമ്പനാം കുന്ന് - പുഞ്ചപ്പാടം	570
39.	മറ്റപ്പള്ളി പേപ്പർമിൽ	500
40.	പരിമണത്തേട്ടുപടി - വടയ്ക്കാമുകൾ	770
41.	ചോമ്പിളാവ് ലക്ഷം വീട്	1248
42.	കൈതവേലി - പുഞ്ചപ്പാടം	500
43.	ചേർപ്പുങ്കൽ - ചാമക്കാല	600
44.	ഒഴുങ്ങാലി - മങ്ങാട്ട്	590
45.	പ്ലാമൂട് - പന്നഗം	1015
46.	കിടങ്ങൂർ സൗത്ത് - വാട്ടർ സപ്ലേ	200
47.	പോളക്കപ്പടി - കണ്ണാമ്പടം	750
48.	മേക്കാട്ടേൽ തെരുവുറോഡ്	800
49.	കോട്ടപ്പുറംപള്ളി - ശിവക്കുളങ്ങര	600
50.	വണ്ടാനത്തുപടി - ലക്ഷംവീട്	500
51.	കിടങ്ങൂർ കുരിശുപള്ളി കുളത്തിൽ പുരയിടം	150
52.	എൽ. പി. ജി. എസ്. റോഡ്	575
53.	ഓൾഡ്	555
54.	മണിയേകുന്ന് - വാട്ടർസപ്ലൈ സി. എസ്. ഐ.	610
55.	ചിറയിൽപ്പടി - വരിക്കപ്പടി	465
56.	മുണ്ടുപാലം - ഈറുമന	1200
57.	കിടങ്ങൂർ ക്ഷേത്രം പുന്നത്തുറ	280
58.	ചാലക്കടവ് - കട്ടച്ചിറ	1050
59.	ചെമ്പിളാവ് - പുഞ്ചപ്പാടം	530
60.	കുമ്മണ്ണൂർ ലക്ഷം വീട്	235
61.	ചുണ്ടെലിക്കാട്ടിൽ പടി	750
62.	കടമ്പനാട് - വട്ടുകുളങ്ങര	465
63.	കുമ്പുക്കൽ പടി - മ്ലാവിൽ പടി	525
64.	കാവാലിപ്പുഴ	665
65.	ഇരുട്ടുകുഴി ഭാഗം	105
66.	കറുത്തേടത്തുകടവ് - മ്ലാവിൽ പടി	1103
67.	പാറത്തോട് - കുഴിവയലിൽ	550
68.	പഞ്ചായത്താഫീസ്	36
69.	മാവേലിമഠം - ടെമ്പിൾ	372
70.	കുമ്മണ്ണൂർ - മൂന്നുപീടിക	150
71.	ഉലകം തറ - ആയിരം പടി	800
72.	പോളയ്ക്കപ്പടി - വട്ടുകുളങ്ങര	410
73.	മുള്ളക്കുഴി - ലക്ഷം വീട്	200
74.	കാഞ്ഞമറ്റംപടി - പുളിക്കീപ്പടി	500
75.	പനഞ്ചിചുവട് മണ്ണിലേക്കുന്ന് റോഡ്	1500
76.	കല്ലട പുറത്തേൽ പടിറോഡ്	300
77.	ഓൾഡ് മണർകാട് റോഡ്	500

ഗ്രാമസഭകൾ ഉന്നയിച്ചിട്ടുള്ള പുതിയ റോഡ് നിർമ്മാണ ആവശ്യങ്ങൾ

നമ്പർ	നിർദ്ദേശിക്കപ്പെട്ടിട്ടുള്ള പേര്	വാർഡ്	ഉദ്ദേശനീളം മീ.
1.	ചെറുമണത്തുപ്പടി ബാങ്ക്	1	1000
2.	കുച്ചിറപ്പാലം - ഇലവുകുഴിമറ്റം	1	300
3.	അമ്മാവൻപടി - മേക്കാട്ടുതെരുവ്	1	1500
4.	കിടങ്ങൂർ പള്ളി - ശിവക്കുളങ്ങരക്ഷേത്രം	2	500
5.	കൊമ്പനാം കുന്ന് - ലക്ഷം വീട്	2	700
6.	കൊമ്പനാംകുന്ന് - തറപ്പേൽമന	2	500
7.	കോച്ചേരിപടി - വടാനപ്പടി	3	1000
8.	തേക്കുംകാട്ടിൽ - ചെറുതാന്നി	3	150
9.	തറപ്പേൽ പടി - കുന്നും പുറം	3	500
10.	കിടങ്ങൂർ ക്ഷേത്രം - ചെമ്പിളാവ്	4	2500
11.	പുറത്തേൽ കുന്ന് - ചിറപ്പുറം	4	1000
12.	കല്ലുറുമ്പുപടി - കാവാലിപ്പുഴ	4	500
13.	ചേമ്പിളാവ് - പുറത്തേൽകുന്ന്	4	2000
14.	മങ്ങര - ചിറവാലേൽ - കടമ്പനാട്ട്	5	800
15.	കരീക്കാട്ടിൽ കോളനി - കപ്പിങ്ങാട്ട്	5	500
16.	നെടുങ്ങോടി - വെള്ളൂശ്ശേരി തോട്ടത്തിൽ വാലേൽ	5 - 700	
17.	മാന്താടി - ഖാദികേന്ദ്രം - നെടുങ്ങോടി	5	400
18.	ചെമ്പിളാവ് - ചെമ്പിളാവുപള്ളി	6	2000
19.	കൂടല്ലൂർ - കോഴിച്ചാൽ മറ്റം കോളനി തേലപ്പുറത്തു മുണ്ടയ്ക്കൽ വഴി	10	
20.	പനച്ചിക്കൽ താഴെ അമ്പലതുരുത്തേൽ	10	
21.	കല്ലേച്ചിറ - ചീലുറോഡ്		8 500
22.	എടാട്ടുകൊട്ടാരം - പാളയം റോഡ്	8	500
23.	തെക്കേപെരിങ്ങേട്ടുകാവ് - ചേലാമറ്റം	8	1000
24.	ലൈബ്രറി - പുല്ലേപ്പള്ളി ക്ഷേത്രം	8	1000
25.	കോയിത്തുരുത്തിൽ റോഡ്	3	750
26.	മ്ലാവിൻ പടിതെക്കേടത്ത് റോഡ്	3	750
27.	പൊതു ശ്മശാനം റോഡ്	3	600
28.	മണ്ണിയേക്കുന്ന് റോഡ്	3	600

ഭാഗീകമായി നിർമ്മാണം പൂർത്തിയായ താഴെപറയുന്ന റോഡുകൾ പഞ്ചായത്ത് ഏറ്റെടുത്ത് മെയിൻറനൻസ് നടത്തണമെന്നും ഗ്രാമസഭകൾ ആവശ്യപെടുന്നു.

1. ഭജനമഠം - ഒഴുകേപ്പടി റോഡ് - വാർഡ് 4
2. ഭജനമഠം - കാളവേലി റോഡ് - വാർഡ് 4
3. ചിറപ്പുറം - വരിക്കയിൽ റോഡ് - വാർഡ് 4
4. പുളിക്കൽ - മാന്തോട്ടം റോഡ് - വാർഡ് 4
5. പാദുവ - ഊഴക്കൽ മഠം റോഡ് - വാർഡ് 4
6. എൽ. പി. ജി. സ്കൂൾ - തലയ്ക്കാമറ്റം റോഡ് - വാർഡ് 4
7. പുല്ലപ്പള്ളി ക്ഷേത്രം റോഡ് റോഡ് വാർഡ് 8
8. പുല്ലപ്പള്ളി - പാമ്പാനി റോഡ് - വാർഡ് 8
9. നെച്ചിക്കാട്ടിൽ നെല്ലിപ്പുഴറോഡ് - വാർഡ് 8
10. വട്ടമറ്റം - കെഴുവൻകുളം റോഡ് - വാർഡ് 8
11. കെ. എസ്. എസ്. കുടിവെള്ളം റോഡ് - വാർഡ് 8
12. സെൻറ് മേരീസ് റോഡ് - വാർഡ് 8
13. കൊല്ലാറത്തുമുക്ക് - പുളിവേലി റോഡ് - വാർഡ് 8
14. പോസ്റ്റാഫീസ് - കുളപ്പുറത്തു താഴെ റോഡ് - വാർഡ് 8
15. ചെമ്പിളാവ് ലക്ഷം വീട് റോഡ് -
16. ചമ്പക്കര - കരുർപടി റോഡ് -
17. ചുണ്ടമല - കുറുമുണ്ടയിൽ റോഡ്

ഊർജ്ജം

നമ്മുടെ ഊർജ്ജാവശ്യങ്ങൾ വൈദ്യുതി, മണ്ണെണ്ണ, വിറക്, പെട്രോളിയം ഉല്പന്നങ്ങൾ എന്നിവയെ ആശ്രയിച്ചാണ് കഴിയുന്നത്. ഓരോ ശ്രോതസ്സുകളിൽ നിന്നും ലഭിക്കുന്ന അളവും, ഉപയോഗിക്കുന്ന അളവും കൃത്യമായി കണ്ടെത്തുക സാദ്ധ്യമല്ല. ഈ ഊർജ്ജാവശ്യങ്ങൾ വർദ്ധിച്ചുകൊണ്ടിരിക്കുകയും എല്ലാ ശ്രോതസ്സുകളിലേയും ലഭ്യത കുറഞ്ഞുകൊണ്ടിരിക്കുകയും ചെയ്യുന്നു.

ഗാർഹിക, കാർഷിക, വാണിജ്യ, വ്യവസായ ആവശ്യങ്ങൾക്ക് കൂടുതലായി ഉപയോഗിക്കുന്ന ഊർജ്ജശ്രോതസ്സ് വൈദ്യുതിതന്നെ. നമ്മുടെ പഞ്ചായത്തിൽ 28 ട്രാൻസ്ഫോർമറുകളിലൂടെ 2-11 - 1996 വരെ നിലവിലുള്ള കണക്ഷനുകളുടെ വിവരം ചുവടെ ചേർക്കുന്നു.

ആവശ്യം	ഉപഭോക്താക്കളുടെ എണ്ണം.	ഇനം	96ൽ നൽകിയകണക്ഷൻ	കണക്ഷൻ ലഭിക്കാൻ ബാക്കിയുള്ളവരുടെ എണ്ണം
ഗാർഹികം	1526	സാധാരണ	55	80
വ്യാപാരം	729	ഒ. റ്റി. പി.	2	4
വ്യാവസായികം	97	ഒ. വൈ. ഇ. സി.	153	18
കാർഷികം	145			
ആകെ	2497	ആകെ	210	102

കൂടാതെ പഞ്ചായത്തിൽ 453 ബൾബുകൾക്കും, 21 ട്യൂബ് ലൈറ്റുകൾക്കും. 1 മെർക്കുറി വേപ്പർ ലാമ്പിനും, 3 സോഡിയം വേപ്പർ ലാമ്പിനും സ്ട്രീറ്റ് ലൈറ്റുപയോഗത്തിനായി വൈദ്യുതി വിനിയോഗിക്കുന്നു. പാവപ്പെട്ട ജനങ്ങൾ കൂടുതൽ അധിവസിക്കുന്ന പലപ്രദേശങ്ങളിലും വൈദ്യുതി എത്തിയിട്ടില്ല എന്നതും, രൂക്ഷമായ വോൾട്ടേജ് ക്ഷാമവുമാണ് ഈ രംഗത്തെ പ്രധാന പ്രശ്നങ്ങൾ.

പാചകാവശ്യത്തിന് വിറകാണ് ജനങ്ങളുടെ പ്രധാന ഊർജ്ജദായിനി. മുൻകാലങ്ങളിൽ ജനസാന്ദ്രതകുറവായിരുന്നതും, മരങ്ങൾ വളർന്നു നിൽക്കുന്ന ധാരാളം പ്രദേശങ്ങൾ ഉണ്ടായിരുന്നതും വിറകിൻെറ ക്ഷാമം അറിയിച്ചിരുന്നില്ല. എന്നാൽ ഇന്നത്തെ സ്ഥിതി അതല്ല. വിറക് ലഭിക്കുക തടസമായിക്കൊണ്ടിരിക്കുന്നു. പഞ്ചായത്തിലുള്ള ഏതാനും തടി അറപ്പുമില്ലുകളിൽ നിന്നും ലഭിക്കുന്ന വിറകാണ് ഈ രംഗത്തെ ഏകപരിഹാരം. ഇത് എല്ലാ സമയത്തും ആവശ്യത്തിന് ലഭ്യമല്ല. പാചക ഉപയോഗത്തിന് ചില ഭവനങ്ങൾ

മണ്ണെണ്ണയും ഉപയോഗിക്കുന്നു. എന്നാൽ ഇതിന്റെ ലഭ്യതയും കുറഞ്ഞുവരുന്നു.

പാചകഗ്യാസിന്റെ ഉപയോഗം സർവ്വസാധാരണമായിട്ടില്ല. ദിനം തോറുമുള്ള വിലവർദ്ധനയും ലഭിക്കാനുള്ള ബുദ്ധിമുട്ടും പാചക വാതക രംഗത്തെ പ്രതിസന്ധികളാണ്. കൂടാതെ ആരംഭത്തിൽ സാധാരണക്കാർക്ക് താങ്ങാനാകാത്ത മുതൽ മുടക്കും വേണ്ടി വരുന്നു. പുതിയ പാചക വാതക കണക്ഷൻ ലഭിക്കുവാൻ പഞ്ചായത്തിൽ ഒരു മാർഗ്ഗവുമില്ല. നമ്മുടെ പഞ്ചായത്ത് ഉൾപ്പെടുന്ന പ്രദേശം ഏത് ഏരിയായിൽ ഉൾപ്പെടുമെന്നുള്ളതുപോലും തർക്കത്തിലാണ്. നിലവിലുള്ള സമീപസ്ഥ ഏജൻസികളൊന്നും നമ്മുടെ ഗ്രാമപ്രദേശത്ത് പുതിയ വിതരണം ഏറ്റെടുക്കുന്നില്ല.

ഊർജ്ജരംഗത്ത് നിലവിലുള്ള സംവിധാനങ്ങൾ ദിവസവുമെന്ന വണ്ണം അപര്യാപ്തം ആയിക്കൊണ്ടിരിക്കുന്നു. ആവശ്യം അനുസരിച്ച് ഉല്പാദനവും, ലഭ്യതയും വർദ്ധിക്കുന്നില്ല. മറ്റ് ഊർജ്ജ ശ്രോതസ്സുകളെക്കുറിച്ച് (പാരമ്പര്യേതര ശ്രോതസ്സുകൾ) ആലോചിക്കുകയാണ് ഒരു പ്രധാന പരിഹാരമാർഗ്ഗം. സൗരോർജ്ജസമ്പാദനത്തിന് നമ്മുടെ ഗ്രാമത്തിൽ സാദ്ധ്യതയുണ്ട്. സ്ട്രീറ്റ് ലൈറ്റുകളും ഗാർഹിക ആവശ്യങ്ങൾക്കും ഇത് മതിയാകും. എന്നാൽ ആദ്യം വേണ്ടിവരുന്ന മുതൽ മുടക്ക് ഈ രംഗത്തും സാധാരണക്കാരന് താങ്ങാനാവാത്തതാണ്. സാമ്പത്തിക സഹായവും വായ്പകളും അനുവദിച്ചുകൊണ്ട് ഈ രംഗത്തേക്ക് ജനങ്ങളെ ആകർഷിക്കുകയും സാങ്കേതിക ഉപദേശങ്ങൾ നൽകുകയുമാണ് അനുകരണീയം.

ഊർജ്ജരംഗത്ത് സ്വയം പര്യാപ്തത എന്ന ലക്ഷ്യമായിരിക്കട്ടെ ഈ രംഗത്തെ ആസൂത്രണത്തിന്റെ അടിത്തറ.

ഗ്രാമസഭകൾ ഉന്നയിച്ച പ്രശ്നപരിഹാര സാദ്ധ്യതകൾ താഴെ ചേർക്കുന്നു.

വൈദ്യുതി എത്താത്ത എല്ലാ പ്രദേശങ്ങളിലും വൈദ്യുതി എത്തിക്കുക.

എല്ലാ വഴികളിലും സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുക.

വഴിവിളക്കുകൾ റിപ്പ്രയറിംഗ് നടത്തുകയും ഊർജ്ജ സംക്ഷണാർത്ഥം ബൾബുകൾക്കുപകരം ട്യൂബ് ലൈറ്റുകൾ ഉപയോഗിക്കുകയും ചെയ്യുക.

എല്ലാ പ്രധാന ബസ് സ്റ്റോപ്പുകളിലും, കവലകളിലും സോഡിയം വേപ്പർ ലാമ്പ് സ്ഥാപിക്കുക.

വീടുകളിൽ സാമ്പത്തിക സഹായം അനുവദിച്ചുപോലും ബൾബുകൾക്കുപകരം ട്യൂബ്ലൈറ്റുകൾ ഉപയോഗിച്ച് വൈദ്യുതി ലാഭിക്കുക.

കിടങ്ങൂർ ഗ്രാമപഞ്ചായത്തിൽ ഒരു 66 കെ. വി. സബ് സ്റ്റേഷൻ സ്ഥാപിക്കുക. ഏറ്റുമാനൂരിൽ നിന്നും പാലായ്ക്ക് പോകുന്ന ഒരു 66 കെ. വി. ലൈൻ ചാർജ് ചെയ്യാതെ ഉപയോഗശൂന്യമായി കിടക്കുന്നുണ്ട്. ഈ ലൈൻ ഉപയോഗിച്ചാൽ വലിയ ചെലവുകൂടാതെ ഇത് സാധിക്കും. അതുവരെ അയർക്കുന്നം പഞ്ചായത്തിൽ അനുവദിച്ചിട്ടുള്ള സബ് സ്റ്റേഷന്റെ ഒരു ഫീഡർ കിടങ്ങൂർ പഞ്ചായത്തിന് അനുവദിക്കുക.

പുകയില്ലാത്ത അടുപ്പു സംവിധാനം വീടുകളിൽ പ്രോത്സാഹിപ്പിക്കുക.

പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുള്ള കാപ്പാസിറ്റികുറഞ്ഞ ട്രാൻസ് ഫോർമറുകൾക്കുപകരം കൂടിയവ സ്ഥാപിക്കുക.

വോൾട്ടേജ് ക്ഷാമമുള്ള പ്രദേശങ്ങളിൽ പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കുകയും. ത്രീഫേസ് ലൈൻ നീട്ടുകയും ചെയ്യുക.

പഞ്ചായത്തിൽ ഒരു ഗ്യാസ് ഏജൻസി അനുവദിക്കുക.

മണ്ണെണ്ണയുടെ ലഭ്യത ഉറപ്പുവരുത്തുക. പെർമിറ്റ് ആവശ്യമുള്ളവർക്ക് അനുവദിക്കുക. പെർമിറ്റ് അനുസരിച്ച് പൂർണ്ണ അളവ് മണ്ണെണ്ണ ലഭ്യമാക്കുക.

റോഡുസൈഡിൽ ഉള്ള സ്ഥലങ്ങളിൽ മരങ്ങൾ വച്ചുപിടിപ്പിച്ച് വിറക് സമ്പാദനസൗകര്യം വർദ്ധിപ്പിക്കുക.


സൗരോർജ്ജ സംഭരണത്തിനും വിനിയോഗത്തിനുമുള്ള പദ്ധതി തയ്യാറാക്കുക.

ഗോബർഗ്യാസ് പ്ലാൻറുകൾ പ്രോത്സാഹിപ്പിക്കുക.

മാർക്കറ്റ്.

കിടങ്ങൂർ പഞ്ചായത്തിൽ മാർക്കറ്റ് സൗകര്യം നിലവിലില്ല. ഒന്നും രണ്ടു സ്ഥലങ്ങളിൽ ആഴ്ചയിലൊരിക്കലോ, രണ്ടുദിവസമോ നടക്കുന്ന വില്പന കേന്ദ്രങ്ങളാണ് മാർക്കറ്റ് എന്നപേരിൽ അറിയപ്പെടുന്നവ. കൃഷിക്കാർക്ക് അവരുടെ ഉല്പന്നങ്ങൾ ക്രയവിക്രയം ചെയ്യുന്നതിനുള്ള സൗകര്യം ലഭ്യമല്ല. റബ്ബർ പോലുള്ള ഉല്പന്നങ്ങളുടെ വ്യാപാരലാഭം ഇടത്തട്ടുകാർ ചൂഷണം ചെയ്യുന്ന സ്ഥിതിയാണുള്ളത്. രണ്ടോ മൂന്നോ വാർഡുകൾക്ക് ഒരു മാർക്കറ്റ് എന്നരീതിയിൽ മാർക്കറ്റിംഗ് സംവിധാനമുണ്ടാക്കണം നാട്ടിലെ ഉല്പാദന വസ്തുക്കൾ നാട്ടിലെ ആവശ്യത്തിനുതന്നെ മിതമായ വിലയ്ക്ക് ലഭ്യമാക്കി ഇടത്തട്ടുകാരെ ഒഴിവാക്കാൻ ഇത് സഹായിക്കും. മാർക്കറ്റും, പരിസരവും ശുചിയായി സൂക്ഷിക്കുന്നതിനുള്ള സംവിധാനവും ഉണ്ടാകണം.

വഴിയോരങ്ങളിലെ മത്സ്യ- മാംസവില്പന നിയന്ത്രിക്കുക. ഇത് വളരെയേറെ പരിസ്ഥിതി മലിനീകരണത്തിനും, നായ്ക്കളുടെ അഴിഞ്ഞാട്ടത്തിനും ഇടയാകുന്നു. കൊതുകുപോലുള്ള ക്ഷുദ്രജീവികൾ പെരുകുന്നതിനും കാരണമാകുന്നു. ഈ രംഗത്ത് സമഗ്രമായ ഒരു ആസൂത്രണം ആവശ്യമാണ്.



പാർപ്പിടവും സാമൂഹ്യക്ഷേമവും

പാർപ്പിടം.

ആഹാരവും, വസ്ത്രവും കഴിഞ്ഞാൽ മനുഷ്യരുടെ സുപ്രധാന ആവശ്യമാണ് പാർപ്പിടം. നല്ലചൂടും, ധാരാളംമഴയും, മഞ്ഞും ഉള്ള കാലാവസ്ഥ പ്രദേശമാകയാൽ നമ്മുടെ ഗ്രാമപഞ്ചായത്തിൽ വീടുകൾ വാസയോഗ്യ മാക്കുക ശ്രദ്ധാപൂർവ്വം ചെയ്യേണ്ടതുണ്ട്. മുൻകാലങ്ങളിൽ തടിയുടെ സുലഭത നിരയും തട്ടുമുള്ള പുരകൾക്ക് രൂപം നൽകി. പുരാതന വാസ്തുശില്പം കൊണ്ട് അനുഗ്രഹീതമായ പലഭവനങ്ങൾ ഇന്നും നമ്മുടെ പഞ്ചായ ത്തിലുണ്ട്. എന്നാൽ അക്കാലത്തെ കൃഷിപ്പണി ക്കാരുടേയും മറ്റു പിന്നോക്ക വിഭാഗങ്ങളുടെയും ഭവനങ്ങൾ അടച്ചുറപ്പുള്ളവയോ, പ്രകൃതി ക്ഷോഭങ്ങളിൽ നിന്നും രക്ഷ തേടുന്നതിന് പര്യപ്തങ്ങളോ ആയിരുന്നില്ല. ഭക്ഷണവും, വസ്ത്രവും സമ്പാദിക്കുന്നതിനുള്ള ബദ്ധപ്പാടിൽ സാധാരണ ജനങ്ങൾ വീട് സംരക്ഷണത്തിനോ, പുതുക്കിപണിയുന്നതിനോ അത്ര ശ്രദ്ധവച്ചിരുന്നില്ല. അതിന് കഴിവും ഉണ്ടായിരുന്നില്ല.

1970 കാലഘട്ടത്തോടെ ഗ്രാമീണരുടെ വീടു സങ്കൽപ്പത്തിന് മാറ്റം വന്നതായി കാണാൻ കഴിയും. വൈദ്യുതിയുടെ ആഗമനവും ഗൃഹോപകരണ ങ്ങളുടെ ആധുനീകതയും സൗകര്യപ്രദമായ വീടുകളുടെ ആവശ്യത്തിലേക്ക് ജനങ്ങളെ നിർബന്ധിതരാക്കി. പഴയ വീടുകൾ നവീകരിക്കു കയും പുതിയ വീടുകൾ നിർമ്മിക്കുകയും ചെയ്യാ നുള്ള ആഗ്രഹവും ആവശ്യവും ബലപ്പെട്ടു. ഇന്ന് പഞ്ചായത്തിലുള്ള വീടുകളുടെ വിവരം പട്ടികയായി ചുവടെ ചേർക്കുന്നു.

കിടങ്ങൂർ ഗ്രാമപഞ്ചായത്ത്

ഭവനനിർമ്മാണം സംബന്ധിച്ച വിവരങ്ങൾ

വാർഡ്	ഓലപ്പുര നിലകൾ	ഓടിട്ടവ ഉള്ളവ	വാർക്കപ്പണിയുള്ളവ ആകെ വീട്			ആവശ്യമുള്ള കുടുംബങ്ങൾ
1	120	300	110	215	745	27
2	50	200	100	80	430	20
3	100	100	75	52	327	45
4	70	600	172	21	863	22
5	25	300	65	291	681	36
6	35	150	40	291	516	23

7	25	100	45	388	558	30
8	20	120	42	372	554	24
9	48	198	30	98	374	46
10	38	215	125	49	427	42
ആകെ	531	2283	804	1857	5475	315

ലഭ്യമായ കണക്കുകളനുസരിച്ച് പഞ്ചായത്തിലുള്ള 5500 ഓളം ഭവനങ്ങളിൽ 55% വീടുകൾ മാത്രമാണ് ഉറപ്പുള്ളവയും സൗകര്യങ്ങൾ സമാനൃമായുള്ളതും. അഞ്ഞൂറിലധികം കെട്ടിടങ്ങൾ ഓലപ്പുരകളാണ്. ഓടിട്ടവകയിൽ ഭൂരിപക്ഷവും പഴക്ക ഭീഷണിയെ നേരിടുന്നവയുമാണ്.

പുരമേയുന്നതിനുപയോഗിച്ചുപോരുന്ന പനയോലയും, തെങ്ങോലയും ഇന്ന് കിട്ടാനില്ലാത്ത സ്ഥിതി ആയിരിക്കുന്നു. നമ്മുടെ പഞ്ചായത്തിൽ കുടപ്പനകൾ വംശനാശ ഭീഷണിയെ നേരിട്ടുകൊണ്ടിരിക്കുകയാണ്. ഏറ്റവും വലിയ പ്രശ്നം ഭവനനിർമ്മാണരംഗത്ത് ഇന്നുള്ളത് ഈ ഓലപ്പുരകൾ ഓടുമേഞ്ഞവയാക്കുകയും, പഴയ വീടുകൾ പുതുക്കിപണിയുകയുമാണ്. പട്ടികജാതിയിലും, മറ്റ് പിന്നോക്ക വിഭാഗങ്ങളിലും പെട്ടവരുടേതാണ് ഇത്തരംഭവനങ്ങളിൽ തൊണ്ണൂറുശതമാനവും. ഈ വിഭാഗത്തിൽപ്പെടുന്ന 315 കുടുംബങ്ങൾക്ക് ഭവനവും, അതിൽ 72 പേർക്ക് ഭവനം നിർമ്മിക്കുന്നതിനുള്ള സ്ഥലവും ഇല്ലാത്തവരാണ് ഇതേസമയം കെട്ടിടനിർമ്മാണരംഗത്ത് അനാവശ്യചെലവുകൾ ചെയ്ത് കെട്ടിടം മോടിപ്പെടുത്തുന്നവരെയും അങ്ങിങ്ങ് കാണാം.

ഭവനനിർമ്മാണ വസ്തുക്കളുടെ അനിയന്ത്രിതമായ വിലക്കയറ്റമാണ് ഇന്ന് ഈ രംഗത്തെ മരു പ്രശ്നം. കമ്പി, സിമൻറ് തുടങ്ങിയവയുടെ വില കഴിഞ്ഞ 10 വർഷം കൊണ്ട് 500% വരെ വർദ്ധിച്ചിരിക്കുന്നു. ധാരാളം മണ്ണിഷ്ടിക നിർമ്മിക്കുന്ന നമ്മുടെ പഞ്ചായത്തിൽ ചുടുകട്ടക്കുപോലും വർഷം തോറും വിലവർദ്ധിക്കുകയാണ്. അതിനുപകരമായി ഉണ്ടായ സിമൻറ് ഇഷ്ടികകൾക്കും ഇന്ന് വിലവർദ്ധിച്ചു കൊണ്ടിരിക്കുന്നു.

വിദഗ്ധതൊഴിലാളികളുടെ അഭാവവും, അവരുടെ കൂലിവർദ്ധനയുമാണ് മറ്റൊരു പ്രശ്നം അവിദഗ്ധതൊഴിലാളികൾക്കുപോലും ദിവസം പ്രതി കൂലി വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ഈ പ്രശ്നങ്ങലെല്ലാം ചേരുബോൾ സാധാരണ ജനങ്ങളുടെ ഭവന സങ്കല്പം സ്വപ്നമായി പരരിഞ്ഞിരിക്കുന്നു. ഭവനം ആവശ്യമുള്ളവരിൽ ബഹുഭൂരിപക്ഷത്തിനും സ്വയം പണമുണ്ടാക്കി ഭവനം നിർമ്മിക്കുവാൻ കഴിവില്ലാത്തവരാണ്.

ഇവിടെയാണ് ഹൗസിംഗ് സഹകരണസംഘങ്ങളുടെ പ്രസക്തി. നമ്മുടെ പഞ്ചായത്തിൽ 1990 ൽ ആരംഭിച്ച് 1024 അംഗങ്ങളുള്ള ഒരു ഹൗസിംഗ് സഹകരണസംഘം പ്രവർത്തിക്കുന്നുണ്ട്. പത്തര ലക്ഷത്തോളം രൂപാ ഓഹരി മൂലധനമുള്ള ഈ സ്ഥാപനം 32 പേർക്ക് 18 ലക്ഷം രൂപയാണ് ഇതുവരെ നൽകിയിട്ടുള്ള ഭവന നിർമ്മാണ വായ്പ. വായ്പലഭിക്കുന്നതിനുള്ള ചെലവും ബുദ്ധിമുട്ടുമേറിയ നടപടിക്രമങ്ങൾ താങ്ങാനാവാത്ത പലിശനിരക്കും ആണ് ജനങ്ങളെ കടം എടുത്ത് വീടുപണിയുന്നതിൽ വിമുഖരാക്കുന്നത്.

പട്ടിക ജാതിക്കാരും, മറ്റുപിന്നോക്കവിഭാഗങ്ങളും താമസിക്കുന്ന കോളനിപ്രദേശങ്ങളിലെ ഭവനങ്ങൾ യാതൊരു സൗകര്യവുമില്ലാത്തവയാണ്. നിർമ്മിച്ചകാലത്തെ തന്നെ ഏറ്റവും പരിമിത സൗകര്യങ്ങളുള്ള വീടുകളായിരുന്നു അവ. പഴക്കം കൊണ്ടും, സൗകര്യക്കുറവുകൾകൊണ്ടും അവയെല്ലാം തന്നെ പുതുക്കി പണിയേണ്ടിയിരിക്കുന്നു.

കെട്ടിടനിർമ്മാണത്തൊഴിലാളികൾക്കും അവരുടേതായ പ്രശ്നങ്ങളുണ്ട്. അസംഘടിതരായിരുന്ന അവർ അവിടവിടെ സംഘടിച്ച് അസ്തിത്വത്തിനുവേണ്ടിയുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുവാൻ ആരംഭിച്ചിട്ടുണ്ട്.

ഭവനനിർമ്മാണരംഗത്തെ ആവശ്യങ്ങൾ ചുവടെ ചേർക്കുന്നു.

1. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് വീടുവെക്കുവാനും, പരിരക്ഷിക്കുവാനും ആവശ്യമായ ദൂർഘകാല വായ്പകൾ അനുവദിക്കുകയും, പലിശ നിരക്കുകൾ ഉദാരമാക്കുകയും ചെയ്യുക.
2. നിർദ്ധന കുടുംബങ്ങളുടെ കുടിലുകളും വീടുകളും വാസയോഗ്യ സൗകര്യത്തോടെ നിർമ്മിക്കുന്നതിന് സൗജന്യ സാമ്പത്തിക സഹായവും, ചിലവ് കുറഞ്ഞ വീടുകൾ നിർമ്മിക്കുന്നതിന് നിർമ്മിത കേന്ദ്രത്തിന്റെ നിർദ്ദേശവും സഹായവും ലഭ്യമാക്കുക.
3. ഭവന നിർമ്മാണ കാര്യത്തിൽ പട്ടികജാതിക്കാർക്ക് മുൻഗണന നൽകുക.
4. പ്രാദേശികമായുള്ള ഭവന സഹകരണ സംഘത്തിന്റെ പ്രവർത്തനം വിപുലമാക്കുക.
5. കെട്ടിടനിർമ്മാണത്തിന് പരിശീലനം കൊടുക്കുവാനുള്ള ഒരു പരിശീലനകേന്ദ്രം തുടങ്ങുക.

6. പ്രാദേശികമായി ലഭ്യമായ മണൽ, കുറഞ്ഞ ചിലവിൽ സംവിധാനം ഉണ്ടാക്കുക.

7. ആഡംബരമായി നിർമ്മിക്കുന്ന കെട്ടിടങ്ങൾക്ക് കൂടുതൽ ടാക്സ് ഏർപ്പെടുത്തി ഈ തുക ദുർബല വിഭാഗങ്ങൾക്ക് വീടു വെച്ചു കൊടുക്കുവാൻ ഉപയോഗിക്കുക.

8. ഭവനനിർമ്മാണ സാമഗ്രികൾ ന്യായമായ വിലക്ക് ലഭ്യമാക്കുകയും, വീടുകൾ നർമ്മിക്കുവാൻ അനുവദിക്കുന്ന വായ്പകൾ, അതിനുവേണ്ടി ഉപയോഗിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുകയും ചെയ്യുക.

9. പുറമ്പോക്ക് നിവാസികൾക്ക് സ്ഥലവും വീടും ലഭ്യമാക്കുക.

10. കിടങ്ങൂർ പഞ്ചായത്ത് രണ്ടാം വാർഡിൽ സ്ഥിതി ചെയ്യുന്ന ഗവൺമെൻറ് ക്വാർട്ടേഴ്സുകൾ വർഷങ്ങളായി മെയിൻറൻസ് നടക്കാതെ ചോർന്നൊലിച്ച് നശിച്ചുകൊണ്ടിരിക്കുകയും, ആകെട്ടിടങ്ങളിലെ കക്കൂസുകൾ പൊട്ടി ദുർഗ്ധവും, പരിസ്ഥിതി പ്രശ്നവും സൃഷ്ടിച്ച് സമീപവാസികൾക്ക് അസഹനീയവുമായിരിക്കുന്നു. കൃഷി ഭവൻ, മൃഗാശുപത്രി തുടങ്ങിയവ ഇതിൽ ചില കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത് എത്രയും പെട്ടെന്ന് ഈ സ്ഥലവും കെട്ടിടങ്ങളും പഞ്ചായത്തിനെ ഏല്പിക്കുക.

സാമൂഹ്യക്ഷേമം

ദാരിദ്ര്യ നിർമ്മാർജ്ജനം, ആരോഗ്യകരമായ സമൂഹം, ഉച്ചനീചത്വങ്ങൾ ഇല്ലായ്മ, എല്ലാ ഉപയോഗവസ്തുക്കളുടേയും സന്തുലിതമായ വിതരണം എന്നിവയാണ് സാമൂഹ്യക്ഷേമത്തിൻെറ അടിത്തറ. ദാരിദ്ര്യ നിർമ്മാർജ്ജനത്തിന് കേന്ദ്ര സംസ്ഥാന സർക്കാരുകൾ നടപ്പിലാക്കുന്ന പദ്ധതികളും, തൊഴിലാളിക്ഷേമനിധി ബോർഡുകൾ ആവിഷ്ക്കരിക്കുന്ന പരിപാടികളും, പൊതുവിതരണ സമ്പ്രദായവുമൊക്കെയാണ് ഇന്ന് ഈ രംഗത്ത് നിലവിലുള്ള പദ്ധതികൾ.

ഉഴവൂർ ബ്ലോക്ക് ഡവലപ്മെൻറ് ഓഫീസ് മുഖാന്തിരം ലഭിക്കുന്ന സഹായപദ്ധതികളാണ് പഞ്ചായത്തിൽ നടപ്പിലാക്കികൊണ്ടിരിക്കുന്നത്. ഈ പദ്ധതികളൊക്കെത്തന്നെ ആവശ്യവുമായി തട്ടിച്ചു നോക്കുമ്പോൾ തീരെ അപര്യാപ്തങ്ങളാണ്. പദ്ധതിയെക്കുറിച്ചുള്ള അറിവില്ലായ്മയും, ആവശ്യസമയത്ത് സഹായധനം ലഭ്യമാകായ്മയും, ലഭ്യമാക്കുന്നതിനു കടക്കേണ്ട നിയമക്കുരുക്കുകളും ഈ പദ്ധതികൾ അർഹതയുള്ളവർക്ക് പ്രയോജനകരമാകാറില്ല. തൊഴിലാളി ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനവും കാര്യക്ഷമമല്ല. പട്ടികജാതി വികസന കോപ്പറേഷൻ, വനിതാ വികസനകോപ്പറേഷൻ തുടങ്ങിയവയുടെ പദ്ധതികളെക്കുറിച്ച് ജനങ്ങൾക്ക്യാതൊരറിവുമില്ല.

കണക്കുകൾ പരിശോധിക്കുമ്പോൾ നമ്മുടെ ഗ്രാമപഞ്ചായത്തിൽ സാമൂഹ്യക്ഷേമരംഗത്ത് നടപ്പാക്കപ്പെട്ടിട്ടുള്ള പദ്ധതികൾ ആവശ്യത്തിനു മതിയാകുന്നില്ല എന്ന് വ്യക്തമാക്കും. ആവശ്യവുമായി തട്ടിച്ചുനോക്കുമ്പോൾ അനുവദിക്കപ്പെട്ടവ വെറും 6% മാത്രമാണെന്നുകാണാം.

ഐ. ഇആർ. ഡി. പി. സർവ്വേ പ്രകാരം കിടങ്ങൂർ പഞ്ചായത്തിൽ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരുടെ എണ്ണം ചുവടെചേർക്കുന്നു.

വാർഡ്	എണ്ണം	പട്ടികജാതി
1	159	4
2	122	2
3	121	
4	115	2
5	164	3
6	107	
7	159	3
8	107	
9	94	
10	106	2
ആകെ	1255	16

16 പട്ടികജാതി കുടുംബങ്ങളുൾപ്പെടെ 1255 കുടുംബങ്ങൾ ദാരിദ്ര്യ രേഖയ്ക്കുതാഴെയാണെന്നും ഇവരിൽ 11 പട്ടികജാതികുടുംബങ്ങൾ ഉൾപ്പെടെ 270 പേർക്ക്. 1991 മുതലായി സഹായധനങ്ങൾ അനുവദിച്ചു എന്നും കാണുന്നു. ഇതിൽ 8 പട്ടികജാതി കുടുംബങ്ങൾ സഹായത്തിനുശേഷം ദാരിദ്ര്യരേഖയ്ക്കു മുകളിലെത്തിയതായും കാണുന്നു. മറ്റുള്ളവരുടെ സ്ഥിതിക്ക് വ്യക്തമായകണക്ക് ലഭിച്ചിട്ടില്ല. ഇന്നും ആയിരത്തോളം കുടുംബങ്ങൾ ദാരിദ്ര്യരേഖയ്ക്കു താഴെയാണെന്ന് സംശയമില്ലാതെ കണക്കാക്കാം.

10 ൽ കൂടുതൽ വനിതകൾ ചേർന്ന് രൂപപ്പെടുത്തുന്ന തൊഴിൽ സംരഭങ്ങൾക്ക് സഹായം നൽകുന്ന പദ്ധതി ഡി ഡബ്ലിയു. സി. ആർ. എ. അനുസരിച്ച് നമ്മുടെ ഓരോഡയറിയൂണിറ്റുകൾ ആരംഭിച്ചു. വനിതാക്ഷേമരംഗത്തുള്ള ഈ പ്രവർത്തനം വിജയകരമായി നടക്കുന്നു എന്നതാണ് റിപ്പോർട്ട്. എന്നാൽ 6 ാം വാർഡിൽ ആരംഭിച്ച മുയൽ വളർത്തൽ, മുയലുകളെല്ലാം ചത്തുപോയതിനാൽ പരാജയപ്പോട്ടു.

18 വയസ്സിനും 35 വയസ്സിനും ഇടയ്ക്കുള്ള യുവതീയുവാക്കൾക്ക് സ്വയം തൊഴിൽ നേടുന്നതിനുള്ള പരിശീലന പരിപാടി ട്രൈസം പ്രകാരം 1990 മുതൽ നാളിതുവരെ 26 പേർക്ക് റേഡിയോ മെക്കാനിസം, ഫർണീച്ചർ നിർമ്മാണം, ഖാദിനെയ്ത്ത്, പ്ലംബിംഗ്, തുടങ്ങിയവയിലായി പരിശീലനം നൽകിയിട്ടുണ്ട്. എന്നാൽ ഇതിൽ എത്രപേർ ആ തൊഴിലിൽ ഏർപ്പെട്ടു എന്നതിന് രേഖകളില്ല. തൊഴിലില്ലാത്ത യുവതീയുവാക്കളിൽ 26 പേർക്കു മാത്രമാണ് 6 വർഷം കൊണ്ട് തൊഴിൽ പരിശീലനം നൽകിയത് എന്നത് പദ്ധതിയുടെ അപര്യാപ്ത വിളിച്ചു പറയുന്നു.

ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ള കുടുംബങ്ങൾക്ക് കക്കൂസ് നിർമ്മിച്ചുകൊടുക്കുന്ന പദ്ധതി സി. ആർ. എസ്. പി. പ്രകാരം 14 കക്കൂസുകളുടെ പണി പൂർത്തീകരിക്കുകയും, 11 എണ്ണത്തിന്റെ പണി നടക്കുകയും ചെയ്യുന്നു. കക്കൂസുകൾ ഇല്ലാത്ത 441 കുടുംബങ്ങൾ പഞ്ചായത്തിലുള്ളപ്പോൾ ഈ പദ്ധതിയും എത്രസാവധാനമാണ് നടക്കുന്നത് എന്ന് ബോദ്ധ്യമാകുമല്ലോ.

നമ്മുടെ പഞ്ചായത്തിൽ അംഗൻവാടികളൊന്നും പ്രവർത്തിക്കുന്നില്ല. 2,4,6,10 എന്നീവാർഡുകളിൽ പ്രവർത്തിക്കുന്ന നീല് മാതൃ ശിശു സംരക്ഷണകേന്ദ്രങ്ങളിലായി കഴിഞ്ഞ 6 വർഷം കൊണ്ട് 205 അമ്മമാരുടേയും 946 ശിശുക്കളുടേയും ആരോഗ്യപരിപാലനം നടക്കുന്നു. പിറയാറിൽ രജിസ്റ്റർ ചെയ്യപ്പെട്ട ഒരു ആശാൻ കളരിയിൽ 36 കുട്ടികൾ പഴയരീതിയിൽ നിലത്തൊഴുത്ത് പഠിക്കുന്നു.

പഞ്ചായത്തിൽ ഓരു വയസ്സിനു താഴെ പ്രയമുള്ള 156 കുട്ടികളും 1 വയസ്സിനും 2 വയസ്സിനും 6ഇടയ്ക്കുള്ള 1742 കുട്ടികളും ഇണ്ടെന്നും, അവരെല്ലാം സധാരണ ആരോഗ്യമുള്ളവരാന്നും കണക്കുകൾ സൂചിപ്പിക്കുന്നു. മിക്കവാറും മുഴുവൻ കുട്ടികൾക്കും തന്നെ പ്രതിരോതകുത്തിവയ്പുകളും, വിറ്റാമിൻ, മിനറൽസ് അടങ്ങുന്ന ഗുളികകളും നൽകപ്പെട്ടിട്ടുണ്ട്.

വിധവകൾക്കും, വികലാംഗർക്കും, കർഷകത്തൊഴിലാളികൾക്കും അനുവദിക്കുന്ന പെൻഷൻ പദ്ധതി പ്രകാരം പഞ്ചായത്തിൽ എത്രപേർക്ക് അവ ലഭിക്കുന്നു എന്ന് വ്യക്തമായ കണക്ക് ലഭിച്ചിട്ടില്ല. അതുപോലെ തൊഴില്ലായ്മ വേതനം പറ്റുന്നവരുടേയും കണക്ക് വ്യക്തതയില്ലാത്തതാണ്. കർഷകതൊഴിലാളിപെൻഷനു, തൊഴിലില്ലായ്മ വേതനവും അനർഹരായവർ പറ്റുന്നു എന്ന ആരോപണം പരക്കെയുണ്ട്.

കൊട്ടിട നിർമ്മാണ തൊഴിലാളിക്ഷേമം, ആഭരണ നിർമ്മാണ തൊഴിലാളിക്ഷേമം എന്നിവയ്ക്ക് നമ്മുടെ പഞ്ചായത്തിൽ ഏറെ പ്രസക്തിയുണ്ട്. എന്നാൽ ഇവർക്കു വേണ്ടിയുള്ള പ്രത്യേകക്ഷേമനിധികളിൽ എത്രപേർ ചേർത്തിട്ടുണ്ട്ന്നോ, ബോർഡുകളുടെ പ്രവർത്തനത്തെക്കുറിച്ച് എത്രപേർക്ക് അറിയാമെന്നോ സൂചനയില്ല.

പൊതുവിതരണ രംഗത്തെ നമ്മുടെ മുഖ്യകണ്ണി റേഷൻ ഷാപ്പുകളാണ്. അരിയുടെ വിലക്കയറ്റം അല്പമെങ്കിലും നിർത്തുന്നത് നമ്മുടെ റേഷൻ ഷാപ്പുകളാണ് എന്നതിൽ തർക്കമില്ല. എന്നാൽ അവയുടെ പ്രവർത്തനം തൃപ്തികരമാണെന്നും പറഞ്ഞുകൂടാ. പ്രധാനമായും അരി, ഗോതമ്പ്, മണ്ണെണ്ണ, പഞ്ചസാര എന്നിവയാണ് റേഷൻ ഷോപ്പുകളിലൂടെ വിതരണം ചെയ്യുന്നത്. നിത്യോപയോഗസാധനങ്ങൾക്കുള്ള വിതരണവും റേഷൻ കടകളെ ഏല്പിച്ച് അവയെ പൊതുവിതരണ കേന്ദ്രമാക്കിയിരിക്കുന്നു. ഇത് ഗുണകരമാണെന്നും പറഞ്ഞുകൂടാ. റേഷൻകടകളെ അങ്ങനെ തന്നെ നിലനിർത്തുകയും, മറ്റ് നിത്യോപയോഗസാധനങ്ങൾക്കുവേണ്ടി പഞ്ചായത്തിൽ രണ്ട് വാർഡിന് ഒന്ന് എന്നതോതിലെങ്കിലും മാവേലിസ്റ്റോറുകൾ ആരംഭിക്കുകയും പ്രവർത്തനം സുഗമമാക്കുകയും വേണമെന്നാണ് ഗ്രാമസഭയിൽ ഉയർന്നുകേട്ട ആവശ്യം. മറ്റ് നിർദ്ദേശങ്ങളും ചുവടെ ചേർക്കുന്നു.

1. പഞ്ചായത്തിലെ പ്രധാനകേന്ദ്രങ്ങളിലെല്ലാം കംഫർട്ട് സ്റ്റേഷനും ശുചിയായി സൂക്ഷിക്കുവാനും നടപടി സ്വീകരിക്കുക.

2. പ്രാഥമിക സൗകര്യങ്ങൾ ശുചിയായി സൂക്ഷിക്കുവാനും നടപടി സ്വീകരിക്കുക.

3. പഞ്ചായത്തിലെ എല്ലാ കോളനികളിലും, മറ്റു വീടുകളിലും

വെള്ളവും വെളിച്ചവും എത്തിക്കുക.

4. പൊതു ശ്മശാനത്തിലേയ്ക്കുള്ള ഗതാഗത സൗകര്യം ഉണ്ടാക്കുക.

5. പഞ്ചായത്ത് ആസ്ഥാനത്ത് പഞ്ചെയത്തിലെ റേഷൻ കടകളിൽ റേഷൻ സാധനങ്ങൾ അതായത് ആഴ്ചയിൽ വിലകളും പ്രദർശിപ്പിക്കുകയും, പെൻഷനും മറ്റ് ആനുകൂല്യങ്ങളും അർഹരായവർക്ക് കിട്ടുന്ന തെങ്ങിനെയെന്ന് അറിയിക്കുവാൻ ഒരു ഇൻഫർമേഷൻ സെൻററും സ്ഥാപിക്കുക.

ആവശ്യമായ സ്ഥലങ്ങളിൽ മാർക്കറ്റുകളും, കശാപ്പ്ശാലകളും തുടങ്ങി അല വ്യത്തിയായി സൂക്ഷിക്കുവാനുള്ള എർപ്പാട് ഉണ്ടാക്കുക.

പഞ്ചായത്തിലെ എല്ലാ വാർഡുകളിലും അംഗൻവാടികളും ക്രഷറുകളും സ്ഥാപിക്കുകയും, പഞ്ചാത്തിൽ ഒരു വൃദ്ധ മന്ദിരം പൊതുമേഖലയിൽ സ്ഥാപിക്കുകയും ചെയ്യുക.

പണംവെച്ചുള്ള ചീട്ടുകളി, മോഷണം എന്നിവ നിയന്ത്രിക്കുവാൻ പോലീസ് പട്രോളിംഗ് ശക്തമാക്കുക.

പഞ്ചായത്തിലെ എല്ലാ വഴികളിലും വഴിവിളക്കുകൾ സ്ഥാപിക്കുകയും, എല്ലാ സ്ഥലങ്ങളിലും ഓടകളും ഡ്രയിനേജുകളും നിർമ്മിക്കുകയും ചെയ്യുക.

കൈക്കൂലി വാങ്ങുന്നതിനുവേണ്ടി സർക്കാർ ഉദ്യോഗസ്ഥർ കണ്ടുപിടിക്കുന്ന ദുർന്യായങ്ങൾ നിർത്തുവാനുള്ള നടപടി സ്വീകരിക്കുക.

പഞ്ചായത്ത് കേന്ദ്രത്തിൽ ഒരു ഗ്രാമ സേവക ഓഫീസ് അടിയന്തിരമായി തുറക്കുക.

പഞ്ചായത്തിലെ എല്ലാ നടപടി എടുക്കുകയും കൂടുതൽ പുസ്തകങ്ങൾ വാങ്ങുന്നതിന് ഗ്രാൻറ് അനുവദിപ്പിക്കുകയും ചെയ്യുക.

ആയുർവ്വേധ ആശുപത്രി കോമ്പൗണ്ട് അടവാക്കി കൂടുതൽ നിലകൾ പണിത് വാട്ടർ സപ്ലൈ, കിടപ്പ് സൗകര്യങ്ങൾ വർദ്ധിപ്പിക്കുക.

1,2,3 വാർഡുകളെ കേന്ദ്രീകരിച്ച് കോട്ടപ്പുറത്ത് ഒരു ആയുർവ്വേദ ഡിസ്പെൻസറിയും, എല്ലാവാർഡിലും പ്രൈമറി ഹെൽത്ത് സെൻററിൻെറ കീഴിൽ ഓരോ എലോപ്പതി സബ് സെൻററും അനുവദിക്കുക.

പ്രൈമറി ഹെൽത്ത് സെൻററിൽ ആവശ്യമായ ഡോക്ടർമാരെ നിയമിക്കുകയും സബ് സെൻററുകളിൽ സ്ഥിരം ഡോക്ടർ ഉണ്ടാകാൻ നടപടിയും സ്വീകരിക്കുക.

ദരിദ്ര ജന വിഭാഗങ്ങളുടെ കുട്ടികൾക്ക് വിദ്യാഭ്യാസ സൗജന്യം സാർവ്വത്രികമാക്കുക പട്ടിക ജാതി പിന്നോക്ക സമുദായം എന്നിവർക്ക് നൽകുന്ന സ്കോളർഷിപ്പുകൾ വിദ്യാഭ്യാസത്തിന് മുൻഗണനൽകുകയും ആവശ്യമായ ചിലവുകൾ സമയത്തിന് ലഭിക്കുന്നതിനും വേണ്ട നിയമനടപടി ഉണ്ടാവുകയും ചെയ്തു.

പഞ്ചായത്തിൽ ഒരു സാങ്കേതിക തൊഴിൽ പരിശീലന വിദ്യാഭ്യാസ സ്ഥാപനം തുടങ്ങുക.


ചെറുകിട കർഷകർക്ക് പെൻഷൻ ആനുകൂല്യം ലഭ്യമാക്കുക.

കെട്ടിട നിർമ്മാണത്തിന് ആവശ്യമായ സാധനങ്ങൾ കൊണ്ടുപോകത്തക്കവിധം ഗ്രാമീണ റോഡുകൾ പുനരുദ്ധരിക്കുക.

അനധികൃത മദ്യ വില്പന തടയുക.

കോട്ടപ്പുറം ജംഗ്ഷനിലെ ട്രാഫിക് സംവിധാനം പരിഷ്കരിക്കുകയും ഓട്ടോറിക്ഷാ സ്റ്റാൻറ് ലോറിസ്റ്റാൻറ് എന്നിവ മാറ്റി സ്ഥാപിക്കുകയുംചെയ്തു.

കോട്ടപ്പുറം ജംഗ്ഷനിൽ പ്രധാനപ്പെട്ട അറിയിപ്പുകൾ പ്രസിദ്ധപ്പെടുത്തുവാൻ ഒരു നോട്ടീസ് ബോർഡ് സ്ഥാപിക്കുക.



സംസ്കാരം

സാംസ്ക്കാരികമായി ഉന്നത നിലവാരം പുലർത്തുന്ന ഒരു ജനത തിങ്ങിപ്പാർക്കുന്ന ഗ്രാമമാണ് കിടങ്ങൂർ. വിവിധ ആചാരാനുഷ്ഠാനങ്ങളോടെ ജീവിക്കുന്ന ഹിന്ദു സമൂഹവും കൃസ്ത്യൻ സമൂഹവും രണ്ടിനേറയും അവാന്തര വിഭാഗങ്ങളും പരസ്പരം ധാരണയോടും വിശ്വാസത്തോടും ജീവിച്ചുപോരുന്നു. വർഗ്ഗ വൈരങ്ങൾക്കോ കലാപങ്ങൾക്കോ ഒരിക്കലും നമ്മുടെ ഗ്രാമം സാക്ഷ്യം വഹിക്കേണ്ടിവന്നിട്ടില്ല. അന്യസ്ഥലങ്ങളിൽ നിന്നും കുടിയേറ്റം നടത്തിയെന്നു വിശ്വസിക്കാവുന്ന തമിഴ് ബ്രാഹ്മണരും, തമിഴ് വിശ്വകർമ്മജരും വീടുകളിൽ പരസ്പരം സംസാരിക്കുവാൻ അവരുടേതായ ഭാഷ ഉപയോഗിക്കുന്നു എങ്കിലും സമൂഹത്തിൽ അവരും നമ്മുടെ ഭാഷയും ജീവിത രീതിയും ഉപയോഗിക്കുന്നുയെന്നത് നമ്മുടെ സംസ്കാരവുമായി ഇഴുകി ചേർന്നിരിക്കുന്നു എന്നതിന് തെളിവാണ്. ഏതാണ്ട് 26ൽ പരം ജാതിമത വർഗ്ഗത്തിൽ പെടുന്നവർ താമസിച്ചുവരുന്ന ഈ ഗ്രാമത്തിൽ മുസ്ലീമുകളുടെ എണ്ണം വിരലിൽ എണ്ണാവുന്നതുമാത്രമാണ്.

സാഹിത്യം കല, മൂല്യബോധം, നമ്മുടെ ആചാരങ്ങളും, അനാചാരങ്ങളും എല്ലാം ചേർന്നതാണ് സംസ്കാരം. നമ്മുടെ ജൻമവാസനകളെ സമൂഹത്തിന് പ്രയോജനകരമാക്കി മാറ്റി, സമൂഹത്തെ കർമ്മ ചരിതമാക്കി ജീവിത സാക്ഷാൽക്കാരം നേടുകയാണ് സംസ്കാരം കോണ്ട് നേടേണ്ടത്. ഇങ്ങനെ സംസാക്കാര സമ്പന്നരാകുന്ന ഒരു ജനതതിക്കേ പുരോഗതിയിലേക്ക് കടന്നുചെല്ലുവാനും കഴിയു.

കിടങ്ങൂർ ശ്രീ സുബ്രമണ്യ സ്വാമി ക്ഷേത്രങ്ങളു മടക്കം പ്രശസ്തങ്ങളായ 12 ക്ഷേത്രങ്ങളും പുരാതന മായ 9 ക്രിസ്തിൻ ആരാധനാലയവും ഗുരുമന്ദിരങ്ങളു മടക്കമുള്ള മറ്റ് ആരാധനാലയങ്ങളു് നമ്മുടെ സംസ്കാരത്തിന്റെ പ്രതീകങ്ങളായി നിലകൊള്ളുന്നു. പണ്ട് സംസ്ക്കാരത്തിന്റെ കേന്ദ്രബിന്ദുവായി വർത്തിച്ചിരുന്നത് ഇവയെക്കെ തന്നെയാണ്. ഉൽസവങ്ങളും പെരുന്നാളുകളും അടക്കം വിവിധ ആഘോഷങ്ങളും സംഘടിപ്പിക്കുവാനും ജാതിമത വർണ്ണചിന്തകൾ തീതമായി ഗ്രാമജനത മുഴുവൻ അതിൽ പങ്കുകൊള്ളുകയും ചെയ്യുന്നു എന്നത് നമ്മുടെ സാംസ്കാരിക പൈതൃകത്തിന്റെ മുഖമുദ്രയാണ്. ധർമ്മ നിഷ്ടയും സദാചാരബോധവും ജനങ്ങളിൽ ഊട്ടിവളർത്താൻ ഈ സ്ഥാപനങ്ങൾക്കും കഴിയുന്നുയുന്നത് അന്നും ഇന്നും നമ്മുടെ സംസ്കാരിക പുരോഗതിക്ക് ആക്കം കൂട്ടുന്നു.

വിദ്യാഭ്യാസ കലാകായിക രംഗങ്ങളിലെല്ലാം ഉന്നതമായ ഒരു സ്ഥാനം കിടങ്ങൂരിന് അവകാശപ്പെടാം.

തുള്ളൽപ്പാട്ടിന്റെ ഉപജ്ഞാതവും മഹാനുമായിരുന്ന കവി കുഞ്ചൻ നമ്പ്യാർ തന്റെ ജീവിതത്തിന്റെ നല്ലെരും ഭാഗം കിടങ്ങൂർഗ്രാമത്തിന്റെ സന്തതിയായികഴിഞ്ഞിരുന്നു. മഹാകവിതൊട്ടിങ്ങോട്ട് നോക്കിയാൽ തിരുവിതാം കൂർ ആ മഹാരാജാവിന്റെ ഗുരുവായിരുന്ന കിടങ്ങൂർ രാമ പിഷാരടി പ്രശസ്ഥ കഥകളി നടൻ നളനുണ്ണി, കൂത്ത്,കൂടിയാട്ടം എന്നിവയിൽ പ്രശസ്തനായ പൈങ്കുളം നാരായണ ചാക്യാർ, തച്ചുശാസ്ത്ര വിശാരദൻ കറുത്ത കുഞ്ഞാശ്ശാരി മാർഗ്ഗംകളി പ്രചാരകനായിരുന്ന കാക്കനാട്ട് ആശാൻ ആയുർവ്വേദ ചികിത്സാരംഗത്തെ പ്രമുഖൻ തുടങ്ങി ഒട്ടനവധിപേർ നമ്മുടെ സാംസ്കാരിക രംഗത്തെ പഴയ തലമുറ നമുക്ക് അഭിമാനത്തിനും നൽകുന്നു. അടുത്ത കാലങ്ങളിലായി പൊതു വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിച്ച് അംഗികാരം നേടിയ ശ്രീ കെ. മാധവൻ പിള്ള സാർ, ശ്രീ. കെ.എൻ. കൃഷ്പിള്ള സാർ എന്നിവരും മറ്റ് അനേകം അദ്ധ്യപക ശ്രേഷ്ടരും സാംസ്ക്കാരിരംഗത്ത് ഈ കാലഘട്ടത്തിലെ പ്രശസ്തനും കേറള സർക്കാരിന്റെയും ഇന്ത്യൻ പ്രസിഡൻറിന്റേയും അവാർഡുകൾ നേടിയ കെ. എസ്. മൂസ്സാറും മറ്റ് ഒട്ടനവധി സാംസ്കാരിക നായകമാരും നമ്മുടെ അഭാമാനമാണ്.

സാംസ്കാരിക രംഗത്ത് വിദ്യാഭ്യാസ മേഖലയക്കുള്ള സ്ഥാനം അനിഷേദ്ധ്യമെങ്കിലും ജനകീയസൂത്രണ പ്രക്രിയയിൽ അത് മരു പ്രത്യേക വിഷയമായി ചർച്ച ചെയ്യുന്നതിനാൽ വിദ്യാഭ്യാസ രംഗത്തെ ഇവിടെ ഒഴിവാക്കുന്നു. വിദ്യഭ്യാസരംഗത്തെ മാറ്റി നിർത്തിയാൽ നമുക്ക് ഗ്രന്ഥശാലകൾ, സാഹിത്യ കലാ പ്രവർത്തന സംഘങ്ങൾ കലാസമിതികൾ, കലാവിദ്യാലയങ്ങൾ എന്നിയാണ് സാംസ്കാരിക പുരോഗതിയുടെ പ്രവർത്തന മണഡലങ്ങൾ. പണ്ട് ക്ഷേത്രങ്ങളിലും രാജകൊട്ടാരങ്ങളിലും പ്രഭൂമന്തിരങ്ങളിലും നടന്നിരുന്ന സാംസ്കാരിക പ്രവർത്തനങ്ങളും പ്രോത്സാഹനങ്ങളും ഇന്ന് സർക്കാരിനു വേണ്ടി അക്കാഡമികളും അർദ്ധ സർക്കാർ സ്ഥാപനങ്ങളു ഏറ്റെടുത്തിരിക്കുന്നു. എന്നാൽ ഇവയെല്ലാം അന്നന്നത്തെ വ്യവസ്ഥകളേ നിലനിർത്താനുള്ള ശ്രമം മല്ലാതെ ഒരു അടിസ്ഥാന സംസ്കാര നയത്തിന് ചുവടുപിടിച്ച് പുരോഗതിയിലേക്ക് നയിക്കുവാൻ ശ്രമിച്ചുകാണാറില്ല. നമ്മുടെ സാംസ്കാരിക മൂല്യങ്ങൾക്ക് കാഴ്ചപ്പാടുകളില്ലാതത നേതൃത്യം മൂലം ച്യുതി സംഭവിചിട്ടില്ലേ എന്നു സംശയിക്കേണ്ടിയിരിക്കുന്നു.

സംസ്കാരിക വിനിമയം സാധിക്കണമെങ്കിൽ വാമൊഴി,വരമൊഴി,ദൃശ്യം എന്നീ 3 മാധ്യമങ്ങളിലൂടെ വേണം. എന്നാൽ സാക്ഷരത ഇല്ലാതെ ഇരുന്ന ഭൂരിപക്ഷത്തിലേക്ക് മുൻകാലത്ത് സാംസ്കാരിക നവോത്ഥാനം വ്യാപിപ്പിക്കുവാൻ ഈ 3 മാർഗ്ഗങ്ങളും പ്രയോജനപ്രദമല്ലാ യിരുന്നു. ദൃശ്യമാധ്യമങ്ങൾ അവർ അന്യവും വാമൊഴിയും വരമോഴിയും നിരക്ഷതമൂലം ഉൾക്കൊള്ളാൻ കഴിയാത്തതും മായിരുന്നു. ഇന്ന് സാക്ഷരത വർദ്ധിക്കുകയും ദൃശ്യമധ്യമങ്ങൾ സർവ്വസാധാരണവും മായെങ്കിലും സാംസ്കാരിക ഉന്നമനത്തിന് അവ ഉപയുക്തമല്ലാതായുംതീർന്നിരിക്കുന്നു. സാംസ്കാരിക സംക്രമണം ഗുരുകുലത്തിൽ നിന്നും കുടുബകാരണവമാരിൽ നിന്നും എന്നതിനും പകരം റോഡിയോ, ടെലിവിഷൻ, വീഡിയോ, സിനിമ തുടങ്ങിയ മാധ്യമങ്ങളിലൂടെ ആയിരിക്കുന്നു. കൂട്ടുകുടുബ വ്യവസ്ഥതിയും ഗ്രാമീണ കൂട്ടായമയും അസ്തമിച്ച് പൊതു വിദ്യാലയങ്ങളും രാഷ്ട്രീയ കാഴ്ചപ്പാടുകളും, സംഘങ്ങളും നിലവിൽ വന്നതോടെ സാംസ്കാരിക സംക്രമണ ശൈലിതന്നെ തകിടം മറിഞ്ഞിരിക്കുന്നു. പരമ്പരാഗത ഉൽസവങ്ങളും ആഘോഷങ്ങളും ആരാധാനലയങ്ങളും ഇന്നും പഴയ സാംസ്കാരിക സക്രമണ ശൈലി അനുവർത്തിക്കുവാൻ ശ്രമിക്കുന്നു. എങ്കിലും അവയും ആധുനിക വാർത്താമാധ്യമങ്ങളേയും സാങ്കേതിക വിദ്യകളേയും പുതിയ കലാപ്രസ്ഥനങ്ങളെയും കൂടുൽ കൂടുൽ ആശ്രയിച്ചുവരുന്നു.

നമ്മുടെ സംസ്കാരിക വളർച്ചക്ക് വലിയ പങ്ക് വഹിച്ചവയാണ് നമ്മുടെ വായനശാലകളും ഗ്രന്ഥാലയങ്ങളും 1956 ൽ സ്ഥാപിക്കപ്പെട്ട കേരള ഗ്രന്ഥശാലസംഘം കേരളത്തിൽ പ്രവർത്തിച്ച് പോന്ന ഗ്രന്ഥശാലകളെ കോർത്തിണക്കുന്നതിന് മുഖ്യ പങ്കു വഹിച്ചു. സ്വാതന്ത്ര്യ സംമ്പാദന കാലഘട്ടത്തിൽ തന്നെ കിടങ്ങൂരും പല പ്രദേശങ്ങളിലുമായി 8ഓളം ഗ്രന്ഥശാലകൾ സ്ഥാപിക്കപ്പെട്ടു കഴിഞ്ഞിരുന്നു. അവയിൽ കട്ടച്ചിറ നേതാജി ലൈബ്രറി, കിടങ്ങൂർ എം.ജി.എം. ലൈബ്രറി ചെമ്പിളാവ് കെ.സി. വൈ.എം. ലൈബ്രറി, പിറയാർ എ,ആർആർ. വായനശാല, ചേർപ്പുങ്കൽ പബ്ലിക്ക് ലൈബ്രറി, കുമ്മണ്ണൂർ ദേശീയ ഗ്രന്ഥശാല എന്നിവയുടെ പ്രവർത്തനം എടുത്ത് പറയേണ്ടതാണ്. ഗ്രന്ഥപാരായണ തൽപ്പരതയും, ദേശീയ

ബോധവും, കലാപ്രവർത്തനങ്ങളും വളർത്തുന്നതിൽ ഇവ വഹിച്ച പങ്ക് ആ കാലഘട്ടത്തിൽ നിസ്തുലങ്ങളായിരുന്നു. ടെലിവിഷന്റെ ആവീർഭവവും ഗ്രന്ഥശാല പ്രസ്ഥനത്തിനു തന്നെ ഉണ്ടാ മുരടിപ്പും നല്ല നിലയിൽ പ്രവർത്തിച്ചിരുന്ന ഗ്രന്ഥശാലകളെപ്പോലും പിന്നോട്ട് നയിക്കുകയും പുതിയവ ഉണ്ടാകാനുള്ള അവസരം നിക്ഷേധിക്കപ്പെടുകയും ചെയ്തു. ഇന്ന് ഗ്രന്ഥശാലകൾ ഉപയോഗിക്കുന്നവരുടെ എണ്ണവും ഗ്രന്ഥശാലയുടെ പ്രവർത്തന ക്ഷമതയും ഒരു വലിയ പൂജ്യത്തിൽ എത്തിനിൽക്കുന്നു എന്നതാണ് വസ്തുത.

ക്ഷേത്രങ്ങളേട് അനുബന്ധിച്ച് നടന്നിരുന്ന കലാപ്രവർത്തനങ്ങളും ഗ്രന്ഥശാലകളോട് അനുബന്ധമായി നടന്നുവന്നിരുന്ന കലാ സംഘടനകളും ഇന്ന് നാമമാത്രമായിരിക്കുന്നു. അടിസ്ഥാനകലകളും, നാടൻ കലകളും അന്യം വന്ന് പോയിട്ടില്ലെന്ന് മാത്രം.

നായർ സർവ്വീസ് സൊസൈറ്റി, ശ്രീനാരയണ ധർമ്മ പരിപാലന സംഘം, വിശ്വകർമ്മ മഹാസഭ, വിശ്വകർമ്മ സർവ്വീസ് സൊസൈറ്റി, വീരശൈവമഹാസഭ, ഹിന്ദുചേകവർ സംഘം, പുലയർ മഹാസഭ മറ്റുപിന്നോക്ക സമുദായ സംഘങ്ങളുടെ തുടക്കം ഒട്ടനവധി ജാതി സംഘങ്ങൾ ഈ ഗ്രാമത്തിലുണ്ട്. പരസ്പര സഹവർത്തിത്വത്തോടെ ഇടപെടുന്ന ഈ സമുദായ സംഘങ്ങൾ എല്ലാം സാമൂഹ്യ സാംസ്കാരിക പുരോഗതിക്ക് വേണ്ടി യ്തനിക്കുന്നു എന്നത് ആശാവഹമാണ്.

ഈ ഗ്രാമത്തിലെ ജനങ്ങളെ സംബന്ധിച്ചിടത്തോള് 50% വരെ ഏതാണ്ട് സാമ്പത്തിക തുല്യത യുള്ളവരും ബാക്കി 50 ശതമാനത്തിനുള്ളിൽ 5% സാമാന്യ സാമ്പത്തിക ചുറ്റുപായിൽ ഉയർന്നവരും 35% ആവറേജിനു താഴയും ബാക്കി 10% സാമ്പത്തിക ഭദ്രതയും താഴെതട്ടിൽ നിൽക്കുന്നവരും മാണ്. ജൻമി കുടിയാൻ വ്യവസ്ഥിയിലേക്ക് വിരൽ ചൂണ്ടുന്ന സാമ്പത്തിക വ്യവസ്ഥതിയും ഉച്ച നീചത്വങ്ങളും ഈ ഗ്രാമത്തിൽ ഇല്ലാത്തതിനാൽ സാംസ്കാരിക പുരോഗമന പരമായി സാമ്പത്തിക സ്ഥിതി വിശേഷം പ്രതികൂലമായി ബാധിക്കുന്നില്ലയെന്ന് പറയാം.

ഈ ഗ്രമത്തിന്റെ അങ്ങോളമിങ്ങോളമായി സമർത്ഥരായ കരകൗശ വിദഗ്ദ്ധരും കൊത്തുപണിക്കാരും അനുഷ്ഠാന കലാ നിപുണരും കലാ കായിക സാഹിത്യ പ്രതിഭയുള്ളവരും ഉണ്ടെങ്കിലും അവരെല്ലാം തങ്ങളുടെ കഴിവ് വളർത്തി വികസ്വരമാക്കുവാൻ അസരങ്ങളില്ലാതെ പിന്നോക്കം പോകുന്നു.

കിടങ്ങൂർ ഗ്രമ പഞ്ചായത്തിൽ നിലവിലുള്ള സാംസ്ക്കാരിക സ്ഥാപനങ്ങൾ

ഗ്രന്ഥശാലകളും, വായനശാലകളും

1. നേതാജി ലൈബ്രറി, കുച്ചിറ
2. എം.ജി. എം.ലൈബ്രറി, കിടങ്ങൂർ സൗത്ത്
3. കെ.സി. വൈ. എം. ലൈബ്രറി, ചെമ്പിളാവ്
4. ഏ.ആർ.ആർ വായനശാല, ഫിറയാർ
5. പബ്ലിക്ക് ലൈബ്രറി ചേർപ്പുങ്കൽ
6. ദേശീയ ഗ്രന്ഥശാല. കുമ്മണ്ണൂർ
7. പബ്ളിക് ലൈബ്രറി കുടല്ലൂർ
8. രോഹിണി ലൈബ്രറി കിടങ്ങൂർ സൗത്ത്

കല, കായിക, വിനോദ, സാമൂഹ്യ സേവന രംഗങ്ങളിൽ പ്രവർത്തിക്കുന്ന ആർട്ട്സ് ക്ഷ സ്പോർട്ട്സ് ക്ലബുകളും മറ്റ് സാംസകാരിക സംഘടനകളും

1. റൂറൽ റിക്രിയേഷൻ ക്ലബ്, പിറയാർ
2. രോഹിണി ആർട്സ് ആൻറ് സ്പോർട്സ്,കിടങ്ങൂർ സൗത്ത്
3. ഫിഫാ ക്ലബ്,പിറയാർ
4. ഫ്രണ്ട്സ് ക്ലബ്,പിറയാർ
5. ന്യൂ ബോയിസ് വെൽഫെയർ ക്ലൂബ്, പിറയാർ
6. സന്ധ്യ ക്ലബ്
7. സഹൃദയവേദി,കിടങ്ങൂർ സൗത്ത്
8. ത്രീസ്റ്റാർ റിക്രിയേഷൻ ക്ലബ്,കിടങ്ങൂർ സൗത്ത്
9. പുലരി ക്ലബ്,വട്ടുക്കുരങ്ങർ,കിടങ്ങൂർ സൗത്ത്
10. പ്രഭാ ആർട്ട്സ് ക്ലബ്,കിടങ്ങൂർ സൗത്ത്
11. കെ.സി.വൈ.എം സ്പോർട്ട്സ് ക്ലബ്,ചെമ്പിളാവ്
12. കാസ്ക്,കുമ്മണ്ണൂർ
13. ഫൈൻ ആർട്സ് സൊസൈറ്റി,കിടങ്ങൂർ
14. പൗരാവകാശ സംരക്ഷണസമിതി
15. ബാലഗോകുലം,കിടങ്ങൂർ സൗത്ത്
16. ദേശാഭിമാനി ബാലജനസഖ്യം,കിടങ്ങൂർ സൗത്ത്
17. ചൈതന്യ മാതൃഭൂമി സ്റ്റഡിസെൻറർ,ചെമ്പിളാവ്
18 സ്മൃതി മാതൃഭൂമി സ്റ്റഡിസെൻറർ,കിടങ്ങൂർ സൗത്ത്
19. ചെറുപുഷ്പ മിഷൻ ലീഗ്,കിടങ്ങൂർ
20. പരിസ്ഥിതി സംരക്ഷണ സമിതി,കിടങ്ങൂർ

വനിതാ സമാജങ്ങൾ

1. കൈരളി വനിതാ സമാജം,ചെമ്പിളാവ്
2. കസ്തൂർബാ വനിതാ സമാജം,കിടങ്ങൂർ സൗത്ത്
3. പ്രോഗ്രസീവ് ലേഡീസ് ക്ലബ്,കൂടല്ലൂർ

ശാസ്ത്രീയ സംഗീതവും ഉപകരണ സംഗീതവും ഗുരുകുല സമ്പ്രദായത്തിൽ പഠിപ്പിക്കുന്ന ശ്രീമുരുകാനന്ദ സംഗീത വിദ്യാലയം കഴിഞ്ഞ് 10 വർഷമായി കിടങ്ങൂർ ക്ഷേത്രത്തോട് അനുബന്ധിച്ച് നടത്തിവരുന്നു. കേരള സംഗീത നാടക അക്കാദമിയും ഈ സ്ഥാപനത്തിന് രജിസ്ട്രേഷൻ ഉണ്ട്.

ചെണ്ട,തിമില,കൊമ്പ് തുടങ്ങിയ ക്ഷേത്രവാദ്യ കലകൾ അഭ്യസിപ്പിക്കുന്ന ശ്രീ.മേച്ചേരിയിൽ ശിവരാമമാരാർ സ്മാരക കലാകേന്ദ്രം കിടങ്ങൂർ ക്ഷേത്രം വക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. ഫീസുകളൊന്നും വാങ്ങാതെ ഇവ പഠിപ്പിക്കുന്ന ഈ സ്ഥാപനത്തിൽ 7 ബാച്ചുകളായി 60 കുട്ടികൾ പഠിക്കുകയും ഇപ്പോഴത്തെ ബാച്ചിൽ12 കുട്ടികളെ പഠിപ്പിക്കുകയും ചെയ്യുന്നു.

കിടങ്ങൂർ സൗത്തിൽ പ്രവർത്തിക്കുന്ന മറ്റൊരു കലാപഠന കേന്ദ്രമാണ് നടന കലാക്ഷേത്രം. 6 ബാച്ചുകളായി 75 കുട്ടികളെ വേലകളി അഭ്യസിപ്പിച്ചു. ഇപ്പോൾ 10 കുട്ടികൾ പഠിക്കുന്നു. കേന്ദ്ര സാംസ്കാരിക വകുപ്പിൽ രജിസ്ട്രേഷൻ ഉള്ളതാണ് ഈ കളരി. സംസ്ഥാനതല കേരളോൽ സവത്തിലും ഓണാഘോഷത്തിലും വേലകളി അവതരിപ്പി ക്കുവാൻ ഈ സംഗത്തെ ക്ഷണിക്കാറുണ്ട്.

കൂടാതെ നളനുണ്ണി സ്മാരക കലാക്ഷേത്രം എന്ന കഥകളി ട്രൂപ്പും ജയകൃഷ്ണാ നൃത്തവേദി എന്ന ഡാൻസ് ബാലേ ട്രൂപ്പും കിടങ്ങൂർ സൗത്തിൽ പ്രവർത്തിക്കുന്നു.

പിറയാറിലുള്ള ന്യൂ ബോയിസ് വെൽഫെയർ ക്ലബ് ബ്രേക് ഡാൻസിൽ അഭ്യസനം നൽകിവരുന്നു.

നിലവിൽ മേൽ സൂചിപ്പിച്ച കണക്ക് അനുസരിച്ചുള്ള സ്ഥാവനങ്ങലിലേയ്ക്ക് കണ്ണോടിച്ചാൽ പരമദയനീയമായ സ്ഥതിയിലാണ് പ്രവർത്തനം മുന്നോട്ടുപോകുന്നതെ ന്നുകാണാം. ഉദ്ദേശം ഗ്രന്ധശാല ഒന്നിന് പതിനായിരത്തിൽ പരം പുസ്തകശേഖരവും 500നു 1000നും ഇടയിലുള്ള അംഗങ്ങളും ഉണ്ടായിരുന്നത് ഇന്ന് നാമമാത്രമായി തീർന്നിരിക്കുന്നു. പ്രവർത്തനങ്ങൾ ക്ഷമാവസ്ഥയിൽ എത്തിനിൽക്കുന്നു.

രിജിസ്റ്റേഷൻ ഉള്ളതും ഇല്ലാത്തതുംമായി ഒട്ടേറെ ആർട്ട് ആൻറ് സപോർട്ട് കബുകൾ ഉള്ളതും പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ട് കൊണ്ടുപോകുവാൻ നിവർത്തിയില്ലാതെ വിമ്മിട്ടപ്പെടുകയാണ്. മറ്റ് സാംസ്കാരിക പ്രവർത്തനങ്ങളാകട്ടെ ആശാവഹമായരീതിയൽ പ്രവർത്തി പ്പിച്ച് നേട്ടങ്ങൾ ഉണ്ടാക്കാൻ കഴിയാതെ ഇഴഞ്ഞ് നീങ്ങുന്ന പരിസ്ഥിതിയിലും മാണ്.

സമൂഹത്തിൻെറ മുഖ്യഘടകങ്ങളായ സാംസ്കാരിക പുരോഗതിക്ക് ഉതകുന്ന പ്രവർത്തനങ്ങൾ പണ്ട് കാലത്ത് ഇല്ലായിരുന്നു എങ്കിലും ഇന്ന് അപൂർവ്വം ചില വനിത സമാജങ്ങൾ രൂപീകൃതമായിട്ടുണ്ട്. എങ്കിലും സഹചര്യങ്ങളുടെ സമ്മർദം മൂലം അവയുടെ പ്രവർത്തനങ്ങൾ തൃപ്തികരമായി നടക്കുന്നില്ല.

പൊതുവിൽ സാംസ്കാരിക ഉന്നമനം സാദിത മാക്കേണ്ട മാധ്യമങ്ങൾ മന്ദരതിയിലായതുകൊണ്ട് അവയെക്ക യും ഊർജ്ജസ്വലമാക്കേണ്ടിയിരിക്കുന്നു.

നിർദ്ദേശങ്ങൾ

നമ്മുടെ അനൗപചാരിക വിദ്യാഭ്യാസ രംഗത്തെ മുഖ്യഘടകമാണ് വായന ശാലകളും ഗ്രന്ഥശാലകളും. നമ്മുടെ ഗ്രാമത്തിൽ ഇന്ന് അവയ്ക്കു സംഭവിച്ചിരിക്കുന്ന നിർജ്ജീവത അകറ്റുവാൻ തീവ്രശ്രമം വേണ്ടിയിരിക്കുന്നു. ജനങ്ങൾക്ക് സൗകര്യപ്രദമായ സ്ഥലങ്ങളിൽ പഞ്ചായത്തു മുഴുവൻ പ്രയോജനം കിട്ടത്തക്കവിധം ഗ്രന്ഥശാലകളുടെ സ്ഥാനം തന്നെ ആദ്യമായി വിശകലനം ചെയ്യേണ്ടതുണ്ട്. ഉദാഹരണത്തിന് മൂന്നാം വാർഡിൻെറ ഉത്തരഭാഗം പോലുള്ള സ്ഥലങ്ങളിൽ ഗ്രന്ഥശാലകളുടെ പ്രയോജനം ലഭ്യമല്ല. നിലവിലുള്ളതും, പുതുതായി സ്ഥാപിക്കപ്പെടുന്നതുമായ ഗ്രന്ഥലയങ്ങളുടെ പ്രവർത്തനം ജനോപകാര പ്രദമാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. വായനശീലം നശിച്ചുകൊണ്ടിരിക്കുന്ന ഒരു സമീഹത്തിൽ അതിൻെറ ആവശ്യകത ബോദ്ധ്യപ്പെടുത്താനുള്ള നടപടികൾ ഉണ്ടാകണം. ആധുനിക മാധ്യമങ്ങൾ കുത്തക വ്യാപീര സ്ഥാപന ങ്ങളുടേയും സ്ഥാപിത താല്പര്യക്കാരുടേയും സംരക്ഷണത്തി നുതകുന്ന പ്രചരണം നൽകുമ്പോൾ മാദ്യമങ്ങളേ തള്ളിപ്പറ ഞ്ഞിരുന്നിട്ടുകാര്യമില്ല. പരിമിതികൾക്കു വെളിൽ

നിന്നുകൊണ്ട് ഉത്തമ ചലചിത്രങ്ങളും സാംസ്കാരിക മൂല്യങ്ങൾ തുടിക്കുന്ന വാർത്താചിത്രങ്ങളും വീഡിയോ ക്ലബുകളും ഗ്രന്ഥശാലകളോടൊപ്പം സ്ഥാപിക്കണം. മൂല്യബോധത്തിനെതിരായ ചിത്രങ്ങളേയും വാർത്തകളേയും വിമർശിക്കുകയും സാധാരണ ജനങ്ങളിൽ ഇവ എത്തിക്കുവാൻ സംവാദവേദികൾ സംഘടിപ്പിക്കുകയും വേണം. ഗ്രന്ഥ ശാലകളോടനുബന്ധിച്ച് കൃഷികോർണറുകൾ, ഇൻഫർ മേഷൻ സെൻറർ, ബാല-വനിതാ വിഭാഗങ്ങൾ എന്നിവയും ഫലപ്രദമായി നടത്തുവാൻ ഏർപ്പാടുണ്ടാക്കണം. ഗ്രന്ഥാലയങ്ങൾക്കൊല്ലാം ആവശ്യമായ പുസ്തകശേഖരണവും വിസ്തൃതമായ മകട്ടിട സൗകര്യങ്ങളും സജ്ജീവ പ്രവർത്തന ശൈലിയു മുണ്ടാകണം.

ഗ്രന്ഥശാലകളോടനുബന്ധിച്ചും അല്ലാതയും പ്രവർത്തിക്കുന്ന കലാ സാഹിത്യ സംഘടനകൾ പഞ്ചായത്തിന്റെ എല്ലാ ഭാഗത്തുമുണ്ടാകണം. അഥവാ ഉണ്ടാകുവാനുള്ള പ്രോൽസാഹനം നൽകണം. അവയുടെ ശാശ്വതമായ പ്രവർത്തനവും നിലനിൽപ്പും അവതാളത്തിലാക്കിയേക്കാവുന്ന സാഹചര്യങ്ങൾ മനസ്സിലാക്കി ഇതിന് ഇവയെല്ലാം കൂടി ഒരു കേന്ദ്ര നേതൃത്വം ഗുണകരമാകും. ഓരോ സംഘടനയുടേയും വാർഷിക മടക്കമുള്ള പ്രവർത്തന പരിപാടികൾ കേന്ദ്രനേതൃത്വവുമായി ബന്ധപ്പെട്ട് തീരിമാനിക്കുന്ന സംവിധാനം ആവശ്യമാണ്. പ്രവർത്തന പോരായ്മകളും അസൗകര്യങ്ങളും ഉള്ളവയുടെ പുരോഗതി കൂട്ടായി ചർച്ച ചെയ്ത് പരിഹാരമുണ്ടാക്കുന്നതിനും കെട്ടുറപ്പിനും ഇതു സഹായകമാകും.

നിലവിൽ ഇന്ന് കലാദ്യാസനം നടത്തിവരുന്ന നള്ളനുണ്ണി സ്മാരക കലാക്ഷേത്രത്തിന്റെ കഥകളി ട്രൂപ്പും ജയകൃഷ്ണാ നൃത്തവേദിയും നടനകലാകേനദ്രത്തിന്റെ വേലകളി ഗൂപ്പും, മേച്ചേരിൽ ശിവരാമമാരാർ സ്മാരക വാദ്യപധന കേന്ദ്രവും ന്യൂബോയ്സ് വെൽഫെയർ ക്ളബ്ബിന്റെ ബ്രേക്ക് ഡാൻസ് ക്ലസ്സുകളും ശ്രുമുരുക സംഗീത വിദ്യാലയത്തിന്റെ ശാസ്ത്രീയ സംഗിത പഠനക്ലാസ്സും ഇനിയും ഇതു പോലുള്ള പഠന പരിശീലന കേന്ദ്രങ്ങളുണ്ടായാൽ അവയും നിലനിൽക്കുന്നതിനും അതുവഴി ഏറെ കലാകാരന്മാർ ജനിക്കുന്നതിനും അവസരം കിട്ടത്തക്ക രീതിയിൽ ഇവയുടെ നിലനിൽപ്പ് ഉറപ്പുവരുത്തേണ്ടിയിരിക്കുന്നു. മറ്റുകലാ ട്രൂപ്പുകൾ വിവിധ ഭഗങ്ങളിൽ രൂപികരിച്ച് പരിപോഷിപ്പിക്കുകയും വേണം. അമച്വർ, പ്രൊഫഷണൽ നാടക സമിതികൾക്കുള്ള സാദ്ധ്യത നമ്മുടെ പഞ്ചായത്തിൽ വളരെയാണ്. സംഗീതം, നൃത്തം, വിദ്യോപകരണങ്ങൾ, തുടങ്ങിയ കലകളിൽ അഭ്യാസനം നൽകുന്ന സ്ഥാപനങ്ങൾ ഇനിയും ഇവിടെ ഉണ്ടാകേണ്ടിയിരിക്കുന്നു.

കഥകളി, കൂത്ത്, കൂടിയാട്ടം, തച്ചശാസ്ത്രം, വേലകളി,കൊത്തുപണി, മറ്റു കരകൗശല വസ്തുക്കളുടെ നിർമ്മാണം കളമെഴുത്ത് മാർഗ്ഗംകളി, തുടങ്ങിയ നമ്മുടെ നാട്ടിൽ ക്ഷയിച്ചുകൊണ്ടിരിക്കുന്ന കലകളുടെ ഉദ്ധാരണം പ്രധാനമാണ്. അവ അറിയാവുന്നവരെ കണ്ടെത്തി പഞ്ചായത്തടിസ്ഥാനത്തിൽ സംഘടിപ്പിച്ച് വരും തലമുറക്ക് അവ കൈമാറാനുള്ള ആസൂത്രണം അത്യന്താപേക്ഷിതമാണ്.

കായിക സംസ്കാരത്തിനും പ്രാധാന്യമുണ്ട്. ചാമ്പ്യൻമാരെ സൃഷ്ടിക്കലും മെഡലും സർട്ടിഫിക്കറ്റും നേടലല്ല കായികപ്രവർത്തന ലക്ഷ്യം മറിച്ച് സാർവ്വത്രികമായ കായിക പരിശീലന മായിരിക്കണം ലക്ഷ്യം. അതിനു സഹായകരമാകും വിധം ഒരു മിനി സ്റ്റേഡിയവും പരിശീലകരേയും പഞ്ചായത്തിനുണ്ടാകണം.

ജനതയുടെ മാനസികോല്ലാസം ആരോഗ്യപരമായ സംസ്കാരത്തിലേക്കു വിരതയ ചൂണ്ടുന്നതിനാൽ അതിനുതകുന്ന തരത്തിലുള്ള ഒരു പാർക്ക് ഈ ഗ്രാമ പഞ്ചായത്തിലുണ്ടാകേണ്ടിയിരിക്കുന്നു.

വനിതാ സമാജങ്ങൾ ഇല്ലാത്ത പ്രദേശങ്ങളിൽക്കൂടി അവ സംഘടിപ്പിക്കുകയും സ്ത്രീകളെ ആസൂത്രണ പ്രക്രിയയിലും, വകസന പ്രവർത്തനങ്ങളിലും പങ്കാളികളാക്കുകയും വേണം. ഓരോ വനിതാ സമാജത്തിനും ഏകികൃ പ്രവർത്തന രീതി നടപ്പിലാക്കുകയും വേണം. കലയും കൈത്തൊഴിലുകളും മറ്റ് സാഹിത്യാഭിരുചികളും ഇതുവഴി അവർക്ക് കൈമാറാൻ വേണ്ട അവസരം ഒരുക്കണ്. സ്വന്തമായി സ്ഥലമുണ്ടായിട്ടും കെട്ടിടം വെക്കാൻ ബുദ്ധിമുട്ടുന്ന ചെമ്പിളാവ് കൈകളി വനിതാ സമാജം പോലുള്ളവയ്ക്ക് വേണ്ട സഹായങ്ങൾ ചെയ്തുകൊടുക്കുന്നതും നന്ന്. ഇത്തരം സഹായങ്ങൾ ഇതുപോലുള്ള സമാജപ്രവർത്തകർക്ക് ശക്തിപകരുന്നതിനുപ്പുറം പുതിയവ ഉണ്ടാകാനും പ്രവർത്തിക്കാനും പ്രചോദനമാകും.

സാക്ഷരതാ രംഗത്ത് തുടർവിദ്യാഭ്യാസം പുനരാരംഭിക്കണ്. മാത്രമല്ല ഒരു കുട്ടിപോലും ഏറ്റവും

ചുരുങ്ങിയത് പ്രാഥമിക വിദ്യാഭ്യാസത്തിൽ നിന്നെങ്കിലും അകനം നിൽക്കുവാൻ അനുവദിക്കരുത് ആർക്കെങ്കിലും മത്തരമൊരു സാഹചര്യമുണ്ടായാൽ അവരെ തേടിപ്പിടിക്കുകയും വിദ്യാഭ്യാസം നടത്താനുള്ള സഹായങ്ങൾ ചെയ്തു കൊടുക്കുകയും വേണം.

സമൂഹത്തിന്റെ പുഴുക്കുത്തായി മാറിയിരിക്കുന്ന മദ്യത്തെ അകറ്റി നിർത്തുവാൻ ബോധവൽക്കരണം നടത്തണം. അശ്ലീല ചിത്രങ്ങളും പോസ്റ്ററുകളും കർശനമായി നിരോധിക്കേണ്ടിയിരിക്കുന്നു. ജാതിമതവർഗ്ഗ വർണ ചിന്തകളെ നികുത്സാഹപ്പെടുത്തവാൻ ശ്രമങ്ങൾ നടക്കണം.

സാംസ്കാരിക രംഗത്തെ എല്ലാ പ്രവർത്തനങ്ങൾക്കും മാർഗ്ഗ നിർദ്ദേശം നൽകുന്ന ഒരു സാംസ്കാരിക നിലയങ്ങളുണ്ടാക്കണം. എല്ലാ പ്രദേശത്തും പ്രത്യേകം പ്രത്യേകം നിലയങ്ങളുണ്ടാക്കുക ബുദ്ധിമുട്ടാവുന്ന പക്ഷം എല്ലാവർക്കും വന്നെത്താവുന്ന ഒരു സ്ഥലത്തായിരിക്കണ് ഈ സാംസ്കാരിക നിലയം. പഞ്ചായത്ത തല മിനി സ്റ്റേഡിയം, മിനി പാർക്ക്, കമ്മ്യൂണിറ്റി ഹാൾ എന്നിവയും ഇതിനോടനുബന്ധിച്ചായാൽ നന്ന്. എല്ലാവാർഡുകളിലേയും എല്ലാ വിഭാദം ജനങ്ങൾക്കും പ്രാതിനിധ്യം നൽകുന്ന ഒരു പഞ്ചായത്തു സാംസ്കാരിക സിമിതിയും ഒരു എക്സിക്യൂട്ടിവ് കമ്മറ്റിയും ഉണ്ടാക്കി സാംസ്കാരിക പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകണ്. സാംസ്കാരിക കേന്ദ്രത്തിന്റെ ചുമതലയുള്ള ഈ കമ്മറ്റിയായിരിക്കണ്. പദ്ധതി വിഹിതം മുൻഗണന ക്രമത്തിൽ സാംസ്കാരിക രംഗത്ത് വിവിയോഗിക്കാനുള്ള നിർദ്ദേശം വയ്ക്കേണ്ടത്. സാംസ്കാരിക രംഗത്ത് ഒരു നവോന്ഘാനവും ഒരു നല്ല നാളേയും ആയിരിക്കട്ടെ നമ്മുടെ ലക്ഷ്യം.



വനിതാക്ഷേമം

സ്ത്രീകളെ ആദരിക്കുകയും, ബഹുമാനിക്കുകയും ചെയ്യുന്ന ഒരു സംസ്കാരമാണം ഭാരതത്തിൽ നിലനിന്നിരുന്നത് എങ്കിലും സ്ത്രീ പീഢനവും, അവഗണനയും നിലനില്ക്കുന്ന ചില ദുരാചാരങ്ങളും നിലവിലുണ്ടായിരുന്നു. വനിതാ സംഘടനകളുടേയും, സ്ത്രീവിമോചന പ്രസ്ഥാനങ്ങളുടേയും ശ്രമ ഫലമായും നിയമം മവും മൂലവും സതി പോലുള്ള ദുരാചാരങ്ങൾ നിർത്തലാക്കുവാൻ കഴിഞ്ഞെങ്കിലും സ്ത്രീധനം പോലുള്ള വിവിധ കാരണങ്ങളാൽ ഇന്നും വനിതകൾ പീഡിപ്പിക്കുകയും, നിന്ദിക്കുകയും ചെയ്യുന്നു. ഈ അടുത്തകാലം വരെ ചില സമുദായങ്ങളിലെ പെൺകുട്ടികൾക്ക് വിദ്യാഭ്യാസം പോലും നിക്ഷേധിച്ചിരുന്നു. കേരകളത്തിൽപോലും ബ്രാഹ്മണപെൺകുട്ടികളും മുസ്ലീം പെൺകുട്ടികളും പൊതു വിദ്യാഭ്യസത്തിന് സ്കൂളുകളിൽ പോകാൻ തുടങ്ങീട്ട് 50,60 വർഷത്തിന് മേൽ ആയിട്ടില്ല. ഈ അവസ്ഥ നമ്മുടെ ഗ്രാമത്തിലും നിലനിന്നിരുന്നു. സ്ത്രീകളോട് ഉള്ള ഈ വിവേചനവും അവസാനിപ്പിച്ച് സമൂഹത്തിൽ പുരുഷൻമോരോടെപ്പം എല്ലാ രംഗങ്ങളിലും സ്ത്രീകൾ ഉയർന്ന് വരുന്നതിന് ഒട്ടേറെ കാരണങ്ങൾ നമുക്ക് കണ്ടെത്താൻ കഴിയും അവയെ ഫലപ്രദമായി പരിഹരിക്കുന്നതിന് നമുക്ക് കഴിഞ്ഞിട്ടില്ല.

ലോകത്ത് എമ്പാടുമുള്ള രാജ്യങ്ങളിൽ നിലനിന്നിരുന്ന സ്ത്രീ വിവേചനം അവസാനിപ്പിക്കുന്നതിന് ഐക്യരാഷ്ട്ര സഭയുടെ നേതൃത്തത്തിൽ ഒരു ലോകസമ്മേളനം 1999 ഡിസംബർ 18 ന് ചേരുകയുണ്ടായി. ഏല്ലായിടത്തു മുള്ളുള്ള സ്ത്രീകൾക്ക് തല്ലച്തുമുള്ളുംയ്ത ലഭിക്കുന്നതിന് സാർവ്വ ദേശിയമായ തത്വങ്ങളും, മാർഗ്ഗങ്ങളും നിയമാനു സൃതമായി അവതരിപ്പിക്കുന്നതിനായിരുന്നു ഏ സമ്മേളനം. പ്രസ്തുത സമ്മേളനം അംഗികരിച്ച 30 പ്രമാണങ്ങൾക്കനുസരിച്ച് അവിശ്യമായ നിയമങ്ങൾ നിലവിലുണ്ടെങ്കിലും സ്ത്രീ ഇന്നും സമൂഹത്തിൽ പീഡിപ്പിക്കപ്പെടുകയും, അവഗണിക്കപ്പെടുകയും ചെയ്യുന്നുണ്ട്

ഒരു രാജ്യത്തിന്റെ സമഗ്ര വികസന ത്തിനും, ലോകത്തിന്റെ തന്നെ അഭിവൃത്തിക്കും സമാദാധ ത്തിനും പുരുഷനോടു തുല്ല്യമായ രീതിയിലുള്ള സ്ത്രീ പങ്കാളിത്തം എല്ലാരംഗങ്ങളിലും അവിശ്യമാണ് എന്ന ഐക്യരാഷ്ട്ര സഭയുടെ നിഗമനം പ്രായോഗികമാക്കുന്നതിൽ പല രംഗങ്ങളിലും നാം പരാജയപ്പെടുന്നു. സാമൂഹിക അസമത്യം അന്ന് മുഖ്യ കാരണം.

സ്ത്രീധന സമ്പ്രദായ നിയമം മൂലം തടയപ്പെട്ടിട്ടുണ്ടെങ്കിലും വിവിധ സമൂഹങ്ങളിൽ ഇന്നും

പ്രത്യക്ഷമായും, പരോക്ഷമായും അത് നിലനിൽക്കുന്നു. അതു കാരണമായി സ്ത്രീ പീഡിപ്പിക്കപ്പെടുന്നു. പുരുഷൻമാർ പലരിലും സ്ത്രീകളെ ഒരു ഉപഭോഗവസ്തുവായി കാണുന്ന കാടത്വം ഇന്നും നിലനിൽക്കുന്നു. ഭവന സംരക്ഷണത്തിന്റെയും, കുട്ടികളുടെ സംരക്ഷണത്തിന്റെയും പൂർണ്ണഉത്തരവാദിത്തം സ്ത്രീകൾ തന്നെ ഏറ്റെടുക്കേണ്ടി വരുന്ന സ്ഥിതിയും. പുരുഷൻമാരുടെ ആ രംഗത്തുള്ള മേൽക്കോയ്മയും മറ്റ് രംഗങ്ങളിൽ കടന്നു വരുവാൻ സ്ത്രീകൾക്ക് സമയമില്ലാതാക്കുന്നു. ശാരീരിക പ്രത്യേകതകൾ മൂലം തങ്ങൾ പുരുഷൻമാരോടൊപ്പം പ്രവർത്തിക്കുവാൻ യോഗ്യരല്ല എന്നൊരു അപകർഷതാബോധം ഭൂരിപക്ഷം സ്ത്രീകളിലും നിലനിൽക്കുന്നു. വീട്ടിലും സമൂഹത്തിലും വനിതകൾ ഒട്ടേറെ അപവാദപ്രചാരണങ്ങളെയും കുറ്റപ്പെടുത്തലുകളെയും നേരിടേണ്ടി വരുന്നു.

കിടങ്ങൂർ ഗ്രാമ പഞ്ചായത്തിലെ മൊത്തം ജനസംഖ്യയിൽ 49.46% മാണ് സ്ത്രീകൾ. ഇവരിൽ ഭൂരിപക്ഷവും സാമാന്യവിദ്യാഭ്യാസമൊ, എഴുത്തും വായനയും അറിയാവുന്നവരാണ്. 85% വനിതകളും ഈ വിഭാഗത്തിൽപ്പെടും. 10% വിദ്യാഭ്യാസ നിലവാരം കുറഞ്ഞവരും 2% നവ സാക്ഷരരുമാണ്. തൊഴിൽ രംഗത്ത് പണിയെടുക്കുന്ന വനിതകൾ താരതമ്യേന കുറവാണ്. എന്നാൽ ഉദ്യോഗസ്ഥ വിഭാഗത്തിൽ സ്ത്രീകളാണ് കൂടുതൽ. കൃഷിപ്പണി, ഇഷ്ടിക നിർമ്മാണം, പപ്പടനിർമാണം എന്നീ രംഗങ്ങളിലാണ് സ്ത്രീകളുടെ സാന്നിധ്യം കാണപ്പെടുന്ന തൊഴിൽ മേഖലകൾ. സ്ത്രീകൾക്കുവേണ്ടിയുള്ള സ്വയം തൊഴിൽ പദ്ധതികളൊ, വ്യവസായ യൂണിറ്റുകളൊ നമ്മുടെ ഗ്രാത്തിൽ സാധാരണമായിട്ടില്ല.

വനിതാ ക്ഷേമത്തിനു വേണ്ടി പ്രവർത്തിക്കുന്ന 4 വനിതാ സംഘടനകൾ നമ്മുടെ ഗ്രാമപഞ്ചായത്തിലുണ്ട്. കൈരളി വനിതാ സമാജം പിറയാർ, കസ്തൂർബാ വനിതാ സമാജം- കിടങ്ങൂർ സൗത്ത്, പ്രോഗ്രസീവ് ലേഡീസ് ക്ലബ്ബ്-കൂടല്ലൂർ കസ്തൂർബാ മഹിളാ സമാജം, ചേർപ്പുങ്കൽ എന്നിവയാണവ.ഇവയോടെല്ലാം ചേർന്ന് മാതൃ ശിശു സംരക്ഷണ കേന്ദ്രങ്ങളും. പ്രവർത്തിക്കുന്നു അതാതു പ്രദേശങ്ങളിലുള്ള വനിതകളെ പൂർണ്ണമായി ഉൾക്കൊള്ളുന്നതിനോ, തുടർച്ചയായ പ്രവർത്തനത്തിലൂടെ വനിതാക്ഷേമം കൈവരിക്കുന്നതിനോ ഈ സമാജങ്ങൾക്ക് കഴിയുന്നുണ്ട് എന്നവകാശപ്പെടുകവയ്യ.

1. കിടങ്ങൂർ പഞ്ചായത്തിന്റെ ഓരോ വാർഡിലും മാതൃശിശു സംരക്ഷണ കേന്ദ്രങ്ങളും ഗ്രാമീണ ആശുപത്രികളും സ്ഥാപിക്കുക. അവിടെ വിദഗ്ധ ഡോക്ടർമാരുടെ സേവനം ഉറപ്പുവരുത്തുക.

2. കിടങ്ങൂർ പഞ്ചായത്തിലെ കുടിവെള്ളക്ഷാമം എത്രയും വേഗം പരിഹരിക്കുന്നതിനുള്ള പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കണം. ബാലവാടികളിലും മറ്റു പൊതു സ്ഥലങ്ങളിലും ജലവിതരണത്തിനുള്ള ഏർപ്പാടുകൾ ഉണ്ടാക്കണം.

3. കുളിക്കടവുകൾ ഇല്ലാത്ത വാർഡുകളിൽ സ്ത്രീകൾക്ക് സൗകര്യപ്രദമായ രീതിയിൽ ആറ്റിലോ, കുളങ്ങളിലോ, കടവുകൾ നിർമ്മിക്കണം. വസ്ത്രങ്ങൾ അലക്കുന്നതിന് കുളിക്കടവുകളില്ലാതെ പ്രത്യേക സംവിധാനം ഏർപ്പെടുത്തണം.

4. വീട്ടമ്മമാരെ സ്വയം പര്യാപ്തരാക്കുന്നതിനുള്ള പല പദ്ധതികളും ഗ്രാമപഞ്ചായത്ത് മുൻകൈ എടുത്ത് നടപ്പിലാക്കേണ്ടതാണ്. മാതൃകാ കൃഷിത്തോട്ടങ്ങൾ, തീറ്റപ്പുൽ വളർത്തൽ, തേനീച്ച വളർത്തൽ, കോഴിവളർത്തൽ, ഉദ്യാനകൃഷി, ക്ഷീരവികസന പ്രോത്സാഹനം ഇത്യാദി അത്യുല്പാദന ശേഷിയുള്ള ആടുകളെ ആവശ്യാനുസരണം അർഹതയനുസരിച്ച് വിതരണം ചെയ്യുക. വീട്ടുവളപ്പിൽ പ്രയോജന പ്രദവും ആദായകരവുമായ രീതിയിൽ ഔഷധച്ചെടികൾ, മറ്റ് ആദായകരമായ പുഷ്പഫല സസ്യങ്ങൾ ഇവ വച്ചുപിടിപ്പിക്കുന്നതിനുവേണ്ടി വിത്ത്,വളം, കീടനാശിനികൾ സാമ്പത്തിക സഹായം തുടങ്ങിയവ വിതരണം ചെയ്യുക. ഓരോ ഗൃഹവും സ്വയം പര്യാപ്തയിൽ എത്തിക്കുക.

5. വെയിറ്റിംഗ് ഷെഡുകളിൽ പ്രാഥമികാവശ്യ നിർവ്വഹണത്തിനു സംവിധാനം എത്രയും വേഗം ഉണ്ടാക്കേണ്ടിയിരിക്കുന്നു. ഉള്ള പൊതു കക്കൂസുകളിൽ ജലവിതരണ സംവിധാനം ഉണ്ടാക്കി കിടങ്ങൂർ പഞ്ചായത്ത് പരിസ്ഥിതി നിലനിർത്തണം. പൊതുസ്ഥലങ്ങൾ തൂപ്പുജോലിക്കാരെ നിയമിച്ച് ആരോഗ്യം നിലനിർത്തുവാൻ ഏർപ്പാടുകൾ ഉണ്ടാക്കണം.

6. ഓരോ വാർഡിവും ഓരോ സാംസ്കാരിക നിലയം ഉണ്ടാക്കുക.

7. ദുർബലരെ സഹായിക്കുവാൻ പ്രത്യേക സഹായനിധി ഏർപ്പെടുത്തണം. അഭയ കേന്ദ്രം, ശിശുവിവാഹങ്ങൾ അബല മന്ദിരങ്ങൾ, വയോജന ഭവനങ്ങൾ, അഗതി മന്ദിരങ്ങൾ അന്നിവ ഗ്രാമപുരോഗതിക്ക് ആവശ്യമാണം. അംഗനവാടികൾ, അഗതി, വിധവാ വാർദ്ധ്യകാല പെൻഷൻ, വിധവകളുടെ പെൺമക്കളെ വിവാഹം ചെയ്തുകൊടുക്കുന്നതിനുള്ള ധനസഹായം, കുടിൽ വ്യവസായ വികസനത്തിനുള്ള സാമ്പത്തിക സഹായം അന്നിവ ഗ്രാ പഞ്ചായത്ത് വഴി നടപ്പിലാക്കണം.

8. സമ്പൂർണ്ണ മദ്യനിരോധനം നടപ്പിലാക്കേണ്ടത് സമൂഹക്ഷേമത്തിന് ഏറ്റവും ആവശ്യമാണം. സ്ത്രീ പീഡനത്തിനു പിന്നിൽ മദ്യത്തിനു വളരെ സ്വാധീനം ഉണ്ട്. അതിനാൽ സ്ത്രീബോധവൽക്കരണം പോലെ പുരുഷബോധവൽക്കരണം അനിവാര്യമാണ്.

9. സ്ത്രീകളെ പ്രത്യേകം ബാധിക്കുന്ന അടുപ്പ്, വറക് കുടിവെള്ളം, ശിശുവിദ്യാഭ്യാസം എന്നിവയക്ക് മുൻഗണ കൊടുക്കണം. ഓരോ വീട്ടിലും പുകയില്ലാത്ത അടുപ്പുകൾ സ്ഥാപിക്കണം. ഗോബർ ഗ്യാസ് പദ്ധതി നടപ്പിലാക്കണ്. സൗജന്യമായി കക്കൂസുകൾ നിർമ്മിച്ചു കൊടുക്കണം. പഞ്ചായത്തു മുൻകൈയെടുത്ത് പാവപ്പെട്ടവരുടെ ഗൃഹങ്ങൾ വൈദ്യുതികരിക്കണം.

10. പെൺകുട്ടികളെ വിദ്യാഭ്യാസ യോഗ്യതയുടെ അടിസ്ഥാനത്തിൽ വേർതിരിച്ച് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് പരിശീലനം നൽകുക. പാചക വിധി, ചെരുപ്പുനിർമ്മാണം, റബ്ബർ അധിഷ്ഠിത തൊഴിൽ തീപ്പെട്ടി വ്യവസായം റെഡിമെയ്ഡ് സോപ്പോ, മസാല എന്നിങ്ങനെ അഭിരുചിക്കിണങ്ങിയ കുടിൽ വ്യവസായങ്ങൾ തുടങ്ങുന്നതിനുള്ള സാമ്പത്തിക സഹായവും പരിശീലനവും പഞ്ചായത്തുതലത്തിൽ നൽകുക. ഉല്പന്നങ്ങൾക്ക് വിപണികൾ കണ്ടെത്തുക.

12. വിദ്യാഭ്യാസത്തിൽ പിന്നോക്കം നിൽക്കുന്ന പെൺകുട്ടികൾക്ക് പഠന സൗകര്യം കലാപരിപോഷണം, കായിക പരിശീലനം ഇവ സാംസ്കാരിക നഅലയങ്ങൾ വഴി നടപ്പിലാക്കണം.

13. തൊഴിൽ രംഗത്ത് സ്ത്രീകൾ പിന്നോക്കം നിൽക്കുന്നില്ല. ആ നിലക്ക് വേതനവും അർഹതയ്ക്കനുസരിച്ച് സമത കൈവരിക്കേണ്ടിയിരിക്കുന്നു. അതിനാൽ സ്ത്രീപുരുഷ ഭേദമെന്യേ തൊഴിൽ രംഗത്ത് തുല്യവേതനം നടപ്പിലാക്കണം.

14. വനിതകളിൽ വായനശീലം വളർത്തുന്നതിന് വനിതാ വായനശാലകൾ സ്ഥാപിക്കണം.

15. ബസ് സൗകര്യം ഇല്ലാത്ത സ്ഥലങ്ങളിൽ പ്രത്യേക സ്കൂൾ ബസ്സുകൾ നടപ്പിലാക്കണം.

16. വനിതാ സഹകരണ സംഘങ്ങളും മാവേലി സ്റ്റോറുകളും ഓരോ വാർഡിവും അനിവാര്യമാണ്.


17. ആരോഗ്യകരമായ കുടുംബജീവിതത്തിന് വാർഡുതലത്തിൽ ദമ്പതികൗൺസിലിംഗ് കൂട്ടുകയും വിദഗ്ധരായ മനശാസ്ത്രജ്ഞന്മാരെ പങ്കെടുപ്പിക്കുകയും വേണം.

യത്രനാര്യസ്തു പൂജ്യന്തേ
രമന്തേ തത്ര ദേവതാ

എന്ന തത്വം മനസ്സിലാക്കി സ്ത്രീയെ അംഗീരിക്കുവാൻ തയ്യാറായാൽ നമ്മുടെ സാമൂഹ്യ രാഷ്ട്രീയ മണ്ഡലങ്ങളിൽ ഗുണപരമായ മാറ്റങ്ങൾ ഉണ്ടാകും. തീർച്ചയാണ്.

10

സഹകരണം



സമൂഹത്തിന് പൊതുവായ പ്രയോജനം ലഭിയ്ക്കണമെന്ന ഉദ്ദേശത്തോടെ സംഘടിത പ്രവർത്തനത്തിന്റെ ആശയം മനുഷ്യനിൽ വേരുന്നിയത് 19-ാം നൂറ്റാണ്ടിന്റെ അവസാന ഘട്ടത്തിലാണ്. ഒരുമയോടെ കഴിഞ്ഞുകൂടിയിരുന്ന ഒരു സമൂഹം മനുഷ്യപുരോഗതിയുടെ ചരിത്രത്തിൽ ഉണ്ടായിരുന്നു എന്നുള്ളതിനു തെളിവാണ് സാമൂഹ്യ സംഘടനകൾ. കൂട്ടായി ജീവിക്കുക, കൂട്ടായ ജീവിതത്തിനു സാഹചര്യമുണ്ടാക്കുക, തുല്യപങ്കാളിത്തത്തോടെ പൊതുവായ പ്രയോജനത്തിനുവേണ്ടി നിലകൊള്ളുക ഇതൊക്കെയായിരുന്നു സഹകരണമെന്ന വ്യവസ്ഥിതിയിലെ നല്ല ആശയങ്ങൾ.

ജീവിതസൗകര്യവും പ്രയത്നഫലവും എല്ലാവർക്കും തുല്യമായി ലഭ്യമാക്കുന്നതിന് എല്ലാ സാമ്പത്തിക പ്രവർത്തനങ്ങളും രാഷ്ട്രത്തിന്റെ ഉടമസ്ഥതയിൽ നടത്തണമെന്നുള്ള ആശയം ജനങ്ങളിൽ പൊന്തിവന്നു. സാധാരണക്കാരെ സഹായിക്കാനെന്ന വ്യാജേന സമ്പന്നർ അക്കാലഘട്ടത്തിൽ അവസരം ഉണ്ടാക്കിയത് മനസ്സിലാക്കിയ ജനങ്ങൾ സഹകരണാദർശം ആവിഷ്ക്കരിച്ച് സഹകരണപ്രസ്ഥാനത്തിന് രൂപംകൊടുത്തു. ഒൻപതു പതിറ്റാണ്ടിലധികമായി ഇൻഡ്യയിൽ സഹകരണപ്രസ്ഥാനം രൂപം പ്രാപിച്ചിട്ട്.

കേരളത്തെ സംബന്ധിച്ചിടത്തോളം കാർഷിക വായ്പാരംഗത്താണ് സഹകരണപ്രസ്ഥാനത്തിന് ഏറെ പുരോഗതി നേടാൻ കഴിഞ്ഞിട്ടുള്ളത്. സംസ്ഥാന സഹകരനണബാങ്കിനു പുറമെ 14 ജില്ലാ സഹകരണബാങ്കും 1583 പ്രാഥമിക കാർഷിക വായ്പാ സഹകരണബാങ്കും ഉൾപ്പെടുന്ന ത്രിതല സംവിധാനവും, സംസ്ഥാന കാർഷിക വികസന ബാങ്കും 44 കാർഷിക ഗ്രാമീണ വികസനബാങ്കും അടങ്ങുന്ന ദ്വിതലസംവിധാനവും ഉൾക്കൊള്ളുന്ന സഹകരണമേഖലയാണ് കാർഷിക വായ്പാ രംഗത്തു പ്രവർത്തിക്കുന്ന ശ്രദ്ധേയമായ സ്ഥാപനങ്ങൾ.

നിക്ഷേപസമാഹരണപദ്ധതിയിലൂടെ വർദ്ധിച്ച വിഭവശേഷി കൂടുതൽ കാർഷികേതര വായ്പകൾ നൽകുന്നതിന് സംഘങ്ങളെ കൂടുതൽ ശക്തമാക്കുകയുണ്ടായി. കേരളത്തിലെ സഹകരണസ്ഥാപനങ്ങൾക്ക് ഇൻഡ്യയിലെ മറ്റു സഹകരണസ്ഥാപനങ്ങളുടെ നിക്ഷേപത്തേക്കാൾ അഭൂതപൂർവ്വമായ വളർച്ചയുടെ ഒരു ചിത്രമാണുള്ളത്.

നമ്മുടെ പഞ്ചായത്തിൽ ഉള്ള സഹകരണസ്ഥാപനങ്ങൾ

1. കിടങ്ങൂർ സർവീസ് സഹകരണബാങ്ക് ക്ലിപ്തം നമ്പർ 3431,

കിടങ്ങൂർ പഞ്ചായത്തിൽ ഏറ്റവും നന്നായി പ്രവർത്തിക്കുന്ന സഹകരണബാങ്കുകളിൽ ഒന്നാണ്. 1954 ജൂലൈ മാസം 19-ാം തീയതി അന്നത്തെ പ്രമുഖ സഹകാരിയും പൊതുകാര്യപ്രവർത്തകനുമായിരുന്ന ശ്രീ എം.റ്റി. തോമസ് മുത്തൂറ്റിൽ അവർകൾ, സഹകരണ സംഘം രജിസ്ട്രാർ ആയിരുന്ന കിടങ്ങൂർ ഇരുട്ടുകുഴിയിൽ ശ്രീ. പി. ശിവരാമപിള്ളയുടെ ഉപദേശപ്രകാരം രജിസ്റ്റർ ചെയ്യുകയും 1994 ആഗസ്റ്റ് മാസം 19-നു പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. എം.റ്റി. തോമസിനെ തുടർന്ന് കെ.പി. മാത്യു കടുതോടിൽ, കെ.ജെ. മാത്യു കടിയംകുറ്റി, അഡ്വ. എൻ.എസ്. നമ്പൂതിരി തെന്നാട്ടില്ലം, കെ.റ്റി. മാത്യു കോട്ടൂർ, കെ.കെ. ചാണ്ടി കൂവക്കാട്ടിൽ എന്നിവരായിരുന്നു മുൻ പ്രസിഡണ്ടുമാർ. ഇപ്പോൾ ശ്രീ വിശ്വനാഥൻനായർ ചെമ്പകശ്ശേരിൽ ആണ് പ്രസിഡന്റ്.

ആരംഭത്തിൽ 30 അംഗങ്ങളും 22000 രൂപാ മൂലധനവുമായി തുടങ്ങിയ പ്രസ്ഥാനം ഇന്നു പടർന്നു പന്തലിച്ച് കേരളത്തിലെ എണ്ണപ്പെട്ട ഒരു സഹകരണപ്രസ്ഥാനമായി വളർന്നു. ഈ ബാങ്കിൽ ഇപ്പോൾ 12000 അംഗങ്ങളും 12 കോടിയിൽ പരം രൂപാ നിക്ഷേപവും 40 ലക്ഷം രൂപാ ഓഹരിമൂലധനവും ഉണ്ട്.

ഹെഡ് ഓഫീസ് ഉൾപ്പെടെ ആറു ശാഖകൾ പ്രവർത്തിക്കുന്ന ബാങ്കിന് 7 വളക്കടകളും ഒരു ജൗളി വ്യാപാര സ്ഥാപനവും ലാഭകരമായി പ്രവർത്തിക്കുന്നു. അംഗങ്ങളുടെയും പൊതുജനങ്ങളുടെയും താല്പര്യം കണക്കാക്കി കിടങ്ങൂർ ടൗണിൽ ഒരു

പ്രഭാത സായാഹ്ന കൗണ്ടർ ആരംഭിക്കുന്നതിനുള്ള അനുവാദം ലഭിച്ചുകഴിഞ്ഞു. ഏതാനും ദിവസങ്ങൾക്കുള്ളിൽ കൗണ്ടറിന്റെ ഉദ്ഘാടനം പ്രതീക്ഷിക്കുന്നു.

ബാങ്ക് സാധാരണ ഹ്രസ്വ, ദീർഘ കാല വായ്പകൾക്കു പുറമെ സ്വർണ്ണപ്പണയ വായ്പ, ഇഷ്ടിക നിർമ്മാണ വായ്പ, വിദേശത്തു ജോലിക്കു പോകുന്നതിനുള്ള വായ്പ, വിവാഹവായ്പ, വീടു നന്നാക്കുന്നതിനുള്ള വായ്പ, സ്വയംതൊഴിൽ വായ്പ മുതലായവ നൽകിവരുന്നു.

നിക്ഷേപസമാഹരണത്തിൽ 3 പ്രാവശ്യം ഒന്നാം സമ്മാനം ലഭിച്ച ബാങ്കിന് 1995-96 വർഷത്തെ ഏറ്റവും നല്ല ബാങ്കിനുള്ള അംഗീകാരവും ലഭിച്ചുകഴിഞ്ഞു.

പാചകവാതകവിതരണം ബാങ്ക് ഏറ്റെടുത്തു നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. നമ്മുടെ നാട്ടിലെ ഒരു പ്രധാന ആവശ്യം മുന്നിൽകണ്ടുകൊണ്ടാണ് ബാങ്ക് അതിനു തുനിഞ്ഞിരിക്കുന്നത്.

കെട്ടിടനിർമ്മാണ സാധനങ്ങൾ എല്ലാം ലഭിക്കുന്ന ഒരു വ്യാപാരസ്ഥാപനവും നിത്യോപയോഗ സാധനങ്ങളുടെ വ്യാപാരം നടത്തുന്നതിന് ഒരു സൂപ്പർമാർക്കറ്റും കൃഷിക്കാവശ്യമായ പമ്പ്, മോട്ടോർ, മറ്റ് കാർഷിക ഉപകരണങ്ങൾ വ്യാപാരം നടത്തുന്ന ഒരു വ്യാപാരസ്ഥാപനവും ബാങ്ക് നേരിട്ട് നടത്തേണ്ടതാണ്.

2. കിടങ്ങൂർ റൂറൽ ഹൗസിംഗ് സഹകരണസംഘം നമ്പർ കെ. 137

ഭവനനിർമ്മാണരംഗത്ത് നല്ലനിലയിൽ പ്രവർത്തിക്കുന്ന ഒരു സ്ഥാപനമാണ് ഇത്. 1960ൽ കിടങ്ങൂർ ആസ്ഥാനമായും മറ്റ് ഏഴു പഞ്ചായത്തുകൾ കൂടി പ്രവർത്തനമേഖലയായിട്ടുള്ള കിടങ്ങൂർ റൂറൽ ഹൗസിംഗ് സഹകരണസംഘം കെ. 137 രൂപീകൃതമായി.

സംഘത്തിൽ ഇപ്പോൾ 1024 അംഗങ്ങളും 22 ലക്ഷം രൂപാ ഓഹരി മൂലധനവും 1070000 രൂപാ പിരിഞ്ഞുകിട്ടിയ ഓഹരിമൂലധനവും ഉണ്ട്. ഇപ്പോൾ 18 ലക്ഷം രൂപാ 32 പേർക്കായി ഭവനനിർമ്മാണവായ്പയായി വിതരണം ചെയ്തിരിക്കുന്നു.

3. പ്രൈവറ്റ് സ്കൂൾ ടീച്ചേഴ്സ് സഹകരണസംഘം നമ്പർ കെ. 332

1969ൽ പ്രവർത്തനം ആരംഭിച്ച പ്രൈവറ്റ് സ്കൂൾ ടീച്ചേഴ്സ് സഹകരണസംഘം ഇന്നു വളരെ നല്ല രീതിയിൽ പ്രവർത്തിക്കുന്ന ഒരു സഹകരണസ്ഥാപനമാണ്. അദ്ധ്യാപകരുടെ ക്ഷേമം മുൻനിറുത്തി 11-5-1969-ൽ പ്രവർത്തനം ആരംഭിച്ച ഈ സ്ഥാപനത്തിൽ ഇപ്പോൾ 1475 അംഗങ്ങളും 5 ലക്ഷം രൂപാ അംഗീകൃത മൂലധനവും 375842 രൂപാ പിരിഞ്ഞുകിട്ടിയ ഓഹരിമൂലധനവും ഉണ്ട്. സംഘത്തിൽ ഇപ്പോൾ 80 ലക്ഷം രൂപാ സ്ഥിരനിക്ഷേപമായിതന്നെ ഉണ്ട്. അദ്ധ്യപകതാല്പര്യം സംരക്ഷിക്കുന്ന ഈ സംഘം സഹകരണപ്രസ്ഥാനത്തിന് ഒരു മുതൽക്കൂട്ടുതന്നെയാണ്.

4. പാലാ അർബൻ സഹകരണബാങ്ക്

14-9-96-ൽ കിടങ്ങൂരിൽ പ്രവർത്തനം ആരംഭിച്ച പാലാ അർബൻ സഹകരണബാങ്ക് സഹകരണരംഗത്തെ മറ്റൊരു ശ്രദ്ധേയമായ ബാങ്കാണ്. 863558 രൂപാ സ്ഥിരനിക്ഷേപവും 3487195 രൂപാ ഹ്രസ്വകാലനിക്ഷേപവും ഉണ്ട്. കൂടാതെ 50000 രൂപാ വസ്തുവായ്പയായും 135380 രൂപാ സ്വർണ്ണപ്പണയ വായ്പയായും നൽകിയിരിക്കുന്നു. വായ്പാവിതരണരംഗത്ത് ഈ സ്ഥാപനത്തിന്റെ സേവനം ശ്ലാഘനീയമാണ്.

5. കിടങ്ങൂർ ക്ഷീരോല്പാദന സഹകരണസംഘം കെ. 2376

28-3-1989-ൽ പ്രവർത്തനം ആരംഭിച്ച ഈ സംഘം കന്നുകാലികൃഷിക്കാരുടെ ക്ഷേമം ലാക്കാക്കി പ്രവർത്തിക്കുന്ന ഒരു സംഘമാണ്. 2321.75 രൂപാ ഓഹരിമൂലധനത്തോടുകൂടി പ്രവർത്തനം ആരംഭിച്ച ഈ സംഘത്തിൽ ഇപ്പോൾ 230 അംഗങ്ങൾ ഉണ്ട്.

6. കൈത്തറി നെയ്ത്തു വ്യവസായ സഹകരണസംഘം എച്ച്. 108

പരമ്പരാഗതവ്യവസായമായ കൈത്തറിയെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി കിടങ്ങൂരെ നെയ്ത്തുതൊഴിലാളികൾ 1952 ൽ ഈ സംഘത്തിനു രൂപം കൊടുത്തു. ഒരു പരിധി വരെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനു പര്യാപ്തമായ ഒരു സംഘമായിരുന്നു എച്ച്. 108. ഇന്നു പ്രവർത്തനക്ഷമമല്ലെങ്കിലും പുനർജീവിപ്പിക്കേണ്ട ഒരു സംഘമാണ് ഇത്. ഇപ്പോൾ 108 അംഗങ്ങൾ നിലവിലുണ്ട്.

7. കിടങ്ങൂർ സഹകരണ കൺസ്യൂമർ സ്റ്റോർ കെ. 798

ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും നിത്യോപയോഗസാധനങ്ങളുടെ വിലനിലവാരം പിടിച്ചുനിറുത്തുന്നതിനുമായി 1991 ൽ രജിസ്റ്റർ ചെയ്ത ഒരു സംഘമാണ് സഹകരണകൺസ്യൂമർ സ്റ്റോർ

ഇപ്പോൾ പ്രവർത്തനക്ഷമമല്ലെങ്കിലും പുരോഗമിപ്പിക്കേണ്ടതും പുരോഗമിപ്പിക്കാവുന്നതുമായ ഒരു സംഘമാണ് ഇത്. സാധാരണക്കാരന്റെ ഒരു ആശാകേന്ദ്രമാണിത്.

8. കിടങ്ങൂർ പഴം പച്ചക്കറി സഹകരണസംഘം കെ. 837

പ്രവർത്തനം ആരംഭിച്ചില്ലെങ്കിലും പ്രവർത്തിപ്പിച്ച് പഴം, പച്ചക്കറി മേഖലയിൽ വലിയ മാറ്റങ്ങൾ സൃഷ്ടിക്കാവുന്നു ഒരു സംഘമാണിത്.

9. കിടങ്ങൂർ ഓട് ഇഷ്ടിക നിർമ്മാണ സഹകരണ സംഘം F. IND (K) 59.

ഓട്, ഇഷ്ടിക നിർമ്മാണരംഗത്ത് പ്രവർത്തിക്കാൻ ഉദ്ദേശിച്ച് രൂപീകരിച്ച ഒരു സംഘമാണിത്. പ്രവർത്തനം വിപുലീകരിച്ചാൽ നിലവാരമുള്ള ഓടും ഇഷ്ടികയും ലഭിക്കുന്നതോടൊപ്പം ഒരളവുവരെ തൊഴിലില്ലായ്മ പരിഹരിക്കുവാൻ സാധിക്കുന്നതാണ്.

10. കൈരളീ പ്രിന്റിംഗ് സഹകരണസംഘം കെ. 828

പ്രിന്റിംഗ് രംഗത്ത് നൂതനമായ ഒരാശയവുമായി രൂപീകരിച്ച ഒരു സംഘമാണ് കെ. 828. പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞാൽ ഏതാനുംപേർക്ക് തൊഴിൽ ലഭിക്കുന്നതിനു സാധിക്കുന്നതാണ്.

പുതിയതായി ആരംഭിക്കേണ്ട സഹകരണസ്ഥാപനങ്ങൾ

1. ഒബ്ബർ അധിഷ്ഠിത വ്യവസായ സഹകരണ സംഘം
2. പട്ടികജാതി ക്ഷേമ സഹകരണസംഘം
3. നാണ്യവിളകൾക്കുവേണ്ടി ഒരു മാർക്കറ്റിംഗ് സഹകരണസംഘം
4. വനിതാ വ്യവസായ സഹകരണസംഘം
5. പരമ്പരാഗത വ്യവസായങ്ങൾ പോഷിപ്പിക്കുന്നതിനുള്ള ഒരു സംഘം (സ്വർണ്ണപ്പണി, മരപ്പണി, ഇരുമ്പുപണി, കുട്ട വട്ടി നെയ്ത്ത് etc.")
6. സഹകരണ ആശുപത്രി
7. ടൂറിസ്റ്റു വികസനത്തിനായി ട്രാവൽ സർവ്വീസ് ഉൾപ്പെടെയുള്ള ഒരു സംഘം
8. സാങ്കേതിക വിദ്യാഭ്യാസ പുരോഗതിക്കുവേണ്ടി ഒരു സംഘം
9. കെട്ടിടനിർമ്മാണ സാധനങ്ങൾ എല്ലാം വിപണനം ചെയ്യുന്ന ഒരു സംഘം
10. കാലിത്തീറ്റ നിർമ്മാണ സഹകരണ സംഘം
11. വാർഡുതോറും ക്ഷീരവ്യവസായ സഹകരണ സംഘം
12. മത്സ്യ മാംസ വിപണന സഹകരണസംഘം

സഹകരണരംഗത്തെ പ്രധാന പ്രശ്നങ്ങൾ

1. കേരളത്തിലെ ജനസംഖ്യയുടെ 13% ആണ് സഹകരണസ്ഥാപനങ്ങളിലെ അംഗസംഖ്യ. (അതായത് 1 കോടി എന്നു സാരം) സംഘങ്ങളിൽനിന്നു വായ്പ എടുക്കുന്ന അംഗങ്ങൾ 30% ൽ താഴെയും പൊതുയോഗങ്ങളിൽ പങ്കെടുക്കുന്ന അംഗങ്ങൾ 10% ൽ താഴെയുമാണ്. സംഘം പ്രവർത്തനത്തിൽ താല്പര്യമില്ലാത്ത വളരെയധികം പേർ അംഗങ്ങളായി ചേരുന്നു. മറ്റെന്തിന്റെയെങ്കിലും താല്പര്യപ്രകാരം അംഗത്വം എടുക്കുന്ന ഇവർ നിർജ്ജീവാംഗങ്ങളാണ്. ഇങ്ങനെ വരുന്ന നിർജ്ജീവാംഗങ്ങളാണ് പല പ്പോഴും സംഘം ഭരണസമിതിയിലേക്ക് തെരഞ്ഞെടുക്കപ്പെടുന്നത്. ഈ രീതി മാറ്റി സംഘവുമായി വ്യാപാരബന്ധമുള്ള സജീവാംഗങ്ങൾ മാത്രമേ സംഘത്തിന്റെ ഭരണത്തിൽ വരാൻ പാടുള്ളൂ. അതിനുള്ള നിയമഭേദഗതി വരുത്തേണ്ടതാണ്.
2. സംസ്ഥാനത്തുള്ള സംഘങ്ങളിൽ (1583) പകുതിയിലധികം നഷ്ടത്തിൽ പ്രവർത്തിക്കുന്നവയാണ്. 764 സംഘങ്ങൾ ലാഭത്തിലും 784 എണ്ണം നഷ്ടത്തിലും പ്രവർത്തിക്കുന്നു. 35 എണ്ണം ലാഭവും നഷ്ടവും ഇല്ലാതെയും പ്രവർത്തിക്കുന്നു. വരുമാനത്തിന് ആനുപാതികമല്ലാത്ത പ്രവർത്തനച്ചിലവാണ് തുടർച്ചയായ നഷ്ടത്തിനുള്ള പ്രധാന കാരണം. കൂടാതെ ആവശ്യത്തിധികം ജീവനക്കാരുള്ളതും സർക്കാർ നിർദ്ദേശിക്കുന്ന നിരക്കിൽ വേതനം നൽകേണ്ടിവരുന്നതും നഷ്ടത്തിലാകുന്നതിന്റെ വേറൊരു കാരണമാണ്. അതായത് സാമ്പത്തിക അച്ചടക്കം പാലിക്കുന്നതിൽ പല സംഘങ്ങളും ശ്രദ്ധിക്കുന്നില്ല. സാമ്പത്തികസ്ഥാപനമെന്ന നിലക്ക് സാമ്പത്തിക അച്ചടക്കം കർശനമായി പാലിക്കണം. സംസ്ഥാന സഹകരണബാങ്ക് നഷ്ടത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങളുടെ പുനരുദ്ധാരണത്തിന് പ്രത്യേകം പദ്ധതി തയ്യാറാക്കണം. സാമ്പത്തിക അച്ചടക്കം കർശനമായി പാലിച്ചാൽ സംഘം നഷ്ടത്തിൽനിന്നു കരകയറുവാൻ സാധിക്കും. ജീവനക്കാരെ കുറവു ചെയ്യുവാനോ അവരുടെ വേതനത്തിൽ കുറവു വരുത്തുവാനോ സാദ്ധ്യമല്ലാത്ത പരിതസ്ഥിതിയിൽ വ്യക്തമായ പരിപാടികൾ നടപ്പിലാക്കി വരുമാനം വർദ്ധിപ്പിക്കുകയാണ് സംഘത്തെ രക്ഷപെടുത്തുവാനുള്ള ഏക മാർഗ്ഗം.
4. വായ്പകൾ കൃത്യമായി പിരിച്ചെടുക്കുന്നതിനും യഥാസമയം നിയമനടപടികൾ സ്വീകരിക്കുന്നതിനും ഉള്ള കാലതാമസം ഒഴിവാക്കണം. പല സംഘങ്ങളും ഇതിനു ശ്രദ്ധിക്കുന്നില്ല. ആർബിട്രേഷൻ കേസുകളുടെ ബാഹുല്യം ഇതു ശരിയാണെന്നു തെളിയിക്കുന്നു. മേൽനോട്ടം വഹിക്കേണ്ട വകുപ്പ് പ്രത്യേകം സംവിധാനം ഉണ്ടാക്കണം. അല്ലെങ്കിൽ പ്രത്യേക ഏജൻസി ഉണ്ടാ

ക്കുകയോ ചെയ്യണം.

5. വാർഷികപൊതുയോഗത്തിൽ വരും വർഷത്തെ ബഡ്ജറ്റ് അവതരിപ്പിച്ചശേഷമെ ചിലവുകൾ ചെയ്യാവൂ എന്ന നിയമമുണ്ടെങ്കിലും അതു പാലിക്കപ്പെടുന്നില്ല. യാഥാർത്ഥ്യബോധത്തോകൂടി ബഡ്ജറ്റു തയ്യാറാക്കുകയും, ചിലവുകളും, വരവുകളും ബഡ്ജറ്റിനുസരണമായി ക്രമീകരിയ്ക്കുകയും വേണം.
6. റിക്രൂട്ടിംഗ് സംബ്രദായത്തിലും, യോഗ്യതാ നിർണ്ണയത്തിലും ചില മാറ്റങ്ങൾ ആവശ്യമാണ്. കാര്യപ്രാപ്തിയും, യോഗ്യതയും ഉള്ളവരെ മാത്രമെ ഈ സ്ഥാപനങ്ങളിൽ നിയമിക്കുവാൻ പാടുള്ളൂ.
7. ഒരു പഞ്ചായത്തിൽ ഒരു സംഘം എന്ന തത്വം അംഗീകരിച്ചു നിയമഭേദഗതി വരുത്തേണ്ടതുണ്ട്.
8. വായ്പ ലഭിയ്ക്കാനുള്ള കാല താമസം ഒഴിവാക്കുകയും, നടപടിക്രമങ്ങൾ ലഘൂകരിക്കുകയും വേണം. വായ്പകൾക്ക് ഈടായി പണയാധാരം വാങ്ങുന്നതിനു പകരം പ്ലെഡ്ജിംഗ് സമ്പ്രദായം നടപ്പാക്കുക.
9. ലാഭകരവും പ്രയോജനപ്രദവുമായ മേഘലകൾ കണ്ടെത്തി സമൂഹത്തിന് ആവശ്യമായ പദ്ധതികൾക്ക് സാമ്പത്തിക സഹായം നൽകുന്നതിന് സംസ്ഥാനസഹകരണബാങ്കും, ജില്ലബാങ്കുമായി സഹകരിച്ച് കൺസോർഷ്യം രൂപീകരിച്ചു പ്രവർത്തിക്കേണ്ടതാണ്.
10. കോമേഴ്സ്യൽ ബാങ്കുകൾ കാർഷിക വായ്പകൾക്ക് സ്വർണ്ണപണയം ജാമ്യമായി സ്വീകരിക്കുന്നതു പോലെ പ്രാഥമിക സംഘങ്ങളും സ്വർണ്ണപണയ വായ്പ നൽകുന്ന നയം സ്വീകരിക്കേണ്ടതാണ്.
11. കുടിശിഖ, അംഗങ്ങളെ സംബന്ധിച്ച് ഒരു തീരാശാപമാണ്. സ്വകാര്യ പണമിടപാടുകാരിൽ നിന്നും കൂടുതൽപലിശക്ക് കടം വാങ്ങി സംഘത്തിലെ കുടിശ്ശിക തീർക്കാൻ ശ്രമിക്കുന്നു. പിന്നീട് സംഘത്തിൽ നിന്നും വായ്പലഭിക്കുമ്പോൾ സ്വകാര്യ പണമിടപാടുസ്ഥാപനത്തിൽ നിന്നും വാങ്ങിയതുക കൊടുക്കാനും സാധിക്കുന്നില്ല. സംഘത്തിലെ വായ്പനിലനില്ക്കുകയും ചെയ്യുന്നു. ഇതിനു പരിഹാരമായി പരിഗണിക്കാവുന്നത് വ്യക്തമായ നിബന്ധനകളുടെ അടിസ്ഥാനത്തിൽ വായ്പാവധി ദീർഘിപ്പിച്ചുകൊടുക്കാൻ സംഘങ്ങളെ അനുവദിക്കുകയും, കാഷ് ക്രഡിറ്റു സമ്പ്രദായം നടപ്പിലാക്കുകയുമാണ്.
12. ജില്ലാ സഹകരണബാങ്കുകൾ പ്രാഥമിക സഹകരണ ബാങ്കുകളുടെ പ്രവർത്തന പരിധിയിൽ ശാഖതുടങ്ങുന്നനയം ഉപേക്ഷിക്കേണ്ടതാണ്.
13. ഓഹരി അനുപാതത്തിലാണ് പ്രാഥമിക സഹകരണ സംഘങ്ങൾ ഇപ്പോൾ വായ്പ നൽകുന്നത്. എന്നാൽ സംസ്ഥാനസഹകരണബാങ്കും, ജില്ലാബാങ്കും, മറ്റുകോമേഴ്സ്യൽ ബാങ്കുകൾക്കും ഓഹരി അനുപാതം ബാധകമല്ലാത്ത സാഹചര്യത്തിൽ മറ്റു ബാങ്കുകളുടെ തുല്യമായ രീതി തുടരേണ്ടതാണ്.
14. മേൽപറഞ്ഞ ബാങ്കുകൾക്ക് രജിസ്ട്രേഷൻ രീതി ബാധകമല്ലാത്തതുപോലെ ഒറിജിനൽ ആധാരം ബാങ്കിൽ സൂക്ഷിച്ച് വായ്പ കൊടുക്കുന്ന രീതി ആവിഷ്കരിക്കണം.
15. സഹകരണസംഘം ഓഡിറ്റ് പ്രത്യേകം വകുപ്പു രൂപീകരിച്ച് ചെയ്യേണ്ടതാണ്. ഭരണമേൽനോട്ടം വഹിക്കുന്ന ഏജൻസിതന്നെ ഓഡിറ്റും നടത്തുന്നത് ശരിയല്ല.
16. ഭരണസമിതിയുടെ കാലാവധി 5 വർഷമായി വർദ്ധിപ്പിക്കേണ്ടതാണ്. സംഘം 3 വർഷം കൂടുമ്പോൾ വമ്പിച്ച ഒരു തു ക തിരഞ്ഞെടുപ്പു ചിലവുകൾക്കായി മാറ്റിവയ്ക്കുന്നു. കാര്യമായ പ്രവർത്തനത്തിന് 3 വർഷം വളരെ കുറവാണ്.
17. ഏതാനും വർഷം മുമ്പ് വായ്പ എഴുതിത്തള്ളിയ പദ്ധതി പ്രാഥമികസഹകരണസംഘങ്ങളുടെ പ്രവർത്തനത്തെ സാരമായി ബാധിച്ചു. കുടിശിഖക്കാരായ അംഗങ്ങൾക്ക് മാത്രമാണ് ഇതിന്റെ പ്രയോജനം ലഭിച്ചത്. കൃത്യമായും സത്യസന്ധമായും പണം അടച്ചവർക്ക് ഈ പദ്ധതിയുടെ ഗുണഭോക്താവാകാൻ സാധിച്ചില്ല. വായ്പ വീഴ്ചവരുത്തുന്നതിനുള്ള ഒരു പ്രചോദനമാണ് ഉണ്ടായത്. അതു പോരാ കൃത്യമായി പണം അടയ്ക്കുന്ന വായ്പക്കാരന് പലിശ സബ്സിഡിപോലുള്ള പദ്ധതികൾ ആവിഷ്കരിക്കണം.
18. പ്രാഥമിക സഹകരണ സംഘങ്ങളിലെ പ്രതിനിധികൾക്കു മാത്രമെ ജില്ലാ സഹകരണബാങ്കുകളിൽ അംഗത്വം നൽകാൻ പാടുള്ളൂ. അതിനു നിയമഭേദതി ചെയ്യേണ്ടതാണ്.
19. വൻതോതിൽ നിക്ഷേപമുള്ള പ്രാഥമിക സഹകരണ ബാങ്കുകളിൽനിന്നും ഡിമാൻഡ് ഡ്രാഫ്റ്റു നൽകുന്നതിനു നിർവാഹമില്ല. സംസ്ഥാനസഹകരണബാങ്കിന്റെ നേതൃത്വത്തിൽ ഇതിനുള്ള സംവിധാനം ഉണ്ടാക്കണം.
20. അതുപോലെ N.R.I അക്കൗണ്ട് ആരംഭിക്കുന്നതിന് റിസർവ്വ് ബാങ്കുമായി ബന്ധപ്പെട്ട് വിദേശ ഇൻഡ്യാക്കാരുടെ നിക്ഷേപം സ്വീകരിക്കാൻ ഉതകുന്ന പദ്ധതികൾക്ക് രൂപം നൽകണം.
21. ചിട്ടിസല പരമാവധി 5 ലക്ഷം രൂപയാക്കി വർദ്ധിപ്പിക്കാൻ വേണ്ടനടപടികൾ സ്വീകരിക്കേണ്ടതാണ്.



11

പട്ടികജാതിക്ഷേമം

കിടങ്ങൂർ ഗ്രാമപഞ്ചായത്തിൽ പത്തുവാർഡുകളിലുമായി മുന്നൂറ്റി അൻപതോളം പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്നു. ഇവിടെ പട്ടിക വർഗ്ഗ വിഭാഗത്തിൽപെടുന്ന കുടുംബങ്ങളൊന്നുമില്ല. പട്ടികജാതി വിഭാഗത്തിൽപെടുന്ന 492 പുരുഷന്മാരും 510 സ്ത്രീകളുമടക്കം 1002 പേർ ഉള്ളതായാണ് 1991-ലെ സെൻസസ് റിപ്പോർട്ടിൽ കാണുന്നത്. ഇതിപ്പോൾ 5% വർദ്ധനയോടെ ഏതാണ്ട് 1100 പേർ ഉണ്ടെന്ന് കാണുന്നു. സ്കൂൾ രജിസ്റ്ററുകൾ പ്രകാരം 299 പട്ടികജാതി വിഭാഗം വിദ്യാർത്ഥികളാണുള്ളത്. ഒരു വയസ്സിനും ആറുവയസ്സിനും ഇടയ്ക്ക് പ്രായമുള്ള നൂറ്റി അറുപത്തഞ്ചോളം കുട്ടികളുണ്ട്. കോളേജ് വിദ്യാഭ്യാസത്തിനു പോകുന്നവർ 60 വരും. മിക്കവരും കാർഷികമേഖലയിലും പരമ്പരാഗത കുടിൽവ്യവസായങ്ങളിലും ഭാഗികമായ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരാണ്. വ്യക്തമായ തൊഴിലില്ലാത്തവർ 30% വരും.

ജന്മി കുടിയാൻ വ്യവസ്ഥ നിലവിലുണ്ടായിരുന്ന കാലഘട്ടത്തിൽ ലഭിച്ച കുടികിടപ്പവകാശഭൂമിയിലാണ് 90% ആളുകളും താമസിക്കുന്നത്. മുൻപ് ഉണ്ടായിരുന്ന യാതൊരുവിധ അയിത്താചാരങ്ങളും ഇന്ന് നിലവിലില്ല. മറ്റുസമുദായങ്ങളുടെ മംഗളപരമായ ചടങ്ങുകളിൽ ഇവർ പങ്കെടുക്കുന്നു. പണ്ട് ഇവരുമായി തൊഴിൽ ചെയ്യിക്കുന്ന കാര്യമൊഴിച്ച് മറ്റൊന്നിലും മറ്റുള്ളവർ അടുത്തിടപഴകിയിരുന്നില്ല. ഓലകെട്ടിയ കുടിലുകളും മണ്ണ് തേച്ച പുരയും ആയിരുന്നു ആദ്യകാലവാസഗൃഹങ്ങൾ.

പഴയ തലമുറയിലെ ആരും തന്നെ വിദ്യാഭ്യാസമുള്ളവരായിരുന്നില്ല. അവർക്ക് അതിന് അവസരവുമുണ്ടായിരുന്നില്ല. കാർഷികമേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾ ആയിട്ടും കാലഘട്ടങ്ങളിൽ ഉണ്ടായിട്ടുള്ള ജനകീയ സമരങ്ങൾക്ക് ഈ പഞ്ചായത്ത് സാക്ഷ്യം വഹിച്ചിട്ടില്ല.

ഇവരുടെ ഇടയിൽ വിവാഹ കാര്യങ്ങളിൽ സ്ത്രീധന വ്യവസ്ഥ ഉണ്ടായിരുന്നു. സ്വസമുദായാംഗങ്ങൾ സാമ്പത്തിക, സാമൂഹ്യരംഗങ്ങളിൽ നിസ്തുല സേവനം അനുഷ്ഠിക്കുന്നവരാണ്, മറ്റുള്ള കർമ്മരംഗങ്ങളിലും ഇവരുടെ ഭാഗധേയത്വം എന്നും സ്മരിക്കപ്പെടേണ്ടതുതന്നെയാണ്. പരമ്പരാഗതമായി ചില കലാനുഷ്ഠാനങ്ങൾ ഇവർക്കുണ്ട്. കോൽക്കളി, കാളകെട്ട്, വേലൻ തുള്ളൻ തുടങ്ങിയവ ഉദാഹരണങ്ങളാണ് എന്നാൽ ഇവയെല്ലാം തന്നെ ഇന്ന് മൃതപ്രായത്തിലാണ്.

90% വീടുകളും സർക്കാർ സാമ്പത്തിക സഹായത്താൽ പണിതിട്ടുള്ളതാണ്. ഇവയിൽ സിംഹഭാഗവും തറമെഴുകിയതും കഷ്ഠിച്ച് അടവാക്കിയിട്ടുള്ളതും ആണ്. 30% വീടുകളും ഓലമേഞ്ഞതാണ്. ഓടിട്ടവയും ഷീറ്റിട്ടിട്ടുള്ളതുമാണ് ബാക്കിയുള്ളത്. ഈ പറഞ്ഞ വീടുകളിൽ 2% ഒഴിച്ച് ഒന്നിലും വൈദ്യുതി എത്തി നോക്കിയിട്ടില്ല.

ഈ പഞ്ചായത്തിൽ 1-ാം വാർഡിലെ കോങ്ങോർപള്ളിത്തറകോളനിയും 10-ാം വാർഡിലെ മുലക്കോണം കോളനിയും രണ്ട് പട്ടികജാതി കോളനികളാണ്. ഇവിടെ താമസിക്കുന്ന കുടുംബങ്ങൾക്ക് കക്കൂസ്സുകൾ ഉണ്ടാവേണ്ടതാണ്. ഉയർന്നപ്രദേശങ്ങളിലെ കുടിവെള്ളക്ഷാമം അതിരൂക്ഷമാണ് വേനൽക്കാലത്ത് ഒന്നും രണ്ടും കിലോമീറ്റർ സഞ്ചരിച്ചാണ് വെള്ളം എത്തിക്കുന്നത്. സ്വന്തമായി കിണറുകൾ 90% കുടുംബങ്ങൾക്കും ഇല്ല.

ജീവിതരീതിയിൽ വൻ പുരോഗതി കൈവന്നുവെന്നവകാശപ്പെടാമെങ്കിലും സാമൂഹ്യപരിപാടികളിലേയ്ക്ക് ഇറങ്ങിവന്ന് സഹകരിക്കുവാൻ പൊതുവെ വിമുഖരാണ്. മറ്റു സമുദായങ്ങൾ എല്ലാ രീതിയിലും ഇവരോട് സഹകരിക്കുന്നണ്ട്. പൊതുപ്രവർത്തനത്തിൽ ഇവരുടെ പങ്ക് പ്രത്യേകിച്ച് നേതൃത്വനിരയിൽ വളരെ വിരളമാണ്.

കൂട്ടുകുടുംബവ്യവസ്ഥായാണ് നിലനിൽക്കുന്നത് സ്ഥലവും വീടില്ലാത്തവരുമായി 20% പേർ വരും. വീടുമാത്രമായി 20 കുടുംബക്കാരും. തൊഴിൽ കാഷിക വ്യവസായമേഖലയിലാണ്. ഉദാ. വയലിലെ പണി, ഇഷ്ടികപ്പണി, തടി ലോഡിംഗ് മുതലായവ. പ്രായമായവർ തൊഴിൽ ചെയ്യുന്നില്ല. ഈ പറഞ്ഞ ജോലികൾ സീസണിൽ മാത്രം ആണ്. ആരോഗ്യ രംഗത്ത് പൊതുവെയുള്ള അറിവുകൾ ഉണ്ടെങ്കിലും പോഷകാഹാരരംഗത്ത് നില ശോചനീയമാണ്. പ്രതിരോധകുത്തിവയ്പ്പുകൾപോലുള്ളവ നടത്തുന്നുണ്ട്. മാരകരോഗങ്ങളോ സാംക്രമിക രോഗങ്ങളോ പിടിപ്പെടുന്നവരായി ആരും തന്നെയില്ല. വിദ്യാഭ്യാസരംഗത്ത് നിലപ

രിതാപകരമാണ്. കുട്ടികളിൽ ഏറിയ ഭാഗവും ഇടയ്ക്കുവച്ച് സ്കൂൾ തലത്തിൽ തന്നെ പഠിപ്പ് നിർത്തുന്നു. യുവാക്കളാകുന്നതിനുമുമ്പ് തന്നെ ഏതെങ്കിലും തരത്തിലുള്ള ജോലികളിൽ വ്യാപൃതരാവുന്നു. കുടുംബങ്ങളിലെ സാമ്പത്തിക ബുദ്ധിമുട്ട് കാരണമായി പറയപ്പെടുന്നു. കുലിപ്പണിയ്ക്കാണ് ഇവരിൽ പലരും പിന്നീട് തിരിയുന്നത്.

സാധ്യതകളും നിർദ്ദേശങ്ങളും

വീടുകളുടെ അകകുറ്റ പണികൾക്ക് വേണ്ട ധനസഹായം ലഭ്യമാക്കുക.

വീടും സ്ഥലവും ഇല്ലാത്ത കുടുംബങ്ങൾക്ക് നിലവിലുള്ള കോളനി വ്യവസ്ഥമാറ്റി സൗകര്യപ്രദമായ സ്ഥലത്ത് വീട് വച്ച് നൽകുക.

മുഴുവൻ വീടുകളും വൈദ്യുതികരിക്കുകയും വൈദ്യുതി സൗജന്യമായി നൽകുകയും ചെയ്യുക.

പുതിയ വീടുകൾക്കും നേരത്തെ ഇല്ലാത്ത വീടുകൾക്കും അടിയന്തിരമായി കക്കൂസുകൾ നിർമിച്ചു നൽകുക.

വാർദ്ധ്യക്യകാല, വിധവാ, കർഷകത്തൊഴിലാളി പെൻഷനുകൾ നിരക്ക് ഉയർത്തി യഥാസമയം കൃത്യമായി ലഭ്യമാക്കുക.

സ്വയം തൊഴിൽ വായ്പകൾ ലളിതവും ഉദാരവും ആക്കുകയും അവശ്യക്കാർക്ക് ലഭ്യമാകുന്നു എന്ന് ഉറപ്പുവരുത്തുകയും ചെയ്യുക.

സ്ത്രീകൾക്കുള്ള സ്വയം തൊഴിൽ പദ്ധതികളെക്കുറിച്ച് അവരെ ബോധവതികളാക്കുകയും അവർക്ക് വേണ്ട പരിശീലനം നൽകുകയും അതിനുള്ള വായ്പകൾ അനുവദിക്കുകയും ചെയ്യുക.

പാരമ്പര്യമായി ചെയ്തു വരുന്ന കൊട്ടകെട്ട് പായനെയ്ത്ത് തുടങ്ങിയവയും കോഴിവളർത്തൽ പോലെയുള്ളവയും പ്രോത്സാഹിപ്പിച്ച് നടപ്പിലാക്കുക.

കോളനികളിലെ വീടുകളുടെ ജീർണ്ണാവസ്ഥ പരിഹരിക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കുക.

അങ്കണവാടികൾ സ്ഥാപിക്കുക.

പട്ടികജാതി വിഭാഗങ്ങൾക്ക് ഐഡന്റിറ്റി കാർഡുകൾ നൽകുക.

ഈ വിഭാഗത്തിൽപ്പെടുന്നവർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ മറ്റുവിഭാഗങ്ങൾ അനുഭവിക്കാതിരിക്കാൻ കർശനമായി നടപടികൾ സ്വീകരിക്കുക.

ഇവരുടെ സമൂലമായ ഉന്നമനം ലക്ഷ്യമാക്കി പട്ടികജാതി പട്ടിക വർഗ്ഗ സഹകരണ സംഘം സ്ഥാപിക്കുകയും അതിന്റെ കീഴിൽ ചെറുകിടവ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുകയും ചെയ്യുക.

വിദ്യാഭ്യാസം പൂർത്തിയാക്കുവാൻ രക്ഷാകർത്താക്കളെയും കുട്ടികളെയും ബോധവൽക്കരിക്കുക.

കൃഷിക്കാവശ്യമായ വളം, വിത്ത്, കാർഷികോപകരണങ്ങൾ സൗജന്യമായി വിതരണം ചെയ്യുക.

ഈ വിഭാഗത്തിൽപ്പെട്ടവർ കൂടുതലായി താമസിക്കുന്നപ്രദേശങ്ങളിലെ കുടിവെള്ളപ്രശ്നം പരിഹരിക്കുവാൻ കുളങ്ങളും കിണറുകളും പൈപ്പ് ലൈനുകളും സ്ഥാപിക്കുകയും വെള്ളം ലഭ്യമാകുന്നു എന്ന് ഉറപ്പുവരുത്തുകയും ചെയ്യുക.

ഇവർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങളെക്കുറിച്ച് വിവരം ലഭ്യമാക്കുന്നതിന് റേഷൻ കടകളിലോ, മറ്റ് പൊതുസ്ഥലങ്ങളിലോ, നോട്ടീസുകളോ വിജ്ഞാപനങ്ങളോ പ്രസിദ്ധപ്പെടുത്തേണ്ടതാണ്.

ഇവരുടെ സ്ഥിതി വിവര കണക്കുകൾ പഞ്ചായത്തു തലത്തിൽ പ്രസിദ്ധീകരിക്കുകയും പുരോഗതിവിലയിരുത്തുകയും ചെയ്യുക.

മദ്യപാനം പോലുള്ള കാര്യങ്ങളെക്കുറിച്ച് ബോധവൽക്കണം നടത്തുക.

സാമ്പത്തിക ബുദ്ധിമുട്ടനുഭവിക്കുന്ന കുടുംബങ്ങളിലെ പെൺകുട്ടികളുടെ വിവാഹങ്ങൾക്ക് ധനസഹായം നൽകുക.

വിദ്യാർത്ഥികളുടെ ലംപ്സം ഗ്രാന്റ് വർദ്ധിപ്പിക്കുക.

ഇവർക്ക് ലഭിക്കേണ്ടുന്ന ആനുകൂല്യങ്ങൾ കൃത്യമായിലഭിക്കുന്നു എന്ന് ഉറപ്പുവരുത്തുക.

വനിതാ സമാജങ്ങൾ, സാംസ്കാരികനിലയങ്ങൾ, സാക്ഷരതാ കേന്ദ്രങ്ങൾ എന്നിവ ആരംഭിക്കുക. ടി.വി. സെറ്റുകൾ സ്ഥാപിക്കുക. പരമ്പരാഗത കലകൾ പുനഃരുജ്ജീവിപ്പിക്കുക.

പട്ടികജാതി വർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനായി ജനകീയ സമിതി രൂപീകരിക്കുക. ഭൂരിപക്ഷവും ഈ വിഭാഗത്തിൽപ്പെടുന്നവർ തന്നെയായിരിക്കണം. സമിതിയംഗങ്ങൾ. പഞ്ചായത്ത്, ബ്ലോക്ക് ജില്ലാ തലസമിതികൾ വേണം. ഏതെങ്കിലും തീരുമാനങ്ങളിൽ പരാതിയുണ്ടെങ്കിൽ മേൽ സമിതികളെ സമീപിക്കുവാൻ വ്യവസ്ഥയുണ്ടാവണം. ആനുകൂല്യങ്ങൾക്ക് അർഹതയുള്ളവരെ തെരെഞ്ഞെടുക്കുവാനുള്ള അവകാശം ഈ ജനകീയ സമിതികൾക്ക് നൽകിയാൽ മറ്റുള്ളവർ തട്ടിയെടുക്കുന്നത് തടയാനാവും. ഒപ്പം ഐഡന്റിറ്റി കാർഡും നൽകുക. ഇവരുടേതായ സഹകരണ സംഘം അടിയന്തിരമായി ഉണ്ടാവണം.

കോളനി വ്യവസ്ഥ മാറ്റി മറ്റു സമൂഹത്തിനൊപ്പം ജീവിക്കുവാനുള്ള അവസരം ഉണ്ടാക്കുവാൻ പുതിയ വീടുകൾ പണിതു നൽകേണ്ടതാണ്. കിണറുകളും കക്കൂസ്സിന്റെ ടാങ്കുകളും പണിയുമ്പോൾ കുറെ കുടുംബങ്ങൾക്ക് പൊതുവായി ഉപയോഗിക്കത്തക്കരീതിയിൽ ഒന്നായി ഉണ്ടാക്കുന്നത് സാമൂഹ്യമായ മാറ്റത്തിന് വഴിതെളിക്കും.

പല വാർഡുകളിലും റോഡിന്റെയും, കിണറിന്റെയുമെല്ലാം ആവശ്യങ്ങൾ ഉയർന്നിട്ടുണ്ട്. പഞ്ചായത്തിന്റെ ശ്രദ്ധ ഗ്രാമതലറിപ്പോർട്ടുകൾ പരിശോധിച്ച് കാലാകാലങ്ങളിൽ നടത്തുന്നതാകണം.



12

വിഭവസമാഹരണം

കർഷകരും കർഷകത്തൊഴിലാളികളും അധികമായുള്ള ഒരു പ്രദേശമാണ് കിടങ്ങൂർ ഗ്രാമപഞ്ചായത്ത്. ഒരു പക്ഷേ ആളോഹരി വരുമാനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടങ്കിലും മെച്ചപ്പെട്ട ജീവിത നിലവാരം കൈവരിക്കുന്നതിൽ ബഹുഭൂരിപക്ഷത്തിനും പുരോഗതി ദൃശ്യമല്ല. പഞ്ചായത്തിന്റെ വരുമാനവും വർഷംതോറും ചെലവുകൾക്ക് മതിയാകാത്തതാണ്. അതുകൊണ്ടുതന്നെ പഞ്ചായത്തിന്റെ ഇന്നത്തെ വരുമാനം ഉപയോഗിച്ച് വികസനപ്രവർത്തനങ്ങൾക്ക് സാദ്ധ്യതയില്ല.

1995-96ലെ പഞ്ചായത്തിന്റെ വരവുചെലവുകണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു. ഇതു പരിശോധിച്ചാൽ ചെലവ് നിയന്ത്രിക്കുകയും, നിലവിലുള്ള വരുമാനത്തോത് വർദ്ധിപ്പിക്കുകയും ചെയ്താൽ പോലും വികസന പ്രവർത്തനങ്ങൾക്ക് പഞ്ചായത്തു ഫണ്ട് ഉപയോഗിക്കുവാൻ സാധിക്കില്ല എന്ന് ബോദ്ധ്യമാകും.

പഞ്ചായത്തിന്റെ സ്ഥിരവരുമാനം ആണ്ടിനാൽ 9 ലക്ഷം രൂപയെന്നും, തൻചെലവ് എട്ടരലക്ഷം രൂപയെന്നും ഏകദേശമായി കണക്കാക്കാം. ശേഷിക്കുന്ന അരലക്ഷം രൂപാ ഓഫീസ് കെട്ടിടത്തിന്റേയും, ഷോപ്പിംഗ് കോംപ്ലക്സിന്റേയും സാംസ്ക്കാരിക നിലയത്തിന്റേയും മെയിന്റനൻസിനും പെയിന്റിംഗിനും പോലും തികയാതെവരും, പിന്നീട് റോഡ് മെയിന്റനൻസുകൾക്കുപോലും തുക കാണുകയില്ല എന്നതാണ് സ്ഥിതി.

പഞ്ചായത്തുകെട്ടിടം ഇരിക്കുന്ന 15.25 ആർ സ്ഥലവും, കുമ്മണ്ണൂർ സാംസ്ക്കാരിക നിലയം സ്ഥിതിചെയ്യുന്ന 30 ആർ സ്ഥലവും പൊതുശ്മശാനവുമാണ് പഞ്ചായത്തിന്റെ കൈവശമുള്ള ആകെ സ്ഥലം.

പഞ്ചായത്തിന്റെ പ്രധാന വരുമാനം നികുതി പിരിവുകളിൽ നിന്നാണ്. കെട്ടിടനികുതിയും, തൊഴിൽ നികുതിയും. മറ്റ് നികുതികളുടെ കാര്യത്തിലെന്നപോലെ ഇവയും ഏകീകൃതരീതിയിൽ പിരിച്ചെടുക്കുന്നതിന് കഴിയാറില്ല. എസ്റ്റാബ്ലീഷ്മെന്റ് അനുദിനം വർദ്ധിച്ചു വരുന്നു. നിലവിലുണ്ടായിരുന്ന വരുമാന മാർഗ്ഗങ്ങൾ പലതും അടഞ്ഞുകൊണ്ടുമിരിക്കുന്നു. മീനച്ചിലാറ്റിലെ മണൽ വാരിഉപയോഗിക്കുന്നതിൽ നിന്നും ലഭിച്ചിരുന്ന വരുമാനം രണ്ടുവർഷമായി തടയപ്പെട്ടു കിടക്കുന്നു. പൊതുമാരാമത്തു പണികൾ ജനഹിതമോ, ജനപങ്കാളിത്തമോ പരിഗണിക്കാതെ നടത്തി വരുന്നതിനാൽ പ്രയോജനക്കുറവ് വരുന്നു. ഇടത്തട്ടുകാരായ കോൺട്രാക്ടറന്മാർ അമിത ലാഭമെടുക്കുന്ന രീതിയാണ് നിലവിലുള്ളത്.

പ്രത്യുല്പാദന മേഖലയിൽ പഞ്ചായത്ത് ഒരു പൈസപോലും നാളിതുവരെ ചെലവാക്കിയിട്ടില്ല. അതിനാൽ ആ രംഗത്ത് ധനാഗമ മാർഗ്ഗമൊന്നുമില്ല.

ഗ്രാമവികസന ബോർഡിന്റെ സഹായത്തോടെ പണിതീർത്ത ഷോപ്പിംഗ് കോംപ്ലക്സിന്റെ ഗ്രൗണ്ട് ഫ്ലോർ ഇപ്പോൾ ടാക്സി സ്റ്റാൻഡായി ഉപയോഗിക്കുന്നു. പഞ്ചായത്തുകെട്ടിടത്തിന്റെ തെക്കുവശത്ത് 20 മീറ്റർ വീതിയും അതിനടുത്ത് നീളവുമുള്ള സ്ഥലം ഇപ്പോൾ തരിശായി കിടക്കുന്നു. അവിടെ ടാക്സി സ്റ്റാൻഡ് നിർമ്മിച്ച്, നിലവിലുള്ള ടാക്സി സ്റ്റാൻഡ് മുറികളായി തിരിച്ച് വാടകയ്ക്കു നൽകിയാൽ ഒരു സ്ഥിര വരുമാനമാകുന്നതാണ്.

വൈദ്യുതി ചെലവിനായും പഞ്ചായത്ത് ഭീമമായ സംഖ്യയാണ് മാസംതോറും ചെലവാക്കുന്നത്. വഴിവിളക്കുകൾ കത്തിക്കുന്നതിനു ചെലവാക്കുന്ന തുകയുടെ 25% പോലും പ്രയോജനകരമാകുന്നില്ല.

കിടങ്ങൂർ ഗ്രാമപഞ്ചായത്ത് 1995-96-ലെ വരവുചെലവുകൾ

No.	വരവിനം	തുക		No.	ചെലവിനം	തുക	
1.	കെട്ടിടനികുതി വരവ്	160699		1.	കമ്മിറ്റി, സിറ്റിംഗ് ഫീസ്	64000	
2.	തൊഴിൽ നികുതി	159251		2.	ഓഫീസ് സ്റ്റാഫ്-ശമ്പളം	382700	
3.	വിനോദ നികുതി	38506		3.	ബിൽകളക്ടർമാർ	88340	
4.	കെട്ടിട വാടക	34867		4.	തൂപ്പുകാർ	39000	
5.	ലൈസൻസ് ഫീസുകൾ	10062		5.	ഓഫീസ് ചെലവ്, കറന്റ്ചാർജ്	11175	
6.	അടിസ്ഥാനനികുതി-ഗ്രാന്റ്	49119		6.	അച്ചടി	12185	
7.	വസ്തുകൈമാറ്റനികുതി-ഗ്രാന്റ്	118848		7.	സ്ട്രീറ്റ് ലൈറ്റ്	71604	
8.	വാഹനനികുതി- ഗ്രാന്റ്	307070		8.	ഗ്രാമോത്സവം	10000	
9.	റോഡ്മെയിന്റനൻസ്-ഗ്രാന്റ്	43272		9.	കക്കൂസ് നിർമ്മാണം സഹായം	14525	
10.	ഇന്ദിരാവികാസ്പത്ര-കമ്മീഷൻ	418000		10.	അൺറ്റൈഡ് ഫണ്ട് വിനിയോഗം	253626	
11.	അൺറ്റൈഡ് ഫണ്ട്	259340		11.	റോഡ് മെയിന്റനൻസ്	51000	
12.	നികുതികൾ മുതലായവ	131277	10	12.	പ്രസിദ്ധീകരണങ്ങൾക്ക്	5000	
				13.	ലൈബ്രറേറിയന്	6000	
				14.	കടത്തുകൂലി	14000	
				15.	പലവകച്ചെലവ്	724	
	ആകെ വരവ്	1730311	.10		ആകെ ചെലവ്	1023879	
	കഴിഞ്ഞവർത്തെ ബാക്കി	656695	.98		നീക്കിയിരിപ്പ്	1363128	.08
	മൊത്തം വരവ്	2387007	.08		മൊത്തം	2387007	.08

ഇത് പുനഃസംവിധാനം ചെയ്ത് ഉപയോഗിക്കുന്ന കറന്റി നുമാത്രം ചാർജ് നൽകുന്ന സംവിധാനം ഉണ്ടാക്ക ണം.

ബഹുജനങ്ങളുടെ വൈദ്യുതി ആവശ്യങ്ങളും പൂർണ്ണമായി നിറവേറ്റപ്പെടുന്നില്ല. ലോഡ് ഷെഡിംഗും, പവർക്കട്ടും പരമാവധി കുറയ്ക്കുന്നതിന് വൈദ്യുത ഉപയോഗം പരമാവധി കുറയ്ക്കേണ്ടതുണ്ട്. ഇന്ന് വീടുകളിൽ ഉപയോഗിക്കുന്ന ബൾബുകൾക്കുപകരം (വഴിവിളക്കുകളിലും) ട്യൂബ് ലൈറ്റുകൾ ഉപയോഗി ച്ചാൽ വൈദ്യുതച്ചെലവ് 1/3 ഭാഗം കുറയ്ക്കാൻ കഴിയും. ആധുനിക സൗങ്കേതികവിദ്യ ഉപയോഗിച്ച് നിർമ്മിക്കുന്ന ഇലക്ട്രോണിക് ചോക്കും മറും ഉപ യോഗിച്ചാൽ താഴ്ന്ന വോൾട്ടേജിലും ട്യൂബുകൾ പ്രകാ ശിക്കും. എന്നാൽ ഇതിന് ആദ്യം കൂടുതൽ മുതൽമുട ക്കുവേണ്ടി വരും. ആവശ്യമായ സാമ്പത്തിക സഹായം സർക്കാർ ചെലവിൽ തന്നെ നൽകുകയും, ജനങ്ങളെ ഉദ്ബോധിപ്പിക്കുകയും ചെയ്താൽ ഇത് സാധിക്കാവു ന്നതേയുള്ളൂ. അതിന് സർക്കാർ ചെലവാക്കുന്ന തുക വൈദ്യുത പ്രതിസന്ധി തരണം ചെയ്യാനുള്ള ചെല വായി കണക്കാക്കേണ്ടതാണ്.

പഞ്ചായത്തിലെ ബാങ്കുകളും, മറ്റ് സഹകാര്യ ധനമിടപാടുസ്ഥാപനങ്ങളും ധനാഗമത്തിന് സഹാ യിക്കുന്ന സ്കീമുകൾ നടപ്പാക്കുന്നതിൽ വിമുഖത കാട്ടുന്നു. ഉദാരമായ വ്യവസ്ഥകളിൽ വായ്പനൽകു ന്നതോടൊപ്പം ലക്ഷ്യപൂർത്തീകരണത്തിനാണോ വായ്പ ഉപയോഗിക്കുന്നത് എന്നും പരിശോധിക്കേ ണ്ടതാണ്. ജനങ്ങളുടേയും അതിലൂടെ പഞ്ചായ ത്തിന്റേയും ധനാഗമ മാർഗ്ഗം വർദ്ധിപ്പിക്കുന്നതിനു തകുന്ന സ്കീമുകൾ ഇത്തരം ധനകാര്യസ്ഥാപന ങ്ങൾ ഏറ്റെടുക്കേണ്ടതുണ്ട്.

വിദേശ രാജ്യങ്ങളിലും മറ്റും ജോലി ചെയ്യു ന്നവരുടെ പണം പ്രത്യുല്പാദനരംഗത്ത് വിനിയോഗി ക്കപ്പെട്ടാൽ അത് പഞ്ചായത്തിനു തന്നെയും പ്രയോ ജനകരമായിത്തീരും. അതിനുതകുന്ന സ്കീമുകളും ആവിഷ്ക്കരിച്ചു നടപ്പിലാക്കാവുന്നതാണ്.

മീനച്ചിലാറ്റിലെ മണൽ വാരൽ മൂലം ലഭിച്ചി രുന്ന ആദായം നിന്നുപോയി എന്നു മാത്രമല്ല, മണൽ വാരൽ നടക്കുകയും ചെയ്യുന്നു. ഇത് പഞ്ചായത്തിനു ലഭിക്കേണ്ട വരുമാനം അടച്ചുകളയുക മാത്രമാണ്

ചെയ്യത്. ഇതിന് പരിഹാരം ഉണ്ടാകേണ്ടിയിരിക്കുന്നു. സമീപ പഞ്ചായത്തു പ്രദേശങ്ങളിൽ മണൽ വാരൽ അനുവദിച്ച് ധനാഗമം നടത്തുന്നുമുണ്ട്. പഞ്ചായത്തിൽ നിന്നും നേരിട്ട് ഒരു നിശ്ചിത അളവ് മണൽ ഓരോ ദിവസവും വാരി വില്ക്കുന്നതിനുള്ള സൗകര്യം ഉണ്ടാക്കണം. നിയന്ത്രിതമായി മണൽ വാരുന്നതിനും, നിയന്ത്രിതവിലയ്ക്ക് അത് വില്ക്കുന്നതിനും ഫലപ്രദമായ സൗകര്യം ഉണ്ടാക്കിയാൽ പഞ്ചായത്തിനും, തൊഴിലാളികൾക്കും, ഗുണഭോക്താക്കൾക്കും അത് പ്രയോജനകരമാകും. ഈ നിയന്ത്രണങ്ങൾ പരിശോധിക്കുവാൻ ജനകീയ സമിതി രൂപീകരിക്കുകയും, അതു സംബന്ധമായ കർശനനിയമം നടപ്പിലാക്കുകയും വേണം. തൊഴിലില്ലാത്ത ഏതാനും പേർക്കെങ്കിലും സെക്യൂരിറ്റിയുടെ അടിസ്ഥാനത്തിൽ പണപ്പിരിവിന് തൊഴിൽ നൽകാനും കഴിയും.

സാമൂഹ്യ സാംസ്ക്കാരിക സംഘടനകളുടെ ഉന്നമനത്തിന് കേന്ദ്രസർക്കാരും, സംസ്ഥാന സർക്കാരിന്റെ വിവിധ അക്കാഡമികളും മറ്റും അനുവദിക്കാറുള്ള ഗ്രാന്റും, ദീർഘകാല വായ്പകളും ഒന്നും പോലും നമ്മുടെ പഞ്ചായത്തിൽ ഉപയോഗപ്പെടുത്തിയാതായി അറിവില്ല. സാമ്പത്തികബുദ്ധിമുട്ടമൂലം പ്രവർത്തനരഹിതമായ പല കലാഅദ്ധ്യയനസ്ഥാപനങ്ങളും നമുക്കുണ്ട്. ഇവയ്ക്ക് അത്തരം ധനസഹായം ലഭ്യമാക്കുവാൻ നടപടികൾ ഉണ്ടാകണം.

പഞ്ചായത്തിന്റെ വരവു ചെലവു കണക്കുകളുടെ സുതാര്യത നഷ്ടപ്പെടുന്നതിനാൽ ബഹുജനങ്ങൾ അജ്ഞരും, ആശങ്കയുള്ളവരുമാണ്. കാലാകാലങ്ങളിൽ പഞ്ചായത്തിന്റെ വരവുചെലവുകണക്കുകൾ അച്ചടിച്ച് പരസ്യപ്പെടുത്തുന്നത് അഭികാമ്യമായിരിക്കും. വികസനപ്രവർത്തനങ്ങൾക്ക് ആവശ്യമായ മനുഷ്യ പ്രയത്നം അതാതു പ്രദേശത്തു നിന്നു തന്നെ സമാഹരിക്കുക.

നിർമ്മാണപ്രവർത്തനങ്ങളിൽ വേണ്ടിവരുന്ന അസംസ്കൃത വസ്തുക്കളിൽ അതാതുപ്രദേശത്ത് ലഭ്യമായവ കഴിയുന്നത്ര സംഭാവനയായി സ്വീകരിക്കുക.

സഹകരണ സ്ഥാപനങ്ങളുടെ കോമൺഗുഡ് ഫണ്ടിൽ നിന്നും ഒരു നിശ്ചിതശതമാനം പഞ്ചായത്ത് വികസനപ്രവർത്തനങ്ങൾക്ക് ലഭ്യമാക്കുക.

ഉപസംഹാരം

സ്വയം പര്യാപ്തമായ ഒരു ഗ്രാമം ഇതാണ് ഗ്രാമ വികസനത്തിന്റെ ലക്ഷ്യം. അതിനനുസരണമായിരിക്കണം പദ്ധതി ആസൂത്രണവും, വികസനപ്രവർത്തനവും.

എന്നാൽ ഇതുവരെ നടന്ന ആസൂത്രണങ്ങളെല്ലാം വിവിധ വകുപ്പുകളുടെ പരസ്പരബന്ധമില്ലാത്ത സ്കീമുകളായിരുന്നു. ഈ കേന്ദ്രീകൃത ആസൂത്രണം ഉദ്യോഗസ്ഥമേധാവിത്വപരവും, അടിസ്ഥാനപരമായ സാമൂഹ്യമാറ്റങ്ങൾക്ക് ലക്ഷ്യം വയ്ക്കാത്തവയുമായിരുന്നു. പദ്ധതികൾ ലക്ഷ്യപ്രാപ്തിക്ക് ഉതകുന്നവയായിരുന്നില്ല എന്നുമാത്രമല്ല ഈ ആസൂത്രണരീതി പരമ്പരാഗതമായ നമ്മുടെ അദ്ധ്വാനശേഷി നശിപ്പിക്കുകയും, സേവനസന്നദ്ധതയ്ക്കുള്ള തുറന്നമനസ്സ് അടച്ചുകളയുകയും ചെയ്തു.

ഇന്ത്യൻ ഭരണഘടനയുടെ 11,12 പട്ടികകളിലുള്ള വികസനമേഖലകളിൽ ആസൂത്രണത്തിനുള്ള അധികാരം ത്രിതല പഞ്ചായത്തുകൾക്ക് നൽകപ്പെട്ടിരിക്കുന്നു. ഈ ആസൂത്രണം ഫലപ്രദവും, ജനപങ്കാളിത്തമുള്ളതുമാകുന്നതിന് അധികാരവികേന്ദ്രീകരണം മുഖമുദ്രയാകണം. ആസൂത്രണം ഗ്രാമപഞ്ചായത്തിലാരംഭിക്കണം. ഏതെല്ലാം കാര്യങ്ങളിൽ തീരുമാനമെടുത്ത് നടപ്പിലാക്കുന്നതിന് പഞ്ചായത്തുകൾക്ക് സാധിക്കുമോ അവ ആസൂത്രണം ചെയ്ത് നടപ്പിലാക്കുവാനുള്ള അധികാരം പൂർണ്ണമായും പഞ്ചായത്തുകൾക്ക് നൽകണം. ബാങ്കി വരുന്നവമാത്രമേ ബ്ലോക്ക്, ജില്ല, സംസ്ഥാനം എന്നീ മേൽത്തട്ടുകളിൽ ആസൂത്രണത്തിന് മാറ്റിവയ്ക്കാവൂ. പുതിയ പഞ്ചായത്തീരാജ് സംവിധാനം നടപ്പിലായതോടെ ഈ വിധത്തിലുള്ള ആസൂത്രണത്തിന് പ്രസക്തി കൈവന്നിരിക്കുന്നു.

ഓരോ പ്രദേശത്തിന്റേയും ആവശ്യം അറിഞ്ഞ്, സമയബന്ധിതമായി പ്രവർത്തിച്ച് എല്ലായിടത്തും സമതുലനാവസ്ഥയിലുള്ള വളർച്ചയ്ക്ക് ഈ പഞ്ചായത്തു തല ആസൂത്രണം ലക്ഷ്യമാക്കുന്നു. പ്രകൃതി വിഭവങ്ങൾ ശേഖരിച്ച് അവ ഉപയോഗിച്ച് വിവിധ പദാർത്ഥങ്ങൾ നിർമ്മിച്ച് വില്പന നടത്തുന്ന സംവിധാനം ഉണ്ടാവുകയും അതുമൂലം തൊഴിലില്ലായ്മക്ക് പരിഹാരം ഉണ്ടാവുകയും വേണം. അവനവന്റെ ഉത്തരവാദിത്വങ്ങളേക്കുറിച്ചും കടമകളേക്കുറിച്ചും ബോധമുള്ള ഒരു നേതൃത്വനിരയുണ്ടാകണം. മണ്ണും, പ്രകൃതിവിഭവങ്ങളും പിൻതലമുറകൾക്കുകൂടി അവകാശപ്പെട്ടതാണെന്ന ബോധത്തോടെ ജീവിക്കുന്ന ഒരു സംസ്ക്കാരം വളർന്നു വരണം.

ഈ ലക്ഷ്യങ്ങൾക്കുവേണ്ടി കിടങ്ങൂർ ഗ്രാമ പഞ്ചായത്തിലെ ജനകീയാസൂത്രണപ്രക്രിയ 1996 സെപ്റ്റംബർ 22 ന് ആരംഭിച്ചു. തുടർന്നുനടന്ന ഗ്രാമസഭകളുടെ വിവരം ചുവടേച്ചേർക്കുന്നു.

ഇത് ആകെ വോട്ടറന്മാരുടെ 13% മാത്രമേ ഉള്ളൂ എങ്കിലും ആദ്യസംരഭമെന്നനിലയിൽ വിജയമായിരുന്നു എന്നാണ് പ്രവർത്തകരുടെ വിലയിരുത്തൽ.

തുടർന്ന് ഒന്നാംഘട്ട പരിശീലനം, രണ്ടാം ഘട്ട പരിശീലനം, കോർഗ്രൂപ്പുകളുടെ പ്രവർത്തനങ്ങൾ വിഭവഭൂപട നിർമ്മാണം, സ്ഥിതി വിവര ശേഖരണം, റിപ്പോർട്ടു തയ്യാറാക്കൽ എന്നിവ ക്രമമായും ചിട്ടയായും നടന്നു. വിവിധ വാർഡുകളിലെ റിപ്പോർട്ടുകൾ ക്രോഡീകരിച്ച് പഞ്ചായത്തിന്റെ വികസന രേഖയും തയ്യാറാക്കി. ശ്രീ. സി.എം. ജയിംസ് സാർ കൺവീനറായുള്ള റിസോഴ്സ് പേഴ്സൺസാണ് ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയത്.

ഈ പ്രവർത്തനങ്ങളുടെ വിവിധഘട്ടങ്ങളിൽ സഹകരിച്ച ബഹുജനങ്ങളോടും വളരെ ത്യാഗപൂർവ്വം പ്രവർത്തിച്ച സന്നദ്ധപ്രവർത്തകരോടും ഓഫീസ് തലവന്മാരോടും ഉദ്യോഗസ്ഥരോടും, ഇപ്പോഴത്തെ പ്രായം ചെന്ന തലമുറയോടും പഞ്ചായത്തു കമ്മറ്റിക്ക്

വാർഡ്	തീയതി	സ്ഥലം	പങ്കെടുത്തവരുടെ എണ്ണം		
			പുരുഷന്മാർ	സ്ത്രീകൾ	ആകെ
I	2-10-1996	എൽ.പി.ബി.സ്കൂൾ, കിടങ്ങൂർ	141	54	195
II	29-9-1996	എൽ.പി.ബി. സ്കൂൾ, കിടങ്ങൂർ	78	28	106
III	12-10-1996	സെന്റ് മേരീസ് ഹൈസ്കൂൾ കിടങ്ങൂർ	176	42	218
IV	2-10-1996	എൽ.പി.ജി. സ്കൂൾ, കിടങ്ങൂർ	162	87	249
V	6-10-1996	എയിഡസ് യു.പി. സ്കൂൾ കിടങ്ങൂർ	214	120	334
VI	6-10-1996	കരയോഗമന്ദിരം ചെമ്പിളാവ്	89	45	134
VII	20-10-1996	സെന്റ് ജോസഫ് സ്കൂൾ കുമ്മണ്ണൂർ	43	18	61
VIII	13-10-1996	പബ്ലിക്ക് ലൈബ്രറി, ചേർപ്പുങ്കൽ	96	21	117
IX	13-10-1996	സെന്റ് ജോസഫ്സ് സ്കൂൾ കൂടല്ലൂർ	82	15	97
X	13-10-1996	സെന്റ് ആന്റണീസ് സ്കൂൾ കൂടല്ലൂർ	111	35	146
		ആകെ	1192	465	1657

നിസ്സീമമായ കൃതജ്ഞതയുണ്ട്. ഈ റിപ്പോർട്ട് ഇതിന്റെ രൂപത്തിൽ തയ്യാറാക്കിയ ശ്രീ. കെ.എസ്.മൂസ്സ് സാറിനോട് പഞ്ചായത്തുകമ്മറ്റിയും, സന്നദ്ധപ്രവർത്തകരും ഏറെ കടപ്പെട്ടിരിക്കുന്നു.

വികസനറിപ്പോർട്ട് തയ്യാറാക്കിയതുകൊണ്ട് മാത്രം ഈ പ്രവർത്തനം അവസാനിക്കുന്നില്ല. ഉന്നയിക്കപ്പെട്ട പ്രശ്നങ്ങൾ ഇനിയും ചർച്ചചെയ്യപ്പെടുകയും അതിൽ അടിയന്തിര പ്രാധാന്യമുള്ളവയും എളുപ്പമായതുമായവയെ വേർതിരിച്ചെടുക്കുകയും വേണം. കൂടുതൽ പഠനം ആവശ്യമുള്ള പ്രശ്നങ്ങളെ മറ്റൊരു ലിസ്റ്റ് ആക്കണം. അടിയന്തിര പ്രാധാന്യവും എളുപ്പവുമുള്ളവ എങ്ങനെ നടപ്പിലാക്കാമെന്ന് ചിന്തിച്ച് എഴുതി തയ്യാറാക്കി പ്രാവർത്തികമാക്കണം. പഠനം ആവശ്യമുള്ള പ്രശ്നങ്ങൾ വീണ്ടും വിശകലന വിധേയമാക്കണം. അതിനുവേണ്ടി മറ്റൊരു ഭൂപട നിർമ്മാണവും, വിവരശേഖരണവും, സർവ്വേകളും, സാങ്കേതിക സഹായവുമെല്ലാം വേണ്ടിവന്നേക്കാം. ചില മേഖലകളിൽ തീരുമാനമെടുക്കാനുള്ള അവകാശം ഗ്രാമപഞ്ചായത്തിന് ഇല്ലായിരിക്കാം. ഉദ്യോഗസ്ഥരുടേയും, സാങ്കേതിക വിദഗ്ധരുടേയും സഹായവും വേണ്ടിവരും. അവയും നടപ്പിലാക്കാൻ പറ്റുന്ന രീതിയിൽ എഴുതിതയ്യാറാക്കേണ്ട ബാദ്ധ്യതയും നമ്മുക്കുണ്ട്. അപ്പോൾ മാത്രമേ നമ്മുടെ പദ്ധതി തയ്യാറാക്കൽ പൂർത്തിയാകൂ. പിന്നീടവയേ പഞ്ചവത്സരപദ്ധതിയായും ഓരോ വർഷത്തേയും പ്രവർത്തന പദ്ധതികളായും രൂപപ്പെടുത്തണം. അവയുടെ നടത്തിപ്പ് യഥാകാലം വിലയിരുത്തണം. അങ്ങനെ വികസനം ഒരു തുടർപ്രക്രിയയായി അനുസ്യൂതം നടക്കണം.

ഒരു തരത്തിലുള്ള വിഭാഗീയ ചിന്താഗതികൾക്കും അവസരം നൽകാതെ കിടങ്ങൂർ ഗ്രാമപഞ്ചായത്തിനെ സ്വയംപര്യാപ്തതയിലേക്ക് ഉയർത്തുന്നതിന് ഒറ്റക്കെട്ടായി മുന്നേറുവാൻ ബഹുജനങ്ങളോട് അഭ്യർത്ഥിച്ചുകൊണ്ട് ഈ റിപ്പോർട്ട് ബഹുജനസമക്ഷം അവതരിപ്പിക്കുന്നു.

കിടങ്ങൂർ ഗ്രാമപഞ്ചായത്ത് കമ്മിറ്റിക്കുവേണ്ടി

പി.റ്റി. ജോസഫ്, പുറത്തേൽ
(പ്രസിഡന്റ്)

കിടങ്ങൂർ പഞ്ചായത്ത്

